വ്യക്തിസാഫല്യം

(പൗരസ്ത്യാധ്യാത്മിക ദൈവശാസ്ത്രം)



V

ഫാ. കുര്യാക്കോസ് ഏലിയാ




കൂര്യാക്കോസ് ഏലിയാ വടക്കേത്തു്


വ്യക്തിസാഫല്യം

(പൗരസ്ത്യാധ്യാത്മിക ദൈവശാസ്ത്രം)

m/234.0423
VAD-V







oriental theology

ദനഹാ സർവീസസ്

No. 1

കോട്ടയം

1984

VYAKTHISAPHALYAM (Malayalam)
(A Study in Oriental Spirituality)

Author:

Rev. Dr. Quriaqos Elijah Vadaketh, C.M.I.
C. M. I. Training Institute Kappad
Kalaketty–686554
Kottayam Dt.

A Publication of:

Denha Services
Vidyanagar, Manganam
Kottayam–686 018
Kerala


Cover: He will baptize you with the Holy Spirit and with fire (Lk. 3:16).

Printed at:
The Ashram Press,
Manganam–Kottayam–18

Copyright reserved by the author

MAR BASIL LIBRARY MANGANAM * KOTTAYAM *

Price: Rs. 14.00



1. പരിശുദ്ധാത്മാവു് ആവസിക്കുന്ന യോർദ്ദാൻ ജലത്തിലെ പുഷ്പിത സ്ളീവാ ദ്യോതിപ്പിക്കുന്നതു് ദനഹാ അഥവാ ദൈവാവിഷ്കരണമാണു്. ഈശോമിശിഹായുടെ മനുഷ്യത്വത്തിൽ പരിശുദ്ധ ത്രിത്വം ആവിഷ്കൃതമാകുന്നു. ഓരോ വ്യക്തി സഭയും സ്വചൈതന്യത്തിനും തനതാത്മകതയ്ക്കും അനുസൃതമായി ഈ മഹാരഹസ്യം ആചരിക്കുന്നു. പുഷ്പിതസ്ളീവായ്ക്കു ചുറ്റുമുള്ള ത്രികോണങ്ങളും ഈ വസ്തുത വ്യക്തമാക്കുന്നു.

2. നമ്മുടെ കർത്താവീശോമിശിഹായുടെ മരണോത്ഥാനത്തിൽ മുളയെടുത്ത നവജീവന്റെ പ്രതീകമാണു് പുഷ്പിത സ്ളീവാ.

3. ഇന്ത്യൻ ജനതയ്ക്കു് മിശിഹാനുഭവത്തോടുള്ള അനന്യവും നിസ്തുലവുമായ സമർപ്പണത്തിന്റെ അട

യാളമാണ്‌ 'മാർ തോമാസ്‌ളീവ' (പേർഷ്യൻ കുരിശെന്നും, പുഷ്പിതകുരിശെന്നും ഇതിനെ വിളിക്കാറുണ്ട്‌.)

4. മിശിഹാനുഭവത്താൽ പൂരിതരായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പുറപ്പെട്ട പന്ത്രണ്ട്‌ ശ്ലീഹന്മാരുടെ പ്രതീകമാണ പുറത്തേക്കു തള്ളിനില്ക്കുന്ന പന്ത്രണ്ട കോണുകളും.

5. പുതുജീവനായ മിശിഹായിൽ കേന്ദ്രീകൃതവും അതേസമയം ലോകത്തിന്റെ എല്ലാ കോണുകളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നതും വിവിധ സഭകളുടെ കൂട്ടായ്മയുമായ തിരുസഭയുടെ പ്രതീകമാണ്‌ അകത്തേയ്ക്കും പുറത്തേയ്ക്കും തള്ളിനിൽക്കുന്ന കോണുകളും സംയുക്തമായി.

6. ഏതൊരു ഭാഷയേയും സംസ്കാരത്തേയും രാഷ്ട്രത്തേയും സ്വന്തമാക്കുന്നതിനും അതേസമയം അവയെല്ലാം അതീതമായി ഉയർന്നുനിൽക്കുന്നതിനും അങ്ങനെ സ്വന്തം സാർവ്വലൗകികതയും കാതോലികതയും വ്യക്തമാക്കുന്നതിനുമുള്ള, സഭയുടെ അനിതരസാധാരണമായ കഴിവിനെയാണ മുദ്രയിൽ കാണുന്ന വിവിധ ഭാഷകളും സൂചിപ്പിക്കുന്നത്‌.

7. ഒൻപതു കാലങ്ങളിലുള്ള ആരാധനാമത്സരക്രമത്തിലൂടെ രക്ഷാകരരഹസ്യം മുഴുവൻ ആചരിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന കാൽദയോ ഇന്ത്യൻ സഭയുടെ ആരാധനാജീവിതത്തെയാണ മുദ്രയിലെ ഒൻപതു ഭാഷകളും സൂചിപ്പിക്കുക. ഇന്നും ഈ ഒൻപതും അതിൽക്കൂടുതലും ഭാഷകളിൽ ഈ ആരാധനക്രമം നടപ്പിലുണ്ട്‌.

8. സത്യപ്രകാശമായ മിശിഹായിലേക്ക്‌ മുന്ന രാജാക്കന്മാരെ നയിച്ച നക്ഷത്രത്തിന്റെ പ്രതിരൂപവും

ഈ മുദ്രയിൽ കാണാം. അതുപോലെതന്നെ ലോകത്തെ മുഴുവൻ ഉത്ഥിതനായ മിശിഹായിലേക്കു നയിക്കുന്ന സഭയേയും, സഭയുടെ മാതാവും പ്രതീകവുമായ പ. കന്യകാമറിയത്തേയും ഇതിൽ കാണുന്നു നക്ഷത്രം പ്രതിനിധാനം ചെയ്യുന്നു.

9. ഉത്ഥിതനായ മിശിഹാ പ്രദാനംചെയ്യുന്ന പുതു ജീവനിൽ ലോകത്തെ മുഴുവൻ ആനന്ദിപ്പിക്കുന്ന സഭയാകുന്ന സുന്ദരപുഷ്പത്തെയാണു് ഈ മുദ്ര പ്രദ്യോതിപ്പിക്കുക. സർവ്വദാ സുരഭിലവും പ്രഭാപ്രസരിതവുമായ ഈ സുന്ദരപുഷ്പത്തിന്റെ ദൃഢവും ലോലവുമായ പുറംദളങ്ങളും, ബാഹ്യപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുമ്പോഴും ഒരു ക്രൈസ്തവനുണ്ടായിരിക്കേണ്ട ഉറച്ച ആന്തരികഭാവത്തെയും സജീവ വിശ്വാസത്തെയും പ്രകടമാക്കുന്നു.

ആമുഖം

മനുഷ്യവ്യക്തിയുടെ എല്ലാ ഘടകങ്ങളും വ്യക്തിത്വത്തിന്റെ സർവതോന്മുഖമായ ഉന്നമനത്തിനുവേണ്ടി വേണ്ടവിധം വിനിയോഗിക്കുന്നതിനു പലരും പരിശ്രമിക്കാറില്ല. പലപ്പോഴും അജ്ഞതയാണീ പരാജയത്തിന്റെ പിന്നിലുള്ളതു്. അതിനാൽ ആധുനിക മനുഷ്യന്റെ അഭിനിവേശങ്ങളെ കണക്കിലെടുത്തുകൊണ്ടു് ആധികാരികമായ ഒരാദ്ധ്യാത്മിക കാഴ്ചപ്പാടു് ഈ ചെറുഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുവാനാഗ്രഹിക്കുന്നു.

'പൗരസ്ത്യ സകേളടെ സമുദ്ധിയാർന്ന ആരാധനാപരവും ആദ്ധ്യാത്മികവുമായ പിതൃസ്വത്തു് എല്ലാവരും അറിയണം, ആദരിക്കണം; കാത്തുസൂക്ഷിക്കുകയും പോറ്റി വളർത്തുകയും വേണം' എന്നുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നിശ്ചയമനുസരിച്ചു് വ്യക്തിത്വവികാസത്തെ പൗരസ്ത്യസ്വഭാവത്തിലൂടെ കാണുവാനുള്ള പരിശ്രമമാണിവിടെ നടത്തുന്നതു്.

പൗരസ്ത്യചിന്താഗതിയിൽ രൂപംകൊണ്ട വാച്ചുമാൻ നീയുടെ 'ആദ്ധ്യാത്മിക മനുഷ്യൻ' (The Spiritual Man) എന്ന ഒരു ചെറുഗ്രന്ഥത്തോടു കൂറെയൊക്കെ കടപ്പാടുണ്ടു്, ഈ ഗ്രന്ഥനിർമ്മിതിയിൽ. 1927-ൽ ചൈനയിലുള്ള ഷങ്കായിൽനിന്നും പ്രസിദ്ധീകരിച്ച മേല്പറഞ്ഞ ഗ്രന്ഥം കുറെയൊക്കെ പൗരസ്ത്യചിന്ത ഉൾക്കൊള്ളുന്നു.

ഈടുറ്റ ഒരവതാരികകൊണ്ടു് ഈ കൃതിയെ അനുഗ്രഹിച്ച സുപ്രസിദ്ധ വേദപുസ്തക പണ്ഡിതനും, വേദപുസ്തകസംബന്ധമായി പല ആധികാരിക പ്രസിദ്ധീകരണങ്ങളുടെ ഉടമയും, കോതമംഗലം എപ്പർക്കിയുടെ ആദ്ധ്യാത്മിക നേതാവുമായ മാർ ജോർജ് പുന്നക്കോട്ടിൽ അവർകൾക്കു് ഹൃദയപൂർവ്വം കൃതജ്ഞത പ്രക

ടിപ്പിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിച്ചുകൊ
ള്ളട്ടെ.

പുതിയതായി ആരംഭിക്കുന്ന 'ദനഹാ സർവീ
സ്സി'ന്റെ ഒന്നാമത്തെ പ്രസിദ്ധീകരണമായി ഈ ഗ്ര
ന്ഥം സ്വീകരിച്ചതിനു് ഈ പ്രസ്ഥാനത്തിന്റെ ഉപ
ജ്ഞാതാവായ പാത്തിക്കളങ്ങരയച്ചനും, ഉപദേശകരാ
യ വിത്സനച്ചൻ, കമുകുംപള്ളിലച്ചൻ എന്നിവരോടുള്ള
നന്ദി നിസ്സീമമാണു്. ഭാഷാപരമായും മറ്റുംവേണ്ട തി
രുത്തലുകളും നൽകിയവർ പലരാണു്. വിദ്വാൻ ബ.
ജോൺ കുന്നപ്പള്ളിലച്ചനെ പ്രത്യേകം നന്ദിയോടെ അ
നുസ്മരിക്കുന്നു.

ഈ ഗ്രന്ഥം പ്രകാശം കാണുന്നതിനു് പ്രചോദനവും
സഹായവും നൽകിയ വൈദിക സുഹൃത്തുക്കളേയും സ
ന്യാസസഹോദരന്മാരേയും സഹോദരിമാരേയും സ്നേഹാ
ദരപോടെ ഓർക്കുന്നു ഈ കൊച്ചുപുസ്തകത്തിന്റെ മുദ്ര
ണം ഭംഗിയായി നിർവ്വഹിച്ചുതന്ന മാങ്ങാനം ആശ്രമം
പ്രസ്സു് അധികൃതർക്കും എല്ലാവരിനും നേതൃത്വം വഹിച്ച
ആൻറണിയച്ചനും കൃതജ്ഞതയുടെ പൂച്ചെണ്ടുകളും.

ഗ്രന്ഥകാരൻ,

സി. എം. ഐ. ടെയിനിംഗു് ഇൻസ്റ്റിറ്റ്യൂട്ടു്
കപ്പാടു്, കാളകെട്ടി,_686 554

അവതാരിക

പൗരാണികമായ പൗരസ്ത്യ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കണമെന്നും അവ പഠിക്കണമെന്നുമുള്ള (O. E. No. 6) രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശത്തോട് പൂർണ്ണമായും നീതിപുലർത്തുന്ന ഒന്നാണ് പൗരസ്ത്യ ആധ്യാത്മികതയെക്കുറിച്ചുള്ള ഡോ. കുരിയാക്കോസ് ഏലിയായുടെ ഈ പഠനം. പൗരസ്ത്യ ആധ്യാത്മികതയുടെ അന്തരാളങ്ങളിലേക്കിറങ്ങിച്ചെന്ന് വ്യക്തിയുടെ സമഗ്രവികാസത്തിനു ഇതെങ്ങനെ സഹായിക്കുന്നു എന്നു ഈ ഗ്രന്ഥം വ്യക്തമാക്കുന്നു. ആഴമായ ദൈവശാസ്ത്ര ഉൾക്കാഴ്ചകളും, ഗഹനമായ ആദ്ധ്യാത്മിക ചിന്താധാരകളും, ലളിതമായ ശൈലിയിൽ അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ട്.

'സാവ്ത്രിക സഭ പൗരസ്ത്യ സഭകളോട് വളരെയധികം കടപ്പെട്ടിരിക്കുന്നു.' ഇതിനു ചരിത്രവും പാരമ്പര്യങ്ങളും എണ്ണമറ്റ സഭാസ്ഥാപനങ്ങളും വ്യക്തമായ സാക്ഷ്യം വഹിക്കുന്നുണ്ട്. സഭാപരവും ആധ്യാത്മികവുമായ പിതൃസമ്പത്തിനെ കൗൺസിൽ വിലമതിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു'(O. E. No. 5). പൗരസ്ത്യ ആധ്യാത്മികതയ്ക്ക് തനതായ സവിശേഷതകളും ഉള്ളതുകൊണ്ടാണ് കൗൺസിൽ പിതാക്കൻമാർ അതിനെ അഭിനന്ദിക്കുന്നത്. വസ്തുത ഇതാണെങ്കിലും പൗരസ്ത്യ ആധ്യാത്മികത എന്താണെന്നോ, അതിന്റെ ചൈതന്യം എന്തിലാണ് അടങ്ങിയിരിക്കുന്നതെന്നോ ഇന്നു പലർക്കും അറിഞ്ഞുകൂടാ. വളരെ ഗഹനമായ ഈ വിഷയത്തെക്കുറിച്ച് ഒരാമുഖ പഠനം എന്ന നിലയിൽ ഈ ഗ്രന്ഥം തികച്ചും അവസരോചിതമാണ്.

ആധ്യാത്മികത, ആധ്യാത്മികജീവിതം എന്നൊക്കെ പറയുമ്പോഴും നൊവേനകളും നാല്പതുമണി

ആരാധനകളും, കുരിശിന്റെ വഴിയും മറ്റുമാണ് നമ്മുടെ മനസ്സിൽ ഓടിയെത്തുക. ദൈവാരാധന (Liturgy) യിൽ അധിഷ്ഠിതമായ വി. കുർബാനയിൽ കേന്ദ്രീകൃതമായ പൗരസ്ത്യ ആധ്യാത്മികതയെക്കുറിച്ചു നാം ഇനിയും മനസ്സിലാക്കിയിട്ടില്ല. ദൈവാരാധനയുടെ കേന്ദ്രബിന്ദുവായ വി. കുർബാനതന്നെയാണ് പൗരസ്ത്യ ആധ്യാത്മികതയുടെയും കേന്ദ്രബിന്ദു എന്നു ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

പൗരസ്ത്യ ആധ്യാത്മികതയെ ഒരു ചരിത്രകാരന്റെ ഗവേഷണ പാടവത്തോടെ അപഗ്രന്ഥനം ചെയ്യുന്ന ഗ്രന്ഥകാരൻ ആദിമ ക്രൈസ്തവ ആദ്ധ്യാത്മികത തന്നെയാണ് പൗരസ്ത്യ ആദ്ധ്യാത്മികത എന്നു വാദിക്കുന്നു. ഇതാകട്ടെ സുവിശേഷാധിഷ്ഠിത ലളിതജീവിതം നയിക്കുന്നതിലും, ദൈവാത്മാവു വ്യക്തിയിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ദൈവികജീവനെ സ്വാംശീകരിച്ച് തന്നനുസരിച്ചു ജീവിക്കുന്നതിലുമാണ് അടങ്ങിയിരിക്കുന്നത്. ഈ ആശയം വ്യക്തമാക്കാൻ പൗരസ്ത്യ പിതാക്കന്മാരുടെ പ്രബോധനങ്ങളിൽനിന്നും, പൗരസ്ത്യ ആധ്യാത്മ ഗ്രന്ഥകാരന്മാരുടെ ഈടുറ്റ ഗ്രന്ഥങ്ങളിൽനിന്നും, വി. ഗ്രന്ഥത്തിൽനിന്നുമുള്ള ഉദ്ധരണികളും യഥോചിതം ചേർത്തിട്ടുണ്ട്.

ആധ്യാത്മിക ജീവിതത്തിനു പൗരസ്ത്യസഭകളും നല്കിയ സംഭാവനകളെപറ്റിയും ഈ ഗ്രന്ഥം സവിസ്തരം പ്രതിപാദിക്കുന്നു. കിഴക്കിന്റെ സംഭാവനയായ സന്യാസജീവിതം, നോമ്പ്, ഉപവാസം, എന്നിവയുടെ പൗരസ്ത്യ ആചരണം, ആദ്ധ്യാത്മിക ജീവിതത്തിൽ വേദപുസ്തകത്തിനു പൗരസ്ത്യർ കൊടുക്കുന്ന പ്രാധാന്യം ദൈവാരാധനയിൽ പ്രതീകാത്മകതയ്ക്കും രഹസ്യാത്മകതയ്ക്കുമുള്ള സ്ഥാനം, ദൈവാരാധനയിൽ ആവർത്തനത്തിനുള്ള പ്രസക്തി എന്നിവ ഇതിൽ പെടുന്നു. ചുരുക്കത്തിൽ പൗരസ്ത്യസഭകളുടെ ദൈവശാസ്ത്രത്തിലും ആരാധനക്രമത്തിലും കാണുന്ന ചിന്താധാര

താണ് പ്രായോഗികജീവിതത്തിനു് ആധാരമായി നി
ലകൊള്ളുന്നതു്.

വ്യക്തിയുടെ സമഗ്രവികാസമാണു് പൗരസ്ത്യ ആധ്യാത്മികതയുടെ ലക്ഷ്യം. ഈ ലക്ഷ്യം നേടാൻ മനുഷ്യനെ ആത്മശരീരങ്ങളോടുകൂടിയ ഒരു സമഗ്ര വ്യക്തിതത്ത്വത്തിന്റെ ഉടമയായിട്ടാണു് പൗരസ്ത്യ ആ ധ്യാത്മികത ഉദ്ഘോഷിക്കുന്നതു്. ശരീരത്തിന്റെയും ചേതനയുടെയും (Spirit) പ്രവർത്തനങ്ങൾക്കും ഈ വീക്ഷണത്തിൽ ഒപ്പം പ്രാധാന്യമുണ്ടു്. ദൈവാത്മാവിന്റെ പ്രവർത്തനങ്ങൾക്കു വ്യക്തി സ്വയം തുറന്നുകൊടുക്കുമ്പോഴാണു് ഈ സമഗ്രവികാസം യാഥാർത്ഥ്യമാകുക. ദൈവാത്മാവു് തന്നിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ദൈവികജീവനെ സ്വാംശീകരിച്ചു് തദനുസാരം ജീവിക്കുന്നതുവഴി ആധ്യാത്മികജീവിതത്തിൽ വ്യക്തിത്വസാഫല്യം കരഗതമാകുന്നു.

പരിശുദ്ധ റൂഹായുടെ പ്രവർത്തനങ്ങൾക്കു പൗരസ്ത്യ ആധ്യാത്മികതയിലുള്ള അനന്യമായ സ്ഥാനം ഈ ഗ്രന്ഥം ഊന്നിപ്പറയുന്നുണ്ടു്. പൗരസ്ത്യ ആധ്യാത്മികത പരിശുദ്ധാത്മാവിൽ കേന്ദ്രീകൃതമാണു്. പരിശുദ്ധാത്മാവിലുള്ള ജീവിതമാണു് ആധ്യാത്മികജീവിതം. പ്രാർത്ഥനവഴി പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കു വ്യക്തി സ്വയം തുറന്നുകൊടുക്കുന്നു. ദൈവാത്മാവിനോടുള്ള നിസ്സഹകരണമാണു് പാപം. പാപംവഴി വ്യക്തി ദൈവിക ചൈതന്യം നഷ്ടപ്പെടുത്തുന്നു. പഴയനിയമത്തിലേയും പുതിയനിയമത്തിലേയും സംവേദനം ഉൾക്കൊണ്ടു് ഗ്രന്ഥകാരൻ ഈ ആശയം വ്യക്തമാക്കുന്നുണ്ടു്. എല്ലാറ്റിനും ഉപരി, ദൈവാത്മാവിന്റെ പ്രവർത്തനങ്ങൾക്കു് സ്വയം തുറന്നുകൊടുക്കുകയും, ദൈവാത്മാവിനെ പൂർണ്ണമായും അനുസരിക്കുകയും ചെയ്ത ഈശോയുടെ ജീവിതമാതൃക എടുത്തുകാണിക്കുകയും ചെയ്യുന്നു.

ഡോ. കുരിയാക്കോസു് ഏലിയായുടെ ഈ ഗ്രന്ഥം മലയാള ആധ്യാത്മിക ഗ്രന്ഥശാഖയ്ക്കു വിലപ്പെട്ട

ഒരു സംഭാവനയാണു്. ഒപ്പം ഗ്രന്ഥകാരന്റെ പൗരസ്ത്യ ആധ്യാത്മിക പൈതൃകത്തോടുള്ള മതിപ്പിന്റെ മകുടോദാഹരണവും. പൗരസ്ത്യ ആധ്യാത്മികതയെക്കുറിച്ചു് ഇതുപോലുള്ള ഈടുറ്റ ഗ്രന്ഥങ്ങൾ ഭാഷയിൽ തുലോം വിരളമായ ഈ സന്ദർഭത്തിൽ ഗ്രന്ഥകാരന്റെ ഈ ശ്രമം പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. പൗരസ്ത്യസഭാതനയരായ സീറോ മലബാർ ക്രൈസ്തവർക്കു്, പൗരസ്ത്യ ആധ്യാത്മികതയെക്കുറിച്ചു്—ആ ആദ്ധ്യാത്മികത ലക്ഷ്യം വയ്ക്കുന്ന വ്യക്തിയുടെ സമഗ്ര വികാസത്തെക്കുറിച്ചു്—വ്യക്തമായ ധാരണ നൽകാൻ ഈ ഗ്രന്ഥം സഹായകമാണു്. ഇതുപോലുള്ള ഒരു വിശിഷ്ട ഗ്രന്ഥം പൊതുജനസമക്ഷം അവതരിപ്പിക്കാൻ എനിക്കതിയായ സന്തോഷമുണ്ടു്. ഗ്രന്ഥത്തിനും ഗ്രന്ഥകർത്താവിനും സർവവിധ ഭാവുകങ്ങളും നേരുന്നു.

ബിഷപ്സ് ഹൗസു്,
14-9-1984.

മാർ ജോർജ് പുന്നക്കോട്ടിൽ
കോതമംഗലം മെത്രാൻ

ഉള്ളടക്കം

		പുറം
ആമുഖം		vi
അവതാരിക		viii
അധ്യായം 1	വ്യക്തിത്വസമഗ്രവത്കരണം പൗരസ്ത്യാധ്യാത്മികതയിൽ	1
അധ്യായം 2	പൗരസ്ത്യാധ്യാത്മികത ചരിത്രത്തിലൂടെ	13
അധ്യായം 3	സഭോപര പൗരസ്ത്യാധ്യാത്മികത	39
അധ്യായം 4	മാനസികമായ പ്രക്രിയയുടെ മുൻതൂക്കം	49
അധ്യായം 5	ദൈവോന്മുഖമോന്മുഖമാണ് പൗരസ്ത്യാധ്യാത്മികത	60
അധ്യായം 6	ദൈവ-മനുഷ്യ സമ്പർക്കം	68
അധ്യായം 7	ആത്മാവബോധം	80
അധ്യായം 8	ആത്മീയ മനുഷ്യൻ	91
അധ്യായം 9	ആധ്യാത്മികവ്യക്തിത്വം പരിശുദ്ധാത്മാവിലുള്ള ജീവിതം	105
അധ്യായം 10	പരിശുദ്ധാത്മാവും ആധ്യാത്മികീകരണവും പഴയനിയമത്തിൽ	122
അധ്യായം 11	മനുഷ്യവ്യക്തിയും യഥാർത്ഥ്യവത്കരണവും	130
അധ്യായം 12	ആത്മാവു പുതിയനിയമത്തിൽ	138
അധ്യായം 13	പരിശുദ്ധാത്മാവു സഭയിലൂടെ	151
അധ്യായം 14	ആധുനികാധ്യാത്മികതയും വ്യക്തിത്വസാഫല്യവും	168
Foot notes		179
സാങ്കേതിക പദങ്ങൾ		191
വിഷയസൂചിക		

അദ്ധ്യായം 1

വ്യക്തിത്വ സമഗ്രവത്കരണം പൗരസ്ത്യാധ്യാത്മികതയിൽ

ഭാരതം ഒരു മതേതര രാഷ്ട്രമാണ്. ഒരു പ്രത്യേക മതത്തെ ഔദ്യോഗികമായി അംഗീകരിക്കുകയോ നിരോധിക്കുകയോ ചെയ്യുന്നില്ല. എല്ലാ മതങ്ങൾക്കും ഒരുപോലെ സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. ഭാരതസംസ്കാരം തത്വശാസ്ത്രത്തിന്റെയും ദൈവവിജ്ഞാനീയത്തിന്റെയും അനന്യതയിൽ അധിഷ്ഠിതമാണ്. ചുരുക്കത്തിൽ, ഭാരതീയ സംസ്ക്കാരവും ഭാരതീയ നാഗരികതയും ഈടുറ്റ ആധ്യാത്മികത ലോകത്തിനു സംഭാവന ചെയ്തിട്ടുണ്ട്. മറേറതൊരു കാലത്തും ഇല്ലാതിരുന്ന ഒരു താത്പര്യം ഭാരതീയാധ്യാത്മികതയോട് ഇന്നു ലോകം പ്രകടിപ്പിക്കുന്നുണ്ട്. മനുഷ്യവ്യക്തിയുടെ സമഗ്രവിമോചനത്തിനു ഉതകുന്നതാണ് ഭാരതീയാധ്യാത്മികതയെന്നു ആധുനിക ലോകം വിചാരിക്കുന്നു. ക്രിസ്ത്യാനികളുടെ പ്രായോഗിക ജീവിതത്തിൽ ദൃശ്യമാകുന്ന ആധ്യാത്മിക പാപ്പരത്തം ആധുനിക ലോകത്തിന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി നിലകൊള്ളുന്നു.

ആധ്യാത്മികമേഖലയിൽ ഏകാന്ത വിശിഷ്ടമായ ഒരു സ്ഥാനം വഹിക്കേണ്ട ഒരു മതമാണ് ക്രൈസ്തവ മതം. അതിന്റെ ആദർശം വച്ചുനോക്കുമ്പോൾ

ക്രൈസ്തവ മതത്തിന്റെ സവിശേഷത, അതിനു് ഈശോമിശിഹാ നല്കിയ ഒരു പ്രത്യേക പൈതൃകമാണു്. ഈ പൈതൃകം പരമമായ സ്നേഹത്തിന്റെ അനാവരണം മനുഷ്യജീവിത ശൈലിയിൽത്തന്നെ നടത്തപ്പെട്ട എന്നതാണു്. ഇപ്രകാരമുള്ള ഒരു ജീവിതശൈലി മനുഷ്യവ്യക്തിത്വത്തിന്റെ പൂർണ്ണമാക്കലിനിടവരുത്തുന്നു. ഒരേ സമയം മനുഷ്യനും ദൈവവും ആയിരുന്ന മിശിഹാ സാധിച്ച വ്യക്തിത്വസാഫല്യം, പ്രപഞ്ചം മുഴുവനേയും ഉൾക്കൊള്ളിച്ചുകൊണ്ടു് ഓരോ മനുഷ്യവ്യക്തിക്കും നല്കിയ ഉത്കൃഷ്ട സംഭാവനയാണു്. ദൈവത്തിലും സഹജരിലും പരിച്ഛേദകൊണ്ടു് ലോകത്തെ സ്വർഗമാക്കുന്ന ഒരു പ്രക്രിയയാണു് പരമമായ സ്നേഹാവിഷ്കരണത്തിലുള്ളതു്.[1] ഇതാണു് ക്രൈസ്തവാധ്യാത്മികതയുടെ അന്തഃസത്തയും. എന്നാൽ കാലത്തിന്റെ മുന്നേറ്റത്തിൽ ക്രൈസ്തവസഭ, പ്രത്യേകിച്ചു് സാർവത്രികമായി പ്രപരിച്ച പാശ്ചാത്യസഭ, മിശിഹായുടെ ചൈതന്യത്തിൽനിന്നു വളരെയധികംവ്യതിചലിച്ചു.

ഭാരതീയ—ക്രൈസ്തവാധ്യാത്മികതകളെ തമ്മിൽ തുലനം ചെയ്താൽ വ്യത്യസ്തങ്ങളായ സമീപനങ്ങളാണു് രണ്ടിലും കാണുന്നതു്. എന്നാൽ ഭാരതീയാധ്യാത്മികതയോടു് കുറെയെങ്കിലും സാധർമ്യമുള്ള സമീപനങ്ങളും കാണുന്ന ക്രൈസ്തവ സഭാവിഭാഗമാണു് പൗരസ്ത്യ ക്രൈസ്തവ സഭ.

പൗരസ്ത്യസഭ എന്നതുകൊണ്ടുദ്ദേശിക്കുന്നതു് ക്രൈസ്തവസഭയുടെ അപ്പസ്തോലിക സ്വഭാവം ഉൾക്കൊള്ളുന്ന, റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവശ്യകളായ ഓറിയൻസ്, ഇല്ലിറിക്കം എന്നീ ഭൂവിഭാഗങ്ങളിലും അവയോടു ചേർന്നുള്ള മറ്റു സ്ഥലങ്ങളിലുള്ള സഭകളെയാണു്.[2] പൗരസ്ത്യരുടെ സഭാജീവിതം അവരുടെ ആധ്യാത്മികത എന്തെന്നു കണ്ടെത്താനാ

ക്കുന്നു. യഹൂദ മതത്തിന്റെയും യവനസംസ്കാരത്തിന്റെയും പശ്ചാത്തലത്തിൽ രൂപം പ്രാപിച്ച പൗരസ്ത്യ സഭകളും പ്രാദേശികസംസ്കാരത്തെ സ്വാംശീകരിച്ചുകൊണ്ട് ക്രൈസ്തവാധ്യാത്മികതയുടെ സവിശേഷത ലോകമെങ്ങും പ്രചരിപ്പിച്ചു. ഭാരതത്തെ സംബന്ധിച്ചിടത്തോളം പൗരസ്ത്യസഭയുടെ ഒരു ശാഖയാണിവിടെ മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമായത്. ഈ സഭയുടെ പ്രഥമാനുഭവങ്ങളും മധ്യപൂർവദേശത്തെ ദൈവാരാധനയോടും സന്യാസജീവിതത്തോടും ബന്ധപ്പെട്ടിരിക്കുന്നു. മേലുപറഞ്ഞ മധ്യപൂർവദേശത്തെ സഭ സുറിയാനി സഭ എന്ന പേരിലാണറിയപ്പെടുന്നത്. സുറിയാനിക്കാരുടെ ആധ്യാത്മികത വ്യക്തമാകുന്നത്, അവരുടെ സഭാഘടനയിൽ നിന്നും ദൈവാരാധനാധിഷ്ഠിത ജീവിതത്തിൽ നിന്നുമാണ്. സഭാജീവിതത്തിന്റെ നൈസർഗിക വളർച്ചയായിട്ടു തന്നെയാണ് താപസജീവിതത്തെയും സന്യാസത്തെയും അവർ ദർശിച്ചിരുന്നത്.3 പൗരസ്ത്യസുറിയാനിക്കാരുടെ ഈവിധ താപസജീവിതവും അതിനുള്ള സംവിധാനങ്ങളുമാണ് ഭാരതീയരീതികളോടു കുറെയൊക്കെ ചേർന്നു പോകുന്നത്. ഭാരതീയ സംസ്കാരത്തോടും, ഭാരതീയരീതികളോടും സാധർമ്മ്യമുള്ള പൗരസ്ത്യസുറിയാനി ആധ്യാത്മികതയെ അതിന്റെ പൗരാണികതത്തിൽ പദമൂന്നിനിന്നുകൊണ്ട് അധുനാതനീകരിക്കുന്നതിനു പകരം ഈ സഭയെ പാശ്ചാത്യസഭയുടെ വെറുമൊരു പതിപ്പായി അധഃപതിപ്പിക്കുവാനാണ് അവളുടെ വൈദിക മേലദ്ധ്യക്ഷഗണം ഇന്നു കിണഞ്ഞു പരിശ്രമിക്കുന്നത്. ഈ സമീപനം ഉപരിപ്ലവവും നൈമിഷികവുമായ വിജയം നേടിയേക്കാം, എന്നാൽ അതു് ആത്മഹത്യാപരമായിരിക്കും. ഇത്തരുണത്തിൽ പൗരസ്ത്യാധ്യാത്മികത മനുഷ്യകുലത്തിന്റെ സമഗ്രവിമോചനത്തിനു് എന്തു സംഭാവന നല്കുന്നുവെന്നു് ആരായുന്നതു് ഉപകാരപ്രദമായിരിക്കും.

പ്രത്യേകമായ ഒരാധ്യാത്മികതയെക്കുറിച്ചു ചിന്തിക്കുമ്പോൾ അതുൾക്കൊള്ളുന്ന കത്തോലിക്കാ സഭയുടെ

ആധ്യാത്മികതയെ പുരസ്കരിച്ചു പൊതുവിൽ ഒരു വാക്കു പറയേണ്ടതുണ്ട്. അതിനാൽ, കത്തോലിക്കാ സഭയിലുള്ള വിവിധതരം ആധ്യാത്മികതകളെ പരാമർശിച്ചുകൊണ്ടു പൗരസ്ത്യാധ്യാത്മികതയിലേക്കു കടക്കാം.

മനുഷ്യവ്യക്തിയെ കണക്കിലെടുക്കുമ്പോൾ പുതിയ ഒരു സമീപനമാണു നാമിവിടെ സ്വീകരിക്കുന്നതു്. ഇതനുസരിച്ചു മനുഷ്യന്റെ ആത്മീയതലത്തെയും ആന്തരികബാഹ്യമേഖലകളെയും സമഗ്രവ്യക്തിത്വത്തിന്റെ പരസ്പരപൂരകങ്ങളായ ഘടകങ്ങളായി കാണുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെയും പരമ്പര്യസഭാപിതാക്കന്മാരുടേയും വീക്ഷണത്തിനു് കൂടുതൽ ഊന്നൽ നല്കുന്നുണ്ടു് ഈ പരിശ്രമത്തിൽ. പൗരസ്ത്യസഭാ ഗ്രന്ഥകാരന്മാരുടെ ഈടുറ്റ ഗ്രന്ഥങ്ങളും അവരുടെ അംഗീകാരമുള്ള ആരാധനാ പുസ്തകങ്ങളും പ്രധാനമായ ഉറവിടങ്ങളായിരിക്കും ഈ ഗ്രന്ഥത്തിനു്.

ആധ്യാത്മികശാസ്ത്രം പൊതുവിൽ

ശാസ്ത്രീയ പ്രതിപാദനത്തിനു് എല്ലാ സാധ്യതകളുമുള്ള ഒരു ദൈവശാസ്ത്രശാഖയാണു് ആധ്യാത്മികശാസ്ത്രം. മറ്റു ദൈവശാസ്ത്രശാഖകളോടു് താരതമ്യപ്പെട്ടുനോക്കുമ്പോൾ, ആധ്യാത്മിക ദൈവശാസ്ത്രത്തെ മറ്റുള്ളവയിൽനിന്നു് വ്യതിരിക്തമാക്കുന്ന ഘടകങ്ങളും പലതാണു്. അതിനാൽ, താത്വിക ദൈവവിജ്ഞാനീയത്തിന്റെ (DogmaticTheology) പ്രതിപാദനവിഷയങ്ങളായ വിശ്വാസസത്യങ്ങളെ എപ്രകാരം മാനുഷിക ജീവിതത്തിൽ സ്വാംശീകരിച്ചു ജീവിതത്തെ ധന്യമാക്കാമെന്നും, സന്മാർഗ ദൈവവിജ്ഞാനീയത്തിന്റെ (Moral Theology) പ്രത്യേക വിഷയമായ മൂല്യനിർണ്ണയംവഴി സംജാതമാകുന്ന നിഗമനങ്ങളിൽ ഏറ്റവും മെച്ചപ്പെട്ടതിനെ വിവേചിച്ചറിഞ്ഞു ദൈവികീകരണപ്രക്രിയയിൽ എങ്ങനെ സാക്ഷാത്ക്കരിക്കാമെന്നും, അജപാലന ദൈവവിജ്ഞാനീയത്തിന്റെ

(Pastoral Theology) സവിശേഷതകളായ പ്രബോധന–വിശ്രുതീകരണ മേഖലകളിൽ ഏതു വിധത്തിൽ സജീവ സാക്ഷികളായി നിന്നുകൊണ്ട് അതിസ്വാഭാവിക രഹസ്യങ്ങളെ അനാവരണം ചെയ്യാമെന്നും പ്രതിപാദിക്കുന്ന നിരവധി സംഗതികളും കാണുവാൻ സാധിക്കും.

മേൽപറഞ്ഞ ആദ്ധ്യാത്മിക ദൈവവിജ്ഞാനീയം തത്ത്വങ്ങളുടെയും മാനദണ്ഡങ്ങളുടെയും, നിർദേശങ്ങളുടേയും പ്രായോഗികമണ്ഡലത്തിലേയ്ക്കാണ വിരൽചൂണ്ടുന്നത്. ഈ പ്രായോഗികമണ്ഡലമാകട്ടെ, മേല്പറഞ്ഞ ഇതരവിജ്ഞാനശാഖകളാൽ കൂടുതൽ പ്രബുദ്ധവും പ്രകാശിതവും ആയിരിക്കും. ആശയങ്ങളുടെയും ആദർശങ്ങളുടെയും വസ്തുനിഷ്ഠത നിലകൊള്ളുന്നതു ദൈവാവിഷ്കരണത്തിലും അതിന്റെ വിശ്വസ്തമായ കൈമാറ്റത്തിലുമാണ്. ദൈവാവിഷ്ക്കരണത്തിന്റെ സ്ഥൂലരൂപമായ സഭാ സമൂഹത്തിലാണിതു നടക്കുന്നതു്. ഇതു് സമൂഹത്തിന്റെ സ്ഥലകാലസ്വഭാവങ്ങൾക്കനുസരിച്ചു വ്യത്യസ്തമായ അസ്തിത്വം കൈക്കൊള്ളുന്നു.

ദൈവിക രഹസ്യങ്ങളുടെ പൂർണ്ണത ഉൾക്കൊള്ളുന്നു മിശിഹായിൽ ഒന്നു ചേരുന്ന സമൂഹത്തെയാണ് സഭ എന്നു വിളിക്കുന്നതു്.[4]

ഈ സഭ എത്രമാത്രം ദൈവിക രഹസ്യത്തോടു് ചേർന്നിരിക്കുമോ അത്രമാത്രം ആധികാരികമായിരിക്കും. അവളുടെ ജീവചൈതന്യം മിശിഹായുടെതന്നെ ചൈതന്യമാണ്. മിശിഹായുടെ ചൈതന്യമാകട്ടെ ദൈവവചനത്തിന്റെ പ്രകാശനവും. ഈ പ്രകാശനം അതിന്റെ തികവിൽ നടക്കുന്നതു് മിശിഹാ വാഗ്ദാനം ചെയ്യുകയും അയയ്ക്കുകയും ചെയ്ത പരിശുദ്ധാത്മാവിലൂടെയാണ്. അതിനാൽ,

> ആധ്യാത്മികത എന്നതു പരിശുദ്ധാത്മാവിലുള്ള മനുഷ്യന്റെ ജീവിതവും, ആധ്യാ

ത്മികശാസ്ത്രം എന്നത് പരിശുദ്ധാത്മാവിൽ മനുഷ്യജീവിതത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ പ്രതിപാദനവുമാണ്.

വിവിധങ്ങളായ അടിസ്ഥാന തത്ത്വങ്ങളെ ആലംബമാക്കിയുള്ള ഈ പ്രതിപാദനം തികച്ചും ശാസ്ത്രീയമാണ്.

ദൈവികവെളിപാടിലും പാരമ്പര്യത്തിലും അധിഷ്ഠിതമായ ആധ്യാത്മിക ജീവിതത്തെക്കുറിച്ചുള്ള പ്രതിപാദനം ദൈവശാസ്ത്രദൃഷ്ട്യാ ശാസ്ത്രീയമാണ . മേൽ പറഞ്ഞവയെ അടിസ്ഥാനമാക്കി രൂപംകൊടുത്തിട്ടുള്ള വിശ്വാസ സത്യങ്ങളിൽ അടിയുറച്ചു നിൽക്കുന്ന പ്രതിപാദനവും ശാസ്ത്രീയം തന്നെ. മൂന്നാമതൊരു ശാസ്ത്രീയപ്രതിപാദനം മാനവചരിത്രത്തിലൂടെ നിർണായക വ്യക്തികളെ അനുഭവിച്ചറിഞ്ഞ മിശിഹാനുഭവത്തിന്റെ സൈദ്ധാന്തികവശങ്ങളെ ആസ്പദമാക്കിയുള്ള പ്രതിപാദനമാണ്.[5] ആധുനിക മനശ്ശാസ്ത്ര കണ്ടുപിടിത്തങ്ങളുടെ വെളിച്ചത്തിൽ ആധ്യാത്മികതയെ വിലയിരുത്തുന്നതും ശാസ്ത്രീയ സമീപനമാണ്. ഇപ്രകാരമുള്ള സമീപനം ആധ്യാത്മിക ജീവിത ചിത്രീകരണത്തെ ഏതാണ്ടു ശാസ്ത്രീയമാക്കിത്തീർക്കുന്നു. രക്ഷാകരചരിത്രത്തിന്റെ അനുസ്യൂതമായ ഒരു പ്രവാഹമായി ആധ്യാത്മിക ജീവിതം എന്നും സഭയിൽ നിലകൊള്ളുന്നു.

വിവിധങ്ങളായ ആധ്യാത്മിക സമീപനങ്ങൾ

ദൈവിക വെളിപാട് സഭാജീവിതത്തിൽ പ്രായോഗികമാക്കുമ്പോഴും നൽകുന്ന ഊന്നലിനെ ആസ്പദമാക്കി ആധ്യാത്മിക ശാസ്ത്രത്തിനു സവിശേഷതകളും

LIBRARY PALACHAL JEEVAJAS KERALA

ഉണ്ടാകാം. ഉദാഹരണത്തിനു്, വേദപുസ്തകത്തെ ആലംബമാക്കി രൂപംകൊട്ടുന്ന ആധ്യാത്മികതയ്ക്കു വേദപുസ്തകാധിഷ്ഠിതാധ്യാത്മികത എന്നു പറയുന്നു. ശ്രീഹന്മാരെയും അവരുടെ ചൈതന്യത്തേയും മുൻനിർത്തിയുള്ള ആധ്യാത്മികതയ്ക്കു ശ്ലൈഹികാധ്യാത്മികത എന്നു പറയുന്നു. സഭോപിതാക്കന്മാരുടെ പഠനങ്ങളെ മുൻനിർത്തി രൂപംകൊട്ടുന്ന ആധ്യാത്മികതയ്ക്കു സഭോപിതാക്കന്മാരുടെ ആധ്യാത്മികതയെന്ന പേരു് യോജിച്ചതാണു്. സഭാജീവിതത്തെ ആസ്പദമാക്കിയുള്ള ആധ്യാത്മികത സഭോന്മുകാധ്യാത്മികതയും, ആരാധനക്രമത്തെ ആധാരമാക്കുന്നതു് ആരാധനാധിഷ്ഠിതാധ്യാത്മികതയുമാണു്.

ഏതെങ്കിലും ഒരു കാലഘട്ടത്തെ ആസ്പദമാക്കിയും ഇപ്രകാരം ആധ്യാത്മികതയെ വിഭജിക്കാം. ഉദാ: ആദിമ സഭയുടെ ആധ്യാത്മികത, മധ്യയുഗാധ്യാത്മികത, ആധുനികാധ്യാത്മികത മുതലായവ. ഇതു പ്രധാനമായി ചരിത്രപരമായ സമീപനമാണു്. ചില പ്രത്യേക സമൂഹങ്ങളെ കണക്കിലെടുത്തുകൊണ്ടും ആധ്യാത്മികതയെ പ്രതിപാദിക്കാം. ഉദാ: സന്യാസജീവിതാധ്യാത്മികത, പൗരോഹിത്യാധ്യാത്മികത, അൽമായാധ്യാത്മികത തുടങ്ങിയവ. ഏതെങ്കിലും ചില പ്രസ്ഥാനങ്ങളെ അടിസ്ഥാനമാക്കിയും ആധ്യാത്മികതയെ പ്രതിപാദിക്കാം. സഭൈക്യാധ്യാത്മികത, കരിസ്മാറ്റിക് ആധ്യാത്മികത, കായികാഭ്യാസാധ്യാത്മികത തുടങ്ങിയവ.

ആധ്യാത്മിക ജീവിതത്തിന്റെ വളർച്ചയെയും അനുഭവങ്ങളെയും കണക്കിലെടുത്തുകൊണ്ടു് ആധ്യാത്മികതയെ വിഭജിക്കാറുണ്ടു്. അതനുസരിച്ചു് ആരംഭകരുടെ, പുരോഗമിക്കുന്നവരുടെ, പൂർണ്ണത പ്രാപിച്ചവരുടെ എന്ന വിഭജനം അർത്ഥവത്താണു്. ശുദ്ധീകരണം, പ്രകാശനം, ഐക്യം എന്നീ ഘട്ടങ്ങളായിട്ടും ഇവയെ കാണാം. കൂടാതെ, താപസികം, അനുചിന്തന

ACHARYA PALACKAL JEEVASS KENDRAM
1881
LIBRARY
ALUVA

പരം, മൗതികം എന്നും ആധ്യാത്മികതയെ തരം തിരിക്കാം.

മേൽപ്പറഞ്ഞ വിഭജനങ്ങളെക്കാൾ കൂടുതൽ അഗാധസ്പർശിയായ വിഭജനം ദൈവിക ജീവിതത്തിനു ചില വിശ്വാസികൾ നൽകിയിട്ടുള്ള പ്രത്യുത്തരത്തെ ആശ്രയിച്ചിട്ടുള്ളതാണ്. എന്നാൽ യഥാർത്ഥ വിശ്വാസികൾ വിലയിരുത്തേണ്ടതും, വിധിക്കേണ്ടതും അവരുടെ ആധ്യാത്മികതയുടെ സഭാപര ചൈതന്യത്തെ കണക്കിലെടുത്തായിരിക്കണം. അങ്ങനെ നോക്കുമ്പോൾ സഭാപരമായ സവിശേഷതകളെ അടിസ്ഥാനമാക്കിയുള്ള ആധ്യാത്മികതയ്ക്കാണു മുൻതൂക്കം കൊടുക്കേണ്ടതു് എന്നു സിദ്ധിക്കുന്നു. സഭാധ്യാത്മികതയിലുള്ള രണ്ടു പ്രധാന വിഭാഗങ്ങളാണു പൗരസ്ത്യവും പാശ്ചാത്യവുമായ ആധ്യാത്മികതകൾ.

പൗരസ്ത്യവും പാശ്ചാത്യവുമായ ആധ്യാത്മികതകൾ

പൗരസ്ത്യം, പാശ്ചാത്യം എന്ന പദപ്രയോഗങ്ങൾ വളരെ പുരാതനവും റോമാ സാമ്രാജ്യ സീമകളുമായി ബന്ധപ്പെട്ടവയുമാണ്. റോമാ സാമ്രാജ്യത്തെ ഭരണസൗകര്യാർത്ഥം ഡയക്ലീഷൻ ചക്രവർത്തി താഴെ വരുന്നനാലു പ്രവശ്യകളായി വിഭജിച്ചു. അവ ഇല്ലീറിക്കും, ഓറിയൻസ്, ഗാള്ളിക്കും, ഇത്താലിയ എന്നിവയാണ്. എന്നാൽ തിയഡോഷ്യസ് ചക്രവർത്തിയുടെ മരണത്തിനു ശേഷം എ. ഡി. 395–ൽ, അദ്ദേഹത്തിന്റെ പിൻഗാമികൾ റോമാസാമ്രാജ്യത്തെ രണ്ടായി വിഭജിച്ചു. അവ ഇല്ലിറിക്കും ഓറിയൻസും ഉൾപ്പെട്ടനു പാശ്ചാത്യസാമ്രാജ്യവും, ഗാള്ളിക്കും ഇത്താലിയായും ഉൾക്കൊള്ളുന്ന പാശ്ചാത്യസാമ്രാജ്യവുമാണ്. മേല്പറഞ്ഞ രണ്ടു സാമ്രാജ്യങ്ങളിലും സഭ വേരുന്നുകയും അതതു സ്ഥലത്തിന്റെ ജീവിതപശ്ചാത്തലത്തിൽ വിവിധ പ്രാദേശിക സഭകൾ ഉത്ഭവിക്കുകയും ചെയ്തു.

പൗരസ്ത്യദേശത്തിനുള്ള ക്രൈസ്തവ മതപരമായ ഏകാന്തവൈശിഷ്ട്യം അതു ദൈവപുത്രനായ മിശിഹായെ ലോകത്തിനു നൽകിയെന്നതും ആദിമസഭയുടെ പിള്ളത്തൊട്ടിലായിരുന്നുവെന്നതുമാണ്. ആദിമസഭയുടെ വളർത്തുപിതാക്കന്മാർ പൗരസ്ത്യരായിരുന്നുവെന്നതു് ഈ വൈശിഷ്ട്യത്തിനുള്ള മറെറാരു നിദാനമാണ്.

ദൈവിക വെളിപാടിൻെറയും സഭാപാരമ്പര്യത്തിൻെറയും പരിശ്രുദ്ധി അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനു് പൗരസ്ത്യ പ്രാദേശികസഭകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.[7] ഇന്നത്തെ പ്രാദേശികസഭകളുടെയെല്ലാം മാതാവായ പൗരസ്ത്യസഭയിൽനിന്നാണു പാശ്ചാത്യസഭകളും പൗരസ്ത്യസഭകളും ഉദയംചെയ്തിട്ടുള്ളതു്. പൗരസ്ത്യസഭകൾ പലതും അവയുടെ പൈതൃകത്തിൽ നിന്നു കുറെയെല്ലാം വ്യത്യചലിച്ചിട്ടുണ്ട്. അതുകൊണ്ടു പൗരസ്ത്യാധ്യാത്മികതയെക്കുറിച്ചു ചിന്തിക്കുമ്പോൾ പൗരസ്ത്യസഭയുടെ പൈതൃകത്തെ ആധാരമാക്കിവേണം മുന്നേറുവാൻ.

ഇരുപതാം നൂറാണ്ടിലെ വലിയൊരു സംഭവമായ രണ്ടാം വത്തിക്കാൻ സാർവത്രിക സൂനഹദോസിൽ, പ്രാദേശികസഭകളുടെ വ്യക്തിത്വത്തെയും അവയുടെ ആധ്യാത്മികതയെയും അംഗീകരിച്ചുറപ്പിച്ചുവെങ്കിലും പാശ്ചാത്യസഭയുടെ മേൽക്കോയ്മയ്ക്കു് അയവു വന്നിട്ടില്ല. ഈ വസ്തുത പാശ്ചാത്യസഭയുടെ ആധ്യാത്മികത എങ്ങനെയുള്ളതാണെന്നു വിളിച്ചറിയിക്കുന്ന ഒന്നാണ്. രാഷ്ട്രീയ സ്വാധീനതയിൽ ഉടലെടുത്തു വളർന്ന പാശ്ചാത്യസഭയിൽ ദൈവികവെളിപാടും പാരമ്പര്യവും അവയുടെ തനി വ്യക്തിത്വത്തിൽ വളരുന്നതിനിടയായിട്ടില്ല. മറിച്ചു്, പാശ്ചാത്യ സംസ്കാരത്തിൻെറ ചട്ടക്കൂട്ടിലൂടെ പൗരസ്ത്യ തത്ത്വചിന്തയെ ജ്ഞാനസ്നാനപ്പെടുത്തി, ആചാരനുഷ്ഠാനങ്ങൾക്കും നിയമസംഹിതയ്ക്കും ഊന്നൽ നൽകിക്കൊണ്ടു ബുദ്ധിരാക്ഷസന്മാർ ദൈവിക വിജ്ഞാനീയവും സാന്മാർഗികമാനദണ്ഡങ്ങളും

ക്രോഡീകരിച്ചു. ഇവയുടെ പശ്ചാത്തലത്തിലാണ് ആരാധനക്രമവും ആധ്യാത്മികതയും നിലവിൽ വന്നതു്. ഇതിന്റെ ഫലമായി മനുഷ്യാവതാരപരമായ ഒരു സമീപനം പാശ്ചാത്യാധ്യാത്മികതയ്ക്കും ഉണ്ടായി. പക്ഷേ, ദൈവത്തിന്റേതു ദൈവത്തിനും സീസറിന്റേതു സീസറിനും എന്ന തത്വം പ്രയോഗത്തിൽ കൊണ്ടുവരുന്നതിൽ പാശ്ചാത്യദൈവശാസ്ത്രവും സാന്മാർഗികതയും അജപാലനവും ആധ്യാത്മികതയുമെല്ലാം തെല്ലൊന്നു പരാജയപ്പെട്ടതിന്റെ തെളിവാണ്[8] പതിനാറാം നൂറ്റാണ്ടിൽ സഭയിലുണ്ടായ പിളർപ്പും, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണസംരംഭവും. ഈ സാർവത്രിക സൂനഹദോസ് പൗരസ്ത്യസഭയുടെ പൗരാണികതപ തിരിച്ചു പറഞ്ഞു, പ്രത്യേകിച്ചു് അതിന്റെ ആധ്യാത്മികത.

പൗരസ്ത്യാധ്യാത്മികത

കിഴക്കൻ പ്രാദേശികസഭകൾക്കു പടിഞ്ഞാറൻ സഭകളിൽ നിന്നു് ആധ്യാത്മിക പിതൃത്വത്തിൽ വ്യത്യാസമുണ്ടെന്നു് സഭ പഠിപ്പിക്കുന്നു.[9] പടിഞ്ഞാറൻ സഭയുടെ ആധ്യാത്മികത പാരമ്പര്യം ഗണ്യമായ തോതിൽ പൗരസ്ത്യസഭാബന്ധാരത്തിൽത്തന്നെയാണധിഷ്ഠിതം.[10] പൗരസ്ത്യാധ്യാത്മികതയുടെ ഈടുറ്റ സംഭാവനകളാണ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചും കന്യകാമറിയത്തെക്കുറിച്ചും ഉള്ള പഠനങ്ങളും.[11] കന്യകാമറിയം 'ദൈവമാതാവ' എന്നല്ലാ, ദൈവപുത്രന്റെ അമ്മയാണു് എന്നതു പൗരസ്ത്യസഭയുടെ പഠനം.[12]

ആധ്യാത്മികതയുടെ ഒരു ആധികാരികാവിഷ്കരണമായ സന്യാസജീവിതം[13] കിഴക്കിന്റെ സംഭാവനയാണു്. പൗരസ്ത്യസഭയിൽ പുഷ്പിച്ച ആധ്യാത്മിക പാരമ്പര്യസമ്പത്താണ ക്രമേണ പാശ്ചാത്യസഭയിലേയ്ക്കു വ്യാപിച്ചതു്. ലത്തീൻ സന്യാസ

ത്തിന്റെ പൂർണ്ണ ചൈതന്യവും പൗരസ്ത്യസഭയിൽ നിന്നു തന്നെ.[14] മനുഷ്യനെ ദൈവികകാര്യങ്ങളിലുള്ള ധ്യാനനിർലീനതയിൽ ആഴ്ത്തുന്നതിനു പൗരസ്ത്യ പിതാക്കന്മാരുടെ ആധ്യാത്മികത ഇടവരുത്തിയിരുന്നു.[15] പൗരസ്ത്യസഭകളുടെ ആധ്യാത്മികപിതൃസ്വത്തിന്റെ സമൃദ്ധിയാണ് അതെന്നു സാർവത്രിക സഭ പഠിപ്പിക്കുന്നു.[16]

ആധുനികലോകത്തിനു്, കിഴക്കൻ ആധ്യാത്മികത എന്നു കേൾക്കുമ്പോൾ മനസ്സിലുദിക്കുന്ന ആശയം ഹൈന്ദവ-ബുദ്ധമതാത്മക ജീവിതവും അവയുടേതായ സവിശേഷതകളുമാണെന്നു ഇത്തരുണത്തിൽ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ദൈവാനുഭവ സമീപനത്തിൽ കുറെയെല്ലാം സാധർമ്മ്യങ്ങൾ മേൽപ്പറഞ്ഞ പാരമ്പര്യങ്ങൾ തമ്മിലുണ്ട്. പൗരസ്ത്യാധ്യാത്മികതതന്നെയാണു ഭാരതത്തെ സംബന്ധിച്ചിടത്തോളം പാശ്ചാത്യാധ്യാത്മികതയെക്കാൾ കൂടുതൽ സ്വീകാര്യം. ആധുനികലോകത്തിന്റെ അദമ്യമായ ആധ്യാത്മികതൃഷ്ണയെ ശമിപ്പിക്കുന്നതിനു് ആത്യന്തികമായി ഉപകരിക്കുന്നതാണു പൗരസ്ത്യാധ്യാത്മികത.

ദൈവികവെളിപാടു് അനുഭവിച്ചുള്ള ജീവിതത്തിൽ നിന്നാണു പൗരസ്ത്യാധ്യാത്മികത ഉരുത്തിരിഞ്ഞതു്. ഇതിനെക്കുറിച്ചുള്ള ശാസ്ത്രമാണു പൗരസ്ത്യാധ്യാത്മികശാസ്ത്രം. ദൈവികജീവിതത്തെ പരിശുദ്ധത്രിത്വപരമായിട്ടാണു പൗരസ്ത്യാധ്യാത്മികശാസ്ത്രം ഉദ്ഘോഷിക്കുന്നതു്. ഈ ദൈവിക ജീവനിലുള്ള ഭാഗഭാഗിത്വം[17] പരിശുദ്ധറൂഹായിലുള്ള ജീവിതമാണു്. പരിശുദ്ധറൂഹ മനുഷ്യനിൽ പ്രവർത്തിക്കുന്നതു് പ്രധാനമായി അവന്റെ അന്തരാത്മാവിലാണു്. മനുഷ്യന്റെ അന്തരാത്മാവിനു വസിക്കുവാനും പ്രവർത്തിക്കുവാനുമായി ആന്തരികമായ മാനുഷികപ്രാണനും മനുഷ്യശരീരവും ഉണ്ടു്. പരിശുദ്ധാത്മാവു മനുഷ്യചേതനയെ പ്രകാശമാനമാക്കി ദൈവികചിന്തനത്തിന്റെ

സമഗ്രാനുഭവത്തിൽ എത്തിക്കുന്നതാണ് പൗരസ്ത്യ ചിന്താഗതിയിൽ ആധ്യാത്മികത. പൗരസ്ത്യാധ്യാത്മികതയെ സഭാപരമായ ആധ്യാത്മികത എന്നും ആരാധനാധിഷ്ഠിതാധ്യാത്മികതയെന്നും കൗദാശികാധിഷ്ഠിതാധ്യാത്മികതയെന്നും വേദപുസ്തകാധിഷ്ഠിതാധ്യാത്മികതയെന്നും വ്യവഹരിക്കാവുന്നതാണ്.

അദ്ധ്യായം 2

പൗരസ്ത്യാധ്യാത്മികത ചരിത്രത്തിലൂടെ

അപ്പസ്തോലിക കാലഘട്ടം

പൗരസ്ത്യാധ്യാത്മികതയുടെ ചരിത്രം പരിശോധിക്കുമ്പോഴും അതിന്റെ പ്രാരംഭചൈതന്യം അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ ആണ് നിഴലിച്ചുകാണുന്നത്.

'അവർ ശ്ലീഹന്മാരുടെ ഉപദേശങ്ങളിൽ സ്ഥിരപ്പെട്ടും എവുക്കരിസ്ത്തിയാ മുറിക്കുന്നതിൽ പങ്കുകൊണ്ടുമിരുന്നു. അവർ എല്ലാദിവസവും ഏകമനസ്സോടെ ദേവാലയത്തിൽ ദീർഘനേരം ചെലവിടുകയും വീട്ടിൽ ബലിയപ്പം മുറിക്കുകയും സന്തോഷത്തോടും ഹൃദയനിഷ്ക്കപടതയോടുംകൂടി ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകലജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തിരുന്നു. നമ്മുടെ കർത്താവ് രക്ഷ പ്രാപിക്കേണ്ടവരെ എല്ലാ ദിവസവും സഭയിൽ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.'[1]

ഈശോമിശിഹായിൽനിന്നു സുവിശേഷം ഏറ്റുവാങ്ങുകയും അവിടുത്തെ സാന്നിധ്യത്തിൽ അതു പ്രഘോഷിക്കുകയും തുടർന്നു ശിഷ്യരിലൂടെയും രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെയുള്ള ക്രൈസ്തവനേതാക്കളിലൂടെയും ഉറപ്പിക്കുകയും ചെയ്ത കാലഘട്ടമാണ് അപ്പസ്തോലിക കാലഘട്ടം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

യഹൂദക്രൈസ്തവ സംസ്ക്കാരങ്ങളോട് യവന സംസ്ക്കാരവും ഒന്നുചേർന്നപ്പോഴും ഈ കാലഘട്ടം മി ഴിവാർന്ന.[2] സുവിശേഷപ്രഘോഷകരെത്തുടർന്ന വന്ന പ്രബുദ്ധരും വിശുദ്ധരുമായ ക്രൈസ്തവനേതാക്കന്മാ രെയാണ് അപ്പസ്തോലപിതാക്കന്മാർ എന്ന വിളിക്കു ന്നത്. ഇവരുടെ തൂലികയിൽനിന്നും, അപ്പസ്തോലി ക കാലഘട്ടത്തിലെ ആധ്യാത്മികതയുടെ അടിസ്ഥാ നരേഖകളിൽ, വിശുദ്ധഗ്രന്ഥത്തിനു പുറമെയുള്ളവ അടർന്നു വീണു. ഇവരിൽ പ്രധാനന്മാർ റോമിലെ വിശുദ്ധ ക്ലമൻറ്, അന്ത്യോക്യായിലെ വി. ഇഗ്നേ ഷ്യസ്. പൊളിക്കാപ്പ്, പപ്പിയാസ്, ഹെർമാസ് തുട ങ്ങിയവരും, ഇക്കാലഘട്ടത്തിലെ പ്രധാന രേഖകളും ഡിഡാക്കൊ (അപ്പസ്തോലവിശ്വാസപ്രമാണം) വി. ഇഗ്നേഷ്യസിൻെറ ലേഖനങ്ങളും തുടങ്ങിയവയുമാണ്.

ഇക്കാലഘട്ടത്തിലെ പ്രധാന ദൈവവിജ്ഞാനീയ ചിന്തകരും, പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചുള്ളവ യും മനുഷ്യാവതാരരഹസ്യം, രക്ഷാകര പ്രവൃത്തിയിലു ള്ള സഭാപരമായ പങ്കാളിത്തം തുടങ്ങിയവയും ആണ്. ചുരുക്കത്തിൽ, ജീവിതസാക്ഷാത്ക്കാരം കൈവരിക്കു ന്നതിനു സുവിശേഷത്തിൽ അധിഷ്ഠിതമായ ലളിത ജീവിതം നയിക്കുക എന്നതായിരുന്ന ഈ കാലഘട്ട ത്തിലെ ആധ്യാത്മികതയുടെ പ്രത്യേകത.[3]

പൗരസ്ത്യസഭകളുടെ ആധ്യാത്മികതയെക്കുറിച്ചു ചിന്തിക്കുമ്പോഴും 'ചിലരുടെ സവിശേഷതയായി' രണ്ടാം വത്തിക്കാൻ സൂനഹദോസ് പറയുന്ന ആധ്യാ ത്മികതതന്നെയാണ് അപ്പസ്തോലിക കാലഘട്ട ത്തിലുണ്ടായിരുന്ന സഭയുടെ ചൈതന്യം.[4] ആദിമ സഭ യുടെ മുഖമുദ്രയായിരുന്ന സ്നേഹമാണ് വിശുദ്ധിയി ലേയ്ക്കുള്ള മാർഗ്ഗമായി സഭ ഇന്നു ചൂണ്ടിക്കാണിക്കുന്ന ത്.[5] ദൈവസ്നേഹത്തിൻെറയും സഹോദരസ്നേഹത്തി ൻെറയും പ്രായോഗിക പരിശീലനമാണ് നിരവധി ആളുകളെ രക്തസാക്ഷിത്വത്തിനു പ്രേരിപ്പിച്ചതു.

ഈ വേദസാക്ഷിത്വത്തെ സ്നേഹത്തിന്റെ ഏറ്റവും വലിയ തെളിവായി പരിഗണിക്കുന്ന സഭ സ്വവിശേഷത്തെപ്രതി സമർപ്പണജീവിതം നയിക്കുന്ന എല്ലാവരെയും രക്തസാക്ഷികൾക്കൊപ്പം അംഗീകരിക്കുന്നു.[6] ഈ അംഗീകരണത്തിന്റെ മാനദണ്ഡം അപ്പസ്തോലിക കാലഘട്ടത്തിലെ ആധ്യാത്മികതയുടെ സവിശേഷതയാണ്. ഇപ്രകാരം സഭയുടെ ആരംഭം മുതലുണ്ടായിരുന്ന ഒരു ജീവിതമുറയായിരുന്ന ബ്രഹ്മചര്യജീവിതം. റോമിലെ വി. ക്ലമന്റ് കന്യകകൾക്കുള്ള ലേഖനം എഴുതിയതു് മേൽപ്പറഞ്ഞ ജീവിതത്തിന്റെ സവിശേഷതയെ വിളിച്ചറിയിക്കുന്നു.

കടന്നുപോകുന്ന ഈ ലോകത്തെ ഉപയോഗിക്കുന്നതിൽ ബലഹീനനായ മനുഷ്യൻ വഞ്ചിതനാകരുതെന്നു് ആദിമ സഭാധികാരികൾക്കു് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടു് വിശുദ്ധ ശ്ലീഹായുടെ വാക്കുകൾക്കനുസൃതം[7] ആദിമസഭ കഠിനമായ താപസജീവിതം അവലംബിച്ചിരുന്നു. ഈ രീതി ക്രൈസ്തവജീവിതത്തെത്തന്നെ ഏതാണ്ടു് കർശനമായ താപസജീവിതത്തിന്റെ നിലയിൽ കാത്തുസൂക്ഷിച്ചിരുന്നു.[8] ഇതിനു ഉദാഹരണമാണു് അന്ത്യോക്യയിലെ ഇഗ്നേഷ്യസിന്റെ ലേഖനങ്ങളിൽ കാണുന്ന മദ്ദിതക്കുവേണ്ടിയുള്ള പ്രാർത്ഥന, ഉപവാസം, ദൈവവചനപ്രസംഗം തുടങ്ങിയവ. അവസാനം അദ്ദേഹം തന്നെ ട്രാജന്റെ കാലത്തു് റോമിൽവച്ചു് എ.ഡി. 110-ൽ രക്തസാക്ഷിമകുടം ചൂടി. ആധ്യാത്മിക ചൈതന്യമുൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ ലേഖനങ്ങളും സർവോപരി ജീവിതവും അപ്പസ്തോലിക കാലഘട്ടത്തിലെ ആധ്യാത്മികതയുടെ പല സവിശേഷതകളും വിളിച്ചറിയിക്കുന്നു. അവ വിശ്വാസം, സ്നേഹം, എളിമ, സഹനം, ലൗകികവസ്തുക്കളോടു് വിരക്തി, വിശ്വാസസംരക്ഷണത്തിനുള്ള രക്തസാക്ഷിത്വം തുടങ്ങിയവയാണു്.[9] അനുദിന ജീവിതവിശുദ്ധീകരണമാണു് ക്രൈസ്തവജീവിതത്തിന്റെ അന്തഃസത്ത എന്നു് വി. ഇഗ്നേഷ്യസ് ഉദ്ബോധിപ്പിക്കുന്നുണ്ടു്.

വിശുദ്ധ ഗ്രന്ഥത്തെ ആസ്പദമാക്കി ക്രൈസ്തവചൈതന്യത്തെ ആഴപ്പെടുത്തിയ സ്മിർണായിലെ വി. പൊളിക്കാർപ്പിന്റെ സമീപനത്തിൽ പാരമ്പര്യത്തിനും പ്രാധാന്യം കൊടുത്തിരുന്നു. അക്കാലത്തെ സഭാംഗങ്ങളുടെ ക്രൈസ്തവ ജീവിതരീതിയും വിശ്വാസവും സംരക്ഷിക്കുന്നതിനു് വിവാഹിതർ, അവിവാഹിതർ, യുവാക്കൾ, ഡീക്കൻമാർ, കന്യകകൾ, സന്യാസികൾ തുടങ്ങിയ ഓരോ പ്രത്യേകഗണത്തെയും അദ്ദേഹം ഉപദേശിച്ചിരുന്നു. രക്തസാക്ഷിത്വത്തിനുള്ള ആഗ്രഹം ഇന്നും സന്യാസജീവിതത്തിലൂടെ സഫലമാക്കുന്നതായി കാണാം.[10]

അപ്പസ്തോലികാധ്യാത്മികതയുടെ സ്വഭാവം ആരായുമ്പോൾ അപ്പസ്തോലിക രേഖകളിൽ ഒന്നായ ഡിഡാക്കെ നൽകുന്ന വിവരങ്ങൾ അതിലേയ്ക്കു് കൂടുതൽ പ്രകാശം വീശുന്നതായിക്കാണാം. മാമോദീസാ, ഉപവാസം, പ്രാർത്ഥന, വി. കുർബാന, ഞായറാഴ്ചയാചരണം തുടങ്ങിയവയ്ക്കു് കൂടുതൽ ഊന്നൽ നൽകുന്നതായിരുന്നു ആദിമ ക്രൈസ്തവരുടെ ആധ്യാത്മിക ജീവിതം. പ്രകാശത്തിന്റെയും അന്ധകാരത്തിന്റെയും, ജീവന്റെയും മരണത്തിന്റെയും മാർഗ്ഗങ്ങളെക്കുറിച്ചു് ആദിമസഭയിൽ പ്രബോധനങ്ങളുണ്ടായിരുന്നു. ജീവന്റെ മാർഗ്ഗം പ്രകാശത്തിന്റെ വഴിയായിട്ടാണു് ആധ്യാത്മികതയെ കണ്ടിരുന്നതു്.[11]

ആധ്യാത്മികതയുടെ നിർണ്ണായകഘടകമായിട്ടാണു് മാമോദീസായെ ആദിമസഭ പരിഗണിച്ചിരുന്നതു് എന്നു് ഹെർമസിലെ ഇടയൻ പറയുന്നു.[12] പ്രായോഗികജീവിതത്തെ ധന്യമാക്കുന്നതിനു് ആവശ്യമായ വിശ്വാസം, ദൈവഭയം, എളിമ, സത്യം, വൈവാഹിക വിശുദ്ധി, ആത്മനിയന്ത്രണം, വിവേകം, പ്രായശ്ചിത്തം തുടങ്ങിയവയെക്കുറിച്ചുള്ള പ്രബോധനങ്ങളും ഹെർമസിലെ ഇടയന്റെ കൃതികളിൽ കാണാം,[13] അതുകൊണ്ടാണു്, സമ്പൂർണ്ണമായ ആത്മസമർപ്പണത്തിന്റെ

മാർഗങ്ങളായി രക്തസാക്ഷിത്വവും കന്യാത്വവും ആദിമ ക്രൈസ്തവർ സ്വീകരിച്ചിരുന്നതു്. തങ്ങൾക്കുള്ളവയെ സമർപ്പിക്കുന്നതിനാണു് പരിത്യാഗവും സമ്പത്തിന്റെ പൊതുവായ ഉപയോഗവും അവർ പ്രോത്സാഹിപ്പിച്ചിരുന്നതു്. എളിമയുടെയും വിശ്വാസത്തിന്റെയും സുകൃതങ്ങളെ സോത്സാഹം അഭ്യസിക്കുന്നതിലും ആദിമസഭ മുമ്പിൽത്തന്നെയായിരുന്നു. ആദിമസഭയുടെ ആധ്യാത്മിക ചൈതന്യമൊന്നു മാത്രമാണു് അവരെ മറ്റുള്ളവരിൽനിന്നു വേർതിരിച്ചിരുന്നതു്. അവരുടെ വസ്ത്രധാരണം, വീടു്, ഭക്ഷണം തുടങ്ങിയവ സാധാരണക്കാരുടേതു് തന്നെയായിരുന്നു. [14] ഡയറിറസിനുള്ള കത്തിൽനിന്നു് അവരുടെ ആധ്യാത്മികത സുതരാം വ്യക്തമാണു്. അത്യുന്നതങ്ങളിൽ ചിന്ത ഉറപ്പിക്കുന്നവരാണു് അവർ. എല്ലാവരെയും സ്നേഹിക്കുന്നുവെങ്കിലും ഏവരാലും പീഡിപ്പിക്കപ്പെടുന്നു. മരണംവഴി ജീവൻ കണ്ടെത്തുന്നു. അവർ ദരിദ്രരെങ്കിലും പലരെയും ധനവാന്മാരാക്കുന്നു. ആത്മാവു് ശരീരത്തിനെന്നപോലെ ആയിരുന്ന ക്രൈസ്തവർ ലോകത്തിനു്. [15] അപ്പസ്തോലികസഭ വിവേകപൂർണ്ണമായ ആത്മസംയമനവും ഏകഭാര്യത്വവും, ബ്രഹ്മചര്യവും നീതിപൂർവകമായ ജീവിതവും പ്രോത്സാഹിപ്പിച്ചിരുന്നു. [16] പൊതുപ്രാർത്ഥനകൾക്കു പുറമെ സ്വന്തം വീടുകളിൽ രഹസ്യപ്രാർത്ഥനകളും നടത്തിയിരുന്നവരാണു് അന്നത്തെ ക്രൈസ്തവർ. രാവിലെയും വൈകുന്നേരവും, ആഹാരത്തിനു മുമ്പും, കുളിക്കുന്നതിനു മുമ്പും, മൂന്നും, ആറും, ഒൻപതും യാമങ്ങളിലും അവർ പ്രാർത്ഥിച്ചിരുന്നു. പാതിരാവിലും കോഴി കൂവുമ്പോഴും ക്രിസ്ത്യാനികൾ പ്രാർത്ഥിച്ചിരുന്നു. [17] ക്രൈസ്തവർ തങ്ങളുടെമേൽ കുരിശു വരച്ചുകൊണ്ടു സാത്താനെ ഒഴിപ്പിച്ചിരുന്നു. [18] മിശിഹാ ഗദ്സമേനയിൽ പ്രാർത്ഥിച്ചതുപോലെ ആദിമ ക്രൈസ്തവർ തങ്ങളുടെ പ്രതിസന്ധികളിൽ തീക്ഷ്ണമായി പ്രാർത്ഥിക്കുക പതിവായിരുന്നു.

പ്രാർത്ഥിക്കുന്നതിൽ എന്നതുപോലെ ദാനധർമ്മം ചെയ്യുന്നതിലും ആദിമ ക്രൈസ്തവർ ഉത്സുകരായിരുന്നു. 'ഘണം സമ്പാദിച്ചിരുന്ന ഞങ്ങളിപ്പോഴും അതു പങ്കുവയ്ക്കുന്നതിനും ആവശ്യക്കാരെ സഹായിക്കുന്നതിനും സന്നദ്ധരാണു്'.[19] ഡീക്കന്മാർ മെത്രാന്റെ നേതൃത്വത്തിൽ പാവങ്ങളെ സഹായിച്ചിരുന്നു. സഭയുടെ നിരന്തര സഹായം ലഭിച്ചിരുന്നവരാണു് വിധവകളും, അനാഥർ വൃദ്ധജനം തുടങ്ങിയവർ. ജാതിമതഭേദമെന്യേ അവർ എല്ലാവരെയും സഹായിച്ചുപോന്നു. തടവുകാരെ സമാശ്വസിപ്പിക്കുന്നതിലും രോഗികളെ ശുശ്രൂഷിക്കുന്നതിലും വനിതാ ഡീക്കന്മാർ ഉത്സുകരായിരുന്നു. മാസംതോറുമുള്ള പിരിവു്, രഹസ്യസംഭാവന, വൈദികരുടെ പിതൃസ്വത്തു് തുടങ്ങിയവയിൽനിന്നു് ആവശ്യംപോലെ കൊടുത്തു നിർദ്ധനരെ സഹായിച്ചിരുന്നു.[20]

സഭാപിതാക്കന്മാരുടെ കാലഘട്ടം

ഈ കാലഘട്ടംകൊണ്ടുദ്ദേശിക്കുന്നതു് ഏ. ഡി. രണ്ടാം നൂറ്റാണ്ടിന്റെ മധ്യം മുതൽ എട്ടാം നൂറ്റാണ്ടിന്റെ പകുതിവരെയുള്ള പൗരസ്ത്യാധ്യാത്മികതയെയാണു്. ഒന്നുമുതൽ ഏഴുവരെ നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന പിതാക്കന്മാരെയാണു് നിഷ്കൃഷ്ടാർത്ഥത്തിൽ സഭാപിതാക്കന്മാരെന്നു വിളിക്കുന്നതു്. ക്രൈസ്തവ തത്വസംഹിതകളെയും വിശുദ്ധ രഹസ്യങ്ങളെയുംപറ്റി എഴുതുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ള പണ്ഡിതരും വിശുദ്ധരുമായ ആളുകളാണു് അവർ.

ഈ കാലഘട്ടത്തിലാണു്, പാശ്ചാത്യം, പൗരസ്ത്യം എന്ന വേർതിരിവു് ഔദ്യോഗികമായി സഭയിൽ ആരംഭിച്ചതു്. ഏ. ഡി. 395-ൽ വളർച്ചയുടെയും വികാസത്തിന്റെയും പാതയിലൂടെ മുന്നേറിയ പാശ്ചാത്യ പൗരസ്ത്യ സഭകളെ ഏ. ഡി. 1054-ാമാണ്ടോടുകൂടി കിഴക്കും പടിഞ്ഞാറുമെന്ന നിലയിൽ വിഭജിക്കപ്പെട്ടു് തകർച്ചയുടെ പിളർപ്പു് ഏതാണ്ടു പൂർത്തിയാക്കി. ഈ വിഭജനം

ദിവ്യബലിയുടെ അർപ്പണം, കൂദാശാപരികർമ്മങ്ങൾ, ആരാധനക്രമങ്ങൾ, സഭാഭരണം, കാനോന നമസ്കാരം, തിരുവസ്ത്രങ്ങൾ, വൈദികപഞ്ചാംഗം, ആചാരാനുഷ്ഠാനങ്ങൾ, വിശുദ്ധഗീതം, വിശുദ്ധകല, അവയുടെ അനുഷ്ഠാതാക്കളായ ജനങ്ങൾ, സർവ്വോപരി ആധ്യാത്മികത എന്നിവയെല്ലാം വ്യത്യാസം സൃഷ്ടിച്ചു. പൗരസ്ത്യരുടെ സവിശേഷമായ ആധ്യാത്മികതയെക്കുറിച്ചു മാത്രമാണിവിടെ പ്രതിപാദിക്കുന്നതു്.

പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ അപ്പസ്തോലന്മാർ സ്ഥാപിച്ച നിരവധി പ്രാദേശിക സഭകളുണ്ടായിരുന്നു. ഇവയിൽപ്പെട്ടതാണു് ജറൂസലേം, എഫേസൂസ്, ഇൻഡ്യ, അന്ത്യോക്യാ എന്നിവിടങ്ങളിലെ സഭകൾ. വിവിധ പ്രാദേശിക സഭകൾ സ്വതന്ത്രമായി വളരുവാൻ തുടങ്ങി. അങ്ങനെ വിവിധ പൗരസ്ത്യ പ്രാദേശിക സഭകൾ രൂപംകൊണ്ടു. ഇവയിൽ പ്രമുഖങ്ങളാണു് ബിസന്റയിൻ, അലക്സാന്ത്രിയൻ, അന്ത്യോക്യൻ, കാൽഡിയൻ, അർമ്മേനിയൻ തുടങ്ങിയവ.[21]

പൗരസ്ത്യ പാശ്ചാത്യ രീതികൾ നമ്മിൽ വ്യത്യാസം വരുത്തുവാൻ പ്രഥമത: ഇടയാക്കിയതു് അലക്സാന്ത്രിയായിലെ ക്ലെമെന്റിന്റേയും ഒരിജിന്റേയും നേതൃത്വത്തിലുള്ള ദൈവശാസ്ത്ര ചിന്താഗതികളാണു്. രണ്ടാമത്തെ കാരണം പാശ്ചാത്യസഭ അവരുടെ ഔദ്യോഗിക ഭാഷയായി ലത്തീൻ സ്വീകരിച്ചതാണു്. തുടർന്നു നിർണ്ണായകമായ വ്യത്യാസത്തോടെ ദൈവശാസ്ത്ര സമീപനങ്ങൾ ഉയർന്നുവന്നു. മൂന്നാം നൂറ്റാണ്ടിൽ അലക്സാന്ത്രിയൻസഭ മുൻപന്തിയിലെത്തി, 150 വർഷത്തോളം അങ്ങനെ തുടർന്നു. 4–ാം നൂറ്റാണ്ടിൽ പാശ്ചാത്യപൗരസ്ത്യസഭകൾ രൂപംകൊണ്ടു. ക്രൈസ്തവ മതത്തിന്റെ താത്വികവും ആധ്യാത്മികവും അനുഷ്ഠാനാത്മകവുമായ വശങ്ങളെപ്പറ്റി പൗരസ്ത്യർ കൂടുതൽ ചിന്തിച്ചു. 319–ൽ സഭയ്ക്കു ലഭിച്ച രാഷ്ട്രീയ സ്വാതന്ത്ര്യം പൗരസ്ത്യസഭ കൂടുതൽ വളരുവാൻ സഹാ

യിച്ചു. ക്രിസ്തീയ വിശ്വാസസത്യങ്ങളും ആഴമായ പരിചിന്തനത്തിലൂടെ ധന്യമായി, അതുല്യമായ കഴിവുള്ള പിതാക്കന്മാർ ഇക്കാലത്തു സഭയിലുണ്ടായി. പൗരസ്ത്യപിതാക്കന്മാർ ആയിരുന്നു ഇക്കാലത്തെ ദൈവശാസ്ത്രചിന്തകരിൽ ഭൂരിപക്ഷവും. അലക്സാന്ത്രിയാ, അന്ത്യോക്യാ, എദേസ്സാ; നിസിബിസ് എന്നീ നാലു വിദ്യാപീഠങ്ങളിൽനിന്നാണ് പൗരസ്ത്യാധ്യാത്മികതയുടെ താത്വികപ്രകാശനം ഉണ്ടായിട്ടുള്ളതു്.22

മിശിഹായുടെയും അപ്പസ്തോലന്മാരുടെയും പഠനങ്ങളും ആചാരാനുഷ്ഠാനങ്ങളുമനുസരിച്ചു ജീവിച്ച അപ്പസ്തോലികസഭ തന്റെ ആധ്യാത്മിക പൈതൃകം വിവിധ പ്രാദേശിക സഭകളിലൂടെ അനുവർത്തിച്ചപ്പോഴും അവയ്ക്കു കുറെ അനുരൂപണങ്ങളും കൂട്ടിച്ചേർക്കലുകളുമുണ്ടായി. പ്രധാനമായി ക്രൂദാശകളുടെ പരികർമ്മം, പ്രാർത്ഥന, നോമ്പു് തുടങ്ങിയവയിലൊക്കെ അതു പ്രതിഫലിച്ചു. ജ്ഞാനസ്നാനക്രൂദാശ സ്വീകരിക്കുന്നതിനുള്ള ഒരുക്കത്തിൽ പ്രാർത്ഥന, ജാഗരണം, ഉപവാസം, പാപങ്ങളുടെ ഏറ്റുപറച്ചിൽ തുടങ്ങിയവ സാധാരണമായിരുന്നു. ക്രൈസ്തവാധ്യാത്മികതയുടെ പ്രഭവസ്ഥാനമായ മാമ്മോദീസ എപ്രകാരം വ്യക്തിയെ ആധ്യാത്മികനാക്കുവാൻ ഇടയാക്കുന്നുവെന്നു് ഇതു കാണിക്കുന്നു. മാമ്മോദീസായിൽ പ്രാർത്ഥനയോടുകൂടി വെള്ളത്തിൽ മുങ്ങിയിട്ടു പൊങ്ങിവരുന്നതു് പാപവിമോചനത്തെയും ഉത്ഥാനജീവിതത്തെയും സൂചിപ്പിക്കുന്നു.

മൂന്നാം നൂറ്റാണ്ടിൽ നിലവിലിരുന്ന മാമ്മോദീസാ സ്വീകരണത്തെക്കുറിച്ചു് അപ്പസ്തോലിക പാരമ്പര്യത്തിൽ പറയുന്നുണ്ടു്. അർത്ഥികളെ സ്വീകരിക്കുന്ന രീതി നോക്കിയാൽ, ഇന്നുള്ള പല സന്യാസവൈദിക പരിശീലനങ്ങളെ മറികടക്കുന്ന ചൈതന്യത്തോടും സൂക്ഷ്മതയോടുംകൂടി അതു നടത്തിയിരുന്നുവെന്നു കാണാം. ഇതു് ആ കാലഘട്ടത്തിലെ ആധ്യാത്മികതയുടെ ഒരു

ചിത്രമാണ് കാണിക്കുന്നത്. ഉദാ: ജ്ഞാനസ്നാനാർത്ഥികളെ സ്വീകരിക്കുന്നത് അവർക്ക് ദൈവവചനം ഗ്രഹിക്കുവാനുള്ള കഴിവിനെ വേണ്ടവിധം പരിശോധിച്ചു നോക്കിയിട്ടാണ്. ജോലിയും ഇതര സാഹചര്യങ്ങളും അനുകൂലമാണോ എന്നാരായുന്നു. തിരഞ്ഞെടുക്കപ്പെട്ടവർക്ക് മൂന്നു വർഷത്തെ പരിശീലനം നൽകി വേണ്ട പരിശോധനയോടെ വീണ്ടും തിരഞ്ഞെടുപ്പു നടത്തുന്നു. അന്നുമുതൽ കൈവയ്പു പ്രാർത്ഥനയും പിശാചിനെ ഒഴിപ്പിക്കലും ജ്ഞാനസ്നാനദിനംവരെ തുടരുന്നു. അവസാനം മെത്രാന്റെ പരിശോധനയും ഉണ്ട്.

മാമ്മോദീസാ സ്വീകരിക്കേണ്ടയാൾ വെള്ളിയാഴ്ചയും ശനിയാഴ്ചയും ഉപവസിക്കണം. ശനിയാഴ്ച രാത്രി ജാഗരണം ഉണ്ട്. ഞായറാഴ്ച കോഴികൂവുമ്പോൾ നിർമ്മലമായ നീരുറവയിങ്കൽച്ചെന്ന് തല വെള്ളത്തിൽ മുക്കി സ്നാനം സ്വീകരിക്കുന്നു. തുടർന്ന് പിശാചിനെ ഒഴിപ്പിക്കലും തൈലം പൂശലും നടത്തുന്നു. അവസാനം കൃതജ്ഞതാപ്രകാശനത്തിനുള്ള തൈലം പൂശലുമുണ്ട്. അതിനെത്തുടർന്നാണ് സ്ഥൈര്യലേപനവും ദിവ്യബലിയിലുള്ള പങ്കുചേരലും. മൂന്നാം നൂറ്റാണ്ടു മുതൽ പുതിയ നാമം മാമ്മോദീസാ സ്വീകരിച്ചവർക്ക് നല്കുകയും കത്തുന്ന മെഴുകുതിരി കൊടുക്കുകയും പതിവായിരുന്നു. വെള്ളവസ്ത്രം ഒരാഴ്ച ധരിച്ചിരുന്നു. തലതൊട്ടപ്പന്മാരെക്കുറിച്ചും തെർത്തുല്യന്റെ കാലം മുതൽ സൂചനയുണ്ട്.[23]

പ്രായപൂർത്തിയായവർക്കാണ് സാധാരണമായി മാമ്മോദീസാ നൽകിയിരുന്നത്. മതപീഡനവും മരണവും ഭയന്ന് മാമ്മോദീസാ നേരത്തെ നൽകിത്തുടങ്ങി. ലത്തീൻ രീതിയിൽ ആഗ്രഹത്താലെയുള്ള മാമ്മോദീസാ സ്വീകാര്യമായിരുന്നപ്പോഴും, പൗരസ്ത്യർ രക്തസാക്ഷിത്വത്തിന്റെ മാമ്മോദീസാ മാത്രമെ അംഗീകരിച്ചിരുന്നുള്ളൂ.

ആദിമ ക്രൈസ്തവ ആധ്യാത്മികത തന്നെയാണ് പൗരസ്ത്യ ആധ്യാത്മികത. മിശിഹായോടുള്ള സ്നേഹത്തിൽ ആമഗ്നരായി അവിടത്തെ ജീവിതം നമ്മിൽ പകർത്തുക എന്നതാണ് ആധ്യാത്മികതയുടെ അന്തസ്സത്ത.

വി. കുർബാന—പൗരസ്ത്യാധ്യാത്മികതയുടെ കേന്ദ്രബിന്ദു

പൗരസ്ത്യാധ്യാത്മികതയുടെ കേന്ദ്രബിന്ദുവായ വി. കുർബാന രണ്ടാചാരങ്ങളിൽനിന്നു രൂപംകൊണ്ടതാണ്. കുർബാനയുടെ ഒന്നാമത്തെ ഭാഗമായ വചന ശുശ്രൂഷ യഹൂദരുടെ സിനഗോഗ് ശുശ്രൂഷയെ അനുകരിച്ചു. രണ്ടാമത്തെ ഭാഗമായ വിശ്വാസികളുടെ കുർബാന, ക്രൈസ്തവരുടെ അപ്പംമുറിക്കൽ ശുശ്രൂഷയാണ്. സ്വകാര്യഭവനങ്ങളിൽ നടത്തിയിരുന്ന ഈ കർമ്മങ്ങളും രണ്ടും നൂറാണ്ടിന്റെ അവസാനത്തോടുകൂടി പ്രത്യേക സ്ഥലങ്ങളിലേയ്ക്ക് മാറ്റപ്പെട്ടു. ഈ സ്ഥാപനങ്ങളും ശവസംസ്കാരത്തിനുള്ള സ്ഥലങ്ങളോട് ബന്ധപ്പെട്ടവയായിരുന്നു. മെസപ്പൊട്ടാമിയ, സിറിയ, പലസ്തീന തുടങ്ങിയ സ്ഥലങ്ങളിൽ ഇവയുടെ അവശിഷ്ടങ്ങളും കാണാം. എ. ഡി. 201—ൽ എദേസായിൽ ഒരു ക്രൈസ്തവ ദേവാലയം ഉണ്ടായിരുന്നതായി തെളിവുണ്ട്.

ക്രൈസ്തവ സാഹോദര്യത്തെ സൂചിപ്പിക്കുന്ന സമാധാനചുംബനവും ദിവ്യകാരുണ്യത്തിന്റെ ആവാസവും ദ്യോതിപ്പിക്കുന്ന കൈവയ്പു ശുശ്രൂഷയും കുർബാനയോടു ബന്ധപ്പെട്ട പ്രധാന കർമ്മങ്ങളായിരുന്നു. 4–ാം നൂറാണ്ടോടുകൂടി വിശുദ്ധ കുർബാന തികഞ്ഞ പൗരസ്ത്യതനിമയോടെ അർപ്പിച്ചുവന്നു. അതിനനുസൃതം ആധ്യാത്മികതയിലും പ്രത്യേകത സംജാതമായിത്തുടങ്ങി. പൗരസ്ത്യർ ശനിയാഴ്ച അർദ്ധരാത്രിയോടെ ദിന

മായി ആചരിക്കുകയും അന്നു ദിവ്യബലിയർപ്പണം നടത്തുകയും ചെയ്തിരുന്നു. ഉപവാസവും ബലിയർപ്പണവുംവഴി അവർ തങ്ങളെത്തന്നെ കൂടുതൽ വിശുദ്ധീകരിച്ചിരുന്നു. ബലിയിൽ സംബന്ധിച്ചിരുന്ന എല്ലാവരും അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നു. ഈ കർബാനാസ്വീകരണം അമർത്യതയുടെ അടയാളമായിട്ടാണ് അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് പരിഗണിച്ചിരുന്നതു്.

നാലാം നൂറ്റാണ്ടിനുശേഷം ക്രൈസ്തവസഭയിൽ അംഗങ്ങളും വർദ്ധിച്ചതുനിമിത്തം ക്രൈസ്തവപരിശീലനത്തിനു കോട്ടം സംഭവിച്ചു. ആധ്യാത്മികതയുടെ ഈ തകർച്ചയെ വി. യോഹന്നാൻ ക്രിസോസ്തോമസ് നിശിതമായി വിമർശിച്ചതായിക്കാണാം. ഈ കാലഘട്ടം മുതൽ ദിവ്യകാരുണ്യ സ്വീകരണത്തിനും കോട്ടം സംഭവിച്ചു. ഇതിനു പ്രതിവിധിയായിട്ടാണ് ഉയിർപ്പ്, പന്തക്കുസ്താ, പിറവി തുടങ്ങിയ അവസരങ്ങളിൽ ദിവ്യകാരുണ്യം സ്വീകരിക്കണമെന്നു് 506-ൽ ഫ്രാൻസിൽവച്ചു നടന്ന അഗാദേ സിനഡ് നിശ്ചയിച്ചതു്.[24]

സ്നേഹവിരുന്നു്

യഹൂദർ സ്നേഹവിരുന്നു നടത്തിയിരുന്നു. ക്രൈസ്തവർ പാവങ്ങൾക്കും വിധവകൾക്കുമായിട്ടാണ് അതു് നടത്തിയിരുന്നതു്. ഈ നടപ്പു് കാലക്രമേണ മതപരമായിത്തീർന്നു. മെത്രാന്റെ അധ്യക്ഷം ഇതിനെ കൂടുതൽ സദാചാരവുമാക്കി. പ്രാർത്ഥനകളോടും കീർത്തനങ്ങളോടുംകൂടി നടത്തിയിരുന്ന ഈ കർമ്മം സഹോദരൈക്യവും അനാഥസംരക്ഷണവും ലക്ഷ്യമാക്കിയിരുന്നു എന്നതു് പ്രത്യേക പരിഗണന അർഹിക്കുന്നു. സ്നേഹവിരുന്നിൽ ആശീർവദിച്ച അപ്പം വെറും നേർച്ചമാത്രമായിരുന്നു. 4-ാം നൂറ്റാണ്ടു മുതൽ സ്നേഹവിരുന്നിന്റെ ഉദ്ദേശ്യം വിസ്മരിച്ചുതുടങ്ങിയതോടെ പള്ളി

യിൽവച്ച് അതു നടത്തുന്നതു നിരോധിക്കപ്പെട്ടു.[25] പൗരസ്ത്യസഭകളിൽ വിരളമായി ഇതു പള്ളിയിൽ തുടരുന്നു. നേർച്ച, ശ്രാദ്ധം എന്നീ പേരുകളിലാണ് ഭാരതത്തിലിതിന്നറിയപ്പെടുന്നതു്.

അനുതാപികളെ സ്വീകരിക്കൽ

അനുതാപികളെ സ്വീകരിച്ച് പാപകടം നീക്കുന്ന പതിവു് ആധ്യാത്മിക ജീവിതത്തിലെ ഒരു സുപ്രധാന ഘടകമാണ്. മാമ്മോദീസ കഴിഞ്ഞാൽ പാപമോചനത്തിനുള്ള അടുത്ത മാർഗ്ഗമാണ് അനുരഞ്ജനമെന്നു ലിയോൺസിലെ ഇരണെവൂസും അലക്സാൻഡ്രിയായിലെ ക്ളെമെൻറും പറയുന്നു. സഭയിലെ പ്രായശ്ചിത്തം ഈ ലോകത്തിൽ വച്ചു ദൈവകാരുണ്യം ലഭിക്കാനുള്ള അവസാനത്തെ അവസരമായി ഹെർമസിലെ ഇടയൻ സമർത്ഥിക്കുന്നു.

മൂന്നാം നൂറ്റാണ്ടിൽ പൗരസ്ത്യസഭകളിൽ അനുതാപികളെ പല ഗ്രൂപ്പുകളായി തിരിച്ചിരുന്നു. ഒന്നാമത്തെ ഗണം ദൈവാലയവാതിൽക്കൽ നിന്നു പ്രാർത്ഥനയ്ക്കായി അപേക്ഷിക്കുന്നവർ ആണ്. രണ്ടാമത്തെ കൂട്ടർ, ദൈവാലയത്തിലുള്ള വചനശുശ്രൂഷയിൽ സംബന്ധിക്കുന്ന 'കേൾവിക്കാർ' എന്ന പേരിൽ അറിയപ്പെടുന്ന വിഭാഗമാണ്. ഇവർ അധ്യയന കുർബാനയ്ക്കുശേഷം ദൈവാലയം വിട്ടുപോകണം. മൂന്നാമത്തെ ഗണം 'സാഷ്ടാംഗപ്രണാമ'ക്കാരാണ്. നാലാമത്തെ വിഭാഗം വിശ്വാസികളോടൊപ്പം മുഴുവൻ സമയവും നിന്നുകൊണ്ടു കുർബാനയിൽ സംബന്ധിക്കുന്നു.[26] ഈ കാലഘട്ടത്തിലെ അനുതാപികളുടെ നിലയെക്കുറിച്ചു വിശുദ്ധ ബാസിൽ താഴെ വരുന്ന വിവരണം തരുന്നു.

അനുരഞ്ജനത്തിന്റെ നാലു ഘട്ടങ്ങൾ

1. ദേവാലയവാതിൽക്കൽ നിന്നുകൊണ്ടു പ്രാർത്ഥനയ്ക്കായി യാചിക്കുന്നവർ.

2. വചനശുശ്രൂഷയിൽ സംബന്ധിക്കുന്ന കേഴ്വിക്കാർ.

3. സാഷ്ടാംഗ പ്രണാമക്കാർ.

4. വിശ്വാസികളോടൊപ്പം കുർബാനയിൽ നിന്നു കൊണ്ടു സംബന്ധിക്കുന്നവർ.

'പൂർണ്ണമനസ്സോടെ കൊലപാതകം ചെയ്തവനു് അനുതപിച്ച ശേഷം ഇരുപതു വർഷത്തേയ്ക്കു ക്ലാദാശകം നിഷേധിക്കുന്നു. ഈ ഇരുപതു കൊല്ലക്കാലം ഇപ്രകാരം ചെലവഴിക്കണം. നാലുവർഷം അയാൾ ദൈവാലയത്തിലെ പ്രധാന വാതിലിനു പുറത്തുനിന്നു കരഞ്ഞുകൊണ്ടു് അകത്തു പ്രവേശിക്കുന്നവരുടെ പ്രാർത്ഥന യാചിക്കുകയും അവന്റെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്യണം. നാലു വർഷത്തിനു ശേഷം അവൻ കേഴ്വിക്കാരുടെ ഗണത്തിൽപ്പെടുന്നു. അഞ്ചുകൊല്ലം അവരുടെ കൂട്ടത്തിൽ കഴിയണം. തുടർന്നുള്ള ഏഴ വർഷം മുട്ടുകുത്തിനിൽക്കുന്നവരോടു ചേർന്നു പ്രാർത്ഥിക്കുന്നു. അവസാനത്തെ നാലുവർഷം അയാൾ വിശ്വാസികളോടുകൂടെ നിൽക്കുന്നു. എന്നാൽ, ദിവ്യബലിയിൽ പൂർണ്ണമായി പങ്കുചേരുന്നില്ല. ഈ കാലാവധി പൂർത്തിയായിക്കഴിയുമ്പോൾ ക്ലാദാശകം സ്വീകരിക്കുവാൻ അയാളെ അനുവദിക്കുന്നു.[27] നാലാം നൂറ്റാണ്ടിൽ ഗ്രീക്കു സഭയിൽ പരസ്യപ്രായശ്ചിത്തം ചെയ്യിക്കുന്നതിനു വ്യവസ്ഥാപിതരീതികളുണ്ടായിരുന്നു.[28] ആ നൂറ്റാണ്ടിൽത്തന്നെ അംഗസംഖ്യ വർദ്ധിച്ചപ്പോൾ, മെത്രാൻ നിശ്ചയിക്കുന്ന ചിലർ കുമ്പസാരം കേട്ടു പ്രായശ്ചിത്തം നൽകിത്തുടങ്ങി. സന്യാസികളാണു്, നാലും അഞ്ചും നൂറ്റാണ്ടുകളിൽ പാപമോചനം നൽകിയിരുന്നതു്. ഇക്കാലഘട്ടത്തിൽ സന്യാസികളെ രക്തസാക്ഷികളെയും വന്ദകരെയുംപോലെ സഭ ബഹുമാനിച്ചിരുന്നു. പ്രത്യേകാത്മീയവരം ലഭിച്ചവരായി സന്യാസികളെ ജനങ്ങൾ കരുതിയിരുന്നു. ഗ്രീക്കുസഭയിൽ അസംഘ

ടിതമായ രീതിയിൽ രഹസ്യ പ്രായശ്ചിത്തങ്ങളും പാപമോചനവുമുണ്ടായിരുന്നു.

വിവാഹം

കുടുംബജീവിതത്തിന്റെയും സാമൂഹിക ജീവിതത്തിന്റെയും ഉറവിടമായ വിവാഹത്തിന്റെ അഭേദ്യതയെക്കുറിച്ചു സഭാപിതാക്കന്മാർ ഒരേ അഭിപ്രായക്കാരായിരുന്നു. വിശ്വാസം വിവാഹിതരാകുന്നതിനുള്ള ഒരു വ്യവസ്ഥയായിരുന്നു. വിവാഹത്തിനു മുമ്പുള്ള പരിശുദ്ധി, ഏകഭാര്യത്വം, ദാമ്പത്യവിശ്വസ്തത തുടങ്ങിയവ കർശനമാക്കിയിരുന്നു. വധൂവരന്മാർക്കു തുല്യവകാശമുണ്ടായിരുന്നു, വൈവാഹിക ജീവിതത്തിൽ.

തിരുനാളുകൾ

ആധ്യാത്മിക ജീവിതത്തെ ധന്യമാക്കുന്ന ക്രൈസ്തവ ജീവിതത്തിന്റെ പൂരകങ്ങളാണു തിരുനാളുകളുടെ ആഘോഷവും ഉപവാസാനുഷ്ഠാനവും. ഉയിർപ്പുതിരുനാളിനു് അതുല്യപ്രാധാന്യമുണ്ടു്. യഹൂദരെ അനുകരിച്ചു ശനിയാഴ്ച ആരാധനയ്ക്കായി നീക്കിവയ്ക്കാതെ കർത്താവിന്റെ ഉയിർപ്പുദിനമായ ഞായറാഴ്ച, ക്രിസ്ത്യാനികളും ആരാധന നടത്തിയിരുന്നു. സന്തോഷത്തിന്റെ ദിനമായ ഞായറാഴ്ച നിന്നുകൊണ്ടാണു പ്രാർത്ഥനകളെല്ലാം ചൊല്ലിയിരുന്നതു്. പെസഹാതിരുനാളിനും പന്തക്കുസ്താതിരുനാളിനും പുറമെ രണ്ടാം നൂറ്റാണ്ടിൽ പൗരസ്ത്യസഭയിൽ ദനഹാത്തിരുനാളും പുതിയതായി ആരംഭിച്ചു. ഈജിപ്തിലെ ബസീലിഡിയൻസ് ജനുവരി ആറാം തീയതി ആചരിച്ച മിശിഹായുടെ മാമ്മോദീസായാണു് ഇതിനടിസ്ഥാനം. ഇതോടുകൂടി അവിടത്തെ ജനനവും അനുസ്മരിച്ചിരുന്നു.

ആറാം നൂറ്റാണ്ടോടുകൂടി തിരുനാളുകളും മാറിമാറി ആചരിക്കുകയും അതിനനുസൃതം ആരാധനക്രമവത്സരം

ഉടലെടുക്കുകയും ചെയ്തു. നാലാം നൂറ്റാണ്ടു മുതൽ പിറവിത്തിരുനാൾ ഡിസംബർ ഇരുപത്തഞ്ചിനാഘോഷിച്ചുവന്നു. 337–ൽ ശേഷമാണു മിലാൻ, അന്ത്യോക്യാ, കോൺസ്റ്റാൻറിനോപ്പിൾ മുതലായ സ്ഥലങ്ങളിൽ പിറവിത്തിരുനാൾ ആഘോഷിച്ചുതുടങ്ങിയതു്. അർമ്മേനിയൻസഭ ജനുവരി 6–ൽ പിറവിയും ദനഹയും ആഘോഷിച്ചിരുന്നു. നാലാം നൂറ്റാണ്ടു മുതൽ വി. സ്റ്റീഫൻറെ തിരുനാൾ പൗരസ്ത്യർ ജനുവരി 26–ൽ ആഘോഷിച്ചുവന്നു. ഉയിർപ്പുമുതലുള്ള ദിവസങ്ങൾ വലിയ ആഴ്ചയാണു പൗരസ്ത്യർക്കു്.

പരിശുദ്ധ കന്യകയോടുള്ള ഭക്തി പൗരസ്ത്യസഭകളുടെ ഒരു പ്രത്യേകതയാണു്. മൂന്നാം നൂറ്റാണ്ടിലാരംഭിച്ച ഈ ഭക്തി അഞ്ചാം നൂറ്റാണ്ടോടുകൂടെ കൂടുതൽ പ്രചരിച്ചു. ഏറ്റവും പ്രധാനം പരിശുദ്ധ കന്യകയുടെ ശുദ്ധീകരണത്തിരുനാളാണു്. കോൺസ്റ്റാൻറിനോപ്പിൾ, സിറിയ, ഈജിപ്തു് തുടങ്ങിയ കേന്ദ്രങ്ങളിൽ ഇതിനു പ്രചുരപ്രചാരം ലഭിച്ചു. ഏ. ഡി. 450–ൽ സ്വർഗ്ഗാരോപണത്തിരുനാൾ ജറുസലത്തു് ആരംഭിച്ചു. മരിയൻ തിരുനാൾ വൃത്തം കോൺസ്റ്റാൻറിനോപ്പിളിൽ രൂപം പ്രാപിച്ചു.[29]

ഉപവാസം

ഉപവാസത്തിൻറെ കാര്യത്തിൽ പൗരസ്ത്യർക്കു പ്രത്യേകമായ സമീപനരീതിയുണ്ടു്. ബുധനും വെള്ളിയും ഗ്രീക്കുസഭയിൽ ഉപവാസദിനങ്ങളാണു്. പാശ്ചാത്യർ ശനിയാഴ്ച ഉപവാസം നടത്തിയിരുന്നു. എന്നാൽ പൗരസ്ത്യർ ശനിയാഴ്ച ഉപവാസം കർശനമായി നിരോധിച്ചു. കാരണം അർദ്ധതിരുനാൾ ദിനമാണു് ശനിയാഴ്ച.[30] ഉയിർപ്പിനൊരുക്കമായുള്ള 40 നോമ്പു് രണ്ടാം നൂറ്റാണ്ടുമുതൽ പൗരസ്ത്യർ ആചരിച്ചു. കൂടാതെ അപ്പസ്തോലന്മാരുടെ നോമ്പും, മറിയത്തിൻറെ നോമ്പു്, പിറവിനോമ്പു് മുതലായവയും അവർ

ആചരിച്ചിരുന്നു. എട്ടാം നൂറ്റാണ്ടുവരെ ഈ നോമ്പുകാലം സമ്പൂർണ്ണമായി ആചരിച്ചുപോന്നു. സന്യാസാശ്രമങ്ങളിലാണിവ സമാരംഭിച്ചതു്. തുടർന്നു മറ്റുള്ളവരുടെ ഇടയിലേയ്ക്കു വ്യാപിച്ചു. പൗരസ്ത്യരുടെ ഉപവാസദിനങ്ങളും പാശ്ചാത്യരുടേതിനെ അപേക്ഷിച്ചു എണ്ണത്തിൽ കൂടുതലാണു്. ഗ്രീക്കുസഭയിൽത്തന്നെ ഏതാണ്ടു് 180 ഉപവാസദിനങ്ങളുണ്ടു്. പൗരസ്ത്യസഭയിലെ താപസന്മാരുടെ കഠിനതപശ്ചര്യകളും ഇത്തരുണത്തിൽ സ്മർത്തവ്യമാണു്. ഈ താപസ ചൈതന്യം ഭക്ഷണത്തിലും വസ്ത്രത്തിലും ജീവിതരീതിയിലും പ്രത്യക്ഷപ്പെട്ടിരുന്നു.[31] സഭോപിതാക്കന്മാരുടെ കാലഘട്ടത്തിലെ പ്രധാനപ്പെട്ട ഗ്രന്ഥകാരന്മാർ താഴെ വരുന്നവരാണു്.[32]

ക്ലെമൻറ് ഒരിജൻ	നിസ്സായിലെ വി. ഗ്രിഗറി നസ്സിയാൻസിലെ വി. ഗ്രിഗറി
ജൂലിയസ് ആഫ്രിക്കൻസ്	വി. ബാസിൽ
ഡയനീഷ്യസ്	തർതോസിലെ ദിയഡോർ
അത്തനേഷ്യസ്	മൊപ്സുവേസ്ത്യായിലെ തിയഡോർ
കേസറിയാ എവുസേവിയൂസ്	വി. സിറിൽ, അലക്സാണ്ഡ്രിയാ
അഫ്രാത്തസ്	വി. ജോൺ ക്രിസോസ്തോം
മാർ അപ്രേം	
പാം ഫീലിയൂസ്	വി. മാക്സിമൂസ്
ജറുസലേമിലെ വി. സിറിൽ	ജോൺ ക്ലിമാക്കൂസ്
അന്ധനായ ദിദിമൂസ്	ഡമാസ്കസിലെ വി. യോഹന്നാൻ
വി. എപ്പിഫാനിയൂസ്	

ആദിമസഭയുടെ മാതൃകയാണ് സുറിയാനിക്കാർ പ്രധാനമായും പിൻതുടർന്നത്. മിശിഹായിൽ വിശ്വസിച്ചു തദനുസൃതം ജീവിക്കുന്നവർ ഉത്ഥാനത്തോടുകൂടി പൂർണ്ണതയിൽ എത്തുന്നുവെന്നാണ് അഫ്രാഹാസിന്റെ അഭിമതം[33] മിശിഹായോടുള്ള സ്നേഹത്തിൽ ആമഗ്നരായവരാണ് പരിപൂർണ്ണർ. ഇവരെ സംബന്ധിച്ച് ജീവിക്കുകയെന്നതു മിശിഹായാണെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ചുരുക്കത്തിൽ, ആദിമക്രൈസ്തവാധ്യാത്മികത തന്നെയാണ് മധ്യയുഗംവരെ പൗരസ്ത്യർ തുടർന്നുകൊണ്ടുപോന്നത്.

മധ്യയുഗം

റോമൻ പാത്രിയർക്കീസിന്റെ രാഷ്ട്രീയാധികാരവും അതിന്റെ പ്രത്യാഘാതങ്ങളും

എ. ഡി. 313 മുതൽ കോൺസ്റ്റന്റൈന്റെ ചക്രവർത്തിയും ഉദാരമതികളായ നിരവധി ആളുകളും സഭയ്ക്കു ധാരാളമായി സംഭാവനകളും നൽകിയിരുന്നു. ഇതുവഴി മാർപ്പാപ്പായ്ക്കു വമ്പിച്ച സമ്പത്തും ഭൂസ്വത്തും സ്വന്തമായി ഉണ്ടായി. 568-ൽ ഇറ്റലിക്കുണ്ടായ ലൊബാർഡുകളുടെ എതിർപ്പിനെ തടയാൻ മാർപ്പാപ്പായുടെ ഈ ഭൗതികശക്തി ആവശ്യമായിരുന്നു. ചുരുക്കത്തിൽ ഇറ്റലിയിലും യൂറോപ്പിലും ഒരു നിർണ്ണായക വ്യക്തിയായിരുന്ന മാർപ്പാപ്പ, എ. ഡി. 574-1570 കാലഘട്ടത്തിൽ സഭാരേണത്തിൽ രാഷ്ട്രീയാധികാരി എന്ന നിലയിൽ പ്രവർത്തിച്ചു. ഈ രാഷ്ട്രീയാധികാരവും തജ്ജന്യമായ ക്രമീകരണങ്ങളും സവിശേഷ ലാളിത്യത്തിനു യോജിച്ചതല്ലായിരുന്നു. സ്ഥാനമാനങ്ങളിലും വേഷവിധാനങ്ങളിലുമെല്ലാം രാഷ്ട്രീയ സംവിധാനങ്ങളുടെ ചുവ കലർന്നു. കർദ്ദിനാൾ സ്ഥാനം, മോൺസിഞ്ഞോർ സ്ഥാനം, കിരീടം അംശവടി തുടങ്ങിയവ മേൽപറഞ്ഞ രീതിയിൽ സഭയിൽ ആവിർഭവിച്ചിട്ടുള്ളവയാണ്.

പൗരസ്ത്യ പാശ്ചാത്യസഭകൾ വിഭിന്ന ധ്രുവങ്ങളിൽ

ഇതേ കാലഘട്ടത്തിൽത്തന്നെ ഇസ്ലാമിന്റെ മുന്നേറ്റം ആരംഭിച്ചു. മുഹമ്മദിനുശേഷം വന്ന കാലിഫ്മാർ കിഴക്കുനിന്നു ക്രിസ്തുമതത്തെ പാടെ ഉന്മൂലനം ചെയ്തു. പലസ്തീനാ, സിറിയ, ഈജിപ്ത്, പേർഷ്യാ എന്നീ സ്ഥലങ്ങൾ കീഴടക്കിക്കൊണ്ടു മുന്നേറിയ ഇസ്ലാം 637-ൽ അന്ത്യോക്യൻ പെട്രിയാർക്കെയ്റും 638-ൽ ജറൂസലേം പെട്രിയാർക്കെറും തുടർന്ന് അലക്സാന്ത്രിയൻ പെട്രിയാർക്കെറും തങ്ങളുടെ കൊടിക്കീഴിലാക്കി. ഡമാസ്കസിലെ ഒമയാദ് പൗരസ്ത്യനാടുകളിലെ ആക്രമണം ഇൻഡ്യവരെ എത്തിക്കുകയുണ്ടായി. കീഴടക്കിയ സ്ഥലങ്ങളിലെല്ലാം പൗരസ്ത്യ ക്രൈസ്തവരുടെ ആരാധന മുടക്കി. ഇസ്ലാമിന്റെ മുന്നേറ്റം ക്രൈസ്തവ മിഷൻപ്രവർത്തനത്തിനും സഭയ്ക്കും ഭീഷണിയായിത്തീർന്നു. ഇതിനെതിരായി ഉണ്ടായ കുരിശുയുദ്ധം ഇസ്ലാമിനെ സഹായിച്ചവരുടെ സ്വാധീനം മൂലം പരാജയപ്പെടുകയും സഭ കൂടുതൽ ഐകാധിപതികമാകുകയും ചെയ്തു.

മുകളിൽപ്പറഞ്ഞ സംഭവവികാസങ്ങളും സഭാപരമായി പശ്ചാത്യപൗരസ്ത്യ ചിന്താഗതികളിൽ വ്യതിയാനമുളവാക്കി. എട്ടാം നൂറ്റാണ്ടിൽ കോൺസ്റ്റാൻറിനോപ്പിളിലെ ചക്രവർത്തി ലെയോ മൂന്നാമൻ വിശുദ്ധരുടെ പ്രതിമ വണങ്ങുന്നതിനെ എതിർത്തു. പക്ഷേ, റോം ആ എതിർപ്പിനെ വകവച്ചില്ല. ഇതു രണ്ടുകൂട്ടരും തമ്മിൽ ഭിന്നത വർദ്ധിക്കുന്നതിനിടവരുത്തി. പ്രതിമകളുടെയും രൂപങ്ങളുടെയും വണക്കത്തെ സംബന്ധിച്ച് നിഖ്യാസൂനഹദോസ് 787-ൽ അനുകൂലപരമായ തീരുമാനമെടുത്തു. ഫ്രഞ്ചുസഭ തങ്ങളുടെ വിശ്വാസ പ്രഖ്യാപനത്തിൽ കൂട്ടിച്ചേർത്ത 'പിതാവിൽനിന്നും പുത്രനിൽനിന്നും പരിശുദ്ധാത്മാവ്' എന്ന പ്രയോഗത്തെ ഗ്രീക്കുസഭ എതിർത്തു. പരിശുദ്ധാത്മാവിന്റെ ഉത്ഭവത്തെക്കുറിച്ച് പൗരസ്ത്യസഭ സ്വീകരിച്ചിരിക്കുന്ന

വിശ്വാസപ്രമാണം നിഖ്യാ, കോൺസ്റ്റാൻറിനോപ്പിൾ കൗൺസിലുകളുടേതാണ്. പിതാവിൽനിന്നും എന്നതിനു പുറമെ, പുത്രനിൽനിന്നും എന്നതു് പാശ്ചാത്യസഭയിൽ അനൗദ്യോഗികമായി കടന്നുകൂടിയതാണ്. ജലത്തിൽ മുങ്ങിയുള്ള മാമ്മോദീസാ, കുർബാനയിൽ പുളിച്ച അപ്പത്തിൻെറ ഉപയോഗം, ശിശുക്കൾക്കു് ദിവ്യകാരുണ്യം നൽകൽ. രോഗാവസ്ഥയിൽ രോഗീലേപനത്തിൻെറ ആവർത്തനം തുടങ്ങിയവ പൗരസ്ത്യരുടെ സവിശേഷാചാരങ്ങളാണ്.

ഏ. ഡി. 800-ൽ ലെയോ മൂന്നാമൻ മാർപ്പാപ്പ ചാർളിമെയിനെ പാശ്ചാത്യസാമ്രാജ്യത്തിൻെറ ചക്രവർത്തിയാക്കി പൗരസ്ത്യർ തങ്ങളുടെ പരിശ്രമം ആവഴിക്കു തിരിക്കുവാൻ തുടങ്ങി. ചാർളിമെയിൻെറ സ്വാധീനത്തിൽ ഡാന്യൂബ് സ്രാവ്നദീതടങ്ങളിലുള്ള ക്രിസ്ത്യാനികളിൽ ചിലർ കോൺസ്റ്റാൻറിനോപ്പിളിൻെറ നേതൃത്വം സ്വീകരിച്ചതോടെ ഗ്രീക്ക്-ലത്തീൻ കിടമത്സരം ആരംഭിച്ചു. ഏതദ്ദേശീയ ഭാഷയുടെ ഉപയോഗം ഗ്രീക്കുകാർ അനുവദിച്ചു. സഭോപരമായി ഉണ്ടായ ഈ കിടമത്സരം ഇസ്ലാം ശക്തിയെ പാലൂട്ടി വളർത്തി. അവർ വിശ്വബന്ധനാട്ടു് കീഴടക്കുകയും കോൺസ്റ്റാൻറിനോപ്പിളിനെബലഹീനമാക്കുകയും ചെയ്തു. സ്ലാവു വംശക്കാരുടെ ഇടയിലുള്ള പൗരസ്ത്യരുടെ മിഷൻ പ്രവർത്തനത്തെ തടയുന്നതിനു് റോമാ നിശ്ചയിച്ചു.

ഗ്രീക്കുസഭാനേതാവായ ഫോസിയൂസ് പാത്രിയക്കീസും നിക്കൊളാസ് ഒന്നാമൻ റോമാ മാർപാപ്പയും തമ്മിൽ ഏറ്റുമുട്ടി. ഫോസിയൂസിൻെറ അധികാരസീമയിലുള്ള ബർഗേറിയായിലേയ്ക്കു് ലത്തീൻ മിഷനറിമാരെ റോമിൽനിന്നയച്ചു. അവർ ഗ്രീക്കുകാരുടെ ചില ആചാരങ്ങളെ എതിർക്കുകയും 'Filiopue' (പുത്രനിൽ നിന്നും) വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. റോമായുടെ അനധികൃതമായ ഈ

ഇടപെടലിനെ എതിർക്കുവാൻ എ. ഡി. 872-ൽ കൂടിയ പൗരസ്ത്യം പാത്രിയർക്കീസുമാരുടെ സിനഡ് പാപ്പായെ ശപിച്ചു. കൂടാതെ അദ്ദേഹത്തിന്റെ പ്രത്യേകാധികാരത്തെയും ചോദ്യംചെയ്തു. കൂടാതെ, ശനിയാഴ്ച ഉപവാസം നിർബന്ധമാക്കിയതു്, നോമ്പുകാലം ഒരാഴ്ച ഇളവു ചെയ്തതു്, നോമ്പിൽ ക്ഷീരക്ഷണം ഉപയോഗിച്ചു തുടങ്ങിയതു്. വൈദിക ബ്രഹ്മചര്യം നിർബന്ധമാക്കിയതു് തുടങ്ങിയവയും എതിർപ്പിനു കാരണമായി. കിഴക്കൻ സഭകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അടരാടിയ ഒരു ധീര വ്യക്തിയായി പൗരസ്ത്യർ ഫോസിയൂസിനെ പരിഗണിക്കുന്നു.

ഈ കാലഘട്ടത്തിൽ പൗരസ്ത്യ പാത്രിയർക്കീസുമാരെല്ലാം കോൺസ്റ്റാൻറിനോപ്പിളിന്റെ അധികാരത്തെ മാനിച്ചിരുന്നു. 1054 ജൂലായ് 16-നു് പേപ്പൽ പ്രതിനിധികളും കോൺസ്റ്റാൻറിനോപ്പിളും പാത്രിയർക്കീസിനെ സോഫിയാ ദേവാലയത്തിൽവച്ചു് സ്ഥാനഭ്രഷ്ടനാക്കി. എന്നാൽ അതിനു മുമ്പുതന്നെ ലെയോ ഒൽപതാമൻ മാർപ്പാപ്പാ മരിച്ചിരുന്നു. ഏതായാലും 1054-ൽ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള പിളർപ്പു പൂർത്തിയായി. അതോടുകൂടി കിഴക്കൻ ഐക്യവും, റോമും ബിസൻറയിൻ പാത്രിയർക്കീസുമാരും തമ്മിലുള്ള ബന്ധവും തകർന്നു. ഇതിന്റെയെല്ലാം ഫലമായി ഭിന്നിച്ചു പിരിഞ്ഞ സഭയാണു് 'പൗരസ്ത്യ ഓർത്തഡോക്സ് സഭ'. തുടർന്നുണ്ടായ സംഭവവികാസങ്ങളുടെ ഫലം ഒറപ്പെട്ട ഗ്രീക്ക്, പൗരസ്ത്യ സഭകളെ പാശ്ചാത്യസഭയുടെ കീഴിലാക്കുക എന്നതായിരുന്നു. 1204-ൽ ഫ്രാൻസിലെയും വെനീസിലെയും യോദ്ധാക്കൾ കോൺസ്റ്റാൻറിനോപ്പിളിൽ പ്രവേശിച്ചു് പൗരസ്ത്യരെ തുരത്തി. പൗരസ്ത്യർക്കുണ്ടായ ഹൃദയവേദന, ശത്രുക്കളായ തുർക്കികളെക്കാൾ ഭീകരന്മാരായി പാശ്ചാത്യരെ കാണാൻ അവരെ പ്രേരിപ്പിച്ചു.

ഇങ്ങനെ റോമൻ നേതൃത്വത്തിന്റെ പാളിച്ചയും അറബികളുടെ ആക്രമണവും പൗരസ്ത്യസഭകളുടെ തകർച്ചയ്ക്ക് കാരണമായി

ചില പുതുനാമ്പുകൾ

ഈ കാലഘട്ടത്തിലാണ് പൗരസ്ത്യാധ്യാത്മികതയിൽ തിർണ്ണായകമായ പങ്കുവഹിച്ച ബിസന്റയിൻസഭ മുൻപന്തിയിൽ വന്നത്. ഈ മുന്നേറ്റത്തിനു സംഭാവന നൽകിയിട്ടുള്ളവരാണ് ഗ്രിഗറിഫാലമസ്, വി. മാക്സിമൂസ്, വി. ക്ലിമാക്കൂസ്, ഏലിയാസ്, എക്സിക്കോസ്, നവ ദൈവശാസ്ത്രജ്ഞനായ ശിമയോൻ, നിക്കോളാസ് കമ്പാസിയൂസ് തുടങ്ങിയവരെല്ലാം. സാന്തോപ്പോളോസിലെ ഇഗ്നേഷ്യസിന്റെയും കലിസ്റ്റസിന്റെയും സെഞ്ചുറീസ് എന്ന ഗ്രന്ഥം ബിസന്റയിൻ ആധ്യാത്മികതയുടെ ആരോഗ്യകരമായ ഒരുപഹാരമാണ്. ഇതിന്റെ കേന്ദ്രബിന്ദു ഈശോ പ്രാർത്ഥനയാണ്. ഈ പ്രാർത്ഥനയുടെ ചൈതന്യം താപസപരവും അതേസമയം പ്രവർത്തനോന്മുഖവുമാണ്. വ്യത്യസ്തങ്ങളായ ആധ്യാത്മികത, നിജ്ജീവത്വത്തിലേയ്ക്കും വിവിധങ്ങളായ അതിക്രമങ്ങളിലേയ്ക്കും തിരിഞ്ഞ ഈ കാലഘട്ടത്തിൽ, ഹെസിക്കാസ്റ്റിക്ക് പ്രാർത്ഥനയ്ക്കും അതുല്യപ്രാധാന്യം ഉണ്ടായിരുന്നു. ഈ പ്രസ്ഥാനത്തിന്റെ പ്രാധാന്യം മിശിഹായെ കേന്ദ്രമാക്കിയുള്ള ഒരു ആധ്യാത്മികത എന്ന നിലയിലായിരുന്നു. മിശിഹായുടെ ജീവിതം ഏറ്റവും കൂടുതൽ പ്രായോഗികമാക്കുന്ന ആരാധനാജീവിതത്തിനു ഒന്നാം സ്ഥാനം നൽകിയെന്നതു ബിസന്റയിൻ ആധ്യാത്മികതയുടെ ഒരു സുപ്രധാന നേട്ടമാണ്.

1054-ൽ കിഴക്കും പടിഞ്ഞാറും ആയി തിരിഞ്ഞെങ്കിലും ബിസാൻസിയം യാതൊരു പരിവർത്തനത്തിനും മുതിർന്നില്ല. പരമ്പരാഗതമായി ലഭിച്ച

സുവിശേഷാദർശം അവർ അഭംഗുരം പാലിച്ചുപോന്നു. സാമൂഹികമായ സമഗ്രത പാലിച്ചു്, ക്രൈസ്തവ ചൈതന്യം വർദ്ധമാനമാക്കുക എന്ന ആദർശം ബിസാൻസിയത്തിന്റെ സംസ്കാരത്തിലും നാഗരികതയിലും നടപ്പാക്കി എന്നതു് മറ്റൊരു സവിശേഷതയാണു്. ഇതുവഴി ഉണ്ടായവയാണു് പ്രതിമാ വണക്കം, പ്രതിമാ ലിഖിതം, ചിത്രീകരണം തുടങ്ങിയവ. 7 മുതൽ 8 വരെ നൂറ്റാണ്ടു കാലഘട്ടത്തിൽ മാക്സിമുസ് രചിച്ച 'മിസ്തഗോജിയാ'യിൽ ആരാധനയുടെയും പ്രതിമാചിത്രീകരണ കലയുടെയും ബന്ധത്തെ സമ്മക്കായി വിവരിച്ചിരിക്കുന്നു. ബിസന്റയിൻ ആധ്യാത്മികത പ്രായോഗികമാക്കുന്നതിനു് ഇതുപകരിച്ചു. മധ്യയുഗത്തിലെ കോളിളക്കങ്ങളും ആധ്യാത്മികതയെ ബാധിക്കുകതന്നെ ചെയ്തു.

എവാഗ്രിയൂസിന്റെയും ഡയനീഷ്യസിന്റെയും നിവേശനത്തിൽനിന്നുള്ള അനുചിന്തനം, മക്കാറിയൂസിന്റെ സമീപനത്തിൽനിന്നു വ്യത്യസ്തമായിരുന്നതും, യവന ബൗദ്ധിക ചിന്തനവും വിശുദ്ധ ഗ്രന്ഥാധിഷ്ഠിതാനുചിന്തനവും തമ്മിലുള്ള ഉരസലും, ഏകാന്തവാസവും സമൂഹജീവിതവും തമ്മിലുള്ള വടംവലിയും മറ്റും ചില ഉദാഹരണങ്ങളും മാത്രമാണു്. സിനായ് മലയിൽ പുരോഗമിച്ച സമൂഹജീവിതം ആരാധനാജീവിതത്തിനു് ഊന്നൽ നല്കി. മനുഷ്യ കേന്ദ്രീകൃതാധ്യാത്മികതയുടെയും യുഗാന്ത്യോന്മുഖാധ്യാത്മികതയുടെയും പ്രണേതാക്കൾ രണ്ടു ചേരികളിലായി. ഇസ്ലാമിന്റെയും പാശ്ചാത്യസഭയുടെയും ആക്രമണവും പ്രതിമാഭഞ്ജകതാവുമെല്ലാം ബൈസന്റയിൻ ആധ്യാത്മികതയെ തളർത്തിയെങ്കിലും ബൈസന്റയിൻ ആധ്യാത്മികതയുടെ ശക്തികേന്ദ്രമായി ആത്തോസ് പർവതം നിലകൊണ്ടു.

റോമയുടെ ആധിപത്യം സഭയുടെ ഘടനയെത്തന്നെ താറുമാറാക്കി. മധ്യയുഗത്തിലെ പൗരസ്ത്യാത്മികതയെ സാരമായി ബാധിച്ച ഒരു സംഗതി റോമ

നാധിപത്യം സഭയുടെ എല്ലാ ഘടകങ്ങളിലും മാറ്റം വരുത്തി എന്നതാണ്. നാലാം ലാറ്ററൻ സൂനഹദോസ് ഈ ഉദ്ദേശ്യത്തോടെ പ്രവർത്തിച്ചു. വിശ്വാസികളുടെ നാമകരണനടപടികളും പാപ്പായുടെ അധികാരസീമയിലാക്കി. ഭൗതികമായി സഭയെ സഹായിക്കുന്നവർക്ക് ദണ്ഡവിമോചനം നല്കി. അനേഷണ ശിക്ഷാനടപടികളും മെത്രാൻ നിയമനവും റോമിൽനിന്നു നടത്തി. ഇവയെല്ലാം പൗരസ്ത്യസഭയുടെമേലുള്ള പാശ്ചാത്യസഭയുടെ കൈകടത്തലിനെ വിളിച്ചറിയിക്കുന്നു. റോമിന്റെ പ്രതിനിധികളും മറ്റു സഭകളെ ഭരിക്കാൻ തുടങ്ങിയതും, പാലിയം കൊടുക്കൽ, ആദ്യ ലിമിനാ സന്ദർശനം തുടങ്ങിയവയും പാശ്ചാത്യ സഭയുടെ അധികാര കേന്ദ്രീകരണ ശ്രമങ്ങളുടെ ഭാഗമായി ആരംഭിച്ചതാണ്. പാശ്ചാത്യസഭയുടെ ആചാരങ്ങളും പൗരസ്ത്യസഭകളിലും ഏർപ്പെടുത്തുന്നതിനു മേല്പറഞ്ഞ നയം ഇടവരുത്തി. ഇതു പൗരസ്ത്യരുടെ സ്വന്തമായ ആധ്യാത്മികതയെയും സാരമായി ബാധിച്ചു.

നവോത്ഥാനത്തിന്റെ പ്രത്യാഘാതങ്ങൾ

14-ാം നൂറ്റാണ്ടിലെ നവോത്ഥാനം സഭാജീവിതത്തെയും അതുവഴി ആധ്യാത്മികതയെയും വളരെയധികം സ്വാധീനിച്ചു. സ്കൊളാസ്റ്റിക്കുകളുടെയും സന്ന്യാസത്തിന്റെയും അതിപ്രസരം മാനുഷിക യാഥാർത്ഥ്യങ്ങളെ ഏതാണ്ടു തരംതാഴ്ത്തി, മരണാനന്തര ജീവിതത്തിനു കൂടുതൽ ഊന്നൽ നല്കി. മനുഷ്യന്റെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ കഴിവുകളെ അന്നത്തെ ചിന്തകളും ഉയർത്തിക്കാട്ടി. ഈ ചിന്താഗതി യൂറോപ്പിനെയും സഭാകേന്ദ്രത്തെയും സ്വാധീനിച്ചു. ഇക്കാലത്തു പുരാതനമായ ഗ്രീക്ക്-റോമൻ സംസ്കാരങ്ങളും അവരുടെ സാഹിത്യകൃതികളും കലാവസ്തുക്കളും കൂടുതൽ അഭികാമ്യമായി കരുതപ്പെട്ടു. ഡാന്റെ, ലിയനാർഡോ ഡാവിഞ്ചി, മാക്കിവെല്ലി,

മൈക്കിംം ആഞ്ചലോ എന്നിവരുടെ സ്വാധീനം ഇറ റ ലിയിലും അതുവഴി വ്യത്യസ്തമായ രീതിയിൽ യൂറോ പ്പു മുഴവനും വ്യാപിച്ചു.

മനുഷ്യനിൽ കേന്ദ്രീകൃതമായ ചിന്താഗതിയെയും വിശ്വാസത്തെയും കൂട്ടതൽ ക്രൈസ്തവീകരിച്ചു എറാ സ്മസിന്റെ ചിന്താഗതി പൗരസ്ത്യാധ്യാത്മികത യുടെ പുനഃപ്രതിഷ്ഠ്ഠ സഹായകമായി എന്നു പറ യാം. ആദിമസഭയുടെ ചൈതന്യത്തെ സ്വായത്തമാ ക്കുന്നതിനുള്ള നവീകരണോപാധികളായി ഭവിച്ചതു്, ആന്തരിക ജീവിതത്തെ ബാധിക്കാത്ത അത്ഥശൂന്യമായ ആരാധനാനുഷ്ഠാനങ്ങളിൽ നിന്നുള്ള വിമോചനവും, വേദപുസ്തകത്തിലും സഭാപിതാക്കന്മാരുടെ അനുശാ സനങ്ങളിലും അടിയുറച്ചു ആധ്യാത്മികതയുമാണു്. ഇതു വേദപുസ്തകത്തിന്റെയും സഭാപിതാക്കന്മാരു ടെ ഗ്രന്ഥങ്ങളുടെയും വിവർത്തനത്തിനു ഹേതുവായി.

പ്രബലരായ പാശ്ചാത്യ ചക്രവർത്തിമാരുടെ കീഴിൽ തഴച്ചു വളർന്ന പാശ്ചാത്യസഭ തങ്ങളുടെ സം സ്കാരത്തിലൂടെ മാത്രം ക്രിസ്തുമതത്തെ പ്രചരിപ്പിക്കു വാൻ തത്പരപ്പെട്ടതിന്റെ ഫലമായി തങ്ങളുടെ കോളനി കളിലെ പ്രാദേശികാചാരങ്ങളും ആരാധനയും മറ്റും നിർബന്ധപൂർവം മാറിമറിച്ചു. ആദിമസഭയുടെ ചൈ തന്യവും സഭാപിതാക്കന്മാരുടെ പഠനങ്ങളും മുറുകെപ്പി ടിച്ചിരുന്ന പൗരസ്ത്യരുടെ മധ്യകാലാധ്യാത്മികത ഇരുളടഞ്ഞതായിരുവെങ്കിലും ചില ഒറപ്പെട്ട ജീവാത്മ കപ്രവർത്തനങ്ങൾ അവരുടെ പൈതൃകത്തെ കാത്തു സൂക്ഷിച്ചു. എങ്ങനെയായാലും വി. ഗ്രന്ഥത്തിലും സഭാപിതാക്കന്മാരുടെ ജീവിതത്തിലും അടിയുറച്ച ഒരു ആധ്യാത്മികതയാണു് നാമിവിടെ കാണുക. സഭാപി താക്കന്മാരുടെ കാലത്തു് ചിലയിടങ്ങളിലായി രൂപം കൊണ്ട സന്യാസജീവിതം പൗരസ്ത്യാധ്യാത്മികത യുടെ നിർണായകഘടകമായി മാറിയതു് മദ്ധ്യയുഗ ത്തിലാണു്.

ആധുനിക കാലഘട്ടം

പുനരുദ്ധാരണ പ്രവർത്തനങ്ങൾ

സഭയുടെ ജീവിതത്തിലും തദ്വാരാ ആധ്യാത്മികതയിലും ഈടുറ്റ പാരമ്പര്യമുള്ള പൗരസ്ത്യസഭകളുടെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനു് അതിനെ വീണ്ടെടുക്കുവാനായി ആധുനികകാലത്തു ശ്രമം നടക്കുന്നു.[35] സഭാനവീകരണത്തിന്റെ ഒരവശ്യഘടകം അവളുടെ ആരംഭൈതന്യത്തിലേക്കുള്ള തിരിച്ചുപോകലാണെങ്കിൽ അതിൽ ഒരു നിർണായകപങ്കു് പൗരസ്ത്യാധ്യാത്മികതയ്ക്കുണ്ടു് എന്നു സഭാപിതാക്കന്മാർക്കു ബോദ്ധ്യമായി. ചുരുക്കിപ്പറഞ്ഞാൽ, വി. ഗ്രന്ഥത്തിലും സഭാപിതാക്കന്മാരുടെ പഠനങ്ങളിലും അധിഷ്ഠിതമായ പൗരസ്ത്യസഭകളുടെ പൈതൃകത്തെ ആധുനികസഭ അംഗീകരിച്ചുറപ്പിച്ചു.

പൗരസ്ത്യസഭകളുടെ സവിശേഷത, അവരുടെ ആധ്യാത്മികത ജീവിതബദ്ധമാണു് എന്നതുതന്നെ. പൗരസ്ത്യസഭകളിൽ സ്ഥൈര്യലേപനം, മാമ്മോദീസായോടുകൂടിയോ അല്ലാതെയോ, വൈദികർക്കു നൽകാം. അതുപോലെ വ്യതിരിക്തമായ ആരാധനാക്രമവും ഓരോ പൗരസ്ത്യസഭയ്ക്കുമുണ്ടു്. ഇവയെല്ലാം സാർവത്രികസഭയുടെ അലങ്കാരങ്ങളാണു്. അവയെ അവഗണിക്കുകയോ തകർക്കുകയോ നിരുൽസാഹപ്പെടുത്തുകയോ ചെയ്യുന്നതു് സഭയോടുള്ള മിശിഹായോടുള്ള വിശ്വസ്തതയില്ലായ്മയുടെ ലക്ഷണമാണു്.

സഭാജീവിതത്തിൽനിന്നും ആരാധനാക്രമത്തിൽനിന്നും ഉരുത്തിരിയേണ്ട ആധ്യാത്മികത അതിന്റെ പരിശുദ്ധിയിൽ കാത്തുസൂക്ഷിക്കണമെങ്കിൽ സഭയോടുള്ള വിശ്വസ്തത ആവശ്യമാണു്.

ഭാരതത്തെ സംബന്ധിച്ചിടത്തോളം പൗരസ്ത്യസഭയാണു് 12–ാം നൂറ്റാണ്ടുവരെ ഇവിടെയുണ്ടായിരുന്നതു്. അപ്പസ്തോലനായ മാർത്തോമ്മാ ശ്ലീഹയാണു്

ഇതിനു് ബീജാവാപം ചെയ്തതു്. 2000-ത്തോളം വർഷം പിന്നിട്ട ഈ സഭയുടെ ആധ്യാത്മിക ചൈതന്യം തിരുസഭയിൽ മുൻപന്തിയിൽ നിൽക്കുന്നുവെന്നതു് ആധുനികസ്ഥിതി വിളിച്ചറിയിക്കുന്നു. ആരാധനയെ കേന്ദ്രമാക്കിയുള്ള ഭാരത ക്രൈസ്തവാധ്യാത്മികത വ്യക്തികളെയും കുടുംബത്തെയും സമുദായത്തെയും പ്രകാശിപ്പിക്കുന്ന ഉജ്ജ്വലദീപമായിരുന്നു. വിശ്വാസവും പ്രാർത്ഥനയും ജീവിതവും കൈകോർത്തുപോകുന്നു, പൗരസ്ത്യാധ്യാത്മികതയിലും ആരാധനയിലും. 16-ാം നൂറ്റാണ്ടുവരെ ഭാരത മണ്ണിൽ വളർന്നഫലം പുറപ്പെടുവിച്ചുകൊണ്ടിരുന്ന ഒരു ആധ്യാത്മികതയായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികളുടേതു്. പാശ്ചാത്യസഭയുടെ അധികാരകേന്ദ്രീകരണം ഭാരത സഭയുടെ ഭാരതീയ വ്യക്തിത്വത്തെയും അതിന്റെ പൗരസ്ത്യ വ്യക്തിത്വത്തേയും നിഹനിച്ചു. നഷ്ടപ്പെട്ട വ്യക്തിത്വം വീണ്ടെടുക്കുന്ന പൗരസ്ത്യ ഭാരതീയ ഘടകങ്ങൾക്കു് അതുല്യസ്ഥാനമാണുള്ളതു്, സഭയുടെ ആധുനാതനീകരണ പ്രക്രിയകളിൽ.[36]

അധ്യായം 3

സഭാപര പൗരസ്ത്യാധ്യാത്മികത

വചനപ്രഘോഷണം

മാനവവിശുദ്ധീകരണ പ്രക്രിയയിൽ ദൈവം സ്വീകരിച്ച മാർഗ്ഗം ദൈവികവും മാനുഷികവുമായ ഘടകങ്ങളെ പൊരുത്തപ്പെടുത്തുന്ന ഒന്നാണ്. കാലത്തിന്റെ തികവിൽ ദൈവം മനുഷ്യനായി പ്രത്യക്ഷപ്പെട്ടു. വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. വചനം മാംസമായി ഭവിക്കുന്നതിന്റെ ആദ്യപടിയാണ് വചനപ്രഘോഷണം.

വിശുദ്ധ ഗ്രന്ഥത്തിനു മനുഷ്യജീവിതത്തിലുള്ള സ്ഥാനം

വിശുദ്ധ ഗ്രന്ഥത്തിനു പൗരസ്ത്യർ തങ്ങളുടെ ആരാധനക്രമത്തിലും ആധ്യാത്മിക ജീവിതത്തിലും അതുല്യപ്രാധാന്യം നല്കിയിരുന്നു. ഈ സംഗതി വ്യക്തമാക്കുന്നതാണു സഭാപിതാക്കന്മാരുടെ, പ്രത്യേകിച്ചും, പൗരസ്ത്യ പിതാക്കന്മാരുടെ പ്രസംഗങ്ങളും.2

ദൈവത്തെ അറിയുന്നതിനു വേദപുസ്തകത്തിന്റെ ശരിയായ, പ്രാർത്ഥനാപൂർവ്വമായ, വായനയും പരിചിന്തനവും ആവശ്യകമാണ്. അതുകൊണ്ടാണ്, പൗരസ്ത്യാരാധനക്രമത്തിൽ വേദപുസ്തകത്തിൽ നിന്നുള്ള വായനകൾക്ക് അതീവപ്രാധാന്യം നല്കിയിരുന്നതു്. പൗരസ്ത്യ സഭകളുടെ ഈ പൈതൃകം പഴയനിയമത്തിൽനിന്നു് അവർക്കു ലഭിച്ചതാണ്. ആരാധനയേയും തദ്വാര ആധ്യാത്മികതയേയും ധന്യമാക്കുന്നതു നിലനിൽക്കുന്ന ദൈവവചനമാണ്.3

പൗരസ്ത്യാരാധനയിൽ ഔദ്യോഗികമായി നാല് വായനകളാണുള്ളത്. വി. ഗ്രന്ഥത്തിനു് അവർ നൽകുന്ന പ്രാധാന്യത്തെയാണു് ഇതു് എടുത്തുകാണിക്കുന്നതു്. ദൈവം സ്വജനത്തോടു് സംസാരിക്കുന്നതാണു് ഈ വായനകളിലൂടെ നാം ശ്രവിക്കുന്നതു്. മിശിഹായുടെ സുവിശേഷപ്രഘോഷണം തന്നെയാണു് സുവിശേഷവായനയിൽ നാം കേൾക്കുന്നതു്. ദൈവവചനശ്രുശ്രൂഷയിൽ നിയമവും പ്രവാചകന്മാരും, ലേഖനവും സുവിശേഷവുമെല്ലാം ഉൾപ്പെടുന്നു. രക്ഷാകരചരിത്രത്തിന്റെ വചനപരമായ അനാവരണമല്ല, പുനരാവിഷ്ക്കരണമാണിവിടെ നടക്കുന്നതു്.

വേദപുസ്തകാധിഷ്ഠിതമായ പ്രാർത്ഥനകൾ

ഇതിനുംപുറമെ വേദപുസ്തകാധിഷ്ഠിതമാണു് പൗരസ്ത്യരുടെ പ്രാർത്ഥനകളെല്ലാംതന്നെ.[4] സങ്കീർത്തനങ്ങളും ഇതര ഗാനങ്ങളും വിശുദ്ധഗ്രന്ഥത്തിൽനിന്നു് എടുത്തിട്ടുള്ളവയാണു്. വെളിപാടിനെ ആസ്പദമാക്കിക്കൊണ്ടാണു് ആരാധനാജീവിതം കരുപ്പിടിപ്പിച്ചിട്ടുള്ളതെങ്കിൽ, ആരാധനാസമയത്താണു് ദൈവവചനം, വായനയിലൂടെയും പ്രാർത്ഥനയിലൂടെയും സർവ്വാത്മകമായിത്തീരുന്നതു്. ദൈവത്തിന്റെ സാന്നിധ്യമാണു് വചനത്തിലൂടെ ഇവിടെ അനുഭവവേദ്യമാകുന്നതു്.

അവസാനമായി, നിരവധി അംഗവിന്യാസങ്ങളും ഉൾക്കൊള്ളുന്ന പൗരസ്ത്യാരാധനയിലെ ക്രമങ്ങളും വേദപുസ്തകത്തിൽ അധിഷ്ഠിതമാണു്.[5] ചുരുക്കത്തിൽ ആധ്യാത്മികതയുടെ ഉറവിടമായ ആരാധനയിൽ വേദപുസ്തകത്തിനു പ്രഥമസ്ഥാനം നൽകിയിരുന്നു. ഇതു് അനുനമായി നിലനിന്നുപോരുന്നു എന്നതാണു പൗരസ്ത്യാധ്യാത്മികതയുടെ സവിശേഷത.[6] മേൽപറഞ്ഞ ആരാധനാചൈതന്യത്തിനു

സാക്ഷിയായി പൗരസ്ത്യസഭയെ രണ്ടാം വത്തിക്കാൻ കൗൺസിൽ എടുത്തുകാണിക്കുന്നു.[7]

പൗരസ്ത്യാരാധനയും അതിലധിഷ്ഠിതമായ ആധ്യാത്മികതയും ആധുനികചിന്താഗതിയ്ക്കു വളരെയധികം അനുകൂലമാണ്. വേദപുസ്തകത്തിനു നല്കിയിട്ടുള്ള മുഖ്യസ്ഥാനമാണ് വളരെയധികം ഇതിനു മുഖ്യകാരണം.[8]

വചനാചരണം

രക്ഷാകരവചനം ശ്രവിക്കുകയും അതിനനുസൃതമായ രീതിയിൽ ഗാനങ്ങളാലപിച്ച് ആരാധിക്കുകയും ചെയ്ത സമൂഹം മിശിഹായുടെ, ദൈവവചനത്തിന്റെ വാക്താക്കളും പ്രവാചകന്മാരുമാവുക എന്നതാണ്. വചനാചരണംകൊണ്ട് ഉദ്ദേശിക്കുന്നത്. അതായത്, ദൈവവചനപ്രഘോഷണം ദൈവവചനാചരണത്തെ ആവശ്യപ്പെടുന്നു. ഇതിനുള്ള മൗലികമായ അടിസ്ഥാനമായി 'വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു' മിശിഹാ, തന്റെ ശിഷ്യന്മാരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിനായി അവർക്കുവേണ്ടി തന്നെത്തന്നെ വിശുദ്ധീകരിച്ചു—പ്രതിഷ്ഠിച്ചു.[9] ഈ പ്രതിഷ്ഠയുടെ സമഗ്രരൂപത്തിനാണ് വചനാചരണമെന്നു പറയുന്നത്.

മിശിഹായുടെ ജീവിതത്തിന്റെ എല്ലാവശങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള അതിന്റെ അവതരണമാണു വചനാചരണമെന്നത്. മനുഷ്യാവതാരം മുതൽ മിശിഹായുടെ ഉത്ഥാനത്തിലൂടെ മഹത്വീകരണം പ്രാപിക്കുന്നതുവരെയുള്ള മിശിഹാരഹസ്യമാണിവിടെ ആചരിക്കപ്പെടുന്നത്. ആചരണത്തിന്റെ ലക്ഷ്യമാകട്ടെ പൂർണ്ണമായും സുവിശേഷാത്മകരക്ഷാപ്രാപ്തിയും. വചനത്താൽ ധന്യമാകുന്ന ആചരണം ആന്തരികസാഹചര്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് മനുഷ്യനെ മിശിഹായിലേയ്ക്ക് അടുപ്പിക്കുന്നു. ഇതുതന്നെയാണ്

ആധ്യാത്മികജീവിതമെന്നതും. ആരാധനക്രമജീവിതത്തിലൂടെയും സദാചാരപാരമ്പര്യത്തിലൂടെയും കടന്നുവന്നിരിക്കുന്ന മിശിഹായുടെ ജീവിതചൈതന്യം സ്വായത്തമാക്കുക എന്നതാണ് പരമപ്രധാനമായ കാര്യം. വെറും വൈകാരികവും വ്യക്തിപരവുമായ സമീപനമെന്നതിനേക്കാൾ സൈദ്ധാന്തികതയിൽ അടിയുറച്ച ഒന്നായിരിക്കണമിത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് ദൈവവചനത്തിന്റെ ആചരണത്തിൽ നിഴലിച്ചുനിൽക്കുന്നത്. എന്നാൽ ആചരണക്കാരുടെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളെ അവയുടെ വികല്പങ്ങളിൽനിന്നു വിമോചിപ്പിക്കുന്നതിനു തകുന്ന ആനുകാലികസമീപനങ്ങളും ആവശ്യകമാണ്.

ശ്ലീഹന്മാരുടെ മിശിഹാനുഭവത്തിന്റെ പ്രാദേശികവും കാലികവുമായ വചനാചരണത്തിലുള്ള വൈവിധ്യമാണ്, വ്യത്യസ്തവ്യക്തിത്വമുള്ള സഭകൾക്കു ആധ്യാത്മികതയ്ക്കു ബീജാവാപം ചെയ്തത്.[10] ഇപ്രകാരം വചനാചരണപരമായി പൗരസ്ത്യരുടെയിടയിൽ താഴെപറയുന്നവിധത്തിലുള്ള വളർച്ചയുണ്ടായി.

മൂന്നാം നൂറ്റാണ്ടിൽ ആരംഭിച്ച പ്രത്യേകാരാധനക്രമങ്ങളും പന്ത്രണ്ടാം നൂറ്റാണ്ടുവരെ വികസിച്ചു് ഇന്നത്തെ രൂപം പ്രാപിച്ചു. അന്ത്യോക്യൻ കുടുംബമാണ് ഒന്നാമത്തേതു്. പേർഷ്യയിൽ താമസിച്ചിരുന്ന കൽദായർ തങ്ങളുടേതായ ആധ്യാത്മികജീവിതം നയിച്ചുതോടെ അന്ത്യോക്യയുടെ കീഴിൽ രണ്ടു കൂട്ടരുണ്ടായി. അതായതു്, പൗരസ്ത്യസുറിയാനിക്കാർക്കു് കോൺസ്റ്റാൻറിനോപ്പിളിൽ പ്രാമുഖ്യം ലഭിച്ചതുമൂലം ബൈസന്തൈൻ, അന്ത്യോക്യൻ എന്നീ തിരിവുകളും ഉണ്ടായി. പൗരസ്ത്യപാശ്ചാത്യജീവിതരീതികളും അർമേനിയൻ കരയിൽ പ്രത്യേകവിധത്തിൽ രൂപം കൊണ്ടു് അർമേനിയൻ സഭയുണ്ടായി.

പൗരസ്ത്യ സുറിയാനിക്കാരുടെ കേന്ദ്രം എദേസ്സാ ആയിരുന്നു. ഇവിടത്തെ സെമററിക് സംസ്കാരവും സുറിയാനി ഭാഷയും ഇവിടത്തെ ബൗദ്ധിക വിദ്യാനികേതനങ്ങളിലൂടെ തങ്ങളുടേതായ പ്രത്യേകാധ്യാത്മികതയ്ക്കു രൂപം കൊടുത്തു. ഇതു് യൂഫ്രട്ടീസ്–ടൈഗ്രീസ് നദീതീരത്തുള്ള മെസപ്പൊട്ടോമിയായിൽത്തന്നെയാണു്. യവന–റോമൻ സംസ്കാരങ്ങളിൽ നിന്നു വ്യത്യസ്തമായ അസ്തിത്വമുണ്ടായിരുന്ന ഏകആദിമസഭയാണിതു്. ഇന്നു് ഈ പൗരസ്ത്യ സുറിയാനിക്കാരുടെ കീഴിലുള്ള രണ്ടു ആരാധനാസമൂഹങ്ങളും കൽദായരും മലബാർ സുറിയാനിക്കാരുമാണു്. എ.ഡി. 431–ൽ നടന്ന എഫേസൂസ് സൂനഹദോസിൽ വച്ചാണു പേർഷ്യക്കാർ നെസ്റോറിയൂസിന്റെ നിഗമനത്തിനു വിധേയരായതും റോമൻ തീരുമാനത്തെ എതിർത്തതും. ഇവർ സ്വീകരിച്ച വചനാചരണത്തിലെ അനാഫൊറ അദ്ദായി, മാറി തുടങ്ങിയവരുടെയും മൊപ്സുവെസ്ത്യായിലെ തെയഡോറിന്റേയും, നെസ്തോറിയസിന്റെയും പേരുകളിൽ അറിയപ്പെട്ടിരുന്നവയും ആയിരുന്നു. സുറിയാനിയും അറബിയുമായിരുന്ന ഇവർ ഉപയോഗിച്ചിരുന്ന ഭാഷകളും. ഇക്കൂട്ടർ ഇറാക്കു്, പേർഷ്യാ, സിറിയാ, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഇന്നുമുണ്ടു്.

ഭാരതത്തിലെ സുറിയാനിക്രിസ്ത്യാനികൾ സ്വീകരിച്ചിരിക്കുന്ന റീത്തു് പൗരസ്ത്യ സുറിയാനി റീത്താണു്. 1599 വരെ ഇതു് അതിന്റെ തനിമയിൽ നിലനിന്നിരുന്നു.[11]

ബൈസന്റൈൻ റീത്തിനെ അന്ത്യോക്യൻ ആരാധനക്രമകുടുംബത്തിൽ ഉൾപ്പെടുത്താമെങ്കിലും അതിന്റെ സവിശേഷതകളാൽ അതു തനിച്ചു നിൽക്കുന്നു. പാശ്ചാത്യപൗരസ്ത്യ റീത്തിൽ അന്ത്യോക്യൻ സിറിയൻ റീത്തും സീറോ–മലങ്കര റീത്തും മറോനീത്താ റീത്തുമാണുള്ളതു്. കാൽസിഡോൺ കൗൺസിലിനുശേഷം അന്ത്യോക്യൻ സഭയിൽ യാക്കോബായക്കാർ ഉണ്ടായി.

അന്ത്യോക്യൻ റീത്തിലുള്ള കത്തോലിക്കർക്കു ബേയ്റൂട്ടിൽ ഒരു പാത്രിയർക്കീസുണ്ട്.

1653–ലെ കൂനൻകുരിശു സത്യത്തിനുശേഷം യാക്കോബായ പാത്രിയർക്കീസിനെ സ്വീകരിച്ചവരാണ് സീറോ മലങ്കരസഭ.[12] 1930–ൽ ഇവർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയും അവരുടെ പുരാതനമായ അന്ത്യോക്യൻ ആരാധനക്രമം തുടരുകയും ചെയ്തു.

മാറോനീത്താക്കാർ സിറിയായിലുള്ള ഒരാശ്രമത്തിൽ താമസിച്ചിരുന്ന ഒരു ഗണമാണെന്നു കരുതപ്പെടുന്നു. ഇവരുടെ സ്ഥാപകനായ വിശുദ്ധ മാറോയ്ക്കു സമർപ്പിതരാണിവർ. ഇവർ അന്ത്യോക്യൻ ആരാധനക്രമമാണു സ്വീകരിച്ചിരുന്നതെങ്കിലും ഇന്നതു ലത്തീൻ ആരാധനക്രമത്തിന്റെ അതിപ്രസരത്തിൽപെട്ട് ലത്തീനീകരിക്കപ്പെട്ടിട്ടുണ്ട്.

അലക്സാണ്ഡ്രിയൻ ആരാധനാസമൂഹമാണു രണ്ടാമത്തെ വചനാചരണസമൂഹം. ഈജിപ്തിന്റെ പ്രത്യേക സംരക്ഷണയിലാണു ഈ ആരാധനക്രമം വളർന്നതു. കോപ്റ്റിക്, എത്യോപ്യൻ സഭകളാണിതു് ഉപയോഗിക്കുന്നതു്. കോപ്റ്റിക്കുകാരുടെ ഭാഷ ഗ്രീക്കു്, കോപ്റ്റിക്; അറബി തുടങ്ങിയവയാണു്.

സുറിയാനിസന്യാസികളും സുവിശേഷവേല നടത്തിയ എത്യോപ്യയിലെ സഭയാണു് എത്യോപ്യൻ. പക്ഷേ ഇവർ അലക്സാണ്ഡ്രിയൻ പാത്രിയാർക്കീസിനു കീഴിൽ കഴിഞ്ഞു. സുറിയാനി കോപ്റ്റിക് കലർപ്പുള്ള ആരാധനക്രമമാണിവർക്കുള്ളതു്.

ആദിമസഭയുടെ ആധ്യാത്മികത

മാംസം ധരിച്ച മനുഷ്യരുടെയിടയിൽ ജീവിച്ച വചനത്തോടു ബന്ധപ്പെട്ട ധാരാളം അനുഭവങ്ങൾ ഉണ്ടായി. ഇവർ തങ്ങൾക്കുള്ളതെല്ലാം പൊതുവായി

നല്കി തങ്ങളുടെ ജീവിതത്തെ വചനത്തിനർപ്പിച്ചു് ആ ആദർശത്തിനനുസരിച്ചു ജീവിച്ചു. ഇതിനു ശക്തി കേന്ദ്രമായി നിലകൊണ്ടതു് ഇവരിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവാണു്.[13]

ആദിമസഭയുടെ ആധ്യാത്മികത പൂർണ്ണമായും ദൈവവചനത്തിൽ അധിഷ്ഠിതമായിരുന്നുവെന്നു അപ്പസ്തോല നടപടികളിൽ കാണുന്നു. ആധ്യാത്മികത[14] എന്നതു് ഒരു ജീവിതശൈലിതന്നെയാണു്. അതായതു്, ആരാധന, പ്രാർത്ഥന, ആരാധനയുടെ ഉറവിടം, ദൈവവചനം മുതലായവയിൽ അധിഷ്ഠിതമായ ഒരു ജീവിതശൈലി. ഭൗതികമായവയെ രൂപാന്തരപ്പെടുത്തുന്നതിനു ശക്തമായിരുന്ന വചനബദ്ധമായ പ്രാർത്ഥന. പ്രവൃത്തിയിലേയ്ക്കു് ആളുകളെ നയിക്കുന്നുവെന്നതാണു് ഈ പ്രാർത്ഥനയുടെ സവിശേഷത. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറുന്നതിനായിട്ടാണു് 'കർത്താവേ, കർത്താവേ' എന്നു് ആദിമസഭ വിളിച്ചിരുന്നതു്.[15] വചനാചരണവും ജീവിതവും കൈകോർത്തുപോയതുകൊണ്ടു ദൈവരാജ്യത്തിനവകാശികളാകുന്നതിനു് ആദിമ ക്രൈസ്തവർക്കു സാധിച്ചു.

ഇങ്ങനെ പ്രാർത്ഥിക്കുവാൻ സമ്മേളിച്ചിരുന്ന സമൂഹം മിശിഹായുടെ ജീവിതത്തെ തങ്ങളിലൂടെ പ്രസ്പഷ്ടമാക്കിക്കൊണ്ടു് അവിടുത്തേയ്ക്കു സാക്ഷ്യം വഹിച്ചു. ഈ സമൂഹത്തിന്റെ കൂട്ടായ്മ മിശിഹായുടെ ശിഷ്യന്മാരുടെ സവിശേഷതയായ ഭ്രാതൃസ്നേഹത്തിൽ അടിയുറച്ചതായിരുന്നു. വചനാചരണത്തിൽ ദൈവികരഹസ്യങ്ങൾ വെളിപ്പെടുത്തുന്നുവെങ്കിൽ വചനബദ്ധമായ ജീവിതം ദൈവികരഹസ്യങ്ങളുടെ മനുഷ്യാവതാരമാണു്. ഇതാണു മാനവസമൂഹത്തെ കെട്ടിപ്പടുക്കുന്ന പ്രക്രിയ. ഇതിലാണു് ആദിമസഭയുടെ ആധ്യാത്മിക ജീവിതം തെളിഞ്ഞു കണ്ടതു്. ഈ സവിശേഷമായ കൂട്ടായ്മയാണു് ആരാധനാധ്യാത്മികതയുടെ ലക്ഷ്യം. അതായതു്, മിശിഹായിൽ എല്ലാവരും ഒന്നാകുക.[16]

ആദിമ സഭയുടെ ആധ്യാത്മികത തെളിഞ്ഞുകാണുന്ന ഒന്നാണ് അന്ത്യോക്യൻ സഭയുടെ ചൈതന്യം. കർത്താവിനെ ശുശ്രൂഷിച്ചും, ഉപവസിച്ചും കഴിഞ്ഞിരുന്നപ്പോഴാണ് ശിമയോൻ, ലൂച്ചിയൂസ്, ശാവൂൽ തുടങ്ങിയവരെ പരിശുദ്ധാത്മാവ് പ്രത്യേക ദൗത്യനിർവഹണത്തിനായി വേർതിരിച്ചത്.[17] ഇവരുടെ പ്രവർത്തനം സെലൂക്യാ, സൈപ്രസ് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കു വ്യാപിച്ചു. ഇങ്ങനെ, പൗരസ്ത്യ ദേശങ്ങളിലേയ്ക്കു വ്യാപിച്ചതു് ആദിമസഭയുടെ ആധ്യാത്മികത തന്നെയാണെന്നു മനസ്സിലാക്കാം.

പൗരസ്ത്യാധ്യാത്മികത:

വേദപുസ്തകത്തിലധിഷ്ഠിതമായ ആദിമ സഭയുടെ ആരാധനാധ്യാത്മികത

വേദപുസ്തകത്തിലും ആരാധനക്രമത്തിലും അധിഷ്ഠിതമായ പൗരസ്ത്യാധ്യാത്മികത പ്രഥമത: സഭോപരമാണ്. വിശ്വാസസത്യങ്ങളിലധിഷ്ഠിതവും അതേസമയം പ്രായോഗിക ജീവിതസ്പർശിയുമാണിതു്. അതിന്റെ ഏകാന്ത വിശിഷ്ടമായ സമീപനംകൊണ്ടാണ് ഇവയെ പൗരസ്ത്യരുടെ പ്രത്യേകതയായി ചൂണ്ടിക്കാണിക്കുന്നതു്. പുതുമനിറഞ്ഞ, വ്യത്യസ്തങ്ങളായ ആധ്യാത്മികാഭ്യാസങ്ങളിലല്ല, പ്രത്യുത, സഭയുടെ ആരാധനക്രമത്തിൽ ആണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്ന പഴമയ്ക്കു നവ്യഭാഷ്യം നൽകുന്ന ഒരാരാധനയാണിതു്. അവരുടെ ആധ്യാത്മികത പ്രാർത്ഥനയും ആരാധനയും ജീവിതവും സമ്യക്കായി സമ്മേളിക്കുന്ന ഒരു പ്രക്രിയയാണ്.

ആധ്യാത്മിക ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പങ്ക്

പിതാവിൽനിന്നു മിശിഹായുടെ രക്ഷാകരപദ്ധതിയിലൂടെ നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവാണ്

ആധ്യാത്മികജീവിതത്തിൽ നിർണായകപങ്കു വഹിക്കുന്നതു്. ഉത്ഥിതനായ മിശിഹായുടെ ആത്മാവിലുള്ള ജീവിതമാണു് അവരെ സംബന്ധിച്ചിടത്തോളം ആധ്യാത്മിക ജീവിതം. കൂദാശകളിൽ, പ്രത്യേകിച്ചു വിശുദ്ധ കുർബാനയിലുള്ള രൂഹാക്ഷണപ്രാർത്ഥനയ്ക്കു പ്രഥമസ്ഥാനമുണ്ടു് പൗരസ്ത്യ ആധ്യാത്മികതയിൽ.[18]

ജീവന്റെ ഉറവിടമായിരിക്കുന്ന കുരിശിനെയാണു പൗരസ്ത്യർ വണങ്ങുന്നതെങ്കിൽ അവർ ഉത്ഥാനത്തിനു കൊടുക്കുന്ന പ്രാധാന്യത്തെയാണു് അതു സൂചിപ്പിക്കുന്നതു്.[19]

പ്രതീകാത്മകതയ്ക്കും രഹസ്യാത്മകതയ്ക്കും പ്രാധാന്യം

പ്രതീകാത്മകതയ്ക്കും രഹസ്യാത്മകതയ്ക്കും ആരാധനയിൽ പ്രാധാന്യം കല്പിക്കുന്നതു ദൈവിക രഹസ്യങ്ങളിലുള്ള പൗരസ്ത്യരുടെ താല്പര്യത്തെ വ്യക്തമാക്കുന്നു. കുർബാനയിലുള്ള വിശുദ്ധ ഗ്രന്ഥവായനകളുടെ ബാഹുല്യം ഇതിനു മറ്റൊരു തെളിവാണു്. ജീവന്റെ അപ്പമായ ദിവ്യകാരുണ്യത്തിലുള്ള ഭാഗഭാഗിത്വമാണു് ആധ്യാത്മികതയുടെ കേന്ദ്രമെങ്കിൽ അനുനയന കൂദാശകളോടു് ഒന്നിച്ചതു നല്കുക പൗരസ്ത്യ പാരമ്പര്യമാണു്. ഉദാ: മാമ്മോദീസാ, മുമ്പിലത്തെ ഒപ്പുശ്മ (സ്ഥൈര്യലേപനം) ദിവ്യകാരുണ്യം.

രാഷ്ട്രീയവും സാംസ്കാരികവും, സർവോപരി സഭാപരവുമായ നിരവധി കാരണങ്ങളാൽ തിരസ്കൃതമായ പൗരസ്ത്യസഭകളും അവയുടെ ആധ്യാത്മിക പൈതൃകവും വിശുദ്ധ ഗ്രന്ഥത്തിലും സഭാപിതാക്കന്മാരുടെ പാരമ്പര്യത്തിലും അടിയുറച്ചു നിൽക്കുന്നതിൽ വിസ്മയിക്കാനില്ല. മൗലികതത്ത്വങ്ങളിൽ അധിഷ്ഠിതമായ, കലർപ്പില്ലാത്ത ആധ്യാത്മികതയ്ക്കു ഭയലേശമെന്യേ അതിന്റെ ഏകാന്ത വൈശിഷ്ട്യത്തിൽ ഉറച്ചു നിൽക്കുന്നതിൽ അഭിമാനിക്കാം.

എന്നാൽ, കാലഹരണപ്പെട്ട പ്രാദേശികവും പ്രാചീനവുമായവയെ കാലോചിതമായി അനുരൂപപ്പെടുത്തുക എന്നും ആവശ്യമാണു്.

ചുരുക്കത്തിൽ പൗരസ്ത്യാധ്യാത്മികത മിശിഹായുടെ പഠനങ്ങളിലും അവിടുത്തെ ജീവിതചൈതന്യത്തിലും അധിഷ്ഠിതവും അപ്പസ്തോലിക പാരമ്പര്യത്താലും മിശിഹാനുഭവത്താലും[20] ധന്യവും ആദിമ സഭയുടെയും പൗരസ്ത്യസഭോപിതാക്കന്മാരുടെയും ബൗദ്ധികജീവിതസാക്ഷ്യങ്ങളാൽ സമ്പന്നവുമായ വേദപുസ്തകപരവും ആരാധനാപരവുമായ സഭയുടെ ആധ്യാത്മികതയാണു്.

അധ്യായം 4

മാനസികമായ പ്രക്രിയയ്ക്കു മുൻതൂക്കം

മനുഷ്യമനസ്സിനു് ഏകാന്തബന്ധുരമായ അനുഭൂതി പകർന്നുകൊടുക്കുന്ന ലിസ്സേർജിക് ആസിഡ് ഡീ തൈലമൈഡ് (lysergic acid diethylamide-L. S.D.)സിലേസിബിൻ (psilocybin)മെസ്കാലൈൻ (mescaline),തുടങ്ങിയ മരുന്നുകളെ യൂറോപ്പുകാർ മനഃശാന്തികരമെന്നും (Psycholytic), അമേരിക്കർ മാനസികതുറവിപരമെന്നും (Psychedelic) വിളിക്കുന്നു. ഈ അനുഭൂതിദായകമരുന്നുകളുടെ ഉപയോഗം വ്യക്തിയുടെ അനുഭവത്തിൽ ഏകതാനതയും വസ്തുനിഷ്ഠതയും സ്ഥലകാലാതീതാവസ്ഥയും വിശുദ്ധവിചാരവും നിലപാടിൽ സമനിലയുമെല്ലാം പ്രദാനം ചെയ്യുന്നുണ്ടു്. എന്നാൽ, ഇതിന്റെ ഫലം എത്രത്തോളം നീണ്ടുനിൽക്കുമെന്നും ഉപയോഗം എത്രമാത്രം സ്വീകാര്യമാണെന്നും പറയുക പ്രയാസമാണു്. ഒരു വ്യക്തിയുടെ മാനസികതലത്തിലുള്ള അനുഭൂതിക്കു തത്ത്വലഭ്യപ്രാധാന്യമുണ്ടു്എന്ന വസ്തുതമാത്രമാണു് ഇവിടെ എടുത്തുപറയുന്നതു്. ഇതാണു് അനുഭൂതിയുടെ ഒന്നാമത്തെ ഘടകം.

ആരാധനയ്ക്കു് അതിൽനിന്നുള്ള ആധ്യാത്മികജീവിതത്തിനും സാമൂഹികമായ ഊന്നൽകൊടുക്കുന്ന പൗരസ്ത്യർ വ്യക്തികളുടെ സവിശേഷതയെ അങ്ങേയറ്റം അംഗീകരിക്കുന്നുമുണ്ടു്. സമൂഹത്തിന്റെ ഐക്യം, തങ്ങളിൽനിന്നുതന്നെയുള്ള വ്യക്തികളുടെ വിമോചനത്തെ, അതായതു് 'അഹ'ത്തിൽനിന്നുള്ള വിമോചനത്തെ ആശ്രയിച്ചാണിരിക്കുന്നതു് ഈ വിമോചനത്തിന്റെ നേരായ ചൈതന്യമാണു് ആധ്യാത്മികജീവൻ. ആന്തരിക ബാഹ്യഘടകങ്ങളുടെ സമ്യക്കായ സമ്മേളനം വ്യക്തിതലത്തിലും സമൂഹതലത്തിലും നടക്കുമ്പോഴാണു് വ്യക്തിവികാസം പൂ

പൂർണ്ണമാകുന്നതു്. പൗരസ്ത്യപ്രാർത്ഥനകളിൽ കാണുന്ന ചിന്തോദ്ദീപകമായ സംവിധാനം വ്യക്തികത്തുക്കൾ മാനസികാനുഭൂതിക്കു് അവസരമുണ്ടാക്കിക്കൊടുക്കുന്നു.2 ഇങ്ങനെ സമഗ്രമാക്കപ്പെട്ട വ്യക്തികത്തമ്മിൽ ഒന്നാകുന്നതാണു് രണ്ടാമത്തെ ഘടകം.

പൗരസ്ത്യാധ്യാത്മികതയുടെ ഒരു സവിശേഷതയാണു് വ്യക്ത്യനുഭവം സംഘാതമായി ദൈവത്തിൽനിന്നു പ്രാപിക്കുക എന്നതു്. വിശുദ്ധ കുർബാനയിലെ പ്രാർത്ഥന ഉത്തമപുരുഷ ബഹുവചനത്തിൽ ചൊല്ലുന്നതു് വ്യക്തികത്തമ്മിലുള്ള ബന്ധത്തെയാണു കാണിക്കുന്നതു്.3 അതുപോലെ വ്യക്തിബന്ധത്തിന്റെ സവിശേഷതയായ പരസ്പരസ്നേഹത്തിന്റെയും ഐക്യത്തിന്റെയും ചൈതന്യം പ്രാർത്ഥനകളിലും ശുശ്രൂഷകളിലും നിറഞ്ഞുനിൽക്കുന്നു.4 മൗലികമായി പൗരസ്ത്യരാധന ദൈവോന്മുഖമായതിനാൽ അതിൽനിന്നുരുത്തിരിയുന്ന ആധ്യാത്മികത ദൈവാനുഭവപ്രധാനമാണു്. ഇന്നിന്റെ ഒരു പ്രതിഭാസമാണു് ദൈവാരാധനയിലെ പ്രാർത്ഥനകത്തുക്കൾ സാമൂഹികമായ ഊന്നൽ നൽകുന്ന രീതി. എന്നാൽ ഈ രീതി ആന്തരികം എന്നതിനേക്കാൾ ബാഹ്യമായതുകൊണ്ടു് പൗരസ്ത്യാധ്യാത്മികതയ്ക്കാണു് ആഴമായി ചിന്തിക്കുന്നവരുടെ അംഗീകാരം കൂടുതൽ ലഭിക്കുന്നതു്. ഇതു കാണിക്കുന്നതു പൗരസ്ത്യസമീപനം മനുഷ്യന്റെ ആഴമായ അഭിനിവേശങ്ങളെ സാക്ഷാത്കരിക്കുവാൻ ഉപകരിക്കുമെന്നാണു്. മാറിമാറി വന്നുകൊണ്ടിരിക്കുന്ന പ്രതിഭാസങ്ങൾക്കനുസൃതം ചഞ്ചലിക്കുക എന്നതിനേക്കാൾ മാറിമാറിക്കൊണ്ടിരിക്കുന്ന ഭൗതികതയെ സമഗ്ര മനുഷ്യന്റെ സുദൃഢമായ സമീപനത്തിലൂടെ നേരെയാക്കുകയാണു് പൗരസ്ത്യരുടെ ലക്ഷ്യം.5

ആധുനിക കാലത്തു് പാശ്ചാത്യസംസ്കാരത്തിൽ കാണുന്ന പരിഷ്ക്കാരങ്ങളെ മനഃശാസ്ത്രപരമായി വിലയിരുത്തിയിട്ടു് പൗരസ്ത്യരുടെ അന്തർമുഖമായ

സമീപനത്തെ 'ഇഗ്നാസ് ലെപ്' (Ignace Lepp) പ്രശംസിക്കുന്നതായിക്കാണം. ഫ്രോയിഡിന്റെ മത വിരുദ്ധതയേയും സി.ജി.യുങ്ങിന്റെ മതാനുഭവത്തേയും തമ്മിൽ താരതമ്യപ്പെടുത്തിയശേഷം ലെപ് പറയുന്നതു് മനുഷ്യന്റെ എല്ലാ അഭിനിവേശങ്ങളും ദൈവാനുഭവത്താൽ ധന്യമായി ഭവിക്കുന്നു എന്നാണു്.[6] ഇവിടെയാണു്, പൗരസ്ത്യാധ്യാത്മികത എടുത്തുകാണിക്കുന്ന വ്യക്തിതപ്രാധാന്യം, ദൈവാനുഭവത്തിനിടവരുത്തുന്ന ആരാധനയിലാണെന്നു തെളിയുന്നതു്.

മനസ്സിനു ശരീരത്തെക്കാൾ പ്രാധാന്യം നൽകിയ കാലഘട്ടത്തിന്റെ സമീപനത്തേയും ശരീരത്തിനു കൂടുതൽ ഊന്നൽ നൽകുന്ന ഇന്നത്തെ സമീപനത്തേയും സംയോജിപ്പിക്കുന്നതാണു് പൗരസ്ത്യസമീപനം. മനുഷ്യൻ ശരീരവും മനസ്സും സംയോജിച്ചുള്ള ഏകവ്യക്തിയാണു്. അവനിൽ ഇവ രണ്ടും വിഘടിച്ചുനിൽക്കാതെ ഒന്നിച്ചുപോകുന്നു. ചേതനവഴി ദൈവത്തോടും ശരീരംവഴി ലോകത്തോടും മനുഷ്യൻ ബന്ധപ്പെടുന്നു. മനസ്സിനോ ശരീരത്തിനോ കൂടുതൽ ഊന്നൽ നൽകാത്ത മദ്ധ്യവർത്തിയായ വ്യക്തിയിൽ ആണു് ആധ്യാത്മികത സമഗ്രമാകുന്നതു്.

അടയാളങ്ങളും അംഗവ്യന്യാസങ്ങളും പ്രതീകാത്മകം

മനുഷ്യവിശുദ്ധീകരണവും, പൂർണ്ണമായ ദൈവമഹത്വീകരണവും സാധിക്കുന്നതിനു് സഭാജീവിതത്തിലൂടെയാണു് പരിശ്രമിക്കേണ്ടതു്. സഭയാകട്ടെ കൂദാശകളിലൂടെ ഇതു പ്രദാനം ചെയ്യുന്നു. മനുഷ്യവിശുദ്ധീകരണത്തിൽ ഇന്ദ്രിയഗോചരമായ അടയാളങ്ങളുടെ സഹായത്തോടെയാണു് ഇതു പ്രകാശിപ്പിക്കുന്നതു്.[7] അടയാളങ്ങളും അവയുടേതായ രീതിയിലാണു് ഇതു സാക്ഷാൽകരിക്കേണ്ടതു്. ഓരോ സഭ്യനും പ്രത്യേകമായ അടയാളങ്ങളും അതിനേറെതായ പാരമ്പ

ര്യങ്ങളുമുള്ളതു് ഓരോന്നിന്റേയും വ്യക്തിത്വത്തെയാണു് കാണിക്കുന്നതു്. ഈ വ്യക്തിത്വമാകട്ടെ ചിന്തയുടെയും പ്രവർത്തനരീതികളുടേയും പശ്ചാത്തലത്തിൽനിന്നു രൂപം പ്രാപിച്ചതാണു്. ഇതിനെല്ലാം ആലംബമായി നിൽക്കുന്നതു് വിജ്ഞാനസമ്പൂർണ്ണമായ പ്രത്യേക സമീപനങ്ങളുമാണു്. മിശിഹാരഹസ്യത്തെ സമീപിക്കുന്നതിനു് പൗരസ്ത്യസഭകൾക്കുള്ള സവിശേഷത അതിനനുസൃതമായ പ്രതീകങ്ങളിലൂടെയും അടയാളങ്ങളിലൂടെയും അവർ ചിത്രീകരിച്ചിരിക്കുന്നു.

വിശ്വാസ സംബന്ധമായ കാര്യങ്ങളിൽത്തന്നെയും വ്യത്യസ്തങ്ങളായ സമീപനങ്ങളും ഉണ്ടാകാം. ഉദാ: പരിശുദ്ധ കന്യാമറിയത്തെ ദൈവപുത്രന്റെ മാതാവു് എന്നാണു് പൗരസ്ത്യർ അഭിസംബോധന ചെയ്യുന്നതു്. ദൈവമാതാവെന്നു പറയുമ്പോഴും ദൈവപുത്രന്റെ മാതാവു് എന്നു പറയുമ്പോഴും ഉദ്ദേശിക്കുന്നതു് ഒരേ വസ്തുതയാണെങ്കിലും അതിനു് പ്രായോഗികരീതിയിലും പരിണാമത്തിലും വളരെയധികം സവിശേഷതകളുണ്ടു്. മറ്റൊന്നു്: 'പിതാവിൽനിന്നും, പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവു്' എന്നു പറയുന്നതും, 'പിതാവിൽനിന്നു പുത്രൻവഴി പുറപ്പെടുന്ന പരിശുദ്ധാത്മാവു്' എന്നു പറയുന്നതും ഉദ്ദേശ്യത്തിൽ ഒന്നാണെങ്കിലും സമീപനരീതിയിൽ വ്യത്യാസമുണ്ടു്. ഗ്രീക്കുസഭയിൽ ഇപ്രകാരമുള്ള സമീപനരീതികളും ആരാധനാക്രമത്തിലും അതുവഴി ആധ്യാത്മികതയിലും വൈവിധ്യങ്ങൾക്കു കാരണമായി.

പൗരസ്ത്യരെ സംബന്ധിച്ചിടത്തോളം കിഴക്കുദിക്കു് മിശിഹായുടെ വരവിന്റെ സ്ഥലവും തദ്വാരപരലോകത്തെ ലക്ഷ്യമാക്കി തീർത്ഥാടനം നടത്തുന്ന മാനവരാശിയുടെ ലക്ഷ്യസ്ഥാനവുമാണു്.[8] അതുപോലെതന്നെ പൗരസ്ത്യരുടെ കുർബാനയിൽ അന്ത്യാഭിമിശിഹായുടെ തിരുക്കല്ലറയുടേയും പരിശുദ്ധ ത്രീത്വത്തിന്റെയും പ്രതീകമാണു്. അതുകൊണ്ടു് അതു

കിഴക്കെ അറ്റത്തെ ഭിത്തിയോട് ചേർത്തു സ്ഥാപിച്ചിരിക്കുന്നു. ഇതു് അഗാധമായ ദൈവശാസ്ത്രഅടിസ്ഥാനമുള്ളതും അതീവ പ്രതീകാത്മകവുമാണു്.൨ ഒരു പരമരഹസ്യത്തിൽ പങ്കുചേരുന്നതിനുള്ള ഇത്തരം അടയാളങ്ങളേയും പ്രതീകങ്ങളേയും യാതൊരു വിവേചനയും കൂടാതെ ത്യജിച്ചുകളയുന്നതു്, ആധ്യാത്മിക ജീവിതത്തെ വെറും സാന്ദർഭികവും ആചാരാനുഷ്ഠാനങ്ങളുടെ സമാഹാരവും ആക്കിത്തീർക്കുന്നതിനു തുല്യമാണു്. അടയാളങ്ങളും സാദൃശ്യങ്ങളും പ്രതീകങ്ങളുമെല്ലാം യാഥാർത്ഥ്യത്തിലേയ്ക്കു്, ദൈവിക ജീവനിലേയ്ക്കു്, നയിക്കുന്നവയാണെങ്കിൽ അവയുടെ അടിസ്ഥാനപരമായ തത്ത്വങ്ങളം വിസ്മരിച്ചുകൊണ്ടു് അവയെ കൈകാര്യം ചെയ്യുന്നതും തിരസ്കരിക്കുന്നതും അപകടകരമാണു്.

മനഃശാസ്ത്രപരമായി ഈ സമീപനത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു് അടയാളംങ്ങളുടേയും പ്രതീകങ്ങളുടേയും ആധ്യാത്മിക യാഥാർത്ഥ്യങ്ങളറിയുകയും അവയെ ലക്ഷ്യംവയ്ക്കുകയും ചെയ്യുക എന്നതാണു്. പൗരസ്ത്യാധ്യാത്മികതയുടെ ഏകാന്ത വൈശിഷ്ട്യം എന്തെന്നു് ഗ്രഹിക്കണമെങ്കിൽ അതിന്റെ ആരാധനയുടേയും വിശ്വാസസത്യങ്ങളുടേയും വസ്തുനിഷ്ഠത ഗ്രഹിക്കണം. ഉപരിപ്ലവമതികം അഗാധമായ വൈവിധ്യം ഗ്രഹിക്കാതെഅംഗവിന്യാസങ്ങം ഒരേ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നവയെന്നു കാണുമ്പോം നിരീക്ഷണപടുക്കം ഒരേ രൂപം സൂചിപ്പിക്കുന്ന സത്യം വിഭിന്നമെന്നു കാണുന്നു. ഉദാഹരണമായി മാർത്തോമ്മാക്രൂശും റോമൻ ക്രൂശും; റോമൻ കർബാനക്രപ്പായങ്ങളും പൗരസ്ത്യസഭകളുടെ കർബാനക്രപ്പായങ്ങളും.

മാനസിക തകരാറുകം മൂലമാണു് ആധുനികർ പ്രതീകങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ കഴിയാതെ യുക്തിവാദത്തിനേറെയും ഭൗതികവാദത്തിനേറെയും പിന്നാലെ പരക്കം പായുന്നതു്. അതുകൊണ്ടുതന്നെയാണു് പൗരസ്ത്യസഭകളുടെ വിലയേറിയ പ്രതീകങ്ങം മേല്പ

റഞ്ഞ ക്ലൂട്ടർ നിരാകരിക്കുന്നതു്. സി. ജി. യുങ്ങിന്റെ മനഃശാസ്ത്രതത്ത്വങ്ങളും പ്രതീകാത്മകസത്യങ്ങളിലേയ്ക്കു് മനുഷ്യരെ നയിക്കുന്നതിനുപകരിക്കുമെന്നതു്, ശ്രോപ്പി വിശ്വാസത്തോടെ ആരാധനാജീവിതത്തിന്റെ കാര്യത്തിലും സ്വീകരിക്കാവുന്നതാണു്.[10] മനോരോഗികളെ സുഖപ്പെടുത്തുന്നതിനു ശക്തിയുള്ളതാണു് ഈടറ്റ വിശ്വാസസത്യങ്ങളിലേക്കു് നയിക്കുന്ന പ്രതീകങ്ങളും. ഉദാ: കൈവയ്പു പ്രാർത്ഥനകളും. മനുഷ്യാത്മാവിനെക്കുറിച്ചുപറയുമ്പോൾ അതു മൗലികമായി മതാത്മകമാണെന്നാണു കാൾ ജാസ്പ്പേഴ്സ് തുടങ്ങിയവരുടെ അഭിപ്രായം.[11] 'അത്യസമ്പുഷ്ടമായ പ്രതീകങ്ങളിലൂടെയാണു് ബാഹ്യമനുഷ്യനെ പൗരസ്ത്യാരാധന ആന്തരികതയിലേയ്ക്കു ക്ഷണിക്കുന്നതു്. അവ സൂചിപ്പിക്കുന്ന യാഥാർത്ഥ്യം ആന്തരിക മനുഷ്യൻ ഗ്രഹിച്ചു്, അതു ജീവിതത്തിൽ പ്രായോഗികമാക്കി കൈവരിക്കുക എന്നതാണു ലക്ഷ്യം. ഇതാണു് പൗരസ്ത്യാധ്യാത്മികതയിൽ അടയാളങ്ങളും പ്രതീകങ്ങളും പ്രാർത്ഥനാരീതികളുംവഴി സാധിക്കുന്നതു്.

ആവർത്തനപരം

പൗരസ്ത്യരുടെയിടയിൽ പുരാതനകാലം മുതൽ നടപ്പുള്ള ആധ്യാത്മിക സമീപനമാണു് പ്രാർത്ഥനയിലും ആരാധനയിലും ആവർത്തനം നടത്തുക എന്നതു്. 700 ബി.സി.യ്ക്കു മുമ്പു് എബ്രായരുടെയിടയിൽ നിലവിലിരുന്ന പ്രാർത്ഥനാകീർത്തനമാണെല്ലോ ഇന്നത്തെ സുറിയാനിത്തക്സായിൽ കാണുന്ന 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ'[12] എന്ന ഭാഗം. ഈ കാലഘട്ടം ഉപനിഷത്തിന്റെ ആരംഭഘട്ടമാണു്. ഭാരതത്തെ സംബന്ധിച്ചിടത്തോളം എബ്രായരിൽനിന്നു സ്വീകരിച്ചു് ആദിമസഭയും തുടർന്നു പൗരസ്ത്യസഭകളും സ്വന്തമാക്കി കാത്തുസൂക്ഷിക്കുന്ന ആവർത്തനരീതിക്കു് മനഃശാസ്ത്രപരമായും വേദപുസ്തകപരമായും ഭാഷാപരമായും പ്രാധാന്യമുണ്ടു്.

മനഃശാസ്ത്രപരമായി നോക്കുമ്പോൾ എന്തിന്റെയെങ്കിലും ആവർത്തനം വ്യക്തിയെ അതിൽ ആഴപ്പെടുത്തുന്നതിനിടയാക്കുന്നു എന്നു കാണാം. ഏതെങ്കിലും ആശയമാണെങ്കിൽ അതിന്റെ ആവർത്തനം ആരംഭത്തിൽ ബുദ്ധിതലത്തിൽനിന്നാൽ തുടർന്നു് അതു് ഹൃദയത്തിലേയ്ക്കും മനസ്സിലേയ്ക്കും കടന്നുവരികയും ക്രമേണ അതു് ശാരീരികപ്രവർത്തനങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു. ഇപ്രകാരം ആവർത്തിക്കപ്പെടുന്ന വിഷയത്തിൽ ഒരാൾ ആമഗ്നനാകുന്നു. അയാളുടെ ജീവിതവും അതിനനുസരിച്ചുള്ളതായിത്തീരുന്നു. മനഃശാസ്ത്രപരമായുണ്ടാകുന്ന ഉദ്ദീപനം കൂടുതൽ ആഴമുള്ളതും അഗാധസ്പർശിയും ആകണമെങ്കിൽ ശാരീരികാതീയ തലങ്ങളിൽനിന്നും ചേതനയുടെ തലത്തിൽനിന്നും ഉയിർകൊള്ളണം. ചേതനയുടെ തലത്തിൽനിന്നും ഉയിർകൊള്ളുന്നതിനു് ആവശ്യമായിരിക്കുന്നതു്, പ്രാർത്ഥനയും വാക്കുകളും വിശുദ്ധ വെളിപാടിൽ അധിഷ്ഠിതമായിരിക്കണമെന്നതാണു്. ഉദാഹരണത്തിനു്, 'ഈശോപ്രാർത്ഥന' റഷ്യൻ ഓർത്തഡോക്സ് ഗ്രീക്കുകാരുടെയിടയിൽ പ്രചരിച്ചതു് തീർത്തും വേദപുസ്തകാധിഷ്ഠിത രീതിയിലാണു്. ഇതു് പൗരസ്ത്യരുടെയിടയിലുള്ള ഏകാന്തവിശിഷ്ടമായ ഒരു ആധ്യാത്മികാഭ്യാസരീതിയാണു്.[13] ദൈവവചനത്തിലധിഷ്ഠിതമായ ഒന്നിനു് മനസ്സും ശരീരവും ഹൃദയവുമെല്ലാം വിട്ടുകൊടുക്കുമ്പോൾ അതിനനുസൃതമായ രീതിയിൽ ചേതനയ്ക്കു് ദൈവത്തിന്റെ ആത്മാവു് കൂടുതൽ പ്രകാശവും പ്രചോദനവും നല്കും. അതുവഴി വെളിപ്പെടുത്തപ്പെട്ട സത്യത്തിന്റെ പൂർണതയിലേയ്ക്കു് വ്യക്തി ആനീതനാകുന്നു. സ്ഥായിയായ ബോദ്ധ്യത്തോടെ സമഗ്രവ്യക്തി മുന്നേറുകയും ചെയ്യും.

ആവർത്തനത്തിന്റെ എണ്ണത്തിനു് ആനുപാതികമായി അതുകൊണ്ടുള്ള ഗുണം തീവ്രതരമാകുന്നു. മൂന്നു പ്രാവശ്യം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ

എന്നുച്ചരിക്കുന്നതു് പരമപരിശുദ്ധിയെ ഊന്നിപ്പറയുകയാകുന്നു. ഇതിനോടനുബന്ധിച്ചാണു സംഖ്യകളുടെ പ്രതീകങ്ങളിലൂടെ വ്യത്യസ്തയാഥാർത്ഥ്യങ്ങളെ വിശുദ്ധഗ്രന്ഥം ചിത്രീകരിക്കുന്നതു്. മിശിഹാ പത്രോസിനോടു് മൂന്നു പ്രാവശ്യം നീയെന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചതും സ്നേഹത്തിന്റെ ഉന്നത നിലയെ വ്യക്തമാക്കാനാണല്ലോ.[14] മൂന്നു പേരുടെ സാക്ഷ്യം പൂർണ്ണമാണു്. പ്രതീകാത്മകതയാണു് തിരുക്കർമ്മത്തിനന്യത്തിന്റെ കാതൽ. ഭൗതികമായ ഒന്നു് ആത്മീയയാഥാർത്ഥ്യവുമായുള്ള ബന്ധത്തിൽ അർത്ഥസമ്പുഷ്ടമായിത്തീരുന്നതാണല്ലോ പ്രതീകം.

ഭാഷാപരമായുള്ള പ്രാധാന്യം കുറെയൊക്കെ മനഃശാസ്ത്രപരവുമാണു്. ചില സ്വരങ്ങളും മനുഷ്യനിൽ ചില പ്രത്യേക ഫലങ്ങളും ഉളവാക്കുന്നു. ഉദാ: സുറിയാനിയിലുള്ള 'ഖന്ദീശാ' 'പരിശുദ്ധൻ' എന്ന പദം വിശുദ്ധിയെക്കുറിച്ചു സ്പർശിയായ അനുഭവം ഉണ്ടാക്കുന്നു. ഓം എന്ന സംസ്കൃതപദം ഹൈന്ദവരുടെ ദൈവാശയത്തിന്റെ സമ്പൂർണ പ്രകാശനമാണു്. അതിനനുസൃതമായ ഫലം അതു് ഉളവാക്കുകയും ചെയ്യുന്നു. അയ്യപ്പഭക്തന്മാരുടെ മന്ത്രോച്ചാരണവും ഹൈന്ദവരുടെ സഹസ്രനാമോച്ചാരണവുമെല്ലാം പ്രത്യേകഭാഷാപ്രയോഗത്തിന്റെ സ്വഭാവത്തിലൂന്നിപ്പറയുന്നു. സെമറിക് ഹൈന്ദവപാരമ്പര്യങ്ങളും ആവർത്തനത്തിന്റെ കാര്യത്തിൽ ഈടുറ്റ സംഭാവനകളും നല്കുന്നുണ്ടു്. സുറിയാനി പ്രാർത്ഥനകളിൽ കാണുന്ന ആവർത്തനരീതി ഈ പശ്ചാത്തലത്തിൽ വീക്ഷിക്കപ്പെടുമ്പോൾ, മനുഷ്യന്റെ എല്ലാ വശങ്ങളേയും കണക്കിലെടുത്തുകൊണ്ടുള്ള ഒരു രീതിയാണു് എന്നു മനസ്സിലാക്കാം. മനഃശാസ്ത്രപരമായും വേദപുസ്തകപരമായും അതിന്റെ അടിസ്ഥാനം ഗ്രഹിക്കുന്നതു് ആവർത്തനത്തെ വിലമതിക്കുന്നതിനിടവരുത്തുന്നു.

രഹസ്യത്തിൽ പങ്കുചേരൽ

മിസ്തേരിയോൻ (Mysterion) എന്നതിന്റെ അർത്ഥം രഹസ്യം[15] എന്നാണ്. പൗരസ്ത്യരുടെ 'രഹസ്യ'മെന്നതു ലത്തീനിൽ 'കൂദാശ'യാണ് (Sacramentum). Sacrare (സക്രാരെ) പവിത്രീകരിക്കുക എന്നർത്ഥം. ഒരു വ്യക്തിയേയൊ ഒരു സാധനത്തേയൊ ആധികാരികമായി ദൈവികമാക്കുക എന്നതാണ് ഇതിന്റെ അർത്ഥം.

ദൈവിക പരിശുദ്ധിയെക്കുറിച്ചുള്ള നിരന്തരാനുസ്മരണമാണ് ദൈവാനുഭവത്തിലേയ്ക്കു ഒരാളെ നയിക്കേണ്ടതു്. അതുകൊണ്ടാണ് ഇപ്രകാരമുള്ള നിരന്തര ദൈവാനുഭവത്തെ ഇസ്രായേലിനോടാവശ്യപ്പെട്ടതും.[16] ദൈവികരഹസ്യങ്ങളിലേയ്ക്കു് ആരാധകർ ഇറങ്ങിച്ചെല്ലുന്നതിനാണ് ആരാധനാ കർമ്മങ്ങളിൽ അവർ ഏർപ്പെടുന്നതു്. ദൈവികപ്രവൃത്തികളുടെ അനുസ്മരണവും പുനരവതരണവും നടക്കുമ്പോൾ അടയാളങ്ങളിലൂടെയും മറും പ്രത്യക്ഷപ്പെടുന്നവയിലേയ്ക്കു ധ്യാനാത്മകമായി മനുഷ്യർ കടന്നുചെല്ലുന്നില്ലെങ്കിൽ അവ നിർജീവങ്ങളും നിരർത്ഥകങ്ങളുമായിരിക്കുകയേ ഉള്ളൂ.

പിതാവായ ദൈവം പഴയനിയമത്തിലെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചവ പുതിയനിയമത്തിലുള്ളവർക്കായി മിശിഹാ പ്രവർത്തിച്ചു. ഇന്നു പരിശുദ്ധാത്മാവിൽ ഈ മഹാസംഭവങ്ങളിൽ പങ്കുചേരുന്നതിനു നമുക്കുള്ള അവസരമാണ് ആരാധന. ഇവിടെ ഏറ്റവും നിർണായകമായി നിൽക്കുന്ന ഘടകം മനുഷ്യരുടെ, ആരാധകരുടെ, മാനസികനിലയാണ്. ആരാധനാകർമ്മത്തിലുള്ള രണ്ടു ഘടകങ്ങളെ വിവേചിച്ചറിഞ്ഞാൽ മാത്രമേ മേല്പറഞ്ഞ ലക്ഷ്യം സാധിക്കൂ. അതായതു്, സൂചനയും സൂചിതവും. സൂചനയിൽനിന്നു സൂചിതത്തിലേയ്ക്കു കടന്നുപോകുന്ന പ്രക്രിയയാണ് ആധ്യാത്മികമായി രഹസ്യത്തിലുള്ള പങ്കുചേരൽ. ഇവിടെ പ്രധാനമായും രഹസ്യമെന്നതു പ്രവൃത്തിയെ

സംബന്ധിക്കുന്നതാണു്. അല്ലാതെ ബൗദ്ധികമായ ഒന്നല്ല. ബുദ്ധിപരമായി വെളിപ്പെടുത്തപ്പെട്ടതും ചരിത്രത്തിലധിഷ്ഠിതവുമായ ദൈവികരഹസ്യങ്ങളും രഹസ്യമല്ല. കാരണം അവ സഭയുടെയും സഭാപാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ ഏതാണ്ടു സുവ്യക്തമാണു്. ദൈവമാണു രഹസ്യങ്ങളും വെളിപ്പെടുത്തുന്നവൻ.[17] ദൈവം അനാദിമുതൽ മനുഷ്യനുവേണ്ടി ഒരുക്കിയിരിക്കുന്നതും, രക്ഷാചരിത്രത്തിലൂടെ രൂപങ്ങളും പ്രതീകങ്ങളും വഴി മുൻകൂട്ടി അറിയിച്ചതും, മിശിഹായിലൂടെ പൂർണമായി വെളിപ്പെട്ടതുമായ രക്ഷാകരപരിപാടിയാണു ദൈവരഹസ്യങ്ങളും. വിശ്വാസത്താലുള്ള ആത്മസമർപ്പണം വഴി നാം ഇതിൽ പങ്കുചേരുന്നു.[18] പക്ഷേ ചെയ്യുന്ന പ്രവൃത്തി-പെസഹാ രഹസ്യമുൾക്കൊള്ളുന്ന അനുഷ്ഠാനങ്ങളും-രഹസ്യമായിത്തന്നെ നിലകൊള്ളുന്നു. കാരണം പ്രവൃത്തി അതിൽത്തന്നെ വ്യക്തമല്ലല്ലോ. അതിനാൽ വാക്കുകളിലൂടെയും അംഗവിന്യാസങ്ങളിലൂടെയും സൂചിപ്പിക്കപ്പെടുന്ന യാഥാർത്ഥ്യത്തിലേയ്ക്കു് ആരാധകരെ നയിക്കുന്നുവെന്നതു പൗരസ്ത്യാധ്യാത്മികതയുടെ ഒരു പ്രത്യേക സ്വഭാവമാണു്. നവീകരണത്തിന്റെ കാര്യത്തിൽ അവർ യാഥാസ്ഥിതികതപോലും പുലർത്തുന്നതിന്റെ ഒരു കാരണവും ഇതു തന്നെ.[19] മനുഷ്യവ്യക്തിയുടെ എല്ലാക്കഴിവുകളേയും കണക്കിലെടുത്തുകൊണ്ടു് അതീന്ദ്രിയമായ യാഥാർത്ഥ്യങ്ങളിലേയ്ക്കു്, ദൈവികരഹസ്യങ്ങളിലേയ്ക്കു്, ഒരാളെ നയിക്കുക എന്നതാണു് ഈ സമീപനം ഉന്നം വയ്ക്കുന്ന ലക്ഷ്യം. ഇതു മനുഷ്യരെ ആഴമായി തൃപ്തിപ്പെടുത്താൻ പോരുന്നതാണു്.[20] മനുഷ്യനു നൈമിഷികമായ ഐന്ദ്രിയതൃപ്തി നല്കുന്ന രീതിയിൽ ആരാധനയും ആധ്യാത്മികതയും ക്രമവത്ക്കരിച്ചാൽ അതു ശരിയായ ആരാധനക്രമംവഴി ആധുനിക ലോകത്തിനു നൽകാവുന്ന ഈടുറ്റ സംഭാവനയെ അപ്രാപ്യമാക്കുകയായിരിക്കും ചെയ്യുക.

പെസഹാരഹസ്യത്തിൽ പങ്കെടുത്തിരുന്ന ആദിമ സഭയ്ക്കു പെസഹാരഹസ്യത്തിന്റേതായ ജീവിത ചൈതന്യമുണ്ടായിരുന്നു. മിശിഹായുടെ സാന്നിധ്യത്തെക്കുറിച്ചുള്ള അവരുടെ അവബോധമാണു കർശനമായ ജീവിതരീതി തുടരുന്നതിനും രക്തസാക്ഷിമകുടം തേടുന്നതിനും ഇടവരുത്തിയതു്. ഈ ജീവിതചൈതന്യത്തിനു സജീവസാക്ഷ്യം വഹിച്ചവരാണു സുറിയാനി സന്ന്യാസികളും. ഇവരുടെ മാതൃക പൗരസ്ത്യദേശത്തും പാശ്ചാത്യനാടുകളിലും വ്യാപിച്ചിട്ടുണ്ടു്. ഇതുകൊണ്ടുതന്നെയാണു പെസഹാരഹസ്യത്തിന്റെ മകുടമായ ഉത്ഥാനത്തിനു പൗരസ്ത്യാദ്ധ്യാത്മികതയിൽ അതുല്യപ്രാധാന്യം നൽകുന്നതു്. ഉയിർപ്പും അതിലുള്ള പ്രത്യാശയുമാണു് ആത്മാവിൽ കേന്ദ്രീകൃതമായ (Spirit centred) പൗരസ്ത്യാദ്ധ്യാത്മികത ഊന്നിപ്പറയുന്നതു്. സ്വർഗീയ ജീവിതത്തിന്റെ മുന്നാസ്വാദനമാണു് ആരാധന; അതിന്റെ അനുസ്മരണമാക്കലാണു് ആധ്യാത്മികത.

അധ്യായം 5

ദൈവാനുഭവോന്മുഖമാണ് പൗരസ്ത്യാധ്യാത്മികത

ആവർത്തനവും ദൈവാനുഭവവും

മതാത്മകജീവിതത്തിന്റെ കേന്ദ്രമായിരിക്കേണ്ടതു ദൈവാനുഭവമാണ്.[1] ബാഹ്യദൃഷ്ടികൾക്ക് അദൃശ്യമായ ഈ യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുന്നതിനു ആത്മാവാണു പ്രവർത്തനോന്മുഖമാകേണ്ടതു്. ഈ പ്രവർത്തനോന്മുഖത, ചേതനയെ പിഞ്ചൊല്ലുന്നതിനും ഉന്നതമായ നന്മയെക്കുറിച്ചു് അവബോധമുണ്ടാകുന്നതിനും കാരണമാകുന്നു. വിശ്വാസരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന പദങ്ങളുടെയോ നാമങ്ങളുടേയോ പ്രാർത്ഥനകളുടേയോ ആവർത്തനം ഈ അവബോധം പ്രദാനം ചെയ്യുന്നതാണു്.[2] ആദർശപരമോ വസ്തുനിഷ്ഠമോ ആയ വിഷയങ്ങളോടു ബന്ധപ്പെട്ടാണു നമ്മുടെ വൈകാരികവും ധാർമ്മികവും പ്രായോഗികവും സർവോപരി മതാത്മകവുമായ നിലപാടു് ഉറയ്ക്കുന്നതു്. ഈ നിലപാടിൽനിന്നാണു മാനസികാവബോധം ഉടലെടുക്കുക. ഇന്ദ്രിയങ്ങൾക്കു ഗോചരീഭവിക്കുന്ന വിഷയങ്ങളുടെ സ്വാംശീകരണം ഏവർക്കും എളുപ്പമാണു്. എന്നാൽ ചിന്തയ്ക്കുമാത്രം ഗോചരമാകുന്ന വിഷയങ്ങളെ സാത്മീകരിക്കുവാൻ കൂടുതൽ ശ്രദ്ധയും പരിശീലനവും ആവശ്യകമാണു്. ഈ രണ്ടാമത്തെ രീതിക്കാണു പൗരസ്ത്യാരാധനയും അതിൽനിന്നുരുത്തിരിയുന്ന ആധ്യാത്മികതയും കൂടുതൽ ഊന്നൽ നൽകുന്നതു്.[3]

മേൽപ്പറഞ്ഞ രണ്ടു സമീപനങ്ങളിലും വ്യക്തിയിൽനിന്നു പ്രതികരണങ്ങളുണ്ടാകുമെങ്കിലും ബോധ്യം ആഴപ്പെടുന്നതു് ഐന്ദ്രിയകമെന്നതിനെക്കാൾ ദൃഢ

തരമായുള്ള ചിന്തോദ്ദീപകമായ ആവർത്തനം വഴി യും അതു നിമിത്തം ഉണ്ടാകുന്ന അനുഭവത്തിലൂടെയുമാ ണ്.[4] മനുഷ്യൻ ഏൽക്കേണ്ടിവരുന്ന ശാരീരികമോ മാനസികമോ ആയ ആഘാതങ്ങളെപ്പറ്റി വീണ്ടും ചി ന്തിക്കുമ്പോഴെല്ലാമാണ് അവനു കൂടുതൽ വേദന അനുഭ വപ്പെടുക. മതാത്മകപ്രവർത്തനങ്ങളിൽ ആഴമായി പങ്കെടുക്കുമ്പോഴും ഫലം ഇതുപോലെതന്നെയാണ്.

രഹസ്യാത്മകതയ്ക്കു കൂടുതൽ പ്രാധാന്യം നൽകു ന്ന കിഴക്കൻ സഭകളുടെ ആചാരാനുഷ്ഠാനങ്ങളെല്ലാം ദൈവിക രഹസ്യങ്ങളിൽ അധിഷ്ഠിതമാണ്. ഉദാ: വിശുദ്ധ കുർബാനയിലെ പ്രാർത്ഥനകളെല്ലാം തന്നെ ദൈവിക രഹസ്യങ്ങളുടെ_ദൈവത്തിന്റെ ഗുണങ്ങളായ –നീതി, കാരുണ്യം, കേവലത്വം, നിത്യത, സർവ ജ്ഞാനം, ത്രീത്വൈകത്വം, രക്ഷാകരപദ്ധതിയുടെ വി വിധ വശങ്ങൾ മുതലായവയെ പ്രത്യേകിപ്പിക്കുന്നവ യാണ്. ഈ രഹസ്യങ്ങളുടെ നിരന്തരമായ ആവർത്ത നംവഴി ഏറ്റവും ഉത്കൃഷ്ടമായവയിൽ വിലയം പ്രാപിക്കുന്നതിനു വ്യക്തിക്ക് അവസരം നൽകുന്നു.

മിശിഹാ ഗത്സെമനിയിൽ വച്ച് ഒരേ വാക്കു കളും പറഞ്ഞു വീണ്ടും വീണ്ടും പ്രാർത്ഥിച്ചതു് അവിടു ത്തേയ്ക്കു തീവ്രമായ ദൈവാനുഭവം നൽകി, രക്ഷാക ര രഹസ്യത്തിന്റെ ചുരുളഴകും നിവർന്നു കാണുന്നതിനു കാരണമാക്കി. ആശയത്തിലും ആദർശത്തിലും അധി ഷ്ഠിതമായ ചിന്തകളും സ്വാംശീകരിക്കുന്നതുവഴി അവ ഉൾക്കൊള്ളുന്ന യാഥാർത്ഥ്യം മാനസികമായി അനുഭ വിക്കുവാൻ കഴിയും. ഈ മാനസികതയിലാണ് അനു ഭവതലത്തിൽ ആചരണത്തെ ആവർത്തംവഴി യഥാ ർത്ഥമാക്കുന്നതു്.

ഇവിടെ പ്രധാനമായും ഓർക്കുവാനുള്ളതു്, ആവർ ത്തനം ആവർത്തനത്തിനു വേണ്ടിയല്ല, മറിച്ചു, യാഥാ ർത്ഥ്യത്തിലേയ്ക്കു നീങ്ങുന്നതിനുള്ള മനശ്ശാസ്ത്രപരമായ

മാർഗമാണ്‌ അതു് എന്നതാണ്‌. ഇതു വ്യക്തിയെ മാനസാന്തരത്തിലേയ്ക്കു നയിക്കുന്നു. വസ്തുനിഷ്ഠവും ആധികാരികവുമായ ഉറവിടങ്ങളെ ആസ്പദമാക്കിയുള്ള മന്ത്രങ്ങളും വ്യക്തിയെ യാഥാർത്ഥ്യത്തിൽ സമഗ്രാനുഭവങ്ങളുടെ തലത്തിൽ എത്തിക്കും.

അനുസ്മരണവും അനുഭവവും

വ്യത്യസ്തങ്ങളായ ആചാരാനുഷ്ഠാനങ്ങളും പ്രാർത്ഥനകളും അഭ്യാസങ്ങളും ആധ്യാത്മികതയിൽ ഉണ്ട്. എന്നാൽ ഇവയെല്ലാം ഉന്നംവയ്ക്കുന്ന കേന്ദ്രാശയമായിരിക്കും. അവബോധത്തിൽ ഉറഞ്ഞു കൂടുന്നതു് ഓരോ ദിവസത്തെ ഓരോ പ്രവൃത്തിയിലും നിന്നു് ഇപ്രകാരമുള്ള ചില ആശയങ്ങളും ഹൃദയത്തിൽ തട്ടിയെന്നു വരാം. ഇതാണ്‌ അനുസ്മരണമായി വ്യക്തിയിൽ നിലനിൽക്കുന്നതു്. പ്രാർത്ഥനയിൽ പൊന്തിവന്ന ആശയം ഹൃദയത്തിൽ ആഴമായി പതിയുന്നു. ബുദ്ധിയിലും മനസ്സിലും പതിയുന്നവയെ ഏകോപിപ്പിച്ചുകൊണ്ടു് ഏകാശയ രൂപീകരണം നടത്തുന്നതു് മനുഷ്യാത്മരൂപിയുടെ പ്രവർത്തന സ്വഭാവവുമാണ്‌. ആരംഭത്തിൽ ദുഷ്കരമായിരുന്ന 'ഈശോ പ്രാർത്ഥന' കാലക്രമേണ 'യാത്രികനു്' (സാധകനു്)[4a] എളുപ്പമായിത്തീരുന്നു. മിശിഹാ, എന്ന ഏകചിന്തയിൽനിന്നു് അയാളുടെ ജീവിതത്തിനു ഓജസ്സും തേജസ്സും കൈവന്നു. ഈശോ എന്ന നാമം രക്ഷാകരപ്രവൃത്തിയുടെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നു.[5]

ഇവിടെ വിവക്ഷിക്കുന്ന അനുസ്മരണമെന്നതു മനുഷ്യചേതനയ്ക്കു് വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെല്ലാം ആത്മാവിൽ, ഓർമ്മയിൽ, കൂടുതൽ വ്യക്തമാകുകയും ആ സത്യങ്ങളും മനുഷ്യവ്യക്തിയെ സമ്പൂർണ്ണമായി ഗ്രസിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്‌. ഇവിടെ വ്യക്തിയുടെ ആത്മീയമായ കഴിവുകളും ധന്യമായിത്തീരുന്നു. പ്രവൃത്തികളും പരിശുദ്ധമായിഭവിക്കുന്നു. ബുദ്ധിയുടേയും ഓർമ്മയുടേയും കലവറ

യിൽനിന്നു് സാഹചര്യത്തിനനുസൃതമായി എന്തും എടുത്തു വിളമ്പുന്നതിനുവേണ്ട ശക്തി നല്കുന്നതാണു് അനുഭവം എന്നതു്. ആശയദാരിദ്ര്യമോ അനുഭവത്തിന്റെ കുറവോ ഇല്ലാതെ വ്യക്തിയുടെ ആന്തരിക ജീവിതം ക്രമവത്കൃതമായിത്തീരുന്നു. ഇതു വ്യക്തിയെ ഒരു പ്രത്യേകാനുഭവത്തിലെത്തിക്കുന്നു.

പൗരസ്ത്യരുടെ ഇടയിലുള്ള കഠിനതപസ്സും പ്രായശ്ചിത്തവും സർവ്വോപരി ചാരിത്രശുദ്ധിയും, അവരുടെ ആരാധനയിലും ആധ്യാത്മികതയിലും മുന്നിട്ടു നിൽക്കുന്ന കുഞ്ഞാടിന്റെ ദ്വിതീയാഗമനത്തിലുള്ള വിശ്വാസവും പ്രതീക്ഷയും വിളിച്ചറിയിക്കുന്നു. ഈ ലോകത്തിൽ അലഞ്ഞു തിരിയുന്നതിനേക്കാൾ വരാനിരിക്കുന്ന ലോകത്തെ ലക്ഷ്യം വയ്ക്കുന്നതാണു് അഭികാമ്യമെന്നു് അവർക്കു് ഉറപ്പുണ്ടു്. ഈ ഉറപ്പു് അവയെ കൈവരിക്കുന്നതു് അവരുടെ ദീർഘമായ ആരാധനയിലൂടെയാണു്. ഗ്രീക്കു സഭക്കാരുടെ ആരാധനയുടെ ദൈർഘ്യം അവരെ മുഷിപ്പിക്കുന്നില്ല, മറിച്ചു് ദൈവാനുഭവത്തിലേയ്ക്കു് നയിക്കുന്നു. മലങ്കരസഭക്കാരുടെ കർമ്മങ്ങളും തഥൈവ. ഇപ്രകാരം ഇതിൽ തത്പരരാകുന്നതുവഴിയുണ്ടാകുന്ന സത്യാവബോധമാണു് അനുസ്മരണയിൽ പതിയുന്നതും അനുഭവമാകുന്നതും. ഈ അനുഭവംമൂലം മനുഷ്യചേതനയ്ക്കുണ്ടാകുന്ന പ്രചോദനം പരിശുദ്ധാത്മാവിലേയ്ക്കു് ഒരാളെ നയിക്കുകയും ആ ആത്മാവിനു തന്നെത്തന്നെ നല്കുന്നതിനിടയാക്കുകയും ചെയ്യും.

ഉദ്യുക്തതയും അനുഭവവും

ആരാധനയിലും ആധ്യാത്മികതയിലും അനുഭവം കൈവരിക്കുന്നവർ മിശിഹായ്ക്കു് തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നതിനും, അങ്ങനെ ദൈവാനുഭവത്തിന്റെ പരമപരിശുദ്ധിയിൽ പങ്കുചേരുന്നതിനുമിയാകുന്നു. ഇതുതന്നെയാണു്, മിശിഹാ തന്റെ ഏകവും

എന്നേയ്ക്കുമുള്ളതുമായ സമർപ്പണംവഴി സാധിച്ചതു്. 'ആട്ടക്കളടേയോ കാളക്കിടാക്കളടേയോ രക്തം കൊണ്ടല്ല, പ്രത്യുത, സ്വന്തം രക്തംകൊണ്ടു് ഒരിക്കൽ എന്നേയ്ക്കുമായി പ്രവേശിച്ചു് അവിടുന്നു നിത്യരക്ഷ സാധിച്ചു.'6 ഇപ്രകാരം ആന്തരികപൂർണ്ണതയുള്ള മിശിഹായ്ക്കു് ഒരാത്മതന്നെത്തന്നെ കന്യകാത്വത്തോടെ പ്രതിഷ്ഠിക്കുന്നതിനെ അഫ്രാറസും, വി. അപ്രേമും ശ്ലാഹിക്കുന്നുണ്ടു്.7 ഈ പ്രതിഷ്ഠ നടത്തിയവരാണു് ബ്രഹ്മചാരി 'ബ്സൂലാ' (Btula) അല്ലെങ്കിൽ ഏകൻ 'ഇഹീദയാ' (Ihidaya)എന്നറിയപ്പെട്ടതു്. വിശുദ്ധിയുടെയും ഉദ്യുക്തതയുടെയും സാങ്കേതികമായ ഒരർത്ഥമാണിവിടെ ഉദ്ദേശിക്കുന്നതു്. ഏകനായിട്ടുള്ള ഈ ജീവിതത്തിനു മൂന്നു പടികളുണ്ടു്. അവ കുടുംബം വിട്ടുപേക്ഷിക്കുന്നതും അതേസമയം വിവാഹം കഴിക്കാതിരിക്കുന്ന അവസ്ഥയും ഏകാഗ്രമായി മനസ്സിനെ കാത്തുകൊണ്ടുപോകുന്ന അവസ്ഥയും മിശിഹായോടു പ്രത്യേകമായി ഒരു ബന്ധം സ്ഥാപിച്ചുകൊണ്ടു് ജീവിക്കുന്ന അവസ്ഥയുമാണു്. മിശിഹാ ഏകൻ (Ihidaya –only begotten)ആണല്ലോ. ഇപ്രകാരം ജീവിക്കുന്നവരെ ഉടമ്പടിമക്കൾ 'ബർക്യാമാ' (Barqyama) എന്നു വിളിക്കുന്നു. ഈ പ്രയോഗത്തിനു് മാമ്മോദീസാവഴി പ്രതിഷ്ഠിതരെന്ന അർത്ഥമുണ്ടു്. കൂടാതെ നിരന്തരാരാധനയിലൂടെ ജാഗ്രുകരായിരിക്കുന്ന സ്ത്രീയ മാലാഖമാർ എന്ന അർത്ഥത്തിലും ഈ പദം ഉപയോഗിക്കാം. നാലാം നൂറ്റാണ്ടോടുകൂടി സഭയിൽ അംഗീകരിക്കപ്പെട്ടവരെന്ന നിലയിൽ ഉടമ്പടിയുടെ മക്കൾ 'ബ്നൈയ്_ ബ്നാസ്_ ക്യാമാ' Bnay – Bnat, Qyama)ഉണ്ടായിരുന്നു. ഇക്കൂട്ടർ സന്യാസികളെന്നു് അറിയപ്പെട്ടിരുന്നില്ല. ചിലർ ചെറിയ സമൂഹങ്ങളിലും ചിലർ കുടുംബത്തിലും അല്മായരോടൊത്തും താമസിച്ചിരുന്നു. പേർഷ്യൻ രക്തസാക്ഷികളെക്കുറിച്ചു പറയുന്നിടത്തു് ഇക്കൂട്ടർ പരാമർശിക്കപ്പെട്ടുന്നുണ്ടു്.8

ഈ തരത്തിലുള്ള ഉദ്യുക്തരുടെ ജീവിതം കൂടുതൽ സ്പഷ്ടമായിരുന്നതു് സിറിയായുടെ പ്രാന്തപ്രദേശങ്ങളിലായിരുന്നു. ചിലരുടെ അഭിപ്രായം ഇക്കാലത്തു് കന്യാത്വവ്രതം എടുത്തിരിരുന്നവർക്കു മാത്രമെ ഇക്കാലത്തു് മാമ്മോദീസാ നൽകിയിരുന്നുള്ളുവെന്നാണു്. എന്നാലിവിടെ വ്യക്തമാകുന്ന ആശയം ആരാധനയോടനുബന്ധിച്ചുള്ള അപ്രാറസിന്റെ പ്രസംഗവും, മിശിഹായുടെ പടയാളികളാകുന്നതിനു് അദ്ദേഹം നൽകുന്ന ഉപദേശവുമാണു്. ഗദയോന്റെ ചരിത്രത്തെ ആസ്പദമാക്കിയുള്ള വിവരണാത്മക ചിത്രീകരണത്തിലാണു് ഈ വിധത്തിലുള്ള കന്യാത്വത്തിനു പ്രസക്തിയുള്ളതു്. മാമ്മോദീസാ സ്വീകരിക്കുന്നതിനു മുൻപു് വിവാഹം അനുവദിച്ചിരുന്ന ആളാണു് അപ്രാറസ്.

ഉദ്യുക്തതയാണു് ദൈവാനുഭവത്തിന്റെ ഉത്തുംഗശൃംഗം. ഇതു് ജ്ഞാനസ്നാന സമർപ്പണത്തിലും രക്തസാക്ഷിത്വത്തിലും കന്യാത്വസമർപ്പണത്തിലുമൊക്കെ അനാവർത്തമാകുന്നു. എന്നാൽ പൗരസ്ത്യരെ സംബന്ധിച്ചിടത്തോളം ആരാധനയിലും അതിന്റെ പ്രായോഗികമണ്ഡലമായ ആധ്യാത്മിക ജീവിതത്തിലുമാണീ അനുഭവം പ്രകടമാക്കേണ്ടതു്. ഈ വിധത്തിലുള്ള സമർപ്പണം ഒരാളുടെ ജീവിതസമഗ്രതയെ ദൈവോന്മുഖമാക്കുന്നു.

ദൈവം ആരാധകരിൽ

മിശിഹായുടെ നാമത്തിൽ സമ്മേളിച്ചിരിക്കുന്ന ആരാധനാ സമൂഹമായ പൗരസ്ത്യസഭയിൽ അവിടുത്തെ സാന്നിധ്യം സുതരാം വ്യക്തമാണല്ലോ.[10] സഭയുടെ കീർത്തനാലാപത്തിലും പ്രാർത്ഥനയിലും സന്നിഹിതനായിരിക്കുന്ന ഈശോയെയാണല്ലോ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവു് അനുഭവവേദ്യമാക്കുന്നതു്. സഭയെന്നതും ആരാധനാസമൂഹമെന്നതും വ്യക്തി

കളുടെ സമുച്ചയമാണല്ലോ, അതിനാൽ ആരാധകർ നടത്തുന്ന പ്രാർത്ഥനാസമ്മേളനങ്ങളിൽ ദൈവികരഹസ്യങ്ങളും അനാവരണം ചെയ്യുന്നതു് ആരാധകർ അതിലൂടെ ദൈവൈക്യം കൈവരിക്കുവാനാണു. ഈ ദൈവൈക്യാനുഭവം അതിന്റെ ഏറ്റവും ഉത്കൃഷ്ടമായ നിലയിലെത്തുമ്പോഴാം അതു സ്വർഗ്ഗീയാനന്ദത്തിന്റെ പ്രതീതി ജനിപ്പിക്കുന്നു. സഭയുടെ മറ്റൊരു പ്രവർത്തനവും ഇത്രമാത്രം ഉത്കൃഷ്ടവും ഫലദായകവുമല്ലെന്നാണു് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിക്കുന്നതു്.[11] 'സർവ്വംസ്പർശിയായ ഈ അനുഭവത്തിന്റെ വൈശിഷ്ട്യം ഇതു ദൈവത്തിന്റെ പ്രവൃത്തിയിലുള്ള മനുഷ്യന്റെ ഭാഗഭാഗിത്വം തന്നെയാണെന്നതാണു്. അവികലമായ ദൈവിക പ്രവൃത്തിയിലേക്കു് ഉന്മുഖമായിരിക്കുന്ന മാനുഷികാനുഭവം സർവ്വത്തേയും ഉൾക്കൊള്ളുന്നതിനു ശക്തമാണു്. എന്നാൽ അനുഭവം എത്ര അഗാധവും യാഥാർത്ഥ്യവുമാണോ അത്രമാത്രമേ അതു് സർവ്വം സ്പർശിയായിരിക്കുകയുള്ളൂ.

ഇവിടെ ഉദ്ദേശിക്കുന്ന ദൈവാനുഭവം സങ്കുചിതത്വത്തേയും പരിമിതികളേയും എല്ലാം ഉല്ലംഘിക്കുന്നതാണു്. സൗന്ദര്യാസ്വാദനം, സ്നേഹാനുഭവം, ലൈംഗികനിർവൃതി ഹർഷോന്മാദ ദർശനം, കായികാഭ്യാസവിജയം, ദാർശനിക നേട്ടങ്ങളും, ഉദരശുശ്രൂസംവഹനം, ശാസ്ത്രീയ കണ്ടുപിടിത്തം ഇവയിലൂടെയെല്ലാം മതാനുഭവം സംജാതമാകും.[12] ഇവിടെ പ്രത്യേകം ഓർത്തിരിക്കേണ്ട ഒരു വസ്തുത അനുഭവം നമുക്കുന്നയാം ദൈവത്തോടു പുലർത്തുന്ന സത്യത്തിലധിഷ്ഠിതമായ ബന്ധമാണു്. ഈ അനുഭവത്തിൽ വിലയംപ്രാപിക്കുന്നതിനു്, ദൈവികവെളിപാടുകളെയും അവയുടെ സത്യസന്ധമായ കൈമാറ്റത്തെയും ആസ്പദമാക്കിയുള്ള പൗരസ്ത്യാധ്യാത്മികത, സഹായകമാണു്. ഇതിൽ കാണുന്ന ആവർത്തനം, അനുസ്മരണം, ഉദ്യുക്തതതുടങ്ങിയവ ദൈവാനുഭവത്തെ കൂടുതൽ ത്വരിതപ്പെടുത്തുന്നു. കുരിശിലെ സ്നേഹബലിയിലൂടെ മശിഹാ

മാനവരാശി മുഴവനോടും തനിക്കുള്ള സ്നേഹം പ്രകടിപ്പിച്ചു. അവിടുന്നു പിതാവുമായി പൂർണൈക്യത്തിലെത്തിയ മാനുഷികാനുഭവത്തിന്റെ അവസാനരംഗവും ദൈവികജീവന്റെ ആത്മാവിലൂടെയുള്ള മാനുഷിക ജനനത്തിന്റെ പ്രവൃത്തിപരമായസംഭവവുമായിരുന്നു. മിശിഹായുടെ ആരാധന അതിന്റെ ഉത്തുംഗാനുഭവത്തിലെത്തിയതോടെ സമസ്തവും അവിടുന്നിൽ ലയിച്ചു. സ്വർഗത്തിലും ഭൂമിയിലുമുള്ള സകല വസ്തുക്കളേയും മിശിഹായിൽ തന്നോടു് അനുരഞ്ജിപ്പിക്കുവാനും അവിടുന്നു കുരിശിൽ ചിന്തിയ രക്തം വഴി സമാധാനം സ്ഥാപിക്കുവാനും ദൈവം തിരുമനസ്സായി.[13]

പ്രാർത്ഥനയിലൂടെ, ആരാധനാ ജീവിതത്തിലൂടെ, ആധ്യാത്മികതയിലൂടെ, 'പരിശുദ്ധരും നിഷ്കളങ്കരും, നിർമ്മലരുമായി നിങ്ങളെ സമർപ്പിക്കുവാൻ വേണ്ടിയാണു്' മിശിഹാസ്നേഹാനുഭവത്തിൽ മരിച്ചതു്.[14] സുവിശേഷം പ്രഘോഷണം ചെയ്ത പ്രത്യാശയിൽനിന്നു വ്യതിചലിക്കാനിരിക്കുന്നതും, ഉറപ്പും സ്ഥിരതയുംവഴി വിശ്വാസത്തിൽ തുടർന്നു ജീവിക്കുന്നതുമാണല്ലോ ആധ്യാത്മികത.[15] ഈ സുവിശേഷമാകട്ടെ ആകാശത്തിൻ കീഴിലുള്ള സകല സൃഷ്ടികളോടും പ്രസംഗിക്കപ്പെട്ടിട്ടുണ്ടു്. അതിനാൽ, ആകാശത്തിൻകീഴിലുള്ള സകല അനുഭവങ്ങളും അത്യന്തമായ ദൈവാനുഭവത്തിൽ ലയിക്കേണ്ടതുണ്ടു്. അതിന്റെ ഐതന്യമോ സ്നേഹത്തിന്റെ പൂർണ്ണതയും. ഇവിടെ നിസ്സാർത്ഥത മുന്നിട്ടു നില്ക്കും. ആരാധകരുടെ ചൈതന്യം മിശിഹായെ സംവഹിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. വി. ശ്ലീഹാ ഇതിനെക്കുറിച്ചു്.... 'മഹത്ത്വത്തിന്റെ പ്രതീക്ഷയായ നിങ്ങളുടെ ഇടയിലുള്ള മിശിഹാതന്നെയാണു് ഈ രഹസ്യം' എന്നു പറയുന്നു.[16]

അധ്യായം 6

ദൈവമനുഷ്യസമ്പർക്കം

മനുഷ്യശരീരം

ജീവശ്വാസം ദൈവത്തിൽനിന്നു മനുഷ്യശരീരത്തിൽ പ്രവേശിച്ചതോടെ, അതു മനുഷ്യചേതനയായ ശരീരത്തിനു ജീവനേകി, മനുഷ്യാത്മാവിനെ ഉത്പാദിപ്പിച്ചു. മനുഷ്യന്റെ വേറൊരു ഘടകമാണു് ശരീരം. ശരീരവുമായുള്ള ചേതനയുടെ പ്രവർത്തന പ്രതിപ്രവർത്തന ഫലമായാണു് ആത്മാവു് (വ്യക്തി) ഉണ്ടാകുന്നതു്. ഈ വീക്ഷണത്തിൽ ആത്മാവു് വ്യക്തിയായി നിലകൊള്ളുന്നു.

മണ്ണിൽനിന്നു മെനഞ്ഞെടുക്കപ്പെട്ടതെന്ന നിലയിലാണു് ശരീരം നിലകൊള്ളുന്നതു്. സൃഷ്ടി 2: 7-ൽ കാണുന്നതനുസരിച്ചു് ശാരീരികവും ആത്മീയവുമായ രണ്ടു വശങ്ങളാണു് മനുഷ്യനുള്ളതു്.[1] ചേതനയുടെ അസാന്നിധ്യത്തിൽ ശരീരം നിർജീവമാണു്. മനുഷ്യവ്യക്തിയിൽ ശരീരവും ചേതനയും പൂർണ്ണമായി ആത്മാവിൽ സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു.

ആത്മാവിന്റെ ശക്തിയാൽ, ഭൗമികശരീരം ക്ഷയിച്ചാലും ആത്മീയശരീരം ഉയിർക്കും.[2] ബാഹ്യലോകവുമായി ഒരാൾ ബന്ധപ്പെടുന്നതു ശരീരം വഴിയാണു്. ഈ ബന്ധപ്പെടൽവഴിയാണു് ലോകാവബോധം സംജാതമാകുന്നതു്. ശരീരത്തിൽ നേരിട്ട പ്രവർത്തിക്കുന്നതിനു് ആത്മാവിനു സാധ്യമല്ല. അതിനു ദൈവം ശക്തി നല്കുണം. ആത്മാവു് ദൈവത്തിൽ സന്തോഷിക്കുകയും തുടർന്നു് ഇതു് ആത്മാവിനു് കൈമാറുകയും ചെയ്യുന്നതുവഴി ശാരീരികമായി ഈ ശക്തി പ്രത്യക്ഷപ്പെടുന്നു.[3]

മനുഷ്യവ്യക്തിത്വത്തിന്റെ ബാഹ്യാവരണമായ ശരീരത്തിനു് ഹീബ്രുഭാഷയിൽ ബസാർ (bashar) എന്ന പദവും ഗ്രീക്കിൽ സാർക്സ് (sarx) എന്ന വാക്കുമാകുന്നു ഉപയോഗിച്ചിരിക്കുന്നതു്.[4] മാംസമെന്നാണു് ഇതിന്റെ അർത്ഥം. ആത്മാവിൽ ജനിക്കാത്ത പഴയമനുഷ്യൻ എന്നും ഇതിനർത്ഥമുണ്ടു്. ജഡമെന്ന ആശയത്തിലും ശരീരം എന്ന പ്രയോഗമുണ്ടു്.[5] ശരീരത്തിനു് ആത്മാവു് വിധേയമാകുമ്പോഴാണു് വ്യക്തി ജഡികനായിത്തീരുന്നതു്.[6] ജഡമെന്നു് മാംസരക്തങ്ങളേയും വ്യക്തികളേയും എല്ലാ മനുഷ്യരേയും ഉദ്ദേശിച്ചും പറയാം[7] കൂടാതെ, മൂന്നു വിധത്തിൽ ശരീരത്തെ കാണാം.

ഒന്നു്: രക്തമാംസാസ്ഥികൊണ്ടു നിർമ്മിതമാണല്ലോ മനുഷ്യശരീരം. നമ്മുടെ ചുറ്റുമുള്ള ലോകവുമായി നമ്മെ ബന്ധിപ്പിക്കുന്ന ഘടകമാണു് ശരീരം. ജഡികൻ ലോകത്തെ അനുധാവനം ചെയ്യുന്നു. അവൻ ജഡികേന്ദ്രിയ പ്രേരണകൊണ്ടുനടക്കുന്നു.

രണ്ടു്: മനുഷ്യശരീരത്തെ ഉദ്ദേശിച്ചും മാംസമെന്ന പദം ഉപയോഗിക്കുന്നു. ജീവനുള്ളതോ മരിച്ചതോ ആയ മനുഷ്യശരീരത്തെ ഉദ്ദേശിച്ചും ജഡമെന്നു പറയാം. പാപത്തിന്റെ പ്രകടനം മനുഷ്യശരീരത്തോടു ബന്ധപ്പെട്ടതാണു്.[8] ഇങ്ങനെയുള്ള ജഡത്തിന്റെ പ്രവൃത്തികളാണു് വികാരങ്ങൾ.[9] ജഡികരായി വ്യാപരിക്കുന്നവർക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ അറിഞ്ഞുകൂടാ.[10] ജഡികത മൃതമായെങ്കിൽ മാത്രമേ പുതിയ ജീവനുണ്ടാകുകയുള്ളൂ. ദൈവം മനുഷ്യനെ ശരീരത്തോടുകൂടി സൃഷ്ടിച്ചതുകൊണ്ടു ശരീരം പ്രാധാന്യമുള്ളതാണു്. ദൈവവചനം മാംസമായി ഭവിച്ചു. മിശിഹാ രക്തമാംസങ്ങളോടുകൂടിയവനാണല്ലോ.

അവസാനം, മാനവകുലം മുഴുവനേയും ഉദ്ദേശിച്ചും ജഡമെന്ന പദം പ്രയോഗിക്കാം. ഈ ലോകത്തിലെല്ലാവരും, മാനവകുലം മുഴുവൻ മാംസത്തിൽനിന്നു ജനിച്ചവരാണു്. ജഡത്തിൽനിന്നു ജനിച്ചവൻ ജഡികൻ.[11]

മാതാവിൽനിന്നും പിതാവിൽനിന്നും ലഭിച്ചതെല്ലാം ജഡം. നന്മയും തിന്മയും ഇതിൽപ്പെട്ടതാണ്. ജനിക്കുമ്പോഴുള്ളതും പിന്നീട് അതിൽനിന്നു വളരുന്നതും തന്നെ. ഒരുവന്റെ ജനനത്തിൽത്തന്നെ അവൻ ജഡികനെന്നു നിശ്ചയിക്കപ്പെടുന്നു. ഇതിന്റെ നിശ്ചായകർ മാതാപിതാക്കളാണ്.[12] ഇതെല്ലാം രക്തത്തിന്റെയും മാംസത്തിന്റെയും മനുഷ്യന്റെയും ഇച്ഛയിൽനിന്നാണു ജനിക്കുന്നതു.[13] മനുഷ്യനെ മനുഷ്യനല്ലാതാക്കിത്തീർക്കുന്നതിനു ഒരു മനുഷ്യശക്തിക്കും സാധ്യമല്ല. ജനനവും മരണവും മനുഷ്യന്റെ ശാരീരികതയുടെ നിർണായക ഘടകങ്ങളാണ്. ഭക്ഷിക്കുക, പാനം ചെയ്യുക, ലൈംഗിക സന്തോഷം അനുഭവിക്കുക—എല്ലാം ശാരീരികാനുമതിയുള്ളവയാണ്. എന്നാൽ ഇവ തനിക്കും ഇതരർക്കും ഉപകാരപ്രദമായിരിക്കണം. അനുമതിയുള്ളതും എല്ലാവർക്കും ഉപകാരപ്രദവുമായുള്ള കാര്യങ്ങളെല്ലാം ജഡത്തിനതീതമായതാണ്.

ശരീരവും ദൈവികീകരണവും

വീണ്ടും ജനിക്കാത്ത ശരീരത്തെ വീണ്ടും ജനിപ്പിക്കുന്നതാണു ശാരീരിക വളർച്ച, ദൈവികീകരണത്തിൽ.[14] ശരീരത്തിൽ ബലഹീനമായിത്തീർന്ന നിയമത്തെ ശക്തിപ്പെടുത്തുവാൻ ശരീരത്തോടുകൂടി ദൈവപുത്രൻ വന്നു.[15] ദൈവം തന്റെ ഏകജാതനെ ശരീരധാരിയായി നൽകിക്കൊണ്ട് പരിഹാരവും ദൈവികീകരണവും സാധിച്ചു.[16] പാപപരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ മിശിഹാ പ്രത്യക്ഷപ്പെട്ട. പാപപരിഹാരത്തിനുള്ള ബലിയാണു മനുഷ്യാവതാരരഹസ്യം.[17] ശരീരത്തോടുകൂടിയുള്ള ഏവർക്കുമായിട്ടാണു മിശിഹാ ഒരിക്കൽ പാപങ്ങൾക്കുവേണ്ടി മരിച്ചതു.[18] പാപംമൂലം മനുഷ്യനു വന്നുകൂടിയ വിധി, മനുഷ്യൻ പാപവിമുക്തനാകാനാണ്. 'പാപത്തിന്റെ ഈ ശരീരത്തിൽനിന്നു ആർ എന്നെ വിമോചിപ്പിക്കും' എന്നു വി. ശ്ലീഹാ നെടുവീർപ്പിടുന്നു.[19]

ആദിമനുഷ്യനായ ആദത്തിന്റെ പ്രവൃത്തി എല്ലാവരുടേതുമായി. രണ്ടാമത്തെ മനുഷ്യനായ മിശിഹായുടെ പ്രവൃത്തിയും എല്ലാവരുടേതുമായി.

മനുഷ്യൻ ഐന്ദ്രിയതലത്തിൽ തെറ്റു ചെയ്യുന്നുവെങ്കിൽ ഐന്ദ്രിയതലത്തിൽതന്നെ പരിഹാരം കാണണം.[20] ശാരീരികാസ്വാദനം കൈപ്പുനീർ[21] സമാനമാണെങ്കിൽ അതു ശരീരമതിൽതന്നെ ബലഹീനമായതു കൊണ്ടല്ലേ. മറിച്ച് അതിനെ ബലഹീനമാക്കിയതു കൊണ്ടാണ്. ഈ ബലഹീനത എല്ലാ മനുഷ്യരിലും പാപംമൂലം പ്രത്യക്ഷപ്പെട്ടിരിക്കുന്നതുനിമിത്തം ഉപരി ദൈവികീകരണം ആവശ്യമായിവന്നു.

ദൈവികീകരണമെന്നതുകൊണ്ടുദ്ദേശിക്കുന്നതു ശരീരത്തിൽനിന്നുള്ള വിമുക്തി എന്നതല്ല, മറിച്ച്, ശരീരത്തിനു വന്നുഭവിച്ച കെടുതിയെ നിവാരണം ചെയ്ത് അതിനെ ആദിമപരിശുദ്ധിയിൽ എത്തിക്കുക എന്നതാണ്. ഈ ആദിമപരിശുദ്ധിയിൽ ജഡം ആത്മാവുമായി അഭേദ്യമായി ബന്ധപ്പെട്ട് ഒരു അസ്തിത്വമായി, ഒരു വ്യക്തിയുടെ ആവശ്യഭോഗമായി നിലകൊള്ളുന്നു. ശരീരത്തേയും ആത്മാവിനെയും വേർതിരിച്ചു വീക്ഷിക്കുന്ന സമീപനം പാപത്തിനുശേഷമുള്ള സ്ഥിതിയെ മാത്രം പരിഗണിച്ചുള്ള ഒരു സമീപനമാണ്. എന്നാൽ ഇതു ശരിയല്ല. കാരണം, ദൈവം ശരീരത്തേയും ആത്മാവിനെയും ഒന്നിച്ചപ്പോഴാണ് മനുഷ്യവ്യക്തി ജീവൻ പ്രാപിച്ചതു്. ഈ മനുഷ്യവ്യക്തിയുടെ ജീവദായകഘടകമാണു ദൈവമായ ഉൾക്കൊള്ളുന്ന ചേതന. ഈ ദൈവികമായ മനുഷ്യനുള്ളിടത്തോളംകാലം ഉണ്ടായിരിക്കും. എന്നാൽ ഈ ദൈവികമായയുടെ പ്രവർത്തനംവഴി കൈവരിക്കേണ്ട ദൈവസാദൃശ്യം മനുഷ്യൻ ദൈവത്തോടു പുലർത്തുന്ന സജീവബന്ധത്തെ ആശ്രയിച്ചിരിക്കും. ഈ ദൈവികബന്ധത്തിനു തടസ്സമായിരിക്കുന്ന ശരീരം ആത്മബദ്ധമാകുന്നതും ശരീരത്തിന്റെ ഐന്ദ്രിയോന്മുഖതയെ അതിനോടുകൂടിത്തന്നെ ദൈവോന്മുഖമാ

ക്കിത്തീർക്കുന്നതുമാണു് ദൈവികീകരണം എന്നു പറയുന്നതു് ഇവിടെയാണു് പരിപൂർണ്ണമനുഷ്യൻ[22] ദൈവികനായി വ്യാപരിക്കുന്നതും വിശുദ്ധീകരിക്കപ്പെടുന്നതും.

വിശ്വാസവും ശരീരവും

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ശരീരം അതുല്യപ്രാധാന്യമർഹിക്കുന്നതാണു്. ദൈവികീകരണത്തിന്റെ കാര്യത്തിൽ ആരോഗ്യമുള്ള ഒരു ശരീരം മറ്റു രണ്ടു വശങ്ങളോടും[23] ചേതന, ആത്മാവു് എന്നിവയോടും—സഹകരിച്ചു പ്രവർത്തിക്കണം. മർത്ത്യശരീരം പരിശുദ്ധാത്മാവിന്റെ വാസത്താൽ സജീവമാകുന്നു.[24] പരിശുദ്ധാത്മാവിനാൽ മനുഷ്യചേതന ജീവിക്കുമ്പോഴും ശരീരം മരിച്ചതെങ്കിലും ക്രമേണ ജീവൻ പ്രാപിക്കും.[25] തുടർന്നു് അതിന്റെ ഭൗതികതയെ അതിജീവിക്കുന്നതിനിടവരുന്നു.[26] പാപം നിമിത്തം മരിച്ചിരിക്കുന്ന ശരീരത്തെ മരിച്ചവരിൽനിന്നുയിർത്ത മിശിഹായാണു് ജീവിപ്പിക്കേണ്ടതു്. രോഗികൾക്കു രോഗശാന്തിയും ശക്തർക്കു വളർച്ചയും നല്കിക്കൊണ്ടു മിശിഹാ ഇതു നിർവഹിക്കുന്നു.

ഒരാൾക്കു് എല്ലാം അനുവദനീയമാണെങ്കിലും എല്ലാം അഭിലഷണീയമല്ലായിരിക്കാം.[27] ശരീരം കർത്താവിനുള്ളതാണു്. അതുപോലെ കർത്താവു് ശരീരത്തിനും. ഈശോ തന്റെ ശരീരത്തിൽ നമ്മുടെ പാപം വഹിച്ചു.[28] ശാരീരിക ബലഹീനത ഉള്ളവർക്കു് പരാജയങ്ങൾ സംഭവിക്കാം. എന്നാൽ കർത്താവു് അവയിൽനിന്നു് അവരെ മോചിപ്പിക്കേണ്ടിയിരിക്കുന്നു. പാപത്തിൽനിന്നെന്നപോലെ രോഗത്തിൽനിന്നും ഈശോ നമുക്കു വിടുതൽ തരുന്നു. മിശിഹാ എന്നും നമ്മിൽ ജീവിക്കുന്നതിനിടവരുത്തണം. നമ്മുടെ ശരീരം മഹത്വപ്പെടുന്നതിനും ഈശോ ആഗ്രഹിക്കുന്നു. ദൈവോന്മുഖതവഴി വിശ്വാസികളുടെ ശരീരങ്ങൾ മിശിഹായുടെ

അവയവങ്ങളാകും.[29] ശരീരത്തിൽ ചെയ്യുന്ന അശുദ്ധ പാപങ്ങളും ഭ്രഷ്ടമാണു്. മിശിഹാ വിലയ്ക്കുവാങ്ങിയവരായിട്ടാണു വിശ്വാസികളെ ശ്ലീഹാ കാണുന്നതു്.

മിശിഹാ വിലയ്ക്കു വാങ്ങി എന്നതിന്റെ അർത്ഥം, അവിടുന്നതന്നെ ശരീരത്തെ നമ്മുടെ ശരീരങ്ങളുടെയും ക്കായി നീക്കി വച്ചുവെന്നതാണു്. വിശ്വാസമെന്നതു്, നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ശരീരത്തെ അതിന്റെ സകല ദുരാശകളോടുംകൂടി മിശിഹായുടെ കുരിശിൽ തറയ്ക്കുക എന്നതാണു്. കുരിശിൽ തറയ്ക്കപ്പെട്ട ഒരു ശരീരം നിരന്തരം മിശിഹായിലേയ്ക്കു തിരിഞ്ഞു പ്രവർത്തിക്കേണ്ടതുണ്ടു്. ഈ മിശിഹാപരത, സമ്പൂർണ്ണമായ ഉദ്യുക്തതയെ ആവശ്യപ്പെടുന്നു. പരിപൂർണ്ണമായ ഉദ്യുക്തത പ്രകടമാകേണ്ടതു ശാരീരികതലങ്ങളിലാണു്. പ്രവൃത്തി പ്രത്യക്ഷപ്പെടേണ്ടതു ബാഹ്യമായിട്ടാണല്ലോ. പ്രവൃത്തികൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണല്ലോ.[30] വിശ്വാസികളുടെ ശരീരം വെറും പഞ്ചഭൂതങ്ങളുടെ ഒന്നിക്കലല്ല. അതു ദൈവോന്മുഖമായി കൃതിച്ചു പായുന്ന അശ്വങ്ങളാണു്. ദൈവത്തെ പ്രാപിക്കുവോളമാണു് അതു മുന്നേറുന്നതും.

വ്യക്തിത്വസാഫല്യത്തിനു് അവശ്യം ആവശ്യകമായ ശാരീരികജീവനെ ഭാവാത്മകമായി കാണണമെങ്കിൽ, ആ ശരീരം മിശിഹായുടെശരീരത്തിന്റെ പൂരകമായിരിക്കണം. ഇങ്ങനെ നോക്കുമ്പോഴും ശരീരം ദൈവികമാണു്; കാരണം അതു പൂർണ്ണമായും മിശിഹായ്ക്കു പ്രതിഷ്ഠിതമാണു്.

രോഗവും മരണവും

ദൈവത്തെ മഹത്വപ്പെടുത്തത്തക്കവിധംശരീരത്തെ എങ്ങനെ സൂക്ഷിക്കണമെന്നറിഞ്ഞിരിക്കണം. രോഗത്തോടുള്ള നിലപാടു് എപ്രകാരമായിരിക്കണം?

രോഗത്തെ എങ്ങനെ ഉപകരിപ്പിക്കണം; രോഗത്തെ എങ്ങനെ ചികിത്സിക്കണം, ഇവ അറിഞ്ഞിരിക്കേണ്ടതാണ്. പാപത്തിനും മരണത്തിനും ഇടയ്ക്കുള്ള ഒരു അവസ്ഥയായിട്ട് രോഗത്തെ കാണാം. വേദപുസ്തകപരാമർശങ്ങളിൽ രോഗം പാപഫലവും മരണത്തിനുള്ള ഒരുക്കവുമാണ്.[31] ശരീരം രോഗത്തിനിരയായി. പാപമോചനത്തോടൊപ്പം രോഗശാന്തിയും ഈശോ നൽകിയിരുന്നു. രോഗികളെ കൈവച്ചു സുഖപ്പെടുത്തുന്ന ഈശോയെ സുവിശേഷങ്ങളിൽ പലയിടത്തും കാണാം. മിശിഹായുടെ വിശുദ്ധീകരണ പ്രവൃത്തിയിൽ രോഗശാന്തിയും ഉൾപ്പെട്ടിരുന്നു. പാപപ്പൊറുതിയും സുഖപ്രാപ്തിയും കൈകോർത്തുപോകുന്ന സംഭവങ്ങളാണെന്നാണ് വിശുദ്ധഗ്രന്ഥത്തിലൂടനീളം കാണുന്നത്.[32] സാത്താന്റെ പ്രവൃത്തികളായിട്ടാണ് പാപത്തേയും രോഗത്തേയും കാണുന്നത്.[33] 'രോഗശാന്തി നൽകിയും നന്മചെയ്തും കടന്നുപോയ ഈശോ.'[34]

രോഗം കർത്താവു നൽകുന്ന ശിക്ഷയായിട്ട് വിശുദ്ധ ശ്രീഹാ കാണുന്നു.[35] കുരുടന്റെ കണ്ണിനു കാഴ്ച നൽകിയപ്പോഴും കർത്താവു ഊന്നിപ്പറഞ്ഞത് ദൈവമഹത്വത്തെക്കുറിച്ചാണ്. പാപവും രോഗവും തമ്മിൽ ബന്ധമില്ലെന്നു പറഞ്ഞില്ല. രോഗശാന്തിക്കു പാപം ഏറ്റുപറയുകയും പ്രാർത്ഥനകൊണ്ടു പരസ്പരം സഹായിക്കുകയും വേണം.[36] രോഗികളും അവശ്യം മറ്റുള്ളവരേക്കാളും പാപികളായിരിക്കണമെന്നില്ല.[37] ഉദാ: ജോബ് രോഗത്തിലൂടെ ദൈവം നമ്മെ മെരുക്കുന്നു.[38] ദൈവം മനുഷ്യനെ വൃഥാ പീഡിപ്പിക്കുന്നില്ല. തങ്ങളെത്തന്നെ വിധിക്കുന്നവർക്കു ദൈവം ശിക്ഷ മാറിക്കൊടുക്കും.[39] മനുഷ്യന്റെ കുറവുകളെ കണ്ടുപിടിക്കുന്നതിനു രോഗം ഉപകാരപ്രദമാണ്.

ആത്മാവബോധം ഉണ്ടാകുന്നതിനുള്ള അവസരമാണു രോഗം. ദൈവത്തിന്റെ ആഗ്രഹം വിവേചിച്ചറിയുന്നതിനും ഓരോരുത്തരുടെ നില തിട്ടപ്പെടുത്തുന്ന

തിനും അതുപകരിക്കും. ഓരോരുത്തരുടേയും കാര്യങ്ങളും നടക്കാതെ വരുമ്പോഴാണല്ലോ പിറുപിറുക്കുന്നതു്. ദൈവത്തിന്റെ അഭിലാഷത്തെ ആരാഞ്ഞറിയാതെ, പെട്ടെന്നുള്ള രോഗശാന്തിക്കാണു നാം പരിശ്രമിക്കാറുള്ളതു്. ദൈവത്തിന്റെ ഉദ്ദേശ്യം സാധിക്കുന്നതുവരെ രോഗം നീണ്ടുനിൽക്കും. സുഭിക്ഷത്തിൽ ദൈവത്തെ സ്തുതിക്കുന്നതിനേക്കാളും, കഷ്ടതകളിലും ഞെരുക്കങ്ങളിലും ദൈവത്തെ സ്തുതിക്കുന്നതിനു് അവസരം നൽകുകയാണു രോഗത്തിന്റെ വിശുദ്ധീകരണ ലക്ഷ്യം. രോഗത്തിലും നമ്മെത്തന്നെ മറന്നു ദൈവത്തെ ലക്ഷ്യം വയ്ക്കുക എന്നതാണു കരണീയം.

സ്വാഭിലാഷങ്ങളും സ്വാർത്ഥതാത്പര്യങ്ങളും സ്വസ്നേഹവുമെല്ലാം രോഗത്തിലൂടെ നിവാരണം ചെയ്യേണ്ടവയാണു്. ആധ്യാത്മികജീവിതത്തിനു് വിലങ്ങുതടികളാണു മേൽപ്പറഞ്ഞവ. ശരീരത്തിനു് എന്തെങ്കിലും സംഭവിക്കുമോ എന്ന ഭയം സ്വാർത്ഥതാത്പരതയിൽ നിന്നാണു വരുന്നതു്. നമ്മെത്തന്നെ വിസ്മരിക്കുക എന്ന പാഠമാണു രോഗത്തിൽനിന്നു പഠിക്കേണ്ടതു്. ശാരീരികതാത്പര്യങ്ങളെ വെടിഞ്ഞു കർത്താവിന്റെ കാര്യങ്ങളിൽ ശ്രദ്ധയുണ്ടാകണം.

രോഗത്തിലൂടെയും ദൈവത്തിനു മനുഷ്യരോടു സംഭാഷിക്കുവാൻ സാധിക്കും. രോഗമോ രോഗശാന്തിയോ എന്തുമാകട്ടെ, പിതാവിന്റെ സ്നേഹമായിരിക്കണം നമ്മുടെ ചിന്താവിഷയം.

രോഗശാന്തിക്കു് ഔഷധങ്ങളും ഉപയോഗിക്കാം. എന്നാൽ, ദൈവാശ്രയം കൂടാതെ മനുഷ്യശക്തിയിൽ മാത്രമായിരിക്കരുതു് ആശ്രയം. സ്വാർത്ഥതത്പരതയാകരുതു് ലക്ഷ്യം. ശരീരത്തെ സംബന്ധിച്ചും ദൈവപരിപാലനയുണ്ടു്.[40]

രോഗത്തെ അതിൽത്തന്നെ സൗഭാഗ്യമായി ദൈവം കാണുന്നില്ല.[41]

മരണം നമ്മുടെ ശരീരത്തിൽ തന്നെയുണ്ട്. ജനനത്തോടെ അതു പ്രവർത്തിച്ചുതുടങ്ങും. മരണത്തെ അതിജീവിക്കാം.[42] മരണം നമ്മെ ഭരിക്കാം.[43] പാപത്തിൽനിന്നും മരണത്തിൽനിന്നും നമ്മെ സ്വതന്ത്രരാക്കാൻ ഈശോ മരിച്ചു.[44] ദൈത്യനിർവഹണശേഷം മരണം.[45]

മരണത്തെക്കുറിച്ചു ഭയം വേണ്ട. മരണം വേർപാടല്ല, ഉറക്കമാണ്. നശിപ്പിക്കുന്ന ഒന്നല്ല മരണം.[46] പകപതവന്നശേഷമാണ മരണത്തെ സമാശ്ലേഷിക്കുന്നതു്.[47] മരണത്തെ ഭയപ്പെടുകയും ഭയപ്പെട്ടു ജീവിക്കുകയും ചെയ്യുന്നതാണ പരാജയം. ഇതു ജീവിതത്തിലെ ജയിൽവാസമായിരിക്കും.[48] മരിക്കുകയെന്നതു ലാഭമായിട്ടു കാണണം.[49]

മരണത്തെ ആസ്വദിക്കാതെ രൂപാന്തരപ്പെടാൻ സാധ്യതയുണ്ട്.[50] കർത്താവിന്റെ ശരീരരക്തങ്ങളം സ്വീകരിക്കുന്നവർക്കു നാശമില്ല. മരിച്ചാലും ഉയിർപ്പു ലഭിക്കും.[51] ഈ ഭക്ഷണം നിത്യജീവന്റെ ഭക്ഷണമാണ്.[52] മിശിഹായിൽ വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യുന്നവൻ മരിച്ചാലും ജീവിക്കുന്നു.[53]

ജഡികാഭിലാഷങ്ങളംക്കനുസൃതം ജീവിക്കുമ്പോൾ ഒരുവൻ മരണത്തിന്റെ ദല്ലാളനായിട്ടാണ പ്രവർത്തിക്കുന്നതു്. വിശ്വാസമാണ്_വിശ്വാസാധിഷ്ഠിത ജീവിതമാണ്–ഈ മരണത്തെ ഓടിക്കുവാനുള്ള മാർഗ്ഗം.[54] ആകുലചിന്തമൂലം സാത്താന്റെ കെണിയിൽ വീഴാൻ ഒരിക്കലും ഇടയാക്കരുതു്. വിശുദ്ധരെ വഴി തെറ്റിക്കുവാനുള്ള ഉപായം അവനറിയാം. പാപത്തിനും ലോകത്തിനും പിശാചിനും മരണത്തിനുമെതിരെ യുദ്ധം ചെയ്യണം. രോഗം മരണത്തിനടിപ്പെടാനുള്ള സാഹചര്യമാകാതെ ദൈവശക്തിയുടെ പ്രകാശനത്തിനിടവരുത്തണം. ക്രിയാത്മകമായ വിശ്വാസവും നിരന്തര പ്രാർത്ഥനയും വഴി മരണത്തെ ധാർമ്മികമായി അതി

ജീവിക്കണം. അന്തിക്രിസ്തുവിന്റെ കൈണിയിൽപ്പെട്ട മാരകപാപം വരുത്തിവയ്ക്കാതിരിക്കണം.[55] ഇതിനുവേണ്ടതു മാംസത്തെ മലിനമാക്കാതിരിക്കുകയാണ്. അതായതു നമ്മുടെ ശരീരം പാപത്തിനു ദാസ്യവൃത്തി ചെയ്യരുതു്. ദൈവശക്തിയാൽ രൂപാന്തരപ്പെട്ടന്നതിനുള്ള അനുഗ്രഹത്തിനു വഴിപ്പെടണം; പൂർത്തിയാക്കുവാനുള്ള ധൈര്യം സധൈര്യം മരണത്തിനു മുമ്പു പൂർത്തിയാക്കണം. മാരകപാപം ചെയ്ത ഇസ്രായേൽ ജനത്തിന്റെ അനുഭവം വിസ്മരിക്കരുതു്.[56] മരണത്തെ വിജയം കീഴടക്കണം.[57]

ദീർഘായുസ്സു് മാതാപിതാക്കളെ ബഹുമാനിക്കുന്നതുവഴി ലഭിക്കും.[58] മിശിഹാ നീതീകരണത്തിന്റെ സൂര്യനാണു്.[59] അവിടുന്നുവഴി നമ്മുക്കു് അരുപി നൽകപ്പെടുമെന്നതിനു നമ്മുക്കുറപ്പുണ്ടു്.[60] വിശ്വാസംവഴി സ്വർഗ്ഗത്തിലേയ്ക്കു് എടുക്കപ്പെടും.[61] കാരണം വിശ്വാസത്തിന്റെ വിഷയമായിരിക്കുന്ന മിശിഹായിലാണു നാം വ്യാപരിക്കുന്നതു്. സ്വർഗ്ഗം നമ്മോടുകൂടിയുണ്ടു്. സ്വർഗ്ഗത്തിലേയ്ക്കു കടക്കുന്നതിനു, രോഗവും മരണവും വഴി ശരീരത്തിന്റെ പാപമറ നാം നീക്കിക്കളയണം. പാപനിവാരണപ്രക്രിയകളിലൂടെ നാം സ്വർഗ്ഗീയതലത്തിലേക്കു ഈ ലോകത്തിൽവച്ചുതന്നെ കടന്നുചെല്ലും.

സഹനവും ശരീരവും

ദീർഘകാലത്തെ വിശ്വാസപരമായ ജീവിതത്തിനുശേഷവും പാപത്തിൽതന്നെ കഴിയുന്നവരുണ്ടു്. ഇതിൽനിന്നുള്ള മോചനം എങ്ങനെ നേടാം? മിശിഹായ്ക്കുള്ളവർ തങ്ങളുടെ ശരീരത്തെ അതിന്റെ സകല ദുരാശകളോടും കൂടെ ക്രൂശിൽ തറയ്ക്കുകവഴി.[62]

നിരവധിയായ ജഡികപ്രേരണകൾക്കു വശംവദരായി, ജഡിക വ്യാപാരങ്ങളിൽ മുഴുകിയിരിക്കുന്ന കോറിന്തോസുകാരുടെ നില പരിശോധിച്ചശേഷം

ശ്രീഹാ പറയുന്നു, 'അതേസമയം ഇവരെല്ലാം ദൈവവചനം ആചരിക്കുന്നവരുമാണ്' എന്നു്. ഈ വൈരുദ്ധ്യം അവശേഷിക്കുന്നതിനു കാരണം കുരിശിലുള്ള ജീവിതത്തിന്റെ അഭാവമാണു്. മിശിഹായോടുകൂടി ക്രൂശിക്കപ്പെടുകയെന്നതാണു ശാരീരികാശുദ്ധികളിൽനിന്നുള്ള വിമോചനത്തിനാവശ്യകമായിരിക്കുന്നതു്.[63] മിശിഹായോടുകൂടിയുള്ള ക്രൂശിക്കൽ മിശിഹായുടെ ക്രൂശുമരണത്തിന്റെ രീതിയിലും ചൈതന്യത്തിലും നടക്കുന്നതാണു്. അതിന്റെ സ്വഭാവവും ഫലവും മിശിഹായുടെ കുരിശുമരണത്തിന്റേതു തന്നെയായിരിക്കും. അതിനാൽ ശരീരത്തെ ക്രൂശിക്കുന്നതു വഴിയുണ്ടാകുന്ന അനുഭവം ദൈവാനുഭവമാണു്. ദൈവം ചെയ്യുന്നതിനെക്കുറിച്ചുള്ള അറിവില്ലായ്മയും ഈ അജ്ഞതയ്ക്കനുസൃതം വർത്തിക്കുന്നതും മൂലമാണു്, ശരീരത്തിന്റെ ദുരാശകളെ ശമിപ്പിക്കാൻ സാധിക്കാതെ വരുന്നതു്. കുരിശിലെ ഭാഗഭാഗിത്വം മിശിഹാനുഭവത്തിലെത്തണം. കുരിശിലുള്ള ഭാഗഭാഗിത്വമാകട്ടെ പാപത്തിനു മരിച്ചു മിശിഹായ്ക്കുള്ള ജീവിതമാണു്.[64]

ദൈവം നമ്മുക്കുവേണ്ടി മിശിഹായിലൂടെ കുരിശിൽ ചെയ്തതുതന്നെയാണു്നാം ഇപ്പോഴും ചെയ്യേണ്ടതു്. ലൗകായതികമായതെല്ലാം മരണത്തിനു ഏൽപ്പിച്ചുകൊടുക്കണം.[65] ഇതു തന്നെയാണു ദൈവാനുഭൂതിയിലേയ്ക്കുള്ള വഴി. ഇതിന്റെ ഫലം ലോകത്തിനു മരിക്കലും നിത്യജീവനും. ഇതാണു് ദൈവം നമുക്കായി നേടിയതും. ലോകത്തിനും പാപത്തിനും മരിച്ചു മിശിഹായ്ക്കായി ജീവിക്കുന്നതിൽ മരണവും ദൈവാനുഭവവും ഉൾപ്പെടുന്നു. നമ്മുക്കുണ്ടാകേണ്ടതു മരണാനുഭവമല്ല, മറിച്ചു ജീവാനുഭവമാണു്. മരണത്തെ സംബന്ധിച്ചു പറഞ്ഞാൽ മിശിഹായുടെ മരണാനുഭവം നമുക്കും ഉണ്ടാകണം. ഏതു വിധ ജഡികാഭിലാഷങ്ങളിലും മേൽപ്പറഞ്ഞ അനുഭവം ഉണ്ടാകണം. ചുരുക്കത്തിൽ ഒരാളുടെ ആത്മാവിൽ അനുഭവപ്പെട്ട മരണമാണു് അവയവങ്ങളിലൂടെ പ്രകടിപ്പിക്കേണ്ടതു്. ഇതു് എല്ലാ പ്രവർത്തനങ്ങളേയും സ്വാധീ

നിക്കേണ്ടതാണ്. ശരീരത്തിന്റെ പ്രവൃത്തികളെ മരണത്തിനു വിട്ടുകൊടുക്കണം.[66] ശരീരത്തെ മിശിഹായോടുകൂടി ക്രൂശിക്കുന്നതിനു പരിശുദ്ധാത്മാവു പ്രചോദനംനൽകുന്നു.[67] ചേതനയാണു നയിക്കേണ്ടതു്, ജഡമല്ല.[68]

മാംസത്തിന്റേയും പാപത്തിന്റേയും നിയമം എന്നും ദൃശ്യമായിരിക്കും.[69] കർത്താവിന്റെ ആഗമനം വരെ ശരീരത്തിന്റെ ശക്തി പ്രബലപ്പെട്ടുകൊണ്ടിരിക്കും എന്നതുകൊണ്ടു നിരന്തര ജാഗരൂകത ആവശ്യകമാണു്.[70] ശരീരത്തോടുകൂടി ഇരിക്കുന്നിടത്തോളം കാലം ശാരീരികസ്വഭാവം പ്രവർത്തനത്തിലും വരും.[71] അതുകൊണ്ടു കുരിശുനിരന്തരാനുഭവമായിരിക്കണം. ശരീരത്തിൽനിന്നു ജനിച്ചതെല്ലാം ശാരീരികമായിരിക്കുമല്ലോ.[72] നമ്മുടെ ശരീരത്തെ പൂർണ്ണമായും കർത്താവിനു വിധേയമാക്കുമ്പോഴും മാത്രമേ ശരീരത്തെ നിയന്ത്രണത്തിലാക്കാൻ സാധിക്കൂ.[73] നിരന്തരമായ അഭ്യസനത്തിന്റേയും ജാഗരൂകതയുടെയും ഫലമായി മിശിഹായുടെ കുരിശു മനുഷ്യജീവിതത്തിൽ അനാവരണം ചെയ്യപ്പെടുമ്പോഴും ശരീരം അതിന്റെ നേരായ ചലർച്ചയിലൂടെ മുന്നേറും. ഇതാണു മിശിഹായിലുള്ള ജീവിതം. ഇതു് ഒരു വിധത്തിൽ ശരീരത്തിന്റെ നിരന്തരമായ സഹനവും ആത്മാവിന്റെ ജീവനമായിരിക്കും. ബോധപൂർവമായ ശാരീരികസഹനത്തിനു തപസ്സും പ്രായശ്ചിത്തവും സർവ്വോപരി ജീവിതത്തിന്റെ ക്ലേശാനുഭവവും ആവശ്യകമാണു്. മിശിഹായുടെ സഹനത്തിന്റെ പോരായ്മ നമ്മുടെ ശരീരത്തിൽ പരിഹരിക്കാനായി നീക്കിവച്ചിരിക്കയാണു്.[74]

അധ്യായം 7

ആത്മാവബോധം

1. മനുഷ്യജീവൻ (Human Life)

1തെസലോനിക്കാ 5:25 ൽ വി. ശ്രീഹാ പറഞ്ഞിരിക്കുന്ന 'ആത്മാവും ജീവനും ശരീരവും' എന്ന പ്രയോഗത്തിൽ ജീവൻ എന്ന പദമാണ് നാം ഇവിടെ ഉദ്ദേശിക്കുന്നതും വിവരിക്കുന്നതും.[1] കൂടാതെ എബ്രായർക്കുള്ള ലേഖനത്തിലും ഈ രീതിയിലുള്ള വിഭജനം കാണുന്നുണ്ട്.[2] സൃഷ്ടിയുടെ പുസ്തകത്തിൽ മനുഷ്യൻ ജീവനുള്ള ആത്മാവായി ജീവനുള്ളവനായിത്തീർന്നു എന്നു പറയുന്നുണ്ട്.[3] ദൈവം ചേതനത്തെ ശരീരവുമായി യോജിപ്പിച്ചപ്പോഴാണ് ആത്മാവ്—പ്രാണൻ രൂപംകൊണ്ടത്. ആത്മാവാണ് ജീവൻ നല്കുന്നത്.[4] സൃഷ്ടിയിലൂടെ കർത്താവിൽനിന്നാണ് മേല്പറഞ്ഞതു സംഭവിച്ചതു്. ഈ ആത്മാവു് പരിശുദ്ധാത്മാവല്ല. ഇവിടെ നമുക്കു ലഭിക്കുന്നതു് നിത്യമായ ദൈവികജീവനല്ല, മറിച്ചു് ജീവന്റെ വൃക്ഷം സൂചിപ്പിക്കുന്ന താല്ക്കാലിക ദൈവിക ജീവനാണ്. 'ജീവനുള്ള ആത്മാവു്' എന്ന പ്രയോഗമാണ് ഇവിടെ നമ്മുടെ ചിന്താവിഷയം. മനുഷ്യശരീരത്തിന്റെ ജീവദായകമായ കഴിവു് ആണ് ആത്മാവു് (Soul). മനുഷ്യനെ സംബന്ധിച്ചു് ചേതനയും ശരീരവും ആത്മാവിൽ പൂർണ്ണമായി ലയിച്ചിരിക്കുന്നു. ആത്മാവും ശരീരവും ഒന്നുചേരുന്നതു് ചേതനയിലാണ്. മനുഷ്യന്റെ വീഴ്ചയ്ക്കുമുമ്പു മനുഷ്യൻ നിരന്തരമായി മേൽപറഞ്ഞ പ്രക്രിയകളെക്കുറിച്ചു് അത്ര ശ്രദ്ധിച്ചിരുന്നില്ല. കാരണം, അവയുടെ പരിപൂർണ്ണമായ സംയോജ്യതയിലാണ് അവൻ കഴിഞ്ഞുകൊണ്ടിരുന്നതു്. ഈ പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്ന ആത്മാവു് (Soul) വ്യക്തിത്വനിർണയഘടകമാണ്.

മനുഷ്യൻ ജീവനുള്ള ആത്മാവാണെങ്കിൽ അവനു് അതു ദൈവം തന്റെ പ്രത്യേക പരിലാളനയിൽ നൽകിയതാണു്. മാലാഖമാർ അരൂപികളും മാത്രമാണു്. മനുഷ്യനെ അവന്റെ ആത്മീയവ്യക്തിത്വം സ്വാതന്ത്ര്യത്തിൽ എത്തിച്ചു വികസനസാധ്യത കൊടുത്തു. ആത്മാവു് മനുഷ്യന്റെ വ്യക്തിത്വത്തെ കാണിക്കുന്നുവെങ്കിൽ അതവന്റെ അഹമാണു് (ego);ബുദ്ധി അതിന്റെ ഒരു കഴിവും.

പാപത്തിനുമുമ്പു് ആത്മാവു വഴി മനുഷ്യനെ ചേതന നയിച്ചിരുന്നു. [5] ബുദ്ധിക്കു പുറമേ ആത്മാവിനുള്ള കഴിവുകളാണു് ഇച്ഛയും വികാരങ്ങളും. മനുഷ്യൻ അരൂപിലോകത്തോടോ, ബാഹ്യലോകത്തോടോ, ഏതിനോടാണു് ബന്ധം പുലർത്തേണ്ടതെന്നു് വിവേചിക്കുന്നതു് ആത്മാവാണു്. ചേതനയുടെ നിയന്ത്രണത്തെ അവഗണിച്ചു പ്രവർത്തിക്കാനും ആത്മാവിനു സാധിക്കും. അപ്പോഴും ചേതന ബലഹീനമാകാം. മനുഷ്യനുള്ള സ്വാതന്ത്ര്യവും തദനുസാരമുള്ള പ്രവൃത്തിയും ഇതിൽനിന്നാണു വരുന്നതു്. തീരുമാനത്തിനുതകുന്ന ശക്തി ആത്മാവിനുള്ളതുകൊണ്ടു് ദൈവത്തെ ശ്രവിക്കാതെ സ്വാദിഷ്ടം പ്രവർത്തിച്ചു തിന്മയെ സമാശ്ലേഷിക്കാനും ആത്മാവിനു കഴിവുണ്ടു്.

മനുഷ്യനെ ആത്മാവെന്നു വിളിക്കത്തക്കവണ്ണം അതു അത്ഥസമ്പുഷ്ടമാണു് ആ പദം. [6] വ്യക്തിത്വത്തിന്റെ ഇരിപ്പിടമാണല്ലോ ആത്മാവു്. തീരുമാനമെടുക്കുന്നതിനുള്ള ഇച്ഛാശക്തിയും, മാനസിക കഴിവുകളും വികാരങ്ങളും യോജിപ്പിലായിരിക്കുമ്പോഴും ആത്മാവു് സമ്പൂർണശക്തിയായിത്തീരുന്നു. ഇച്ഛാശക്തി എന്നു പറയുന്നതു് വേണമെന്നും വേണ്ടെന്നും വയ്ക്കുന്നതിനുള്ള ശക്തിയാണു്. ചിന്തയുടേയും ബുദ്ധിയുടേയും കഴിവാണു് മനസ്സു്. വിജ്ഞാനം, അറിവു്, യുക്തി തുടങ്ങിയവ മനസ്സിൽനിന്നു വരുന്നു. ഇഷ്ടാനിഷ്ടങ്ങൾ വരുന്നതു് വികാരങ്ങളിൽനിന്നാണു്. സ്നേഹവും, വിദ്വേഷവും, സന്തോഷവും, കോപവും, ദുഃ

ഖവും, സൗഭാഗ്യവും എല്ലാം വികാരങ്ങളുടെ പ്രകടനങ്ങളാണ്. [7]

2. ആത്മാവബോധം (Intellect)

മനുഷ്യനിലുള്ള ബോധമണ്ഡലമാണ് ആത്മാവ്, ഇതുതന്നെയാണ് ആത്മാവബോധം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു്. ശരീരത്തിനു ജീവൻ നൽകുന്ന ഈ ആത്മാവാണ്, മനുഷ്യനിൽ സജീവഘടകമായി നില്ക്കുന്നതു്. മനുഷ്യർക്കും മറ്റെല്ലാ ജീവികൾക്കും പൊതുവിൽ ഉള്ള ജീവനാണ് ആത്മാവു്. [8] ഒരാൾ വീണ്ടും ആത്മാവിനാൽ ജനിക്കുന്നതിനുമുമ്പുള്ള മനുഷ്യജീവനാണിതു്. ഗ്രീക്കു നിഘണ്ടുവിൽ Psuche എന്നതിനുള്ള അർത്ഥം 'മൃഗജീവൻ' എന്നാണ്. ഇതു സൃഷ്ടിതലത്തിലും സ്വാഭാവികതലത്തിലും ഉൾപ്പെടുന്നു. ഈ ജീവിതത്തിൽ സ്വാഭാവികപൂർണ്ണത കൈവരിക്കുന്നതിനു സാധ്യതയുണ്ട്. നന്മയിലും സ്നേഹത്തിലും വിനയത്തിലും പ്രശോഭിക്കാനും അതു് ഒരാളെ ശക്തനാക്കുന്നു.

ഓരോ വ്യക്തിയും മറ്റൊരാളിൽനിന്നു് ആത്മാവബോധത്തിലും തജ്ജന്യമായ പ്രവർത്തനത്തിലും വ്യത്യാസപ്പെട്ടിരിക്കും. വ്യക്തിത്വവൈവിദ്ധ്യം ഇവിടെയാണ് സംജാതമാകുന്നതു്. ആത്മാവിൽ ജനിച്ചതിനുശേഷവും സ്ഥിതി ഇതുതന്നെയായിരിക്കും. ആത്മാവബോധം ഉൾക്കാഴ്ചയിൽ കുടിവാഴും. അവരുടെ വിശ്വാസം ഈ തലത്തിൽ പുരോഗമിക്കും. വേദപുസ്തകസംബന്ധമായിട്ടാണെങ്കിലും അറിവിനും യുക്തിക്കും ന്യായത്തിനും മുൻതൂക്കം നല്കുക എന്നതാണ് ആത്മാവബോധത്തിന്റെ സ്വഭാവം. ചേതനയുടെ അനുഭവം ഇവർക്കു കുറഞ്ഞിരിക്കും. കേവലം മാനസികമായ അറിവുപോലും അനുഭവപരം ആണ് എന്നവർ തെറ്റായി വിശ്വസിക്കുന്നു. സത്യം ഗ്രഹിക്കുവാനുള്ള പ്രക്രിയയിൽ തെറ്റിദ്ധാരണമൂലം തെറ്റായ നീതീകരണത്തിന്റെ അവസ്ഥ ഉണ്ടാകാം. പക്ഷേ ഇതെല്ലാം വെറും സ്വാഭാവികതലത്തിൽ നില്ക്കുന്നുവെന്നു മാത്രം.

തിന്മയുടെ ശക്തികളും ഇപ്രകാരമുള്ള ആത്മാവബോധത്തിൽ പ്രവർത്തിക്കാൻ എളുപ്പമുണ്ട്. ഇതുവഴി ഇങ്ങനെയുള്ളവരുടെ ചിന്ത പതറുന്നു, ആശയം ഇടറുന്നു., വിഷയം മാറുന്നു, വേദപുസ്തകവായനയിൽപ്പോലും മനസ്സു ചുറ്റിക്കറങ്ങുന്നു. അനുഭവത്തിനും ഐന്ദ്രിയാനുഭൂതിക്കും കൂടുതൽ വശഗകരാണീക്കൂട്ടർ. ഇവർ മനുഷ്യരുടെ സ്നേഹം അനഭിലഷണീയമായി ആഗ്രഹിക്കും. സ്നേഹം കിട്ടുകയില്ല എന്നു തോന്നിയാൽ കോപവും തകർച്ചയുമാണു് അനന്തരഫലങ്ങൾ.

ആത്മാവബോധത്തിൽ ജീവിക്കുന്നവരെ ദൈവം ചിലപ്പോൾ തന്റെ അനുഗ്രഹങ്ങൾ നല്കി പ്രകാശിപ്പിക്കാറുണ്ട്. പക്ഷേ അതും അവർ തങ്ങളുടെ സവിശേഷതയായി പരിഗണിച്ചു് മറ്റുള്ളവരെക്കാൾ തങ്ങൾ ഉൽകൃഷ്ടരാണെന്നു ഭാവിച്ചു സ്വയം സംതൃപ്തി അടയുന്നു. എന്നാൽ വീണ്ടും വീണ്ടും അനുഗ്രഹങ്ങൾ നല്കിയും അവ പിൻവലിച്ചും ദൈവം ഇവരെ സഹായിക്കും. പക്ഷേ സ്വാഭാവികതലത്തിൽതന്നെ കിടന്നു കറങ്ങാനാണു് ഇവർ ഇഷ്ടപ്പെടുന്നതു്. കലകളിലും അതുപോലുള്ള മറ്റു് ഭൗതികമായവയിലുമൊക്കെയായിരിക്കും ഇവരുടെ താത്പര്യം നിക്ഷിപ്തമായിരിക്കുന്നതു്. പ്രകൃതിയോടു ചേർന്നുപോകാനുള്ള വഴി ഇവരുടെ ബുദ്ധി കാണിച്ചുകൊടുക്കുന്നതിനാൽ ആത്മപ്രശംസയിലും സ്വയ ന്യായീകരണത്തിലും ഇവർ നിപതിക്കുവാൻ കൂടുതൽ സാധ്യതയുണ്ട്. തങ്ങളിൽതന്നെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ടു് ഇവരിൽ ക്രമേണ അഹംഭാവം നിഴലിക്കും. ദൈവത്തിൽനിന്നു സഹായം ലഭിക്കുകയും സ്വന്തം സ്ഥിതി ദയനീയമാണെന്നറിയുകയും ചെയ്താലും യഥാർത്ഥത്തിൽ എളിമപ്പെടുന്നതിനോ തിരുത്തലുകൾ സ്വീകരിക്കുന്നതിനോ ഇവർ മനസ്സാകുകയില്ല. എല്ലാ കാര്യങ്ങളിലും നല്ലവരായി ഉന്നതനിലവാരത്തിൽ പ്രത്യക്ഷപ്പെടുന്നതിൽ വ്യഗ്രതകൊള്ളും ഇക്കൂട്ടർ.

ദൈവത്തിന്റെ ക്രമീകരണങ്ങൾക്ക് ഇവർ വിധേയരാകുന്നില്ല. അതേസമയം സ്വാഭിഷ്ടമനുസരിച്ചുള്ള പ്രവർത്തനങ്ങളിലും വിവിധ സംരംഭങ്ങളിലും തീക്ഷ്ണതയോടെ സജീവമായി പങ്കെടുക്കും. ദൈവചിത്തം കാത്തിരിക്കാൻ ക്ഷമയില്ലാതെ ഇവർ തങ്ങളുടെ വഴിക്കു മുന്നേറുന്നു. ചുരുക്കത്തിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ വികാരങ്ങളിലായിരിക്കും നയിക്കപ്പെടുക. മറ്റുള്ളവരുടെ കുറവുകൾ പെട്ടെന്നു കണ്ടുപിടിക്കും. തങ്ങൾ എല്ലാവരേയുംകാൾ ഉന്നതരാണെന്ന് ഭാവിക്കുകയും ചെയ്യും. സ്വയം പ്രേരിതമായ ചിന്തയിലൂടെയും ബോധത്തിലൂടെയും മുന്നേറുന്നു. തിടുക്കത്തിലുള്ള ചിന്തയും തീരുമാനവുമാണ് ഇവരുടെ മുഖമുദ്ര. ഇവർ ദൈവത്തിന്റെ ഇംഗിതം ആരായുന്നില്ല. അതുപോലെതന്നെ പ്രാർത്ഥനയിൽ വിമുഖരാണവർ. കർത്താവിനു് എന്നതിനേക്കാൾ ആദർശത്തിനു് മുൻതൂക്കം നല്കുന്നതായിരിക്കും ഇവരുടെ ക്ലാസ്സുകളും പ്രബോധനങ്ങളും. ഇവർ ഉന്നതമായ ഭാഷാശൈലിയും പ്രയോഗങ്ങളും കൈവശമാക്കും. കേൾവിക്കാരുടെ ആവശ്യം അന്വേഷിച്ചറിയാതെ, ദൈവസമക്ഷം വിവേചന നടത്താതെ എന്തും പറയുന്നതും ഇങ്ങനെയുള്ളവരുടെ ലക്ഷണമാണു്. സ്വാഭാവികതയുടെ വളർച്ച ആത്മാവിന്റെ തലത്തിലേയ്ക്കു വ്യാപിക്കുന്നില്ല എന്നതാണു് ഇതിനെല്ലാം കാരണം.

3. മനുഷ്യമനസ്സു്

ചിന്തയുടെ കഴിവാണു് മനസ്സു്. അറിയുക, വിചാരിക്കുക, അനുസ്മരിക്കുക, ഗ്രഹിക്കുക തുടങ്ങിയവയെല്ലാം മനസ്സു് നിർവഹിക്കുന്നു. ബുദ്ധി, യുക്തി, വിജ്ഞാനം, സാമർത്ഥ്യം തുടങ്ങിയവയും മനസ്സിനോടു് ബന്ധപ്പെട്ടിരിക്കുന്നു, വ്യാപകാർത്ഥത്തിൽ തലച്ചോറിനു മനസ്സെന്നു പറയാം. ശാരീരികാവയവമാണു് തലച്ചോറെങ്കിൽ, മനശ്ശാസ്ത്രപരമായ ഒരു പദമാണു

മനസ്സ്. മനുഷ്യപ്രവർത്തനങ്ങളെ വളരെയധികം സഹായിക്കുന്ന ഒരു ഘടകമാണ് മനുഷ്യമനസ്സ്.

മനുഷ്യമനസ്സിനെ എപ്രകാരം പരിശീലിപ്പിക്കുന്നുവോ അതനുസരിച്ചാണ് വ്യക്തിത്വസമഗ്രത ഒരാൾ കൈവരിക്കുന്നത്. ഈ മനസ്സിനെ പിടിച്ചടക്കുന്നതിനാണ് ശത്രുനിരയും പരിശ്രമിക്കുന്നത്. ആധ്യാത്മികസമരം ലൗകികതലത്തിലല്ല, അതു മാനസികതലത്തിലാണ്.[9]

ദൈവികേച്ഛയാൽ നയിക്കപ്പെടുന്നതിനുമുമ്പ്, ആത്മാവിനാലും, ജലത്താലും, വീണ്ടും ജനിക്കുന്നതിനുമുമ്പ്, മനുഷ്യമനസ്സ ലൗകികശക്തിയാൽ നയിക്കപ്പെടുന്നു. നന്മതിന്മകളും തമ്മിലുള്ള സമരത്തിന്റെ രംഗമായിത്തീരുന്നത് മാനസിക മേഖലയും തുടർന്നു വൈകാരികതലവും ആണ്.[10] യുക്തിയുടെയും വിജ്ഞാനത്തിന്റെയും പശ്ചാത്തലത്തിൽ ചിലർ കൂടുതൽ പ്രഗത്ഭരെന്നു സ്വയം അഭിമാനിക്കുന്നു. ഇതും മാനസികതലത്തിലുള്ള വൈകല്യംതന്നെ. ഈ നിലയിൽ മനുഷ്യമനസ്സ് സാത്താനു കീഴ്പ്പെടുന്നു.[11] ഇക്കാര്യത്തിൽ ആവശ്യകമായ മാനസാന്തരം മനസ്സിൽ നടക്കേണ്ടതാണ്. ഇതു നടക്കുന്നില്ലെങ്കിൽ മനസ്സ് നന്മ എന്നതിനെക്കാൾ നിരവധി തിന്മകളാൽ നിറഞ്ഞതായിരിക്കും. ശാരീരിക ബലഹീനതയേക്കാൾ ഗുരുതരമായി പരിഗണിക്കേണ്ടതു മനസിക വികല്പത്തെയാണ്. ശരിയായ അടിസ്ഥാന കാരണങ്ങൾ കൂടാതെ സംഭവിക്കുന്ന പലതും മാനുഷിക ബലഹീനതയുടെ ലക്ഷണങ്ങളാണ്. ഇവിടെ മനസ്സിനെ നിയന്ത്രിക്കുന്നതു വ്യക്തിതന്നെയോ, ദൈവമോ? ഇവ രണ്ടും തകർച്ചയുള്ളാതെ ഉന്നമനത്തിനു ഇടവരുത്തുകയില്ല. അതിനാൽ തിന്മയുടെ ശക്തിയാണ് ഈവകകാര്യങ്ങളിൽ മനസ്സിനെ നയിക്കുന്നതു.

പൊട്ടന്നനവെ ഉണ്ടാകുന്നതും അസ്വസ്ഥതയുളവാക്കുന്നതുമായ ചിന്ത ദൃഷ്ടാന്തരൂപിയിൽ നിന്നാണ്.

ാഹാത്രപിയുടെ സ്വാധീനത്തിന്റെ ശക്തിയാൽ മറവി, ശ്രദ്ധാരാഹിത്യം, നിഷ്ക്രിയത്വം, ചാഞ്ചല്യം അമിതസംസാരം, പിടിവാശി, ദുഷ്ടനിലയിൽ വിജ്യംഭേ തുടങ്ങിയ നിരവധി അനുഭ്രതികളിൽ വ്യക്തി നിപതിക്കുന്നു. ഇതിൽനിന്നുള്ള വിമോചനം ശരിയായ മാനസിക പ്രവർത്തനത്തിനും വിജയത്തിനും ആവശ്യകമാണു്.

സാത്താന്റെ പിടിയിലമരുന്ന മനസ്സു് ഉദ്ദേശിക്കുന്നതു്, വികലമായ സ്വാഭാവികാന്ധകാരസ്ഥിതിയെയാണു്. സ്വാഭാവികമായതുകൊണ്ടു് അതിനെ ന്യായീകരിക്കുവാൻ പ്രവണത ഏതൊരു വ്യക്തിയിലുമുണ്ടാകാം. ഈ തെറ്റു് അപകടവ്യക്തിത്വത്തെയാണു വിളിച്ചറിയിക്കുന്നതു്. പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാരുടേയും താത്വികരുടേയും മനശ്ശാസ്ത്രവിദഗ്ദ്ധന്മാരുടേയും വിശ്വനേതാക്കളുടേയും ഇടയിൽ മേല്പറഞ്ഞതിനുദാഹരണങ്ങളം കണാം. ഇവർ ബുദ്ധിരാക്ഷസന്മാരാണെങ്കിലും മാനസികസംസ്കരണംവഴി ഉൽകൃഷ്ടമായ ഒരു ജീവിതരീതിയിലേക്കു കടക്കാൻ അവർക്കു് സാധിച്ചിട്ടില്ല. ആത്മാവബോധത്തിന്റെ സ്വാഭാവികാന്ധകാരത്തെ നീക്കിയാൽ മാത്രമെ ഉയന്ന തലത്തിലേക്കു കടക്കാനാവൂ. ഇതു സാധിക്കുക എന്നതാണു് ആധ്യാത്മികീകരണം. വ്യക്തിതലത്തിൽ ആത്മാവിനു വിധേയമായ മനസ്സിന്റെ ഉറച്ച തീരുമാനം ദൈവികവെളിച്ചത്താൽ പ്രകാശിതമാകുമ്പോഴം മേല്പറഞ്ഞതു സംജാതമാകും.

4. ഇച്ഛാനിർണ്ണയം

തീരുമാനമെടുക്കുന്നതിനുള്ള ശക്തിയാണു്, കഴിവാണു്, അവയവമാണു് മനുഷ്യേച്ഛ (Man's will)എന്തെങ്കിലും ഒന്നു് ആവശ്യമുണ്ടോ ഇല്ലയോ ചെയ്യണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതു് ഇച്ഛാശക്തിയുടെ പ്രവർത്തനമാണു്.

മനുഷ്യന്റെ ഇച്ഛയെ (Will) അയാളുടെ അഹം ആയി (Self) പരിഗണിക്കാവുന്നതാണ്. ഞാൻ ഇച്ഛിക്കുന്നുവെന്നു പറയുമ്പോഴും വ്യക്തി മനസ്സാകുന്നു എന്ന ആശയമാണ് അതു് ഉൾക്കൊള്ളുന്നതു്. വ്യക്തി മുഴുവനുംവേണ്ടിയുള്ള തീരുമാനമാണ് ഇതു്. വികാരങ്ങളും നമ്മുക്ക് എന്തെങ്കിലുമൊക്കെ ചെയ്യുവാൻ കാണിക്കുമ്പോഴും മനസ്സ് എന്തു ചിന്തിക്കുന്നുവെന്നു പറയുമ്പോഴും നാം എന്തു് ആവശ്യപ്പെടുന്നു എന്നാണ് ഇച്ഛാശക്തി കാണിക്കുന്നതു്. ഒരു വ്യക്തിയുടെ കൂടുതൽ നിർണ്ണായകമായ സ്വാധീനഘടകമാണ് ഇച്ഛാശക്തി. അതിനാൽ അധ്യാത്മിക സമഗ്രത കൈവരിക്കുവാൻ ആഗ്രഹിക്കുന്നവർ ഇച്ഛാശക്തിയുടെ പരിശീലനത്തെ കാര്യമായി പരിഗണിക്കുന്നു.

വൈകാരികവും ബൗദ്ധികവുമായ ഘടകങ്ങളും ആധ്യാത്മികതയ്ക്ക് ആവശ്യകമാണെങ്കിലും ദൈവിക മനസ്സിനു പൂർണ്ണമായി വിധേയമാകുന്ന മനുഷ്യന്റെ ഇച്ഛയ്ക്കാണ് അതുല്യപ്രാധാന്യമുള്ളതു്. ദൈവിക തീരുമാനത്തെ സ്വതന്ത്രമായും ബോധപൂർവകമായും അംഗീകരിക്കുന്നതു് ഇച്ഛാശക്തിയുടെ പ്രവൃത്തിയാൽ ആയിരിക്കണം. മനുഷ്യനു് ആവശ്യകമായിരിക്കുന്നതു് തെരഞ്ഞെടുക്കുന്നതിനുള്ള സാധ്യതയാണ് ഇച്ഛാസ്വാതന്ത്ര്യം. ഇതിൽനിന്നാണ് ഉത്തരവാദിത്വം ഉളവാകുന്നതു്. ദൈവം ചില സംഗതികൾ ആദിമാതാപിതാക്കന്മാർക്കു മുടക്കിയിരുന്നെങ്കിലും സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ബാഹ്യശക്തി പ്രയോഗിച്ചില്ല അങ്ങനെ ചെയ്തതു്.[12] ദൈവം നിശ്ചയിച്ചതു് തന്നെ അനുസരിക്കുക എന്നതു് മനുഷ്യന്റെ പൂർണ്ണ സ്വാതന്ത്ര്യത്തിൽ ചെയ്യപ്പെടണമെന്നാണ്.

പരിശുദ്ധവും പരിപൂർണ്ണവുമായ ദൈവചിത്തത്തിനും, വികലവും വിപരീതവുമായ തിന്മയുടെ ചിത്തത്തിനും മധ്യേ സ്വതന്ത്രവും ഉൽകൃഷ്ടവുമായ മനുഷ്യസ്വാതന്ത്ര്യം നിലകൊള്ളുന്നു. ഇതിൽ ഏതിനെ അനുധാവനം ചെയ്യുന്നുവോ അതിനനുസരിച്ചു് മനുഷ്യ

ന്ന് ഉയർച്ചയോ തകർച്ചയോ സംഭവിക്കുന്നു. ഉഷ്ടാത്മാവിന്റെ വികലവും വിപരീതവുമായ ഇഷ്ടത്തിന വിധേയനായാൽ തകർച്ചയും ജഡികതയും ഭരണം നടത്തും.[13] ഇച്ഛരിക്കുന്നതിനും അതു പ്രകാശിപ്പിക്കുന്നതിനും മനുഷ്യൻ മനസ്സാകുമ്പോഴാണു രക്ഷ സംജാതമാകുന്നതു്.[14] ആരും നശിക്കണമെന്നു് ദൈവം ആഗ്രഹിക്കുന്നില്ല.[15]

ദൈവം സ്വാഭാവികമായും മനുഷ്യനിൽനിന്നു് ഇച്ഛിക്കുന്നതു് അവന്റെ ഉയർച്ചയാണു്. ഈ ഉയർച്ചയ്ക്കു നല്കുന്ന ബാഹ്യചര്യങ്ങളെ മനുഷ്യൻ തന്റെ ഭാഗികനന്മയ്ക്കായി ഉപയോഗിക്കുന്നതും സമഗ്രനന്മയ്ക്കായി ഉപയോഗിക്കുന്നതുമെല്ലാം അവന്റെ ഇച്ഛാശക്തിവഴിയാണു്. ഇച്ഛയുടെ സമ്യക്കായുള്ള പ്രവത്തനം ഒരാളെ ഇച്ഛയുമായി താദാത്മ്യപ്പെടുത്തുന്നു് 'ഞാൻ മനസ്സാകുന്നു' എന്നൊരാശം പറഞ്ഞാൽ എന്റെ ഇച്ഛയിലൂടെ ഞാൻ എന്നെത്തന്നെ അവതരിപ്പിക്കുന്നു' എന്നാണു് അതിന്റെ സാരം. വികാരങ്ങളാൽ ഭരിക്കപ്പെടാതെ, വികാരങ്ങളെ ഭരിച്ചു നേർവഴിക്കു തിരിച്ചുവിടുന്ന ഇച്ഛയും തജ്ജന്യമായ പ്രവർത്തനവുമാണു് വ്യക്തിത്വവികാസത്തിനു് ഉതകുന്നതു്.

5. വികാരങ്ങൾ

പാപത്തിൽനിന്നു വിമുക്തനായ ഒരാശംക്കു് സ്വാഭാവിക ജീവിതത്തെ അതിന്റെ കെടുതികളിൽനിന്നു മുക്തമാക്കുവാൻ സാധിച്ചില്ലെന്നുവരും. ഇതു് അയാളുടെ വൈകാരിക ജീവിതത്തെ ആശ്രയിച്ചു നില്ക്കുന്നു. മനസ്സിനേയും ഇച്ഛയേയും കാശം കൂടുതൽ വ്യാപകമായി മനുഷ്യനിൽ പ്രവർത്തിക്കുന്ന ഘടകമാണു വികാരം. മാനുഷിക ജീവിതത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്ന ഒരു ശക്തിയാണു വികാരം. ഇതു് നിരവധിയായ അനുഭവങ്ങളാണു് മനുഷ്യനിൽ ഉളവാക്കുന്നതു്; സന്തോഷം, ആനന്ദം, സമാധാനം, ഉന്മേഷം, ഉണർവു്. ദുഃഖം, സങ്കടം, മ്ലാനത, ദുരിതം, വിലാപം, നിസ്സഹായത, തകർച്ച, ആശങ്ക, സംശയം,

തീക്ഷ്ണത, മന്ദത, സ്നേഹം, പ്രചോദനം, ഭീരുത്വം, അനുകമ്പ, ദയ, വിദ്വേഷം, ഇഷ്ടം, താല്പര്യം, പ്രതീക്ഷ, അഹങ്കാരം തുടങ്ങിയവയെല്ലാം, ചിന്തയുടേയും ഇച്ഛയുടേയും ഇവയോട് ബന്ധപ്പെട്ടുള്ള മറ്റു പ്രവർത്തനങ്ങളുടേയും കാര്യം ഒഴിച്ചാൽ ബാക്കിയെല്ലാം വികാരങ്ങളിൽനിന്നു് ഉരുത്തിരിയുന്നു. ജഡിക ക്രൈസ്തവന്റെ മനുഷ്യന്റെ ജീവിതം കൂടുതലായും വൈകാരിക തലത്തിലാണു്. വികാരങ്ങൾ പലപ്പോഴും സമ്മിശ്രങ്ങളായതുകൊണ്ടു് പ്രധാനമായ മൂന്നു വികാരങ്ങളിലൂടെ അവയെ കാണാം. 1) സ്നേഹം 2) ആഗ്രഹം 3) അനുഭവം. ഇവ മൂന്നിലും ഒരാൾ കൈവരിക്കുന്ന വിജയം വ്യക്തിത്വസമഗ്രതയ്ക്കുപകരിക്കുന്നതാണു്.

മനുഷ്യന്റെ വികാരങ്ങളെല്ലാം വിവിധങ്ങളായ അനുഭൂതികളുടെ സ്വാഭാവിക നിദർശനങ്ങളാണു്. എന്തെല്ലാം വികാരങ്ങൾ ഏതെല്ലാം വിപരീത സാഹചര്യങ്ങളിലുണ്ടായാലും അവയെല്ലാം ഒരാൾക്കുതന്നെ അനുഭവപ്പെടുന്നവയാണല്ലോ. അനുഭവവ്യതിയാനമനുസരിച്ചു വികാരവും മാറുന്നു. വികാരങ്ങൾക്കടിമപ്പെട്ടു ജീവിക്കുന്നവനു തത്വമനുസരിച്ചു ജീവിക്കുവാൻ വിഷമമാണു്. നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന വൈകാരികാനുഭൂതിയെ ആശ്രയിച്ചാണു് ഒരാളുടെ ജീവിതം നീങ്ങുന്നതു്. അതുകൊണ്ടു് ആത്മാവിനാൽ നയിക്കപ്പെടേണ്ട ക്രൈസ്തവൻ സ്വവികാരങ്ങളെ വേണ്ടവണ്ണം ഗ്രഹിച്ചു നിയന്ത്രിക്കുക ആവശ്യകമാണു്.

വികാരം മിക്കപ്പോഴും ബാഹ്യപ്രചോദനംവഴി ഉണ്ടാകുന്നതാണു്. ഉദാ: മനോഹരമായ പ്രകൃതിദൃശ്യം ഒരാളിൽ ആനന്ദം ഉളവാക്കുന്നു, പ്രിയപ്പെട്ട ഒരു വ്യക്തിയുമായുള്ള കൂടിക്കാഴ്ച ഒരുവനിൽ സന്തോഷാനുഭൂതി ഉണ്ടാക്കുന്നു. പുറമെ നിന്നുവരുന്ന പ്രേരണയും, അതിലൂടെ സംജാതമാകുന്ന വികാരവും, നിവേശനത്താൽ ലഭിക്കുന്നവയിൽനിന്നു വ്യത്യസ്തമാണു്. വികാരങ്ങളെ

ഉദ്ദീപിപ്പിക്കുന്നതിനും കാത്തു സൂക്ഷിക്കുന്നതിനും ബാഹ്യസാഹചര്യങ്ങളാവശ്യകമാണു്. ഉന്മേഷവും തജ്ജന്യമായ സാഹചര്യങ്ങളും വൈകാരിക വികാസത്തിൽനിന്നു വരുന്നതുകൊണ്ടു് അവ തീർത്തും ആന്തരികാവിർഭാവമുള്ളവയല്ല. ആധ്യാത്മികമായി സ്ഥായിയുമല്ല.

ആത്മാവിനാൽ നയിക്കപ്പെടുന്നതിന്റെ സവിശേഷത തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടു്. വൈകാരിക പ്രചോദനം ആത്മാവിന്റേതു് എന്നു പലരും ധരിച്ചുവശാകും. ചിലപ്പോഴാ ആത്മാവിന്റേയും ചേതനയുടേയും വൈവിധ്യം തിരിച്ചറിയുവാൻ സാധിക്കുന്നവർക്കുതന്നെ വൈകാരിക തലത്തിൽ അവരുടെ പ്രചോദനങ്ങളെ വേർതിരിക്കാൻ ബുദ്ധിമുട്ടുണ്ടാകും. വൈകാരിക ജീവിതത്തിനു് അടിസ്ഥാനമായി നിശ്ചിതത്വമെന്നുമുണ്ടായിരിക്കുകയില്ല; മറിച്ചു്, ആത്മാവിനാൽ നയിക്കപ്പെടുന്നവർ നിയമത്തിനും തത്വങ്ങൾക്കും വിധേയരായി പ്രവർത്തിക്കും. വൈകാരികതയിൽ അസ്വസ്ഥതയും ഇളക്കവും അനുഭവപ്പെടാം. മനഃശാസ്ത്രം തീർത്തും മനുഷ്യന്റെ വൈകാരികതലത്തെയാണു് പഠനവിഷയമാക്കുക. അതിനു ചേതനയുടെ പ്രവർത്തനത്തെ കൈകാര്യം ചെയ്യാൻ ധാർമ്മിക ശക്തിയില്ല. വൈകാരിക പ്രകാശനങ്ങളുടെ അതിപ്രസരം കണ്ടുകൊണ്ടാകണമല്ലോ വി. ശ്രീഹാ, സ്ത്രീകളെ കർത്തൃശുശ്രൂഷയുടെ വേളയിൽ തല മൂടിയിരിക്കണം എന്നു് ആവശ്യപ്പെട്ടതു്.

അധ്യായം 8

ആത്മീയ മനുഷ്യൻ

ജീവന്റെ ശ്വാസം മനുഷ്യന്റെ ചേതനയായിത്തീർന്നപ്പോഴാണു് ശരീരം ഉണർന്നു് ആത്മാവിനു് അസ്തിത്വം ഉണ്ടായതു്. ആത്മാവാണു ജീവൻ നൽകുന്നതു്.[1] സൃഷ്ടികർത്താവിൽനിന്നാണു് ജീവന്റെ ശ്വാസം വരുന്നതു്. നമ്മുടെ ചേതനയും ദൈവാത്മാവിയും തമ്മിൽ വ്യത്യാസമുണ്ടു്.[2] ജീവനും ജീവശ്വാസത്തിനും ഉപയോഗിച്ചിരിക്കുന്ന എബ്രായവാക്കു് 'Chay'എന്നതാണു്. ഇതു ബഹുവചനരൂപമാണു്. ദൈവം നിശ്വസിക്കുന്നതുവഴി ദ്വിവിധ ജീവൻ സംജാതമാകുന്നു. ആത്മീയവും ചേതനാപരവും. ഈ ചേതന ശരീരത്തിൽ പ്രതിപ്രവർത്തനം നടത്തുന്നതുവഴി മനുഷ്യജീവൻ ഉണ്ടാകുന്നു. ഈ ചേതനയിൽനിന്നു വ്യത്യസ്തമായ ശരീരം നിർജ്ജീവമാണു്. ചേതനയുടെ അസാന്നിധ്യത്തിൽ.

ഉത്ഥാനം ചെയ്ത മനുഷ്യരിൽ ചേതനയാണു് മുന്നിട്ടു പ്രവർത്തിക്കുന്നതു്. ചേതനയുടെ പ്രവർത്തനത്താൽ മാത്രമാണു് ദൈവത്തെപ്പറ്റി അറിയുന്നതിനും അവിടുത്തെ ആരാധിക്കുന്നതിനും അങ്ങനെ അവിടുത്തോടു് സമ്പർക്കം പുലർത്തുന്നതിനും സാധിക്കുന്നതു്. ദൈവം ചേതനയിൽ വസിക്കുന്നു. ദൈവത്തോടും ദൈവരാജ്യത്തോടും ബന്ധം പുലർത്തുന്നതു് മനുഷ്യന്റെ ചേതനയാണു്. ചേതന നേരിട്ടു ശരീരത്തിൽ പ്രവർത്തിക്കുന്നില്ല, അതിനുള്ള മാർഗ്ഗമാണു് ആത്മാവു്. ആത്മാവുവഴി ചേതന ശരീരത്തെ കീഴടക്കുന്നതുപോലെ. ശരീരത്തിനു് ആത്മാവുവഴി ചേതനയേയും കീഴ്പ്പെടുത്താം. ഒരുവിധത്തിൽ മനുഷ്യനിലെ ഏറ്റവും ഉൽകൃഷ്ടമായ ഘടകമാണു് ചേതന.

ഈ ചേതന മനുഷ്യന്റെ വീഴ്ചയ്ക്കുമുമ്പു മറ്റു രണ്ടു വശങ്ങളുടെ– ശരീരത്തിന്റെയും, ആത്മാവിന്റെയും മേൽ പൂർണ്ണവിജയം വരിച്ചിരുന്നു. ആത്മാവ് ഒരു എളിയനില സ്വീകരിച്ചെങ്കിൽ മാത്രമേ ചേതനയ്ക്കു സ്വതന്ത്രമായി പ്രവർത്തിക്കുവാൻ സാധിക്കയുള്ളു. മനുഷ്യവ്യക്തിയുടെ മൂന്നുഘടകങ്ങളെ വേണമെങ്കിൽ താഴെ വരുന്നതുപോലെ ചിത്രീകരിക്കാം. ദൈവചിത്താനുസൃതം സ്വയം പ്രേരിതമായ നിലയിൽ പ്രവർത്തിക്കുന്ന ഒരു വ്യക്തിയല്ല മനുഷ്യൻ. മറിച്ചു സ്വതന്ത്രമായി പ്രവർത്തിക്കുന്നവനാണു്.

പരിശുദ്ധാത്മാവ് നമ്മുടെ ആന്തരികചേതനയിൽ വസിക്കും. പൗരസ്ത്യ ചിന്താഗതിയനുസരിച്ചുള്ള ദേവാലയത്തോട് മനുഷ്യനെ താരതമ്യപ്പെടുത്താം. ദേവാലയത്തിനു മൂന്നു ഭാഗങ്ങളുണ്ടല്ലോ. സാധാരണ ബലികളും കാഴ്ചകളും അർപ്പിക്കുന്ന ബാഹ്യതളം. അവിടെ എല്ലാവരും പ്രവേശിക്കുകയും ബലിയർപ്പണത്തിൽ പങ്കുചേരുകയും ചെയ്യും. അടുത്തതു വിശുദ്ധസ്ഥലം. അവിടെ പുരോഹിതൻ മാത്രം പ്രവേശിക്കുന്നു. അവിടെ എണ്ണയും ധൂപവും അപ്പവും ദൈവത്തിനർപ്പിക്കുന്നു. ഇതു ദൈവവാസസ്ഥലമായ ഏറ്റവും പരിശുദ്ധസ്ഥലത്തിനും പുറമെയാണു്. മൂന്നാമത്തെ സ്ഥലം നിഗൂഢ സ്ഥലമാണു്. ഈ സ്ഥലത്തു വർഷത്തിൽ ഒരിക്കൽ പ്രധാന പുരോഹിതൻ മാത്രം പ്രവേശിക്കുന്നു. സിനഗോഗും പൗരസ്ത്യദേവാലയവും തമ്മിൽ സാധർമ്മ്യമുണ്ടു്.

ഒന്നാമത്തെ ബാഹ്യതളം സ്വാഭാവികപ്രകാശത്തിൽ സ്ഥിതിചെയ്യുന്നു. ഈ വിധം ദേവാലയത്തോടു സാദൃശ്യമുള്ള ഒരാളിൽ ചേതന വിശ്വാസത്താൽ മാത്രമാണു് പ്രകാശിതമാകുന്നതു്. ആത്മാവു് യുക്തിചിന്തയാലും മറ്റും പ്രകാശിതമായിരിക്കാം. സർവ്വോപരി ശരീരത്തിന്റെ ചെയ്തികളാണല്ലോ എല്ലാവരും അറിയുന്നതും കാണുന്നതും. 1തെസ:5:23–ൽ

കാണുന്ന ചേതന, ആത്മാവ്, ശരീരം എന്ന ക്രമം ഏതാണ്ട് അവയുടെ സ്ഥാനത്തെ, പ്രാധാന്യത്തെ കാണിക്കുന്നു. ഒരു ദേവാലയത്തിന്റെ ക്രമീകരണത്തിലുള്ള നിലതന്നെയാണ് മനുഷ്യന്റെ വ്യക്തിത്വസംവിധാനത്തിലുമുള്ളത്. ആത്മാവ് ശരീരത്തെയും ചേതനയെയും ബന്ധിപ്പിച്ച് പ്രവർത്തിക്കുന്നു. ദേവാലയത്തിൽ രഹസ്യ സ്ഥലവും വിശുദ്ധിയുടെ ഉറവിടവുമായ പരിശുദ്ധിയുടെ കേന്ദ്രത്തിൽനിന്ന് എല്ലാം പ്രദാനംചെയ്യുന്നത്, മദ്ധ്യസ്ഥലത്തു സ്ഥിതിചെയ്യുന്ന ബലിപീഠമാണ്. ശരീരത്തിന്റെ സ്ഥാനത്തുള്ള ബാഹ്യതളം ഇതെല്ലാം സ്വീകരിച്ചു വിതരണം ചെയ്യുന്നു.

ബലിപീഠം സ്ഥിതിചെയ്യുന്ന മദ്ധ്യസ്ഥലത്തെ എല്ലാ പ്രാർത്ഥനയും പരിശുദ്ധ സ്ഥലത്തുനിന്ന് ലഭിക്കുന്ന വെളിപാടനുസരിച്ചാണ്. പരിശുദ്ധിയുടെയും സമാധാനത്തിന്റെയും ഇരിപ്പിടമാണല്ലോ, പരിശുദ്ധിയുടെ സിംഹാസനം.

ആത്മാവിന്റെ പ്രവർത്തനങ്ങളായ ചിത്തവൃത്തിയും ഇച്ഛാശക്തിയും വികാരങ്ങളും എല്ലാം തന്നെ കാണിക്കുന്നത് ഇവ വ്യക്തിയുടെ പ്രവർത്തനശക്തി ആണെന്നാണ്. ഈ പ്രവർത്തനങ്ങളെല്ലാമാണ് ശരീരത്തിലൂടെ പ്രത്യക്ഷപ്പെടുന്നത്. എന്നാൽ മനുഷ്യന്റെ അധപതനത്തിനു മുമ്പ് ആത്മാവിന്റെ മേല്പറഞ്ഞ പ്രവർത്തനങ്ങളെല്ലാം ഭരിക്കപ്പെട്ടിരുന്നത് ചേതനയാലാണ്. മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നതു ചേതനയിലാണ്.

മനുഷ്യനിൽ ആത്മാവിനു പുറമെ സ്ഥിതിചെയ്യുന്ന ചേതനയിലൂടെയാണ് അവൻ വീണ്ടും ജനിക്കേണ്ടതു്. ഈ പുനർജന്മത്തിനുമുമ്പ് മനുഷ്യചേതനയിൽ ദൈവികപ്രവർത്തനം സംപഷ്ടമല്ല. ഇവിടെ ആത്മാവിന്റെ പ്രവർത്തനങ്ങളിൽ ചേതന ആമഗ്നമായിരിക്കുന്നു. അതുകൊണ്ട് ഒരാളുടെ പ്രവൃത്തി

ആത്മാവിൽനിന്നോ ചേതനയിൽനിന്നോ വരുന്നതെന്നു് വിവേചിക്കുകതന്നെ സാധ്യമല്ല. ചേതനയുടെ പ്രഥമവും പ്രധാനവുമായ ജോലിയായ ദൈവത്തോടുള്ള ബന്ധപ്പെടൽ ഈ അവസ്ഥയിൽ ഇല്ലാതാകുന്നു. ചേതനയുടെ ഉത്തവിധത്തിലുള്ള പ്രവർത്തനങ്ങളും മറിച്ചാണു്.

ആത്മാവിനാൽ ഭരിക്കപ്പെടുന്നുവെങ്കിലും മേൽ പറഞ്ഞ പ്രവർത്തനങ്ങളും വരുന്നതു് ചേതനയിൽ നിന്നായതുകൊണ്ടു് അതിന്റെ അസ്തിത്വം വളരെ വ്യക്തമാണു്. ഈ ചേതനയുടെ നിലയെയാണു് ദൈവശ്വാസം എന്നതുകൊണ്ടു് അർത്ഥമാക്കേണ്ടതു്.

ആത്മീയ മനുഷ്യൻ

പരിശുദ്ധാത്മാവിനു വിധേയമായി ജീവിക്കുവാൻ സാധിക്കുന്നു എന്നതാണു് ചേതനയിലുള്ള ജ്ഞാനത്തിന്റെ സവിശേഷത. ചേതനയുള്ളുമാത്രംചെയ്യുവാൻ സാധിക്കുന്നതാണു് ആധ്യാത്മീകരണം. ഈ ജീവിതം നയിക്കുന്നവർ പരിശുദ്ധാത്മാവിനെക്കുറിച്ചു് നിരന്തരം ബോധവാൻമാരാകുകയും തദനുസൃതം ജീവിതത്തെ ക്രമവത്ക്കരിക്കുകയും വേണം. ഈ പ്രക്രിയയിൽ ആത്മാവിനെയും ചേതനയെയും വേർതിരിച്ചുനിർത്തുന്നതിനു ദൈവവചനമാണിടവരുത്തുന്നതു്. പ്രതിഷ്ഠ, പ്രാർത്ഥന, വിധേയത്വം തുടങ്ങിയവ വഴിയും പരിശുദ്ധാത്മാവിനു അനുരൂപപ്പെട്ടും ആത്മാവു് ഈ അനുഭവം സജീവമാക്കണം. ഈ അനുഭവത്തിന്റെ തോതനുസരിച്ചായിരിക്കും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമണ്ഡലമായ ചേതന സജീവമാകുന്നതു്. ചേതന സജീവമാകുമ്പോഴും ആന്തരികശരീരികപ്രചോദനങ്ങളും തമ്മിൽ പ്രഥമതഃസമ്പർക്കം ഉണ്ടാകും. ചേതന സജീവമാകണമെങ്കിൽ, ആത്മാവും ശരീരവും അതിനു വിധേയമാവുകയും ചെയ്യും.

കുറെക്കാലത്തേയ്ക്ക് രണ്ട് അനുഭവങ്ങളും ഇടകലർന്നുണ്ടാകുകയും ഏതെങ്കിലും ഒന്ന് സജീവമാകുകയും ചെയ്യുന്നു. ചേതന സജീവമാകുമ്പോഴാണ് ചേതനയ്ക്കടുത്ത മനുഷ്യൻ രൂപം പ്രാപിക്കുന്നത്. ഈ ശക്തി കർത്താവിനോടുള്ള ഐക്യത്തിലും ആത്മാവിനെ പ്രദാനംചെയ്യുന്ന മിശിഹായിലുള്ള ജീവിതത്തിലുമാണ്.[5] മിശിഹായ്ക്ക് ഒരാളോടുള്ള ബന്ധം അയാളുടെ ചേതനയുമായുള്ള ബന്ധമാണ്. ആത്മാവ് സാധാരണഗതിയിൽ സ്വാഭാവികതലവുമായി ബന്ധപ്പെട്ടുകിടക്കുന്നതുകൊണ്ട് മിശിഹായുമായുള്ള വ്യക്തിയുടെ ബന്ധത്തിനു വിശ്വാസം ആവശ്യകമാണ്.

ഐക്യത്തിന്റെ നിലയിൽ എത്തേണ്ട മേൽപറഞ്ഞ, മിശിഹായുമായുള്ള ബന്ധം മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മൈതന്യത്തിലായിരിക്കണം മരണം സ്വീകരിക്കുന്നതും,ഉത്ഥാനത്തിൽ വിശ്വസിക്കുന്നതും ചേതനയ്ക്കടുത്തജീവിതത്തിലും സർവ്വോപരി അതിന്റെ അനുഭൂതിയിലും എത്തിയ്ക്കും.

മിശിഹായെ സേവിക്കുകയെന്നത് നവജീവന്റെ ഘടകമാണ്. ഈ നവജീവൻ ശരീരത്തിന്റെയും ആത്മാവിന്റെയും ചെയ്തികളെ പരിശോധിച്ച ചേതനയ്ക്കടുത്തതാക്കുന്നു. ഈ ജീവൻ മഹത്വപ്പെട്ട ജീവനിലുള്ള ഭാഗഭാഗിത്വമാണ്, ഇവിടെ സ്വർഗ്ഗീയനുഭവമണല്ലോ ഉണ്ടാകുക.

സ്വർഗ്ഗീയാനുഭവമുള്ള ഒരാളെയാണ് പരിശുദ്ധാത്മാവിന്റെ ആലയമായിക്കാണുക.[7] ഇതു് അനുഭവത്തിന്റെ നിലയിലെത്തിയിട്ടില്ലെങ്കിലും വിശ്വാസത്തിന്റെ നിലയിലെങ്കിലും വേണം. വിശ്വാസത്തിലൂടെ നീങ്ങുന്നതു് ചേതനയിൽ ശക്തിപ്രാപിക്കുന്നതിനാണ്.[8] വളർന്നു പുഷ്ടിപ്രാപിക്കുന്നതിനു് ദൈവദാനവും വേണം.[9] ഇപ്രകാരശക്തിയെ പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനു നിരന്തര ജാഗ്രൂകത ആവശ്യകമാണ്.[10] ഇതിനായി പ്രാർത്ഥിക്കണം.

പ്രാർത്ഥനയും തദനുസൃതമായ പ്രവർത്തനവുംവഴി വിശ്വാസം സജീവമാക്കുകയും ഒരാൾ ആത്മാവിൽ ശക്തിപ്പെടുകയും ചെയ്യുന്നു.

എന്തിൻമേൽ ഒരാൾആശ്രയം വയ്ക്കുന്നുവെന്നതനുസരിച്ചാണ് അയാൾ ശക്തിപ്പെടുന്നത്. ഒരാൾ പരിശുദ്ധാത്മാവിൽ ആശ്രയിക്കുകയും അതിനനുസൃതമായി ശാരീരികപ്രവൃത്തികളെ ചേതനയ്ക്കടുത്ത വിധത്തിലാക്കുകയും ചെയ്യുമ്പോൾ, പ്രകൃതത്തിൽ ആത്മീയനായിത്തീരുന്നു. ആത്മാവിന്റെ പ്രവർത്തനങ്ങളെന്തെന്നറിയുന്നതു് ആത്മീയമനുഷ്യന്റെവ്യക്തിത്വത്തെ കൂടുതലറിയുന്നതിനുപകരിക്കും. അവ സഹജാവബോധം, സംസർഗ്ഗം, മനസ്സാക്ഷി എന്നിവയാണു്.

സഹജാവബോധം (Intuition)

മാനുഷികപ്രശ്നങ്ങൾക്കു പരിഹാരമുണ്ടു് എന്നതാണു് ഏറ്റവും പ്രധാനമായ സദ്വാർത്ത. മാംസത്തിനു് ആത്മാവിനെ സ്വീകരിക്കുമെന്നു ചുരുക്കം. എന്നാൽ ഇവയെക്കുറിച്ചും ഇവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ശരിയായി അറിയുക എന്നതു് ആവശ്യകമാണു്.

പഴയ ഉടമ്പടിപ്രകാരം ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയതു് നിയമത്തിലൂടെയാണു്. ഈ നിയമം പരമപരിശുദ്ധിയുടെ സ്ഥലത്താണല്ലോ പ്രതിഷ്ഠിച്ചിരിക്കുന്നതു്. വിശ്വാസിയുടെ ചേതനയിലാണു് സഹജാവബോധം ഉണ്ടാകുന്നതു്. ദൈവമഹത്വം സ്ഥിതിചെയ്യുന്നതു് വാഗ്ദാനപേടകത്തിലെ കരുണയുടെ ഇരിപ്പിടത്തിലാണു്. ഇവിടെത്തന്നെയാണു് ആരാധന നടക്കുന്നതു്. മിശിഹായുടെ ചിന്തപ്പെട്ട രക്തത്തിൽ പങ്കുചേരുമ്പോൾ ഒരാളുടെ ചേതന ധന്യമായിത്തീരുന്നു.

ചേതനയ്ക്കടുത്ത അനുഭവമാണു് സഹജാവബോധം. ഇതിന്റെ പ്രത്യേകത മാധ്യമംകൂടാതെ വെളാ

വെളിപാട് കിട്ടുന്നുവെന്നതാണ്. ബാഹ്യമായ കാരണം കൂടാതെയുള്ള പ്രവൃത്തി മനുഷ്യനിൽത്തന്നെ ഉടലെടുക്കുന്നു എന്നതാണ്. ആത്മാവിന്റെ ചിന്ത ദൈവികമനസ്സുതന്നെയാണ്. പരിശുദ്ധാത്മാവിന്റെ ചിന്ത പ്രത്യക്ഷപ്പെടുന്നതു മനുഷ്യചേതനയിലാണ്. അറിയുക എന്നതു് ചേതനയുടെ ജോലിയാണ്. ഗ്രഹിക്കുക എന്നതു് മനസ്സിന്റെയും.

ആത്മാവിലുള്ള അഭിഷേകമാണു സഹജാവബോധത്തിൽ നടക്കുന്നതു്.[11] ഇവിടെ വിവേചനയുണ്ടു്. ഈ വിവേചനയനുസരിച്ചു് സത്യത്തിനു വഴങ്ങുന്ന ചേതന ധന്യമാകുന്നു.

ജനങ്ങളുമായുള്ള ഇടപെടലിൽ ചേതനയുടെ സഹജാവബോധശക്തിയാൽ അവരുടെ ഉള്ളു തിരിച്ചറിയാം.[12] സഹജാവബോധത്തിൽപ്പെട്ടതാണു് ദൈവിക വെളിപാടു്. വിശുദ്ധഗ്രന്ഥം മനസ്സിലാക്കുവാൻ സഹജാവബോധം വേണം.

ഒരു പ്രത്യേക കാര്യം ഗ്രഹിക്കുന്നതിനുള്ള ശക്തിയാണു സഹജാവബോധം. ഇതിൽ പരിശുദ്ധാത്മാവു് യാണു സത്യം വെളിപ്പെടുത്തുന്നതു്.[13] ഈ അറിവു വഴി നിത്യജീവൻ ലഭിക്കുന്നു. മിശിഹായിൽ വിശ്വസിക്കുകയും നിത്യജീവൻ കരസ്ഥമാക്കുകയും ചെയ്തിരുന്നവർക്കു് അതുവരെയില്ലായിരുന്ന ഒരു ദൈവജ്ഞാനം അപ്പോഴുണ്ടാകുന്നു. സഹജാവബോധത്തോടുകൂടിയ മേലുപറഞ്ഞ ദൈവജ്ഞാനം കൂടാതെ ദൈവത്തെ അനുഭവിക്കുവാൻ സാധിക്കുകയില്ല. മറ്റുള്ളതു യുക്തിയുടെ കണ്ടുപിടിത്തം മാത്രമാണു്. ആത്മാവിൽ വീണ്ടുംജനിച്ചിരിക്കുന്ന ഒരാൾക്കാണു വ്യക്തിപരമായ ദൈവികജ്ഞാനമുള്ളതു്. ഈ ജ്ഞാനത്തിന്റെ അനാവരണമാണു വേദപുസ്തകത്തിൽ ഉടനീളം കാണുന്നതു്.

ദൈവം മനുഷ്യചേതനയിൽ സഹജാവബോധത്തിലൂടെ വെളിപ്പെടുത്താത്ത അറിവൊന്നും ദൈവികമല്ല. മറിച്ച്, മാനുഷികമാണ്. ദൈവികമായ ഉറവിടമുള്ളതിനെക്കുറിച്ചു ചേതനയ്ക്കുള്ള ബോധ്യം നിസ്സീമമാണ്. ഇപ്രകാരമുള്ള സഹജാവബോധ വെളിപാടുതന്നെ രണ്ടുവിധമുണ്ട്. ഒന്നാമത്തേതു്, ദൈവം ഒരാൾക്കു നേരിട്ടു നല്കുന്ന വെളിപാടും തദനുസൃതമുള്ള ദൈവികപ്രവൃത്തിയുമാണ്. രണ്ടാമത്തേതു്, മനുഷ്യൻ ദൈവസമക്ഷം അന്വേഷിച്ചു് ഒരു പ്രത്യേക കാര്യം സാധിക്കാനായി പ്രതീക്ഷിച്ചു ദൈവത്തിൽനിന്നു കൈവരിക്കുന്ന വെളിപാടാണ്. ഇതും മനുഷ്യചേതനയ്ക്കാണു വെളിപ്പെടുന്നതു്. ഇതിൽ രണ്ടാമത്തേതു വിശ്വാസികൾക്കു് ആരംഭദശയിലുണ്ടാകുന്നതും ആദ്യത്തേതു പക്വതവന്ന വിശ്വാസികൾക്കു ലഭിക്കാവുന്നതും ആണ്.

ദൈവത്തെ സംബന്ധിച്ചും, അറിവും വിധിയുമെല്ലാം സഹജാവബോധപരമാണ്. ചേതനയ്ക്കുള്ള അറിവുകളും തഥൈവ. മാലാഖമാർ സഹജാവബോധത്തിലൂടെ ദൈവചിത്തം അറിയുന്നു. ആധ്യാത്മികതലത്തിൽ കിട്ടുന്ന സഹജാവബോധ വെളിപാടാണു വീരോചിതമായ പ്രവർത്തനങ്ങൾക്കു പ്രചോദനം നല്കിയിട്ടുള്ളതു്. ബുദ്ധിയ്ക്കു നിരക്കാത്ത, വൻകാര്യങ്ങളുടെ സംഭവ്യത മേല്പറഞ്ഞതിൽ അധിഷ്ഠിതമാണ്. ചേതനയ്ക്കുള്ള പ്രവർത്തനങ്ങളും ദൈവത്തിൽനിന്നു തുടങ്ങി ആഴമായ ബോധ്യത്തോടെ മുന്നേറുന്നു. ഈ ദൈവിക സ്വാധീനവും അതുവഴി ലഭിക്കുന്ന അവിടത്തെ നിർദ്ദേശങ്ങളുമനുസരിച്ചാണു ചേതന ആത്മാവിന്റെ ചെയ്തികളെയും ശരീരത്തിന്റെ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതു്. സഹജാവബോധമെന്നതു് ആന്തരിക മനുഷ്യന്റെ മസ്തിഷ്ക്കമാണെന്നു പറയാം. ദൈവത്തെക്കുറിച്ചറിയാതെ ദൈവികകാര്യങ്ങൾ ഗ്രഹിക്കാൻ കഴിവില്ലാതാകുന്ന സഹജാവബോധനിലയാണു് ആത്മീയമരണമെന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതു്. ദൈവത്തിന്റെ ചിന്തയും മനുഷ്യന്റെ ചിന്തയും വ്യത്യ

സ്വമാണ്[14]. വ്യത്യസ്തമായ ദൈവികചിന്ത മനുഷ്യനു ലഭിക്കുന്നതു് ഈ സഹജാവബോധത്തിന്റെ ഫലമായാണു്. ഈ വിധത്തിലുള്ള ഉത്കണ്ഠ ഒരാളുടെ ജീവിതത്തെ മുഴുവനും ചേതനയുടെ പ്രചോദനാനുസൃതം നയിക്കുന്നതിനു് ഇടവരുത്തുന്നു.

സഹജാവബോധംവഴി ഒരാൾക്കു ലഭിക്കുന്ന ദൈവികജ്ഞാനമാണു് യഥാർത്ഥമായ വിജ്ഞാനം. ഇതു പെറും അറിവല്ലാത്തതുകൊണ്ടു് ഇതു മനുഷ്യനെ ദൈവാനുഭവമുള്ളവനാക്കുന്നു. തദ്വാരാ അവന്റെ ആധ്യാത്മികജീവിതം സുഗമമായിത്തീരുന്നു. വി. ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം വായിക്കണമെന്നു പറയുന്നതു മനുഷ്യന്റെ ചേതനയ്ക്കുള്ളിലുള്ള സഹജാവബോധം സജീവമാക്കുന്നതിനുവേണ്ടിയാണു്. സഹജാവബോധത്തിൽനിന്നുള്ള ദൈവവിജ്ഞാനീയം തികച്ചും പ്രവർത്തനോന്മുഖവും ജീവിതബദ്ധവുമായിരിക്കും.

സംസർഗം

മനുഷ്യാത്മാവു ദൈവത്തോടു ബന്ധപ്പെട്ടുന്നതു ചേതനവഴിയും, ഭൗതികലോകവുമായി ബന്ധപ്പെട്ടുന്നതു ശരീരംവഴിയും ആണെന്നു മുൻപു സൂചിപ്പിച്ചുവല്ലോ. ദൈവത്തോടുള്ള മനുഷ്യന്റെ സംസർഗ്ഗമാണു് ആരാധന. ഇതു സത്യത്തിലും ചേതനയിലുമാണു നടത്തേണ്ടതു്.[15] പ്രകൃതത്തിൽ ചേതനയിൽ വീണ്ടും ജനിക്കാത്തവനും ജനിച്ചശേഷം തദനുസൃതം ജീവിക്കാത്തവനും ദൈവികസംസർഗ്ഗം അസാധ്യമാണു്. മനുഷ്യാസ്തിത്വത്തിന്റെ ആഴമേറിയ തലങ്ങളിലാണു് ദൈവികസംസർഗ്ഗം ഫലപ്രദമായി നടക്കുന്നതു്. വി. ശ്രീഹാ പറയുന്നു.[16] 'തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ദൈവം തയ്യാറാക്കിയിരിക്കുന്നവ കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യമനസ്സു് വിഭാവനം ചെയ്തിട്ടുമില്ല. തന്റെ ആത്മാവുവഴി ദൈവം ഇതു വെളിപ്പെടുത്തിയിരിക്കുന്നു'. ദൈവത്തോടു സംസർഗ്ഗം

പുലർത്തുന്ന ചേതന പരാജയപ്പെട്ടാൽ ചിന്തയും ഹൃദയവുമെല്ലാം പരാജയപ്പെട്ടും. പരിശുദ്ധാത്മാവിയുടെ പ്രവൃത്തിയാണു് മനുഷ്യചേതനയെ ദൈവത്തോടു ബന്ധിപ്പിക്കുക എന്നതു്. ഈ സംസർഗ്ഗം വെളിപാടിനെ അനുസരിച്ചു വരുന്നു. മനുഷ്യന്റെ ചിന്തയറിയുന്നതും ദൈവികകാര്യങ്ങളും ഗ്രഹിക്കുന്നതും പരിശുദ്ധാത്മാവാണു്.

പരിശുദ്ധാത്മാവു് സഹജാവബോധത്താൽ അറിയുന്നവ മനുഷ്യനും സഹജാവബോധത്താൽ അറിയുന്നു. ഈ അറിവു ദൈവത്തോടുള്ള സംസർഗ്ഗംവഴിയാണു് ഉണ്ടാകുന്നതു്. ഈ അറിവു് ഉണ്ടാകുന്നതു് മനസ്സിലല്ല ചേതനയിലാണു്, ഇതിനുള്ള ആരംഭമാണു് ചേതനയിലുള്ള ശക്തിപ്പെടൽ. തന്റെ സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ടു് ഒരാൾക്കു ദൈവികസമ്പർക്കത്തിനു വഴിപ്പെടാം. ഈ വഴിപ്പെടലിൽ ദൈവം മനുഷ്യനുമായി സംസർഗ്ഗം പുലർത്തുന്നതിനു ചേതനയിൽ പ്രവർത്തിക്കുന്നു. ഈ പ്രവർത്തനത്തെ നിരാകരിച്ചാൽ തുടർന്നുള്ള സംസർഗ്ഗവും, ആരാധനയും വെറും ശാരീരികവും വൈകാരികവും ആയിരിക്കും.

ദൈവിക സംസർഗ്ഗത്തിനുള്ള വ്യവസ്ഥകളാണു് പരിശുദ്ധാത്മാവിയുടെ സഹജാവബോധജ്ഞാനവും മനുഷ്യന്റെ സഹജാവബോധജ്ഞാനവും. ഇപ്രകാരം ലഭിച്ച വെളിപാടിനെ പ്രഘോഷിക്കുക എന്നതു് മനുഷ്യൻ ചെയ്യേണ്ടതാണു്. ഈ പ്രഘോഷണം ചേതനയുടെ വചനത്തിലൂടെയായിരിക്കണം, അല്ലാതെ മാനുഷിക ഭാഷയിലൂടെയായിരിക്കരുതു്. ആത്മാവു നല്കുന്ന ഭാഷാവരവും മാനുഷികഭാഷാവരവുമുണ്ടു്. ചേതനയുടെ ജ്ഞാനവും തദനുസൃതമായ ദൈവിക സംസർഗ്ഗവുമാണു് ഇവിടെ വിവക്ഷ. മാനുഷിക കണ്ടുപിടിത്തങ്ങളും ഈ ആത്മാവിന്റെ വരത്തിനു വിധേയമായിരിക്കണം. നിരന്തരമായ വിധേയത്വത്തിന്റെ ഫലമായി ഒരാൾ എല്ലാറ്റിനെയും വിധിക്കു

വാൻ യോഗ്യത നേടുന്നു. ഇപ്രകാരമുള്ള വ്യക്തിത്വത്തിനു നിദാനം പരിശുദ്ധാത്മാവിയിൽ ഒരാത്മ പുലർത്തുന്ന ദൈവിക സംസർഗ്ഗമാണു്. ദൈവം ഒരാത്മാക്കു വിജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ നല്കുന്നു. വിജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവു് ദൈവിക സംസർഗ്ഗത്തിന്റെ അവശ്യഘടകങ്ങളാണു്. ഈ ജ്ഞാനംവഴിയാണു് ദൈവികം എന്തു്, സ്വാർത്ഥപരം എന്തു്, എന്നൊക്കെ അറിയുന്നതു്. നിരവധി കാര്യങ്ങളിൽ മേലു്പറഞ്ഞ വിവേചന ആവശ്യമാണു്. തെറ്റുകളും ചെയ്യാതെ പരിപൂർണ്ണരായി ജീവിക്കുന്നതിനു് ഈ വിവേചനം സഹായിക്കും. നിരന്തരമായി ദൈവാത്മാവിയുമായി സംസർഗ്ഗത്തിൽ കഴിഞ്ഞാൽ മാത്രമേ യഥാർത്ഥ പുനർജന്മത്തിന്റെ ഫലവും ദൈവൈക്യവും സംജാതമാകൂ.[17] കർത്താവിനു സ്വീകാര്യമായ ജീവിതവും എല്ലാത്തലങ്ങളിലും ഫലദായകമായ സമീപനവും ദൈവജ്ഞാനത്തിൽ അതീവവർദ്ധനവും ഉണ്ടാകും. ഇപ്രകാരം ഓരോ നിമിഷവും ദൈവികസംസർഗ്ഗത്തിൽ കഴിയുന്ന ഒരാത്മ അതിൽ പൂർണ്ണവളർച്ച പ്രാപിക്കുന്നു. ചുരുക്കത്തിൽ, സഹജാവബോധത്താൽ ലഭിക്കുന്ന ദൈവിക വിജ്ഞാനംവഴി ചേതന ദൈവത്തോടു് ഒട്ടിച്ചേരുന്നതിള്ള ഒരു കഴിവാണു് സംസർഗ്ഗം.

മനസ്സാക്ഷി

ദൈവിക സംസർഗ്ഗത്തെ സുഗമമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമതയും ഫലദായകത്വവും സംജാതമാക്കുന്നതിനുമുള്ള മനുഷ്യചേതനയുടെ ഒരു കഴിവാണു് മനസ്സാക്ഷി. ഈ കഴിവാണു തെറ്റുകളെ തിരുത്തുന്നതും ജീവിതത്തെ മെച്ചപ്പെടുത്തുന്നതും. സഹജാവബോധത്തിന്റെ സഹായത്താൽ നിസ്സാരമായ കുറവുകളെപ്പോലും തിരിച്ചറിയുകയും വ്യക്തിക്കു താക്കീതു നല്കുകയും ചെയ്യുന്നതു് അവന്റെ മനസ്സാക്ഷിയാണു്.

ഇന്നത്തെ നിലയിൽ(വീഴ്ചയ്ക്കുശേഷം) സഹജാവബോധവും ദൈവിക സംസർഗവും മനുഷ്യനു സ്വമേധയാ അസാധ്യമാണെങ്കിലും മനസ്സാക്ഷി ഏതാണ്ടു് പ്രവർത്തനക്ഷമമാണു്. നന്മയും തിന്മയും തിരിച്ചറിയുന്നുണ്ടെങ്കിലും സഹജാവബോധത്തിന്റെയും ദൈവിക സംസർഗ്ഗത്തിന്റെയും അഭാവത്തിൽ പ്രവർത്തനത്തിലൂടെ നന്മയെ സ്വീകരിക്കാൻ സാധിക്കാത്തതുകൊണ്ടു് ഒരാൾ ദൈവികജീവനു മരിച്ചതിനു തുല്യമായിത്തീരുന്നു. എന്നാൽ പരിശുദ്ധാത്മാവിയുടെ പ്രവർത്തനത്താൽ ദൈവിക സംസർഗ്ഗം ഒരാളിൽ ത്വരിതപ്പെടുന്നതനുസരിച്ചു് അയാൾ അന്ധകാരത്തിൽനിന്നും അടിമത്തത്തിൽനിന്നും വിമുക്തി നേടുന്നു. സഹജാവബോധത്താൽ ധന്യനായി സ്വന്തം ബലഹീനത ഏറ്റുപറഞ്ഞാൽ ദൈവത്തിൽനിന്നു കരുണ പ്രാപിക്കാം. ധൂർത്തപുത്രന്റെയും ചുങ്കക്കാരന്റെയും പാപിനിയുടെയും, അനുഭവങ്ങളും മേലു്പറഞ്ഞതിനുദാഹരണങ്ങളാണു്.[18]

പഴയനിയമവും പുതിയനിയമമായ സുവിശേഷവുംവഴി പരിശുദ്ധാത്മാവു് ഒരാളുടെ മനസ്സാക്ഷിയെ പ്രകാശിപ്പിക്കുന്നു. തുടർന്നുള്ള അയാളുടെ വിധേയത്വം സുവിശേഷത്തിൽ അയാളെ വിശ്വസിക്കാനിടവരുത്തുന്നു. മിശിഹായുടെ ദൈവികീകരണപ്രക്രിയകളിൽ മനസ്സാക്ഷി ഒരാളെ എത്തിക്കുന്നു.[19] മിശിഹായുടെ പെസഹാരഹസ്യം പരിശുദ്ധാത്മാവിയുടെ അധികാരത്തിൽപ്പെട്ടിരിക്കുന്നുവെങ്കിൽ, അവിടത്തെ സ്വരമാണു് മനസ്സാക്ഷിയുടെ സ്വരം.

പരിശുദ്ധാത്മാവിനാൽ പുനർജ്ജനിച്ചവർക്കാണു് അവിടത്തെ സ്വരം പൂർണ്ണതയിൽ ശ്രവിക്കുവാൻ സാധിക്കുന്നതു്. ഈ പ്രക്രിയകളും നടക്കുന്നതനുസരിച്ചാണു് ഒരാളുടെ ഹൃദയം സംശുദ്ധീകരിക്കപ്പെടുന്നതു്. അത്മാവിയിൽ ജനിച്ചവന്റെ വിശ്വാസം മനസ്സാക്ഷിക്കനുസൃതം പ്രവർത്തിക്കുന്നതിനു് അവനിടവരുത്തും.

മനസ്സാക്ഷിയുടെ സ്വരം ശ്രവിച്ച് അതിനനുസരിച്ചു ജീവിക്കുന്നതിലൂടെയാണ് നീതീകരണം സാധിക്കുന്നതു്. ചേതനയാൽ നയിക്കപ്പെടുന്ന ഒരാളുടെ മനസ്സാക്ഷിയാണു യഥാർത്ഥമായ ആധ്യാത്മികതയുടെ ഉറവിടം. ഈ മനസ്സാക്ഷി പരിശുദ്ധാത്മാവിനു സാക്ഷ്യം നല്കുന്നു.[20] പരിശുദ്ധാത്മപിയെ അനുധാവനം ചെയ്യുന്ന ഒരാളുടെ മനസ്സാക്ഷി വിധിക്കുന്നതു ശരിയായിരിക്കും.[21] ആദ്യമൊക്കെ നന്മതിന്മയെക്കുറിച്ചു വിധിക്കുന്ന മനസ്സാക്ഷി ക്രമേണ ദൈവികകാര്യങ്ങളെക്കുറിച്ചും സഹജാവബോധത്തോടെ വിധിക്കുന്നു. എന്നിരുന്നാലും ദൈവത്തെ വിവേചിച്ചറിഞ്ഞതിനുശേഷവും സുശക്തമായിത്തീരുന്നപക്ഷം മനസ്സാക്ഷി മറ്റുള്ളവരുടെ ബലഹീനമായ വിധികൽപ്പനകൾക്കു മുൻതൂക്കം കൊടുത്തേക്കാം. ഇക്കൂട്ടർ ജനസമ്മതിയിലും താത്ക്കാലികവും സ്വാർത്ഥപരമായ നേട്ടങ്ങളിലും ശ്രദ്ധവയ്ക്കുന്നു. ഇവിടെ ദൈവത്തിന്റെ രാജ്യമോ അവിടുത്തെ നീതിയോ അല്ല മനസ്സാക്ഷി കാര്യമാക്കുന്നതു്. പലതും യുക്തിപരമെങ്കിലും ചേതനയുടെ മനസ്സാക്ഷിയ്ക്കു ചേർന്നതല്ല.

ശുദ്ധമായ ഒരു മനസ്സാക്ഷിയുടെ പ്രസക്തി ഇവിടെയാണു്. ശുദ്ധമായ മനസ്സാക്ഷി എന്നതു ദൈവത്തോടുള്ള നിരന്തരസംസർഗ്ഗം പുലർത്തുന്ന ഹൃദയത്തിന്റെ സ്ഥിതിയാണു്.[22] ദൈവികസംസർഗ്ഗംപോലെ മാനുഷികസംസർഗ്ഗവും പരിപാവനമാകുന്നതു നല്ലൊരുമനസ്സാക്ഷിയിലൂടെയാണു്. അതിനായി ശ്ലീഹാ പ്രാർത്ഥിക്കുന്നു.[23] ഈ വ്യാപാരത്തിലൂടെയാണു് ജീവിതത്തികവു് സംജാതമാകുന്നതു്.[24] തെളിവാർന്ന മനസ്സാക്ഷി ദൈവസേവന സന്നദ്ധയാണു്.[25]

മനുഷ്യശക്തിയാലല്ല, ദൈവകൃപയാലാണു നല്ലൊരു മനസ്സാക്ഷി ഉണ്ടാകുന്നതു്.[26] ദൈവികം ആയതും അല്ലാത്തതും തമ്മിൽ വേർതിരിച്ചു വിധിച്ചു നല്ല മനസ്സാക്ഷി രൂപീകരിക്കേണ്ടതിനെക്കുറിച്ചു വി. പത്രോസ് പറയുന്നു.[27] പരിശുദ്ധ മനസ്സാക്ഷിയുള്ളവർ

ദൈവികവാഗ്ദാനങ്ങളം ലഭിക്കത്തക്കവണ്ണം ഹൃദയം പരിശുദ്ധമാക്കുന്നു.[28] ആഴമായ വിശ്വാസത്തിന്റെ പ്രവർത്തനേന്ദ്രീയമായിട്ട നല്ല മനസ്സാക്ഷി നിലകൊള്ളുന്നു.[29] വെളിപാടവഴി ലഭിക്കുന്ന സഹജാവബോധം മനസ്സാക്ഷിയെ രൂപപ്പെടുത്തുന്നു. ഇപ്രകാരമുള്ള ദൈവജ്ഞാനത്തിലും കാഴ്ചപ്പാടിലും മനസ്സാക്ഷി രൂപപ്പെടുന്നു, പുഷ്ടിപ്രാപിക്കുന്നു.

അറിവിനനുസൃതമായി മനസ്സാക്ഷിയുടെ ഉത്തരവാദിത്വം വർദ്ധമാനമാകുന്നു. ഈ അറിവു മിശിഹായെക്കുറിച്ചു് ഈ ജ്ഞാനത്തിലടങ്ങിയിരിക്കുന്നു. ഈ ജ്ഞാനത്താലാണു് ഒരുവന്റെ മനസ്സാക്ഷി വിധി നടത്തേണ്ടതും ജീവിക്കേണ്ടതും.[30] ജീവിതത്തിന്റെ മാനദണ്ഡമായ മിശിഹായോടു് മനസ്സാക്ഷി ചേർന്നുപോകണം. മാനുഷിക ബലഹീനതകളം ദൈവം[31] കൂടെയുള്ളപ്പോഴം ഉറച്ച മനസ്സാക്ഷിക്കനുസൃതം പ്രവർത്തിക്കുക സാദ്ധ്യമാണു്. സഹജാവബോധവും ദൈവികസംസർഗവും മനസാക്ഷിയും പരസ്പരപൂരകങ്ങളത്രേ.

അധ്യായം 9

ആധ്യാത്മിക വ്യക്തിത്വം പരിശുദ്ധാത്മാവിലുള്ള ജീവിതം

1. വിശ്വാസവും പരിശുദ്ധാത്മാവും

ഓരോ ക്രൈസ്തവനിലും പരിശുദ്ധാത്മരൂപി വസിക്കുന്നുവെന്നതും പ്രവർത്തിക്കുന്നുവെന്നതും വിശ്വാസത്തിന്റെ വിഷയമാണ്.[1] പരിശുദ്ധാത്മരൂപിയിലുള്ള ജീവിതമാണ കൗദാശിക ജീവിതം. ഈ ജീവിതം ദൈവവചനപ്രഘോഷണത്തിലൂടെയും ദൈവവചനാചരണത്തിലൂടെയും സമാരംഭിച്ച വികസിക്കേണ്ടതിനാണ ക്രൂദാശകത്വം സ്വീകരിക്കുന്നത്.[2] ശരീരവും ആത്മാവും ചേതനയുമുള്ള വ്യക്തി എന്ന നിലയിലാണ മനുഷ്യനെ നാം ഇവിടെ പരിഗണിക്കുന്നത്.[3]

സജീവവിശ്വാസമില്ലാത്തവരിൽ മനുഷ്യാത്മാവും മനുഷ്യചേതനയും തമ്മിൽ കെട്ടിപ്പിണഞ്ഞ നിലയിലായിരിക്കും കിടക്കുന്നത്. അതുകൊണ്ടാണ്, അവയെ വിവേചിച്ചറിഞ്ഞ്, ഓരോന്നിന്റെയും വ്യക്തിത്വമനുസരിച്ച ജീവിക്കാൻ സാധിക്കാതെ വരുന്നത്. വിശ്വാസം ലഭിച്ചവരിൽത്തന്നെ ഈ ചേതനയുടെ സവിശേഷത ഗ്രഹിക്കാതെ അതു മരിച്ച നിലയിൽ അവശേഷിക്കുന്നതുകൊണ്ട് ഇക്കൂട്ടർ മനുഷ്യാത്മാവിനാലും ചിലപ്പോഴൊക്കെ ശരീരത്താലും നയിക്കപ്പെടുന്നു. ഇതിനു പരിഹാരം മനുഷ്യാത്മരൂപിയിലുള്ള പരിശുദ്ധാത്മാവിന്റെ അസ്തിത്വത്തിനു പൂർണ്ണ വിധേയത്വം ഉണ്ടാകുക എന്നതാണ്. ഈ വിധേയത്വം തുടങ്ങുന്നതു പരിശുദ്ധാത്മരൂപിയിലുള്ള ജനനത്തോടുകൂടിയാണ്.[4]

വിശ്വാസത്തിലേക്കു്

മനുഷ്യന്റെ അനുദിനാനുഭവം ഇന്നും എന്നും വിളിച്ചറിയിക്കുന്നതു് അവന്റെ ബലഹീനതയുടെ നിലയെയാണു്. ഈ വീഴ്ചയുടെ കെട്ടതി കിടക്കുന്നതു മനുഷ്യനിലുള്ള ആത്മാവിന്റെ നിർജീവത്വത്തിലാണു്. ഇതു നിവാരണം ചെയ്യുന്നതിനു വിശ്വാസത്തെ സജീവമാക്കുന്ന പ്രക്രിയകൊണ്ടുവൻ വിധേയനാകണം. ഈ വിധേയത്വം മനുഷ്യാത്മാവിയുടെ പരിശുദ്ധാത്മാവിക്കുള്ള വിധേയത്വമാണു്. ഇതു തുടങ്ങുന്നതാണു മിശിഹായിലുള്ള വിശ്വാസത്തിന്റെ മുഖപടി. മാനുഷിക വീഴ്ചയിൽനിന്നു് ഏവരെയും രക്ഷിക്കുന്നതിനു കഴിവുള്ളവനാണു് ഈശോ എന്ന അനുഭവം തദനുസൃതമുള്ള ജീവിതമാണു വിശ്വാസം. ഈ വിശ്വാസം, പരിശുദ്ധാത്മാവിയിൽ വീണ്ടും ജനിച്ചവർക്കു മാത്രമേ ജീവിതത്തിൽ നിരന്തരം പുലർത്തുവാൻ സാധിക്കുകയുള്ളു. ഇവിടെ പരിശുദ്ധാത്മാവി മനുഷ്യചേതനയെ കൂടുതൽ പ്രകാശിപ്പിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രകാശനവും ത്വരിതപ്പെടുത്തലും പരിശുദ്ധാത്മാവിയിൽ ജനിച്ചതിന്റെ ലക്ഷണമായിരിക്കും.[5] പരിശുദ്ധാത്മാവി, മനുഷ്യചേതനയിൽ ശക്തിപ്പെടുമ്പോൾ ദൈവിക ജീവൻ സംജാതമാകുകയും[6] പാപത്തിൽനിന്നു വ്യക്തി വിടുതൽ പ്രാപിക്കുകയും ചെയ്യുന്നു. എന്നാൽ മനുഷ്യന്റെ ഭാഗത്തു വീണ്ടും വീഴ്ചയുള്ള സാധ്യതയും[7] തുടർന്നു വിശുദ്ധീകരണത്തിനുള്ള ആവശ്യകതയും ഉണ്ടാകുന്നു.[8]

വലിയ പ്രതിസന്ധിഘട്ടത്തിൽ സ്ഥിതിചെയ്യുന്ന മനുഷ്യചേതന ദൈവാത്മാവിയിൽ ഉന്മേഷം പ്രാപിക്കുകയും മരിച്ച ശരീരത്തിനു ജീവൻ കൊടുക്കുകയും ചെയ്യും.[9] ദൈവികജീവൻ (നിത്യജീവൻ) പ്രാപിക്കുക എന്നതാണു പരിശുദ്ധാത്മാവിയിലുള്ള ജീവിതംവഴി സംജാതമാകുന്നതു്. ഗ്രീക്കിൽ 'ZOE' എന്ന പദം ഉന്നതമായ ജീവിതത്തെ പ്രദ്യോതിപ്പിക്കുന്നു. ഈ ജീവ

നാണ മിശിഹായിലുള്ള വിശ്വാസംവഴി പരിശുദ്ധാത്മാവു നൽകുന്നതു്.[10]

വിശ്വാസവളർച്ച—ദൈവികീകരണം

ദൈവികീകരണത്തിൽ പരിശുദ്ധാത്മാവിക്കുള്ള ഏകാന്തവിശിഷ്ടമായ സ്ഥാനം അവിടുന്നാണു്, നീതീകരണത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തുന്നതു് എന്നതിലാണു്.[11] മിശിഹായിൽ വിശ്വസിക്കുന്നതിനു് ഒരാളെ ഒരുക്കുന്നതും പരിശുദ്ധാത്മാവുപിയാണു്.[12] പരിശുദ്ധാത്മാവുപിയിൽനിന്നു ജനിച്ചെങ്കിലേ ജീവിതം അത്ഭുതപരമാകയുള്ളൂ.[13] ആത്മാവിൽ ജീവിക്കുന്നവർക്കുള്ള ജീവൻ ഉന്നതമായിരിക്കും.[14] പരിശുദ്ധാത്മാവുപി നവചൈതന്യം ഒരാളിൽ ചൊരിയുന്നതോടെ, അവിടുന്നു് അവനിൽ വസിക്കുകയും ചെയ്യും.[15] മനുഷ്യചേതനയിൽ വസിക്കുന്ന പരിശുദ്ധാത്മാവുപിയെ കെടുത്തരുതു് എന്നതു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വ്യവസ്ഥയാണു്. പരിശുദ്ധാത്മാവുപിയെ കെടുത്തുക[16] എന്നു പറഞ്ഞാൽ, അവിടുന്നിലുള്ള ജനനത്തെ തടയുകയും, വിശ്വാസവളർച്ചയും ദൈവികീകരണവും നിലയ്ക്കുകയുമാണു്.

പരിശുദ്ധാത്മാവുപി നമ്മിൽ വസിക്കുന്നതിനുള്ള കളമൊരുക്കലിന്റെ ആദ്യപടിയാണല്ലോ പാപത്തെക്കുറിച്ചു നമ്മെ ബോധ്യപ്പെടുത്തുന്നതു്. തുടർന്നു മിശിഹായിലുള്ള വിശ്വാസത്തിലേക്കു പരിശുദ്ധാത്മാവുപി നമ്മെ നയിക്കുന്നു.

മനുഷ്യനിൽ പരിശുദ്ധാത്മാവുപിയുടെ വാസം

ദൈവാത്മാവുപി വസിക്കുന്നതു മനുഷ്യന്റെ കേന്ദ്രതലമായ മനുഷ്യചേതനയിലാണു്. ശരീരത്തിലോ, ആത്മാവിലുള്ള ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തോ അല്ല. മറിച്ചു്, മനുഷ്യനിൽത്തന്നെ.[17] 1കൊരി. 3:16–ൽ പറയുന്ന പരിശുദ്ധാത്മാവുപിയുടെ വാസ

ത്തെക്കുറിച്ച് ഒരാൾക്ക് അനുഭവം ഉണ്ടാകാം എന്ന്. എന്നാൽ ആ അനുഭവത്തിന്റെ ശാരീരികമാനസിക ചലനം അത്ര വ്യക്തമല്ല. കാരണം പരിശുദ്ധാത്മാവിയിൽ വീണ്ടും ജനിച്ചയാൾക്കു മാത്രമേ ഇതു വ്യക്തമാകയുള്ള. പരിശുദ്ധാത്മാവിയുടെ വാസത്തെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും, ആന്തരികമായി അറിവുണ്ടായാൽ മാത്രമേ ഉന്നതമായ ജീവിതം (ZEO) നയിക്കുവാൻ സാധിക്കുകയുള്ള. ആന്തരികമായ ഈ അറിവു പരിശുദ്ധാത്മാവിയുടെ നിയന്ത്രണത്തിൽനിന്നു വരണം.[18] ഇവിടെയാണു വിശ്വാസം ആവശ്യകമായിവരുന്നതും, വിശ്വാസത്തിലുള്ള വളർച്ച പുനർജനനത്തെ സജീവമാക്കുകയും ഒരാളിൽ വസിക്കുന്ന പരിശുദ്ധാത്മാവിയെ മനുഷ്യചേതനയിൽനിന്നു വേർതിരിച്ചറിയുന്നതിനു സഹായിക്കുകയും ചെയ്യുന്നതും.

2. ആത്മാവിനടുത്ത പ്രവർത്തനവും പ്രാർത്ഥനയും

ആത്മാവിനടുത്ത പ്രവർത്തനം

ആത്മാവിന്റെ മനുഷ്യനിലുള്ള പ്രവർത്തനം ത്വരിതപ്പെടുന്നതനുസരിച്ചു സ്വാർത്ഥതത്പരത നിർമ്മൂലനം ചെയ്യപ്പെടുന്നു. തനിക്കുവേണ്ടി മാത്രം ജീവിക്കുക എന്നതു് ഏറ്റവും വലിയ പാപമാണ്. ആത്മാവിനെക്കൊണ്ടു നിറയ്ക്കുന്ന പ്രവൃത്തി ഏറ്റവും വലിയ സുകൃതവും. ഈ പ്രവൃത്തികളിൽ പരിശുദ്ധാത്മാവിയുടെ ഇംഗിതത്തിനു വിധേയമാകുന്നതാണു ചേതനയ്ക്കടുത്ത പ്രവർത്തനം. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നതാണു മേല്പറഞ്ഞ പ്രവർത്തനത്തിലുള്ള ഒരാളുടെ ജീവശക്തി—ആ ആത്മീയമായ ഭക്ഷണവും പാനിയവും.[19]

സ്വന്തം നേട്ടങ്ങൾക്കും തുടക്കങ്ങൾക്കും മുൻതൂക്കം നല്കിക്കൊണ്ടു ജീവിക്കുന്നവർ പരിശുദ്ധാത്മാവിക്കു വിധേയരാകുന്നില്ല. അവർ ലൗകിക സൗഭാഗ്യവും

ശാരീരിക നേട്ടവും കാര്യമായി പരിഗണിക്കുന്നു. ഇതു് അരുപിയുടെ ലോകത്തെ വിവേചിച്ചറിയാൻ സാധിക്കാത്തതുകൊണ്ടാണു സംഭവിക്കുക. പരിശുദ്ധാരുപിയുടെ അഭിഷേകം ആന്തരികമായി അനുഭവപ്പെടുകയും ബാഹ്യമായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നതിലുള്ള സഹകരണമാണു് ആത്മീയപ്രവർത്തനം. ആന്തരിക പ്രതിഷ്ഠയുടെ ശക്തി (വിശ്വാസം) ഇവിടെ പ്രത്യക്ഷപ്പെടാൻ[20] മനുഷ്യചേതന നിരന്തരം ദൈവികശക്തിക്കു തുറന്നിരിക്കുന്നതിനനുകുന്നതായിരിക്കണം ആത്മീയ പ്രവർത്തനങ്ങൾ.

പരിശുദ്ധാരുപിയുടെ മനുഷ്യനിലുള്ള പ്രവർത്തനത്തിന്റെ തുടക്കവും അവിടുത്തേക്കുള്ള മനുഷ്യന്റെ പ്രതിഷ്ഠയുമാണു് ഒരാൾ ആത്മീയമായി പ്രവർത്തിക്കുന്നതിനിടവരുത്തുന്നതു്. പ്രസംഗമോ, അധ്യാപനമോ ശുശ്രൂഷയോ എന്തെങ്കിലുമാകാം നാം ഏർപ്പെടുന്ന പ്രവർത്തനങ്ങൾ. പക്ഷേ അവ അരുപിയ്ക്കടുത്തതാകണം. ഈവിധമുള്ള ചേതനയുടെ തുടക്കങ്ങളെക്കുറിക്കുന്നതാണു നടപടിഗ്രന്ഥത്തിൽ കാണുന്ന പ്രയോഗങ്ങൾ, 'പരിശുദ്ധാരുപി പറയുന്നു.'[21]

ആത്മീയ പ്രവൃത്തികളുടെ ലക്ഷ്യം ചേതനയുടെ വളർച്ചയും ചേതനയിലുള്ള ജീവിതവുമാണു്. ചേതനയിലുള്ള സജീവത്വമാണു മാനുഷിക പ്രവർത്തനങ്ങളെ ജീവദായകവും കാര്യക്ഷമവുമാക്കുന്നതു്. മറ്റുള്ളവരെ ആത്മാവിലേയ്ക്കു നയിക്കുക എന്നതും ആത്മീയ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യത്തിൽ ഉൾപ്പെടുന്നു.[22]

പ്രവർത്തനത്തിനു പ്രാർത്ഥന

ചേതനയാൽ നയിക്കപ്പെടുന്നതിനുള്ള ഒരു അവശ്യവ്യവസ്ഥയാണു് ആത്മാവിലുള്ള പ്രാർത്ഥന. നിരന്തര പ്രാർത്ഥന[23] ദൈവത്തിൽനിന്നു പുറപ്പെടേണ്ടതാണു്. ഈ ചൈതന്യം ഒരാളെ അരുപിക്കടുത്തവിധം വളരുവാൻ സഹായിക്കുന്നു. ചേതനയാൽ നയിക്കപ്പെ

ടുന്ന ഒരാൾ തന്റെ ജീവിതത്തെ അതിന്റെ എല്ലാ മാനങ്ങളിലും സമഗ്രമാക്കുന്നു. കാരണം എല്ലാ പ്രവർത്തനങ്ങളും അയാളിലും അന്യരിലും ആത്മാവിന്റെ ദാനത്തിനു് ഇട നൽകുന്നു. അതിന്റെ ശക്തികേന്ദ്രം ദൈവവുമാണു്. ദൈവാത്മാവു് ഒരാളിൽ നിരന്തരം പ്രാർത്ഥിച്ചു് അയാളെ അത്മാവിൽ കേന്ദ്രീകൃതനാക്കുന്നതനുസരിച്ചു് അയാളിലുള്ള ലൗകികയുക്തികൾ തിരോഭവിക്കുകയും നിരന്തരപ്രാർത്ഥനയ്ക്കു് അയാൾ വിധേയനാവുകയും ചെയ്യുന്നു. ഈ തിരോഭാവം സഹനാത്മകമാണു്.[24]

3. സഹനവും പരിശുദ്ധാത്മാവും

ശാരീരികമായി ജീവിക്കുന്നവൻ ജഡത്തിന്റെ പ്രവൃത്തികൾക്കു വിധേയനാവുകയും തജ്ജന്യമായ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആത്മാവിന്റെ പ്രവൃത്തികളാൽ ജഡത്തെ തിരിച്ചുനടത്തുന്നതിനു പലപ്പോഴും സഹനം ആവശ്യകമായി വരും.[25] സഹനത്തിലൂടെയാണു മിശിഹാ ശരീരത്തിനും ആത്മാവിനും അതീതമായി ഉയർന്നു്, പരിശുദ്ധാത്മാവിനു വിധേയനായതും, പരിശുദ്ധാത്മാവിനെ മനുഷ്യർക്കു പ്രദാനം ചെയ്യുന്നതിനു മനുഷ്യനെന്ന നിലയിൽ ശക്തനായതും.

വി. ശ്ലീഹാ ഗലാത്തിയർക്കെഴുതിയ ലേഖനം 5-ാം അധ്യായത്തിൽ ആത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ടു്. സ്വാഭാവിക തലത്തിൽ മനുഷ്യാത്മാവു ശാരീരിക ലോകത്തോടു കൂടുതൽ ബന്ധപ്പെട്ടിരിക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടു് ആത്മാവിന്റെ സമൃദ്ധി ഇല്ലാതാകുന്നു. ഏതൊരു പ്രവൃത്തിയിലും നവജീവൻ സംജാതമാകുന്നതിനു്, പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനു്, ഗോതമ്പുമണി നിലത്തുവീണു് അഴിഞ്ഞു ഫലം പുറപ്പെടുവിക്കുന്നതുപോലെ, മനുഷ്യനിലും സഹനംമുഖേന സ്വയം ഇല്ലായ്മയാകൽ നടക്കുക ആവശ്യകമാണു്.[26]

സ്വന്തം ജീവനെ കണ്ടെത്തുന്നവൻ അതിനെ നശിപ്പിക്കുന്നു, നശിപ്പിക്കുന്നവൻ അതു കണ്ടെത്തുന്നു. സഹനത്തിന്റെ പ്രതീകമായ കുരിശ് ഒരാളിൽ യഥാർത്ഥീകരിക്കപ്പെടുന്നതു് ഇപ്രകാരമുള്ള ആത്മത്യാഗത്തിലൂടെയാണു്.27 ആത്മത്യാഗത്തിനുള്ള പ്രേരണ ലഭിക്കുന്നതു് ആത്മാവിന്റെ അനുഭവം വർദ്ധിക്കുന്തനുസരിച്ചാണല്ലോ. ദൈവസ്നേഹത്തിൽ പരിശുദ്ധാത്മാവു് ഒരാളെ ശുദ്ധീകരണത്തിനും വളർച്ചയ്ക്കും സഹായിക്കുന്നു. ശുദ്ധീകരണത്തിന്റെയും വളർച്ചയുടെയും തലങ്ങളിൽ സഹനം കടന്നുവരും. അതിനെ ബോധപൂർവം സ്വീകരിക്കുന്നുവെങ്കിൽ അതു കൂടുതൽ സൃഷ്ടിപരമായി നമ്മിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഉളവാക്കും.

മിശിഹായെ അനുഗമിക്കുന്നതിനു് അനുദിനം കുരിശു വഹിക്കേണ്ടതുണ്ടു്.28 ആത്മീയജീവനെ പുഷ്ടിപ്പെടുത്തി ആത്മാവിനു് ഉന്നതി നല്കുന്നതിനും അതുവഴി ശരീരത്തിന്റെ ശക്തികളെ ഉറപ്പിച്ചുകൊണ്ടു ആത്മാവിന്റെ ശക്തി അതിൽ വസിക്കുന്നതിനും കുരിശു് ഇടവരുത്തുന്നു.

കുരിശിനെയും സഹനത്തെയും എതിർക്കുന്നതു പരിശുദ്ധാത്മാവിയുടെ പ്രേരണയ്ക്കു വിരുദ്ധമാണു്. അതുകൊണ്ടാണു് ഈശോ പത്രോസിനോടു് സാത്താനേ, നീ പിന്നിൽ പോകുക എന്നു പറഞ്ഞതു്. സ്വാഭാവികജീവനെ രക്ഷിക്കുന്നതിനാവശ്യമായ സഹനം ഉപേക്ഷിച്ചു ജീവിക്കുന്നവർ ശ്രേഷ്കമായ ഒരു ജീവിതത്തിൽ തന്നെ വ്യാപരിക്കുന്നു. ദൈവചിത്തത്തെക്കാൾ ശാരീരികസ്ഥിതിയെ പത്രോസു് ഈശോയിൽ കൂടുതൽ ഇഷ്ടപ്പെട്ടതുകൊണ്ടാണു് പത്രോസിൽനിന്നു് ഈ നിഷേധാത്മക സമീപനമുണ്ടായതു്.

സ്വാർത്ഥ സ്നേഹവും തന്നോടുതന്നെയുള്ള അനുകമ്പയും സഹനത്തോടുള്ള ഭയവുമെല്ലാം കുരിശിൽ നിന്നൊരാളെ അകറ്റുകയും അതു ജീവഹാനിക്കിടവരുത്തു

കയും ചെയ്യുന്നു. അനുദിന സഹനങ്ങളെ സമാശ്ലേഷിപ്പിക്കുന്നതു പാപത്തെ നീക്കിനിർത്തുക തന്നെയാണു്.[29] എത്ര കൂട്ടുതൽ ആത്മത്യാഗത്തിന്റെ വചനം സ്വീകരിക്കുന്നുവോ അത്ര കൂട്ടുതൽ ദൈവവചനം നമ്മിൽ ആഴമായിപ്പതിയുന്നു.[30] പരിശുദ്ധാത്മാവിയെ പ്രാപിക്കുന്നതിനിടവരുത്തുന്നു. സ്വജീവനെ നശിപ്പിക്കുന്നവർ അതിനെ സംരക്ഷിക്കുമെന്നാണു് ഈശോ തറപ്പിച്ചു പറയുന്നതു്.[31]

ലോകത്തോടും ശാരീരികതയോടുമുള്ള മമത എത്ര മാത്രമുണ്ടോ അത്ര കൂട്ടുതലായി സഹനം കൈവരിച്ചാൽ മാത്രമേ ആത്മാവിൽനിന്നു ജീവൻ ലഭിക്കുകയുള്ളു. അനുദിന സഹനങ്ങളെ സ്വീകരിക്കുന്നതും ആത്മപരിത്യാഗം അനുഷ്ഠിക്കുന്നതും പാരമ്യത്തിൽ എത്തുന്നതും മരണത്തോടുകൂടിയാണു്.[32] ഗോതമ്പുമണിയായ മിശിഹാ കുരിശിൽ മരിച്ചുകൊണ്ടാണു് നൂറുമേനി ഫലം പുറപ്പെടുവിച്ചതു്—പരിശുദ്ധാത്മാവിയെ നൽകുന്നതിനു പ്രാപ്തനായതു്. പാപമയമായ ശരീരം തകർക്കപ്പെട്ടു.[33] ഈ മരണം ഓരോ നിമിഷത്തിലും നമ്മുടെ ശരീരത്തിൽ വഹിക്കുമ്പോഴും നാം അതിനെ ദൈവത്തിനായി വിട്ടുകൊടുക്കുന്നു. ദൈവികോപകരണങ്ങളാകുന്ന അവയവങ്ങളും വ്യക്തിയും പരിശുദ്ധാത്മാവിനെ സംവഹിക്കുകയും പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ശാരീരിക അവയവങ്ങളും ദൈവത്തിനു വിട്ടുകൊടുക്കുക എന്നുവച്ചാൽ ആത്മാവിന്റെ പ്രവർത്തനങ്ങളാൽ അവ നയിക്കപ്പെടുക എന്നാണർത്ഥം. ആത്മാവിന്റെ കഴിവുകളും ശരീരത്തെയും (body) അതുപോലെ മനുഷ്യജീവനെയും (soul) ഉപകരണങ്ങളാക്കി, പരിശുദ്ധാത്മാവിയുടെ സ്വാതന്ത്ര്യത്തിനു വിട്ടുകൊടുക്കുന്നു. ഈ വിട്ടുകൊടുക്കൽ മാനുഷികമായ സഹനത്തിനിടവരുത്തുന്നു. എന്നാൽ അതിനുശേഷം ലഭിക്കുന്ന ജീവൻപരിശുദ്ധാത്മാവിയിലുള്ള മനുഷ്യചേതനയുടെ ജീവനാണു്.

ഇതു് ഉത്ഥാനാത്മകജീവനമാണു്. സ്വാഭാവികവാസനകളും അവയുടെ വികലസ്ഥിതിയിൽ വളരുന്നതു വ്യക്തിക്കും സമൂഹത്തിനും ഹാനികരമാണു്. എന്നാൽ വികല്പങ്ങളെ നീക്കുന്ന സഹനപ്രക്രിയ ജീവൻ വിജയിപ്പിക്കുന്നതിനു് ഇടയാക്കുന്നു. മനുഷ്യനിലുള്ള ദൈവാത്മാവിന്റെ പ്രവർത്തനത്തിനു് അവശ്യാവശ്യകമായ ഒരു വ്യവസ്ഥയാണു സഹനം.

സഹനവും മരണവും സൂഷ്മപരമായ ഘടകങ്ങളായി രൂപാന്തരപ്പെടും [34] ഈ രൂപാന്തരപ്പെടൽ ഒരാളെ ശാരീരിക ആത്മീയ തലങ്ങളിൽനിന്നു ചേതനയുടെ തലത്തിലേക്കുയർത്തുന്നു.

4. ആത്മാവിനാൽ നയിക്കപ്പെടുന്നു

പരിശുദ്ധാരൂപിയാൽ നയിക്കപ്പെടുക എന്നതിനു പ്രധാനമായി രണ്ടു വശങ്ങളാണുള്ളതു്: ഒന്നു്, വ്യക്തി എല്ലാവിധ പ്രതിബന്ധങ്ങളിലുംനിന്നു വിമുക്തനായിരിക്കും. രണ്ടു്, ഓരോ നിമിഷത്തിലും പരിശുദ്ധാരൂപിയുടെ പ്രചോദനത്തിനു വിധേയനായി ജീവിക്കുക.

ആദ്യത്തേതു കുരിശിന്റെ പാത തന്നെ. ഈ വഴിയിൽ ഒരാൾ തന്റെ ആശയങ്ങളും ആഗ്രഹങ്ങളും ചിന്തകളും എല്ലാം പരിശുദ്ധാരൂപിയ്ക്കു് ഏൽപ്പിച്ചു കൊടുക്കുന്നു. ഈ പ്രക്രിയ നടക്കുന്നതിനു് ആവശ്യകമായ കൃത്യമാണു പരിശുദ്ധാരൂപിയെ പ്രദാനം ചെയ്യുമിശിഹായെ അനുഗമിക്കുക എന്നതു്. സുവിശേഷത്തിൽ വിശ്വസിക്കുവാൻ എന്നിലുള്ള വികലമായവയെ വർജ്ജിച്ചു ഹൃദയത്തെ പരിശുദ്ധമായവയിൽ പതിക്കണം. ഇവിടെ സൂചിപ്പിച്ച ഹൃദയപരിവർത്തനത്തിനും തദനുസൃതമായ ചേതനയ്ക്കുള്ള വിധേയത്വത്തിനും സഹജാവബോധവും മനസ്സാക്ഷിയുടെ പ്രേരണയും വേണ്ടിവരുന്നു. വെളിപാടനുസരിച്ചു ജീവിതം നയിക്കുമ്പോഴും കുരിശും മരണവും അനുഭവവേദ്യമാകും. ഇപ്രകാരം ഒന്നിനൊന്നു വികസിച്ചുകൊണ്ടിരിക്കുന്ന ചേത

നയ്ക്കുട്ടത്ത ജീവിതം, വെളിപാടിനെ പൂർവോപരി കാ
ര്യക്ഷമമായി സ്വീകരിക്കുന്നതിനു് ഒരുവനെ സജ്ജമാ
ക്കുന്നു. ആരംഭത്തിൽ ചേതനയുടെ പ്രചോദനത്തെ ഭാ
ഗികമായി മാത്രം ഗ്രഹിച്ചാലും തുടർന്നു് അതിനെ പൂ
ർണ്ണമായി ഗ്രഹിച്ചു് അതിന്റെ ആഴത്തിലേക്കിറങ്ങുന്ന
തിനിടവരുന്നു. ഇവിടെ സൂചിപ്പിച്ചിരിക്കുന്ന സാ
ധ്യതകളെ അനുഭവവേദ്യമാകുന്നതനുസരിച്ചാണു് ചേത
നയാൽ ഒരാളെ യഥാർത്ഥത്തിൽ നയിക്കപ്പെടുന്നതു്.
എന്നാൽ ഒരാൾക്കു ലഭിക്കുന്ന പ്രചോദനം പരിശുദ്ധാ
ത്മാവിൽനിന്നുള്ളതാണോ എന്നു വിവേചിച്ചറിയുക
ആവശ്യകമാണു്.[35] ഈ വിവേചന അടങ്ങിയിരിക്കു
ന്നതു്, ആത്മപരിശോധനവഴി, സ്വാർത്ഥതപരത
യുടെ ചൈതന്യം ഉണ്ടെങ്കിൽ അതു കണ്ടുപിടിക്കുക എ
ന്നതിലാണു്. ലൗകികതാത്പര്യങ്ങളും വിവേചിച്ചു
റിയണം. ഹൃദയംഗമമായ ചൈതന്യമെവിടെ എന്നു
കണ്ടുപിടിക്കുക എന്നതിൽ തിടുക്കത്തിന്റെയും ജനപ്രീ
തിയുടെയും, താത്കാലികതയുടെയും വികാരത്തി
ന്റെയും തലങ്ങളിലുള്ള ബോദ്ധ്യങ്ങളെക്കാൾ കൂടുതൽ
അഗാധസ്പർശിയാണു ചേതനയുടെ സഹജാവബോ
ധം. ഇതുവഴിയാണു പരിശുദ്ധാത്മാവു ഒരാളെ നയി
ക്കുന്നതു്.

ചിലർ ആന്തരിക ചൈതന്യത്താൽ നയിക്കപ്പെടു
വാൻ ആഗ്രഹിക്കുന്നുവെങ്കിലും, അതു് അവരിൽ ഒളി
ഞ്ഞുകിടക്കുന്ന 'അഹ'ത്തിന്റെ താത്പര്യം മൂലമാ
ണെങ്കിൽ അതു ചേതനയാൽ ഉള്ള നയിക്കപ്പെടൽ ആ
യിരിക്കുകയില്ല. ഈ പരാജയം സർവ്വസാധാരണമായതു
കൊണ്ടു യുക്തിയുടെയും വികാരത്തിന്റെയും തലങ്ങ
ളിലൂടെ ചേതനയ്ക്കുട്ടത്ത ജീവിതം ബലഹീനമായിത്തീ
രുന്നു. ഇങ്ങനെയുള്ളവരിൽ ശരീരം ശക്തിപ്പെടുന്ന
തിനിടയാകുന്നു.

ഇതുയും പറഞ്ഞതിന്റെ ചുരുക്കം, ദൈവാത്മാവി
യാൽ നയിക്കപ്പെടുന്നവർ മാനുഷിക കണ്ടുപിടിത്തങ്ങ

ളിലോ, മറ്റുള്ളവരുടെ സംഭാവനകളിലോ ആശ്രയം മുഴുവനർപ്പിക്കാതെ ദൈവത്താൽ സദാ നയിക്കപ്പെടണം എന്നതാണ്. ഇവർ ദൈവിക വെളിപാടിന് അതുല്യപ്രാധാന്യം കൊടുക്കുന്നു.[36]

ഭൗതികതയുടെ ദുഷ്ടാത്മാവ്

അന്ധകാരശക്തികളും തിന്മയുടെ ഭൂതന്മാരും ചേതനയുടെ ജീവിതത്തിൽനിന്നു മനുഷ്യനെ വ്യതിചലിപ്പിക്കുന്നു. ചേതനയുടെ നൈർമ്മല്യത്തെ തകർക്കുന്നതിലാണ് ദുഷ്ടാത്മാവ് ശ്രദ്ധ ചെലുത്തുന്നതു്. അതിനാൽ ആന്തരികവും ബാഹ്യവുമായ എല്ലാറ്റിനെയും പരിശോധിച്ചറിയുക ആവശ്യകമാണ്.[37] ആന്തരികതയുടെ ഭാഷയിൽ എല്ലാം വ്യാഖ്യാനിക്കുവാൻ ഓരോരുത്തർക്കും കഴിവു ലഭിക്കണം.[38]

പരിശുദ്ധാത്മാവിയുടെ പ്രചോദനത്തെ കെടുത്തുന്ന മറ്റൊരു ശക്തിയാണു മനുഷ്യന്റെ സമനില തെറ്റിക്കുന്ന മനുഷ്യനിലുള്ള ദുരാത്മാവിന്റെ പ്രവൃത്തി. മനസ്സാക്ഷിയുടെ തന്നെ സമനിലയെ തകർത്തുകൊണ്ടാണു ദുഷ്ടാത്മാവു ദൈവിക സംസർഗത്തിൽനിന്ന് ഒരാളെ അകറ്റുന്നതു്. കുറ്റാരോപണം എന്ന കുതന്ത്രം ഉപയോഗിച്ചു സാത്താൻ ഇതു സാധിക്കുന്നു. യാഥാർത്ഥ്യത്തെ വിവേചിച്ചറിയുന്നതിനുള്ള ശാന്തത ഇല്ലാതാക്കുന്നു. ഇതിനുദാഹരണമാണു തെറ്റിൽ വീണുകഴിഞ്ഞു് അനുഭപ്പെടുന്ന മനസ്സാക്ഷിയുടെ അസ്വസ്ഥതയും കലക്കവും. നേരായ രീതിയിൽ തെറ്റു് ഏറ്റുപറഞ്ഞു ദൈവത്തോടു് ഐക്യപ്പെടുകയാണ് ശരിയായ പ്രതിവിധി.[39] പരിശുദ്ധാത്മാവു് ഒരാളെ യാഥാർത്ഥ്യബോധത്തിലൂടെ നയിക്കുമ്പോൾ ദുഷ്ടാത്മാവു് സമാധാനം കെടുത്തിക്കളയുന്ന കുറ്റബോധത്തിലൂടെ നയിക്കുന്നു. ദുഷ്ടാത്മാവിയുടെ പ്രേരണകളോടു ചേർന്നുവരുന്നതാണു സഹജാവബോധത്തെ ആ സ്ഥാനത്തു കാണുന്നതും (ആത്മാവിന്റെ അറിവിനെ അത്മാവിയുടെ വെളിപാടായി കാണു

ന്നതും), അപ്രകാരം വ്യാഖ്യാനിക്കുന്നതും, അരൂപിക ളുടെ പ്രവർത്തനം സമ്മിശ്രമായതുകൊണ്ട് ഓരോന്നും വിവേചിച്ചറിയുന്നതിലാണ് ചേതനയാൽ നയിക്ക പ്പെടുന്നതിന്റെ വിജയം അടങ്ങിയിരിക്കുന്നത്.[40]

പരിശുദ്ധാരൂപിയോടുള്ള വിധേയത്വം

ചേതനയാൽ നിറഞ്ഞിരിക്കുന്ന ഒരാൾ പ്രവർത്ത നനിരതനായിരിക്കും. എന്നാൽ, പ്രവർത്തനങ്ങളിൽ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പ്രകടമാകുന്നില്ലെ ങ്കിൽ ഫലം മറിച്ചാകാം. പരിശുദ്ധാരൂപിയ്ക്ക് വി ധേയമാകുന്നതിനുള്ള നിയമങ്ങൾ, ചേതനയിലുള്ള ഭാ രം നീക്കുക, അത്മീയ–ശാരീരിക തടസ്സങ്ങളെ നീക്കം ചെയ്യുക, മലീമസമായ ചേതനയെ ശുദ്ധീകരിക്കുക,[41] അത്യഗാധത്തിൽ തപ്പിത്തടയുന്നതിൽനിന്ന്, ചേതന യെ കരകയറ്റുക; അതിന്റെ ഭാരം നീക്കി അതിനെ സ്വതന്ത്രമാക്കുക, നിശ്ചലത നീക്കി നിർദ്ധരിപോലെ ചേതനയെ സജ്ജമാക്കുക, ഉത്തരവാദിത്വരാഹിത്യ ത്തെ നിർമ്മാർജനം ചെയ്യുക തുടങ്ങി നിരവധിയാണ്.

തുടർന്നു ചെയ്യാനുള്ളതു മേൽപ്പറഞ്ഞ നിയമങ്ങൾ അനുസരിച്ചു ജീവിക്കുന്നതിനു്, പരിശുദ്ധാരൂപിയുടെ പ്രേരണയിൽ നിരന്തരം വളരുന്ന ക്രിയാത്മകശ്രദ്ധ യും ജാഗരൂകതയും ഉണ്ടാക്കുകയാണ്. ഈ വളർച്ചയി ലാണ് ഒരാൾ പൂർണ്ണമായും ചേതനയ്ക്കടുത്ത ജീവി തം നയിക്കുന്നതും, തജ്ജന്യമായ വ്യക്തിത്വം കൈവ രിക്കുന്നതും.

5. ആധ്യാത്മിക വ്യക്തിത്വം

ആധ്യാത്മികജീവിതത്തിലെ ഏറ്റവും പ്രധാന മായ ചലനങ്ങളിൽ ഒന്നാണു ചേതനയുടെ പ്രവർത്തന ത്തെ അനുഭവിച്ചറിയുക എന്നതു്. ചേതനയുടെ ചല നത്തെ സഹായിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യേ ണ്ട മേൽപ്പറഞ്ഞ അനുഭവം കൈവരിക്കേണ്ടതു മന

സ്സാണ്. ചേതനയുടെ പ്രവർത്തനത്തെ സഹായിക്കുന്ന ഈ മാനസിക വ്യവസ്ഥ ചേതനയുടെ നിയമമായി നിലകൊള്ളുന്നു. ഈ തത്ത്വം നിരന്തരം പ്രായോഗിക മാക്കുന്ന വ്യക്തിയാണ് ആധ്യാത്മികതത്തിൽ സുനിശ്ചിത സ്ഥിതിയിലെത്തുന്നത്.

മനസ്സിന്റെ പ്രവർത്തനവും പ്രാർത്ഥനയും

മനുഷ്യചേതന സുഷുപ്തിയിലാണ്ടുപോകുമ്പോഴും മനസ്സാണ് ഉണർന്നു പ്രവർത്തിക്കേണ്ടത്. ഇതുവഴി ചേതനയെ ഉണർത്തുകയും സജീവമാക്കുകയുമാണ് ഒരാൾ ചെയ്യുന്നത്. മനസ്സിന്റെ ഈ പ്രചോദനാത്മകപ്രവൃത്തി പ്രാർത്ഥനയിലാണടങ്ങിയിരിക്കുന്നത്. മനസ്സുകൊണ്ടു പ്രാർത്ഥിക്കണമെന്നാണു വി. ശ്രീഹാ പറയുന്നത്.[42] പലപ്പോഴും വിരസമായ ചേതനയും സാത്താന്റെ ആക്രമണത്തിനു വിധേയമായ ശാരീരിക ജീവിതവും നേർവഴിക്കു തിരിക്കുന്നതിനു പ്രാർത്ഥനവഴി മനസ്സു പരിശ്രമിക്കണം. തുടർന്നുള്ള ആന്തരികപ്രവർത്തനങ്ങളെല്ലാം ചേതനയാൽ നടക്കുന്നു. ഈ പ്രക്രിയകളുടെ നിരന്തരാവർത്തനമാണു ചേതനയ്ക്കുള്ള ജീവിതത്തിന്റെ ഊടും പാവും. മനസ്സിന്റെയും ചേതനയുടെയും ഒന്നിച്ചുള്ള പ്രവർത്തനത്തിൽനിന്നു താഴെപ്പറയുന്നവ സംജാതമാകുന്നു.

മാനസാന്തരത്തിലേക്കു നയിക്കുന്ന സമരം

നിദ്രയിലാണ്ടുപോകുന്ന ചേതനയെ ഉണർത്തുന്നതിനു നിരന്തരയുദ്ധം ആവശ്യകമാണ്, ഈ യുദ്ധത്തെ തുടർന്നാണ് ദൈവവുമായി സംസർഗം പുലർത്തുന്നതിനു ചേതനയ്ക്കു സാധിക്കുന്നത്. ഏതെങ്കിലും നിമിഷത്തിൽ കിട്ടിയ ചേതനയുടെ യഥാർത്ഥപ്രചോദനം ഒരാളിൽ അവശേഷിക്കുക സാധാരണമാണ്. അതിനെ വീണ്ടും പ്രവർത്തനനിരതമാക്കുകയാണു മനസ്സുകൊണ്ടുള്ള പ്രാർത്ഥനവഴി ഈ സാഹചര്യത്തിൽ

വേണ്ടതു്. ഈ പ്രാർത്ഥനയുടെ ആവർത്തനം ഏതാണ്ടൊരു ഹർഷോന്മാദസ്ഥിതിയിൽ ഒരാളെ എത്തിക്കുന്നു. അതായതു്, പ്രാർത്ഥനയ്ക്കു മുമ്പു ചേതനയ്ക്കനുഭവപ്പെട്ട നിശ്ചലത നീക്കി നേരത്തെ ഉണ്ടായിരുന്ന, അല്ലെങ്കിൽ, നവമായി ഉണ്ടായ ഒരു ദൈവികാനുഭവത്തിൽ വ്യക്തിയെ എത്തിക്കുന്നു. ഈ അനുഭവത്തിന്റെ നിലയ്ക്കാണു ഹർഷോന്മാദാവസ്ഥ എന്നു പറയുന്നതു്.

വ്യക്തിപരമായ ഹർഷോന്മാദസ്ഥിതി പ്രാർത്ഥനവഴി കൈവരുന്നതുപോലെ ഒരാൾ സംഭരിച്ചിരിക്കുന്ന ദൈവവചനം അനുപിയ്യിട്ടുത്തവിധം പ്രസംഗിക്കുന്നതിനും പ്രാർത്ഥനയും ചേതനയുടെ സജീവത്വവും ആവശ്യകമാണു്. ഇതും മാനസിക പ്രാർത്ഥനവഴി നേരത്തെ നേടിയ ആശയത്തെ ആവർത്തിക്കുന്നതിലടങ്ങിയിരിക്കുന്നു.

ആധ്യാത്മിക ശിപാർശ

ആധ്യാത്മിക വ്യക്തിത്വം പുലർത്തുന്നതിനു് ആവശ്യകമായ വേറൊരു ഘടകം പരിശുദ്ധാത്മാവിന്റെ മാധ്യസ്ഥ്യം വഹിക്കലാണു്. ഈ മാധ്യസ്ഥ്യംവഴി ഒരാൾ തന്നെത്തന്നെ സത്യത്തിൽ വിശുദ്ധീകരിക്കുന്നു. ഈ പ്രതിഷ്ഠാചൈതന്യം അനുസ്യൂതം തുടരുന്നതും ചേതനയുടെ ചലനാത്മകതയിലാണു്.[43] ഈ മാധ്യസ്ഥ്യത്തിനും നിരന്തരമായ മാനസികപ്രാർത്ഥന ആവശ്യകമാണു്.

മാധ്യസ്ഥ്യം ആവശ്യപ്പെടുന്നതു ദൈവചിത്തം പ്രവൃത്തിയിലാക്കുന്നതാണല്ലോ. അവിടുത്തെ ചിത്തം എല്ലാ മനുഷ്യരും വിശുദ്ധീകരിക്കപ്പെടണം എന്നതത്രേ അതിനാൽ ദൈവചിത്തം നേരിട്ടു ചേതനയ്ക്കു വെളിപ്പെടുന്നുവെങ്കിൽ മനസ്സു തയ്യാറായിരിക്കണം, അതു സ്വീകരിക്കുവാൻ. എന്നാൽ ദൈവം പലപ്പോഴും തന്റെ ഇഷ്ടം വെളിപ്പെടുത്തുന്നതു പരോക്ഷമായിട്ടാണു്. പരോക്ഷമായി വെളിപ്പെടുത്തുന്ന ദൈവചിത്തം

ഗ്രഹിക്കുന്നതിനും നേരത്തെ കണ്ടതുപോലുള്ള മാനസിക പ്രാർത്ഥനയും ചേതനയുടെ സന്നദ്ധതയും ആവശ്യകമാണ്. അതുപിക്കടുത്ത അനുഭവത്തിനും തജ്ജന്യമായ ദൈവോന്മുഖതയ്ക്കും മാനസിക പ്രാർത്ഥന ആവശ്യകമാണ്.

സ്വതന്ത്രമനസ്സിന്റെ സ്ഥാനം

കൈകൊണ്ടു പ്രവർത്തിപ്പിക്കുന്ന പമ്പിനു സദൃശമാണു മനുഷ്യമനസ്സിന്റെയും ആത്മാവിന്റെയും സഹകരണം. പമ്പു വെള്ളം വലിച്ചെടുക്കുന്നതിന് ഒരു തുടക്കം വേണം. ഇതിനായി ആദ്യം അല്പം വെള്ളം ഒഴിച്ചുകൊടുക്കണം. ഈ വെള്ളത്തിന്റെ സ്ഥാനമാണു പ്രാർത്ഥനയ്ക്കുള്ളതു്. ഈ ആരംഭപ്രവർത്തനം പരിശുദ്ധാത്മാവു മനുഷ്യചേതനയിൽ നിർവഹിക്കുന്നു. തുടർന്നു വെള്ളം പമ്പു ചെയ്യുന്നതിനു കൈകൊണ്ടുള്ള പ്രവർത്തനംവഴി സഹായം തുടരണം. ഇതു പ്രാർത്ഥനയുടെ ജോലിയാണ്. മനസ്സിനു ചേതനയെ മനസ്സിലാക്കുന്നതിനും വിധിക്കുന്നതിനും കഴിവുണ്ട്. അതിനാൽ മനസ്സിന്റെ സമനിലയ്ക്കും ആരോഗ്യത്തിനും അതുല്യ പ്രാധാന്യം കൽപ്പിക്കണം. ഏറ്റവും സ്വതന്ത്രമായ മനസ്സിനാണ് ഏറ്റവും നന്നായി പ്രവർത്തിക്കുവാൻ കഴിയുന്നതു്. മനസ്സു വെറും സഹായി അല്ല; പ്രത്യുത, മനസ്സിനു മനുഷ്യവ്യക്തിത്വത്തിൽ നിർണ്ണായകമായ ഒരു സ്ഥാനമാണുള്ളതു്. ദൈവാത്മാവു മനുഷ്യചേതനയിലൂടെ പ്രകാശം വീശുന്നതു മനസ്സിലാണ്. എന്നാൽ മനസ്സ് ഏതെങ്കിലും അന്യശക്തിയിൽ ഭരിക്കപ്പെട്ടുന്നവെങ്കിൽ ആത്മാവിന്റെ വളർച്ചയും വ്യക്തിത്വവും സാധ്യമാകാതെ വരും.

ആത്മാവ് മനസ്സിലും വ്യക്തിയിലും

പരിശുദ്ധാത്മാവിയുടെ ശക്തിയാൽ നയിക്കപ്പെടുന്നവർ നിരന്തരം ഹൃദയതാപത്തിലും,[44] ദൈവത്തിനു

സ്വീകാര്യമായ സമർപ്പണചൈതന്യത്തിലും,[45] ദൈവ വചനാനുസൃതമായ കാര്യങ്ങളിലും ശ്രദ്ധിക്കണം.[46] വി നീതമായ മുന്നോറ്റം ദൈവത്തിന്റെ സഹവാസത്തി നിടവരുത്തുന്നു.[47] സുവിശേഷഭാഗ്യത്തിനു പാത്രീഭ വിക്കുന്നതും ചേതനയാൽ നയിക്കപ്പെടുന്നതും സാധുക്ക ളാണ്. കാരണം ഈശോ പറഞ്ഞിരിക്കുന്നതു് ആത്മാ വിൽ ദരിദ്രർ ഭാഗ്യവാന്മാർ എന്നാണു്.[48] വിനയവും[49] ശ്രേഷ്കാന്തിയും[50] ഒരാളെ കൂടുതൽ ആധ്യാത്മികീക രിക്കുന്നു. അറിവിന്റെ ശാന്തതയും,[51] ദൈവമായ കർ ത്താവിലുള്ള സന്തോഷവും[52] ആത്മാവിനാൽ നയി ക്കപ്പെടുന്നവരുടെ പ്രത്യേകതകളാണു്. ആത്മനിയ ന്ത്രണവും ശക്തിയും സ്നേഹവും നിറഞ്ഞ ചേതന[53] ദൈവസന്നിധിയിൽ അമൂല്യമാണു്.[54]

ചേതനയുടെ നവീനതയിൽ (regeneration) നില നിൽക്കുകയും മുന്നേറുകയും ചെയ്യുന്നതു് ആധ്യാത്മിക വ്യക്തിത്വത്തിന്റെ വൈശിഷ്ട്യങ്ങളാണു്.[55] ഈ വ്യക്തി ശരീരത്തിലും ചേതനയിലും പരിശുദ്ധമാകു ന്നു.[56] പരിശുദ്ധി മാത്രമാണു ദർശനസഹായി.[57]

ഉത്ഥാനാനുഭവം

ചേതനയിൽ ശക്തിപ്പെടുക എന്നതു് ആധ്യാ ത്മിക വ്യക്തിത്വത്തിൽ വളർച്ചയാണു്.[58] ഈ വ ളർച്ചയാണു മിശിഹായെ മാനവകുലത്തിന്റെ ശിരസ്സാ ക്കിയതു്. ആധ്യാത്മികതയിൽ പുഷ്ടിപ്പെടുന്നവർ ഒരേ ആത്മാവിൽത്തന്നെ ഒന്നിക്കപ്പെടുന്നു.[59] മിശി ഹായുടെ കൃപയും പരിശുദ്ധാത്മാവിയുടെ ശക്തിയും കൂട്ടായ്മയ്ക്കുള്ളതാണു്.[60]

ചേതനയാൽ നയിക്കപ്പെടുന്നവർ[61] ഈ ലോക ത്തിൽ സ്വർഗ്ഗീയാനന്ദത്തോടെ ജീവിക്കുകയും മിശി ഹായുടെ രണ്ടാമത്തെ ആഗമനത്തെ പ്രതീക്ഷിച്ചു കഴി യുന്ന ആ പ്രത്യാശയുടെ ചൈതന്യത്തിൽ മുന്നേറുകയും

ചെയ്യുന്നു.[62] വരുവാനിരിക്കുന്നവയുടെ മുന്നനുഭവം ഹർഷോന്മാദത്തിൽ ഒരാളെ എത്തിക്കുന്നു.[63] ഉന്നതത്തിലുള്ളതിനെ നേടിക്കൊണ്ടുള്ള മുന്നേറ്റമാണല്ലോ ആധ്യാത്മിക വ്യക്തിത്വത്തിന്റെ ലക്ഷ്യം.[64] അതിനാൽ അധ്യാത്മിക മനുഷ്യന്റെ നിരന്തര പ്രാർത്ഥന 'കർത്താവായ ഈശോയേ, വന്നാലും' എന്നായിരിക്കും.[65]

അധ്യായം 10

പരിശുദ്ധാത്മാവും ആധ്യാത്മികീകരണവും പഴയനിയമത്തിൽ

സൃഷ്ടികർത്താവിൽ പ്രപഞ്ചത്തിനു രൂപവും ഭാവവും നൽകിയതു പരിശുദ്ധാത്മാവാണു്. പ്രപഞ്ചത്തെ ഉൾക്കൊള്ളുന്ന മനുഷ്യവ്യക്തിത്വത്തിന്റെ സാഫല്യവും പരിശുദ്ധാത്മാവുവഴിയാണെന്നു സംജാതമാകണം. വ്യക്തിയെന്ന നിലയിലെങ്കിലും, യഹോവയുടെ ശക്തിയായി പരിശുദ്ധാത്മാവിനെ പഴയനിയമ ഗ്രന്ഥത്തിൽ പലയിടങ്ങളിലും പരാമർശിക്കുന്നുണ്ടു്.

1. പരിശുദ്ധ ത്രിത്വവും പവിത്രാത്മാവും

പരിശുദ്ധ ത്രിത്വത്തിന്റെ പ്രവർത്തനമാണു മനുഷ്യന്റെ ദൈവീകീകരണചരിത്രത്തിൽ കാണുന്നതു്. ദൈവീകീകരണം എന്നതു മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്ഥലകാലങ്ങളുമായി ബന്ധപ്പെട്ടതാണു്. ഇതിനു ലംബവും തിരശ്ചീനവുമായ മാനങ്ങളുണ്ടു്. ദൈവിക പ്രവർത്തനങ്ങളുടെ അനാവരണം നടക്കുന്നതു്, ഓരോ വ്യക്തിയിലൂടെയാണു്. പിതാവായ ദൈവം മാനവചരിത്രത്തിന്റെ ആരംഭത്തിൽ പ്രത്യക്ഷപ്പെടുന്നു. പുത്രൻ മാത്രമാണു മനുഷ്യസ്വഭാവം സ്വീകരിച്ചതു്. രണ്ടാമത്തെ ആളായ പുത്രന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുള്ള മഹത്വീകരണത്തിലൂടെയുമാണു പരിശുദ്ധാത്മാവു മാനവകുലത്തിനു നൽകപ്പെട്ടതു്.

ത്രിത്വത്തിലെ ഒന്നാമത്തെ ആളിനെ പിതാവായും എല്ലാറ്റിന്റെയും ഉറവിടമായും ചിത്രീകരിക്കുന്നു.

പിതാവിൽനിന്നു മനുഷ്യന്റെ ദൈവികീകരണരഹസ്യം പുത്രനിലേക്കും പുത്രനിലൂടെ മനുഷ്യർ പിതാവിലേക്കും നീങ്ങുന്നു എന്ന രണ്ടാശയമാണു വി.ഗ്രന്ഥത്തിലുള്ളതു്.1 പരിശുദ്ധാത്മാവു ദൈവത്തിന്റെ ശക്തി എന്ന നിലയിലും ദാനമെന്ന നിലയിലും വിശുദ്ധീകരണപ്രക്രിയ നടത്തുന്നു. ഈ പരിശുദ്ധാത്മാവാണു സൃഷ്ടിയുടെ ആരംഭം മുതൽ എന്നും ദൈവികീകരണശക്തിയായി നിലകൊള്ളുന്നതു്.2

ഈ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനു പൗരസ്ത്യാധ്യാത്മികതയിൽ അതുല്യമായ പ്രാധാന്യമാണു നൽകിയിരിക്കുന്നതു്. ത്രിത്വത്തെ കേന്ദ്രീകരിച്ചുള്ള ദൈവികീകരണപ്രക്രിയ ഭാരതീയ സുറിയാനി കമ്മ്ക്രമത്തിൽ പ്രകടമാണു്. രൂഹാക്ഷണവും തത്തുല്യമായ പ്രാർത്ഥനകളും പരിശുദ്ധാത്മാവിനു മുഖ്യതൽസ്ഥാനം നൽകുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ ഒന്നാക്കപ്പെട്ട ഒരു സമൂഹമായിട്ടാണു പൗരസ്ത്യർ സഭയെ ദർശിക്കുന്നതു്.3 സഭയുടെ ഔദ്യോഗികാരാധനയായ കുർബാനയിൽഉടനീളം പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിധ്യം വിളിച്ചപേക്ഷിക്കുന്നു. ഉദാഹരണത്തിനു രൂഹാക്ഷണത്തിൽ യാക്കോബിന്റെ അനാഫൊറായിൽ കാണുന്നു:

> 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനു മുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു.ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനു മീതെ ചലിച്ചുകൊണ്ടിരുന്നു.'
>
> (സൃഷ്ടി 1: 1_2)

'പിതാവായ ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ! സിംഹാസനത്തിലും രാജത്വത്തിലും നിത്യമായ സാരാംശത്തിലും നിന്നോടും നിന്റെ പുത്രനോടും സമനായ കർത്താവും, പഴയനിയമവും, പുതിയനിയമവുംവഴി സംസാരിച്ചവനും, യോർദ്ദാൻ നദിയിൽ

വച്ചു പ്രാവിന്റെ രൂപത്തിൽ ഞങ്ങളുടെ കർത്താവായ ഈശോമിശിഹായുടെയും, മാളികയിൽവച്ചു് അഗ്നി നാവുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെയുംമേൽ ഇറങ്ങിയവനുമായ പരിശുദ്ധാത്മാവിനെ ഈ കുർബാനമേൽ നീ അയച്ചുതരേണമേ.

വീണ്ടും, വി. കുർബാനയിലെ മിശിഹായുടെ സാന്നിദ്ധ്യവും വീഞ്ഞിന്റെയും അപ്പത്തിന്റെയും വസ്തുമാറ്റവും പരിശുദ്ധ ത്രിത്വത്തിന്റെ പ്രവൃത്തിയാണു്. മോസസ് ബർക്കേഫായുടെ അഭിപ്രായത്തിൽ 'വിശുദ്ധ കുർബാനയിലെ വസ്തുമാറ്റം പരിശുദ്ധ ത്രിത്വത്തിന്റെ പ്രവൃത്തിയാണു്. കാരണം രക്ഷാകരചരിത്രം മുഴുവൻ ത്രിത്വത്തിലെ മൂന്നാളുകളുടെയും പ്രവർത്തനത്തിന്റെ ഫലമാണു്. പിതാവു് അതു് ആഗ്രഹിക്കുന്നു, പുത്രൻ നിർവഹിക്കുന്നു, പരിശുദ്ധാത്മാവു കാരണമായി ഭവിക്കുന്നു'.[4]

സൃഷ്ടികർമ്മത്തിൽ പ്രപഞ്ചത്തിനു രൂപവും, ഭാവവും നൽകിയതു് പരിശുദ്ധാത്മാവാണു്,[5] പ്രപഞ്ചത്തെ ഉരുക്കൊള്ളുന്ന മനുഷ്യവ്യക്തിത്വത്തിന്റെ സാഫല്യവും പരിശുദ്ധാത്മാവുവഴിതന്നെ സംസിദ്ധമാകണം. വ്യക്തിയെന്ന നിലയിലാണെങ്കിലും യഹോവയുടെ ശക്തി എന്ന സ്വഭാവത്തിൽ പരിശുദ്ധാത്മാവു് പഴയനിയമഗ്രന്ഥത്തിൽ പലയിടങ്ങളിലും പരാമർശിക്കപ്പെട്ടുന്നുണ്ടു്.[6]

2. പ്രതീകങ്ങൾ

'മനുഷ്യശ്വാസം' ആത്മാവിന്റെ പ്രതീകമായിട്ടാണു വി. ഗ്രന്ഥം പറയുന്നതു്. 'ruach' എന്ന ഹീബ്രു പദപ്രയോഗമാണിതിനെ പ്രത്യേതിപ്പിക്കുന്നതു്. സാധാരണഗതിയിൽ മനുഷ്യന്റെ ശ്വാസോച്ഛ്വാസമാണു് ഈ വാക്കുകൊണ്ടു സൂചിപ്പിക്കുക. രൂപകാർത്ഥത്തിൽ 'ruach elohim' ദൈവത്തിന്റെ ആത്മാവു്

എന്നാണ അർത്ഥം. ശ്വാസം ജീവന്റെ തത്വമായി നില കൊള്ളുന്നു. ശ്വാസം നിലയ്ക്കുന്നതു ശാരീരികമരണ വും.[7] എന്നാൽ ഈ ജീവശ്വാസം പുറമെനിന്നു വരു ന്നതുകൊണ്ടു് അതു ദൈവികമായ ഉറവിടത്തിൽനിന്നു വരുന്നതായിട്ടാണു ഹെബ്രായർ പരിഗണിക്കുന്നതു്.[8] ശരീരം പൊടിമണ്ണിലേയ്ക്കു പിന്തിരിയുമ്പോൾ ശ്വാ സം ദൈവത്തിങ്കലേക്കു് ഉയരുന്നു.[9]

'Ruach—Jahweh' യുടെ പ്രത്യക്ഷമായിട്ടാണു് ചെങ്ക ടൽകടന്നപ്പോൾ ഉണ്ടായ കാറ്റിനെ ഇസ്രായേൽ ദർ ശിച്ചതു് [10].

> വചനം മാംസമായി നമ്മുടെയിടയിൽ വ സിച്ചു. നമ്മൾ അവിടത്തെ മഹത്വം—കൃപ യും സത്യവും നിറഞ്ഞതായി പിതാവിൽ നിന്നുള്ള ഏകജാതന്റെ മഹത്വം—ദർശിച്ചു. (യോഹ. 1:14)

യാഹ്വേയുടെ ശ്വാസം കടന്നുപോയാൽ എല്ലാം പൊ ടിയാകും എന്നാണു പ്രവാചകൻ പറയുന്നതു്.[11] ദൈ വിക ശക്തിയുടെ അടയാളമായിട്ടാണു കാറ്റിനെ കാ ണുന്നതു്.[12] ഈജിപ്തുകാർ മനുഷ്യരാണു്, ദൈവ മല്ല. അവരുടെ കുതിരകളും ജഡമാണു്, ആത്മാ വല്ല.[13] മനുഷ്യൻ ജഡവും, ദൈവം ആത്മാവും എ ന്നു് അർത്ഥം. ദൈവശക്തിക്കാണു് ആത്മാവെന്നു പറയുന്നതു്. ദൈവാത്മാവു്, ശക്തിയോടും, രഹ സ്യാത്മകതയോടും അടുപ്പത്തോടുമൊക്കെചേർന്നു വരു ന്ന ആശയമാണു്.

3. പരിശുദ്ധ ചൈതന്യത്തിന്റെ പ്രവർത്തനം

(a) താത്കാലികവും, നൈമിഷികവുമായ ദാന ങ്ങളിലൂടെ ദൈവം പഴയനിയമകാലത്തു വ്യക്തിക ളെ നയിച്ചിരുന്നു. ഈ സഹായം ചിലപ്പോൾ ലഭി

ക്കുന്ന ധൈര്യത്തെയോ, പ്രോത്സാഹനത്തെയോഒക്കെയോ ണു സൂചിപ്പിക്കുന്നതു്. സാധാരണനിലയിൽനിന്നു വ്യത്യസ്തമായി ലഭിക്കുന്ന അനുഗ്രഹങ്ങളും ഹർഷോന്മാദസ്ഥിതികളും ഇതിൽപ്പെടുന്നു. ദൈവസേവനത്തിനും സാമൂഹിക സുസ്ഥിതിക്കുമായിട്ടാണിവ നൽകപ്പെടുന്നതു്.

ദൈവചൈതന്യമാണു് ഇവിടെ ഊർജ്ജം പ്രദാനം ചെയ്തുകൊണ്ടു് ഒരാളെ ശക്തിപ്പെടുത്തുന്നതു്. ന്യായാധിപൻമാർക്കു ലഭിച്ച അനുഗ്രഹങ്ങളും ഈ ഗണത്തിൽപ്പെടുന്നു. [14] ഒത്തേനിയേലിൻെറമേലുള്ള ചൈതന്യം, ജപ്തിക്കുണ്ടായ അനുഗ്രഹം [15], ഗദയോനു ലഭിച്ച വരം,[16] സാവൂളിൻെറ കാര്യത്തിലുണ്ടായ[17] ദൈവികമായ ഇടപെടൽതുടങ്ങി എല്ലാം ഉദാഹരണങ്ങളാണു്. ഇവരെയെല്ലാവരും അതുല്യമായ ശക്തിയാൽ ദൈവജനത്തെ നയിക്കുന്നവരായി. സാംസനു ദൈവം നൽകിയ ശക്തി, മേൽപറഞ്ഞ സഹായത്തിനു കൂടുതൽ ഉജ്ജ്വലമായ ഉദാഹരണമാണു്.[18]

പ്രവാചകന്മാർക്കു ലഭിച്ച അനുഗ്രഹങ്ങളും ഇപ്രകാരമുള്ളവയാണു്. ചില സംഗതികളിൽ പരിശുദ്ധമായ പ്രവാചകസംഘങ്ങളിൽ ദൈവാത്മാവു് സന്നിഹിതമായിരുന്നു.[19] എഴുപതു നേതാക്കന്മാരെ മോശ തിരഞ്ഞെടുത്തപ്പോഴും ഇതുതന്നെ അവർക്കു സംഭവിച്ചു,[20] ദൈവികസത്യങ്ങൾ ആവിഷ്കരിക്കുന്നതിനു ദൈവം ചിലരെ ശക്തിപ്പെടുത്തുന്നു.[21] ബാലാം ശപിക്കാതിരുന്നുകൊണ്ടു് ദൈവികശക്തി പ്രകടമാക്കി.[21a] ആമാസായി ദൈവാത്മാവിനാൽ പ്രേരിതനായി പ്രവചിക്കുന്നതു കാണാം.[22] അസ്സറിയ,[23] ജഹാസിയേൽ[24], സഖറിയാ.[25] തുടങ്ങിയവരും ദൈവാത്മാവിനാൽ ശക്തരാക്കപ്പെട്ടു് അഗ്നിയിൽ സുരക്ഷിതരായി നിലകൊണ്ടു.

യാഹ്വേയുടെ കരം എന്ന പേരിലും ദൈവചൈതന്യം പ്രവർത്തിച്ചതായിക്കാണാം.[26] അക്രമത്തിനും

ദൈവകരം ഇടവരുത്തും. ഏലിയാ, ഏലീശാമാരെ തിരഞ്ഞെടുത്തത് മറ്റുദാഹരണങ്ങളാണ്. ദൈവികകരങ്ങൾ പ്രവാചകരിൽ പ്രവർത്തിക്കുന്നു എന്നതിനു്,27 യാഹ്വേയുടെ കരം എന്നെമേൽ എന്നു് എസക്കിയേൽ പറഞ്ഞതു് മേൽപ്പറഞ്ഞതിനു തെളിവാണു്,

(b) പരിശുദ്ധ ചൈതന്യത്തിന്റെ സ്ഥായിയായ ദാനം: ഇവിടെ ചൈതന്യം ശക്തി ചെലുത്തിയല്ല പ്രവർത്തിക്കുന്നതു്. മറിച്ചു്, സ്ഥിരമായ സാന്നിധ്യവും ശാന്തമായ പ്രചോദനവും വഴിയാണു്. വ്യവസ്ഥാപിതമായ രീതിയിൽ നിരന്തരം പ്രവർത്തിക്കുന്ന ഒരു സഹായമാണിതു്.28 മോശയുടെ കാര്യത്തിൽ കൂടുതൽ പ്രകടമാണു് ദൈവകരം. ജോഷ്വാ.29 മുൻപറഞ്ഞ കാര്യത്തിൽ വേറൊരു തെളിവാണു്. ഏലീശായുടെ കാര്യത്തിൽ ഏലിയാ ഈ ചൈതന്യം പകരുന്നു.30 ഒരാളിൽനിന്നു മറെറാരാളിലേക്കു് അതു കടക്കുന്നതു കാണാം.31 ദൈവചൈതന്യത്തിന്റെ സ്ഥിരമായ പ്രവർത്തനം വ്യക്തികളിൽനിന്നു മറ്റുള്ളവരിലേക്കു വ്യാപിക്കുന്നതിനു ദാഹരണമാണിതു്. വിജ്ഞാനത്തിന്റെ കാര്യത്തിലും ദൈവചൈതന്യം പ്രവർത്തിക്കുന്നുണ്ടു്.32 പ്രവാചകൻ ദിവ്യചേതനയുടെ മനുഷ്യനാണു്.33 അവൻ യാഹ്വേയുടെ അധരമാണു്.34 സക്കറിയാസിന്റെയും, നെഹമിയാസിന്റെയും പുസ്തകത്തിലെ ആശയത്തിൽ യാഹ്വേയുടെ ചൈതന്യം ഇസ്രായേലിലുള്ള ഒരു സ്ഥിരഘടകമാണു്. ഇതുവഴിയാണു് പ്രവാചകൻ ദൈവാജ്ഞ ജനത്തെ അറിയിക്കുന്നതു്.35

കർത്താവിന്റെ ഭാഗത്തുനിന്നുള്ള നിരന്തരസഹായവും പ്രസാദവരവുമായിട്ടാണു് വേദപുസ്തകപണ്ഡിതന്മാർ ഇതിനെ കാണുന്നതു്. ഈ ഗുണം പരിശുദ്ധമായ അഭിഷേകം എന്ന രീതിയിലാണു് അവതരിപ്പിക്കപ്പെട്ടുന്നതു്. രാജത്വവും, രാജാവും, രാജഭരണവും ഇപ്രകാരമുള്ള അഭിഷേകത്തോടു ബന്ധപ്പെട്ടിരിക്കുന്നു. രാജാവു് ദൈവത്തിന്റെ ദത്തുപുത്രനാണു്.36 കൂടാതെ

രാഷ്ട്രത്തിന്റെ രക്ഷകനുമാണ്. അദ്ദേഹം.[37] രാഷ്ട്രത്തിന്റെ സുസ്ഥിതിക്കും ജനങ്ങളുടെ മതാത്മക ജീവിതത്തിനും രാജാവാണുത്തരവാദി. ദാവീദിന്റെ സിംഹാസനത്തിനുള്ള പ്രാധാന്യവും ഈ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത്.[38] യാഹ്വേയുടെ ദൈവികീകരണശക്തിയാണിവിടെയെല്ലാം പ്രത്യക്ഷപ്പെടുന്നത്.[39] തെരഞ്ഞെടുക്കപ്പെട്ട ജനതയുടെ അഭിഷിക്തനാണ രാജാവ്, ദാവീദ് പ്രത്യേകിച്ചും.[40] എണ്ണകൊണ്ടുള്ള അഭിഷേകംവഴി യാഹ്വേയുടെ ചൈതന്യം ലഭിക്കുന്ന[41] ആദ്യം യൂദായുടെ രാജാവ്,[42] തുടർന്ന് ഇസ്രായേലിന്റെ രാജാവ്.[43] രാജാഭിഷേകം മതാത്മകമായ ചടങ്ങാണ്. ഇതു ദൈവാനുഗ്രഹത്തിനുള്ള അവസരവുമാണ്. ഈ അഭിഷേകം പരിശുദ്ധ ചൈതന്യത്തിന്റെ ചലനാത്മക പ്രവർത്തനം ഉൾക്കൊള്ളുന്ന ദാനമാണ്. അഭിഷേകം ചെയ്യപ്പെടുന്നതുകൊണ്ട് ദൈവാത്മാവു വരുന്നു.[44] ദാവീദിനുശേഷമുള്ള എല്ലാ രാജാക്കന്മാരും അഭിഷിക്തരായിരുന്നു.[45]

4. ഭാവിനുമുഖപ്രവർത്തനം

പഴയനിയമത്തിൽ ദൈവികീകരണം എന്നതു് ദൈവം ഇസ്രായേലിനും ഇസ്രായേൽവഴി ലോകത്തിനും നൽകിയ വിമോചനമാണ്. ഇസ്രായേലിന്റെ മിശിഹായിലുള്ള പ്രതീക്ഷയിലാണിതു് അടങ്ങിയിരിക്കുന്നതു്. രാജകീയാഭിഷേകം പ്രത്യേകവിധം ലഭിച്ച മിശിഹായാണ് ഈ പ്രതീക്ഷയുടെ വിഷയം.[46] നിത്യസാമ്രാജ്യം മിശിഹായുടെ[47] ജനനംവഴി സമാരംഭിച്ചു[48] മരണോത്ഥാനങ്ങളിലൂടെ പൂവണിയുന്നു. ഈ മിശിഹാക്കാലത്തിന്റെ സവിശേഷത ആത്മാവിന്റെ സമൃദ്ധമായ പ്രസരണമാണ്[49]. മിശിഹായിലുള്ള പ്രതീക്ഷ പൂവണിയുന്നതിനു ബാബിലോണിൽ നിന്നുള്ള തിരിച്ചുവരവു് വേണ്ടിയിരുന്നു.[50] പുനർജന്മം, നവീകരണം, ശുദ്ധീകരണം ഇവയെല്ലാം മിശിഹായുഗത്തിലുള്ള വ്യവസ്ഥകളും തന്നെ[51]. ഇതു് പുതിയ ഉടമ്പടിയുമായി ഒന്നുചേർന്നു പോകുന്നു.[52]

ഇസ്രായേലിലെ പരിശിഷ്ടജനമാണ് ഇവിടെ കാണുന്ന സംഘം. ഈ സംഘത്തിൽ 'അഭിഷേകം ചെയ്യപ്പെട്ടവൻ' രാജാവും, കർത്താവും, മെസിയായും എല്ലാമായി അറിയപ്പെടുന്നു. അദ്ദേഹം രണ്ടാമത്തെ മാനവപ്രതിനിധിയായി വരുന്നു. ജസ്സെയുടെ വേരിൽ നിന്നു[53] പുറപ്പെട്ട ഈശോ യാഹ്വേയുടെ ദാസനായ മിശിഹാ ആണ്. യഥാർത്ഥാഭിഷിക്തനായ മിശിഹാ ഒരു ജനപദത്തെ വിമോചിപ്പിച്ചു.[54] ദൈവചൈതന്യത്താൽ ഒന്നിക്കപ്പെട്ട രൂപംകൊണ്ട പുതിയ ഇസ്രായേലാണ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനു സാക്ഷ്യം വഹിക്കേണ്ട സമൂഹം.

അദ്ധ്യായം 11

മനുഷ്യവ്യക്തിയും യാഥാർത്ഥ്യവത്ക്കരണവും

1. പുരുഷനായിൽ ദൈവത്തിന്റെ സ്വരത്തിനു പ്രത്യുത്തരം

രൂപരഹിതമായിരുന്നിടത്തു ദൈവാത്മാവു പ്രവർത്തിച്ചു രൂപവും ഭാവവും നല്കുന്നതായിട്ടാണു് സൃഷ്ടിയുടെ തുടക്കത്തിൽ കാണുന്നതു്.[1] തുടർന്നു്, പ്രപഞ്ചമുഴുവനെയും ഭരിക്കുവാൻ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു നിയോഗിക്കുന്നു. ഇവിടെ മനുഷ്യന്റെ ഉത്തരവാദിത്വം സൃഷ്ടിയുടെ പൂർണ്ണതയിലേക്കു് സൃഷ്ടജാലങ്ങളോടുകൂടി നീങ്ങുക എന്നതാണു്. മനുഷ്യനു ലഭിച്ച ദൈവികഛായയിലാണു് അവന്റെ മഹത്വം പൂവണിയേണ്ടതു്. ദൈവവചനം ശ്രവിച്ചു് അതിനു പ്രത്യുത്തരമരുളി, തന്റെ മനസ്സാക്ഷിയെ ദൈവവുമായി ഒന്നിച്ചുകൊണ്ടുള്ള ഒരു ജീവിതമാണു് അവൻ നയിക്കേണ്ടതു്. സ്നേഹത്തിന്റെ ചൈതന്യത്തിൽ പിതൃപുത്ര ബന്ധത്തിൽ മനുഷ്യൻ മുന്നേറേണ്ടതുണ്ടു്. ഇവിടെ സ്നേഹത്തിന്റെ ചൈതന്യം ദൈവാത്മാവു മനുഷ്യനു വെളിപ്പെടുത്തുന്നു. അതിനെ സ്വീകരിക്കുന്നതിനുപകരം മനുഷ്യനു മണ്ണിൽനിന്നുള്ളവയുടെ ശക്തിയെ മാത്രം അനുധാവനം ചെയ്യുന്നതിനു സാധിക്കും. ഇപ്രകാരം ഉള്ളിൽനിന്നും പുറമേനിന്നും ലഭിക്കുന്ന വ്യത്യസ്തമായ പ്രചോദനങ്ങളിൽ ഏതുവേണമെങ്കിലും തിരഞ്ഞെടുക്കുവാനുള്ള കഴിവാണു മനുഷ്യന്റെ സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യം അവന്റെ സമഗ്രവളർച്ചയ്ക്കു് ഉപകരിക്കണമെങ്കിൽ ആന്തരിക-ബാഹ്യഘടകങ്ങളെ സമന്വയിപ്പിച്ചു, കോത്തി

ണക്കി മനുഷ്യനെന്ന പ്രതിഭാസത്തിൽ അവൻ അവയെ സമുദ്ഗ്രഥിക്കേണ്ടിയിരിക്കുന്നു. ഇതാണു മനുഷ്യനു ചെയ്യുവാനുള്ളതു്. ഇവിടെയാണു് ദൈവാത്മാവിന്റെ സ്വരം ശ്രവിച്ചു പ്രവർത്തിക്കുക ആവശ്യകമായിവരുന്നതു്.

ദൈവം മനുഷ്യനു നല്കിയ ബുദ്ധി, മനസ്സു്, ഓമ്മ, ഭാവന തുടങ്ങിയ കഴിവുകളുടെ ആരോഗ്യകരമായ പ്രവർത്തനംവഴി സ്വകീയമായി തീരുമാനമെടുത്തു പ്രവർത്തിക്കേണ്ടവനാണു മനുഷ്യൻ. ഇതു സാധിക്കണമെങ്കിൽ അവന്റെ മനഃസാക്ഷി ഉണർന്നിരിക്കണം. അവനു നിരന്തര ദൈവൈക്യത്തിനുള്ള ജംഗശ്രുതയുണ്ടായിരിക്കണം. ദൈവാത്മാവു നിരന്തരം മനുഷ്യനിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ദൈവികജീവനെ സാംശീകരിച്ചു തദനുസൃതം ജീവിക്കുന്നതുവഴിയാണു് അവൻ തന്നെത്തന്നെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നതിലും പ്രപഞ്ചത്തെ പൂർണമാക്കുന്നതിലും വിജയിക്കുന്നതു്. ഇതിൽനിന്നു വ്യതിചലിച്ചാൽ വ്യക്തിത്വത്തകർച്ചയും പ്രപഞ്ചശിഥിലീകരണവുമാണു ഫലം. ഇവയാണു മാനവചരിത്രത്തിന്റെ ആരംഭത്തിൽത്തന്നെ സംഭവിച്ചതു്.

വ്യക്തിത്വം വികസിപ്പിക്കുന്നതിനുവേണ്ടി ദൈവം നല്കിയ സർഗ്ഗാത്മകശക്തികളെ ദൈവത്തിൽ ആശ്രയിച്ചു വികസിപ്പിക്കാതെ മനുഷ്യൻ അലസനായി, വേറൊരു സൃഷ്ടിയെ, ബലഹീനമായ പ്രപഞ്ചഘടകത്തെ, അന്ധകാരശക്തിയായ സർപ്പത്തെ ആശ്രയിച്ചു. വ്യക്തിത്വത്തകർച്ചയ്ക്കുള്ള തുടക്കമിട്ടു. ഇതാണു മനുഷ്യൻ പൈതൃകമായി പിൻതലമുറകൾക്കു പകർന്നുകൊടുത്ത മൗലികപാപം. ഇതിനെക്കുറിച്ചുള്ള പ്രതിപാദനം സൃഷ്ടിയുടെ പുസ്തകം 3 മുതൽ 11 വരെയുള്ള അധ്യായങ്ങളിൽ കാണാം. നൂനയനും ചതിയനുമെന്നു വിശേഷിപ്പിക്കപ്പെട്ടുന്ന സാത്താനെ അനുഗമിച്ച മനുഷ്യൻ ദൈവാത്മാവിനെ മാറോടിനിർത്തിയിട്ടു് തിന്മയുടെ ശിഷ്യനായി മാറി. സൃഷ്ടലോകം വ്യർത്ഥ

തന്നും നിരന്തരമായ പാളിച്ചയ്ക്കും അടിമപ്പെട്ട. മനുഷ്യന്റെ ഉല്പക്കാഴ്ച മങ്ങി, സഹോദരരിലുള്ള ദൈവിക ഛായയെ കാണുവാൻ കണ്ണില്ലാതെയായി.[2] പിതൃപുത്രബന്ധങ്ങളും തകിടംമറിഞ്ഞു. നഷ്ടീപോച്ച വ്യക്തിത്വത്തെ ഭൗതികമാർഗ്ഗങ്ങളിലൂടെ പുനരുദ്ധരിക്കുന്നതിനുള്ള വ്യക്തിഗതവും സംഘാതവുമായ പരിശ്രമം തിടുക്കത്തിൽ എങ്ങും ആരംഭിക്കുകയും ചെയ്തു.[3]

പാപത്തെക്കുറിച്ചുള്ള ആശയം എന്താണ് എന്നു് നാമിവിടെ ആരായേണ്ടതുണ്ടു്. പാപം വെറും നിയമലംഘനത്തിന്റെ പ്രശ്നമല്ല, മറിച്ചു്, മനുഷ്യൻ തന്റെ ലക്ഷ്യത്തിൽ, വ്യക്തിത്വസമഗ്രീകരണത്തിൽ, പ്രപഞ്ചത്തിന്റെ കെട്ടിപ്പടുക്കലിൽ ദൈവം തന്ന കഴിവുകളെ നേരായവിധത്തിൽ വികസിപ്പിക്കുന്നതിൽ കാണിക്കുന്ന അലസതയാണു്, പാളിച്ചയാണു് പാപം. ചുരുക്കത്തിൽ പ്രപഞ്ചക്രമവത്കരണങ്ങളുടെ ചൈതന്യം വെടിഞ്ഞു് ദൈവാത്മാവു നല്കിയ രൂപത്തിനും ഭാവത്തിനും അനുസൃതമായി പ്രവർത്തിക്കാതിരിക്കുക എന്നതാണു തെറ്റു്. ഇതു് അസ്തിത്വതലത്തിൽ വന്നുഭവിക്കുന്ന വികലത്വമാണു്, കല്പനകളുടെ ലംഘനമല്ല. പൗരസ്ത്യചിന്താഗതിയിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരാശയമാണിതു്. മാരകപാപത്തിൻകീഴ് കടപ്പെട്ടത്തി ഭയപ്പെട്ടത്തി, നിയമം അവതരിപ്പിക്കുക എന്നതല്ല, മറിച്ചു് പ്രവൃത്തികളുടെ ലക്ഷ്യത്തെ മുൻനിർത്തി, അതിന്റെ ചൈതന്യത്തിൽ എല്ലാം ചെയ്യുക എന്നതാണു പൗരസ്ത്യചിന്താഗതി.

സ്വാർത്ഥതത്പരതയുടെപ്പെട്ട പാളിച്ചയിലൂടെ എല്ലാം നിർവഹിക്കുന്നവർ സ്വാർത്ഥതത്പരതയാകുന്ന വലിയ പാപത്തിൽ നിപതിക്കുന്നതിനും, സമുദായത്തോടും പ്രപഞ്ചത്തോടും സ്നേഹമില്ലാത്തവരായി, അപകടമായ വ്യക്തിത്വത്തോടുകൂടി ജീവിക്കുന്നതിനും സാധ്യതയുണ്ടു്.[4] ഇപ്രകാരം മാനവകുലം മുഴുവനും ദൈവാത്മാവിന്റെ നിവേശനത്തിൽനിന്നു

വ്യതിചലിച്ചു. അപ്പോഴും പുതിയ ഒരു സംവിധാനം നിലവിൽ വന്നു. അബ്രഹാമും[5] യാക്കോബും[6] യാക്കോബിന്റെ ദൈവത്തോടുള്ള മല്ലിടലും[7] അതുവഴി യാക്കോബിനു് ഇസ്രായേൽ എന്ന നാമധേയം ലഭിച്ചതുമെല്ലാം കാണിക്കുന്നതു[8] ദൈവത്തോടു കാണിക്കുന്ന നിരന്തരമായ എതിർപ്പുകളും ദൈവത്തിൽനിന്നു പ്രാപിക്കുന്ന അനുഗ്രഹങ്ങളും ഇടകലർന്ന ജീവിതമാണു് ഇസ്രായേലിനുണ്ടായിരുന്നതു് എന്നാണു്.

2. മോശയുടെ സംശയം

സവിശേഷമായ ദൈവിക ദാനങ്ങളും നൽകി മോശയെ കർത്താവു തിരഞ്ഞെടുത്തു് ഇസ്രായേലിന്റെ വിമോചകനാക്കി. ഇസ്രായേലിനെ നയിക്കുന്നതിനു മോശ തന്റെ സിദ്ധികളെ ആവോളം പ്രയോഗിച്ചുനോക്കി. പക്ഷേ, ജനത തങ്ങളുടെ ആന്തരികജീവിതത്തിനു് ഊന്നൽ നൽകാതിരുന്നതുകൊണ്ടു നിയമത്തിലൂടെ അവരെ ബന്ധിക്കുവാൻ മോശ പ്രേരിതനായി. ഇപ്രകാരമാണു പത്തു പ്രമാണങ്ങളും നിലവിൽ വന്നതു്. ഈജിപ്തിന്റെ അടിമത്തത്തിൽനിന്നു് ഇസ്രായേലിനെ വിമോചിപ്പിക്കുന്നതിൽ ഫറവോനിൽനിന്നും, ഇസ്രായേലിൽനിന്നുപോലും എതിർപ്പുകളുണ്ടായി. ഇസ്രായേൽ വിമോചനത്തിന്റെ നിർണ്ണായകസംഭവമായ ചെങ്കടൽ കടക്കലും കാനാൻദേശം പിടിച്ചടക്കലും ദൈവികശക്തിയാൽത്തന്നെയാണു നടക്കേണ്ടതു് എന്നു ജനം വിശ്വസിച്ചു. എങ്കിലും മരുഭൂമിയിൽവച്ചു് അവർ ദൈവത്തെ പരീക്ഷിച്ചു. അവസാനം മോശയും ദൈവികശക്തിയിൽ ഒരിക്കലെങ്കിലും അവിശ്വസിച്ചതായി കാണാം.[9] ഇപ്രകാരം മാനുഷിക പ്രത്യുത്തരം നൽകലിൽ ഇസ്രായേൽ ആദത്തിന്റെ വഴിയെയാണു മുന്നേറിയതു്.[10] അതായതു് ആദം ദൈവഹിതത്തിനെതിരായി പ്രവർത്തിച്ചതു് ഇസ്രായേലും ആവർത്തിച്ചു. കടുത്ത ഹൃദയത്തോടെ പലരും ദൈവത്തെ മറന്നു ഈജിപ്തിലേയ്ക്കു മടങ്ങിപ്പോകാൻ നിശ്ചയിച്ചു.[11]

എങ്കിലും ജോഷ്വാവഴി വാഗ്ദാനഭൂമി ഇസ്രായേലിനു ദൈവം നൽകി.[12] ദൈവാത്മാവിനെ അനുഗമിച്ചിരുന്നവർക്കാണു വാഗ്ദത്തഭൂമി ലഭിച്ചതു്. സ്ഥിരതയോടെ മുന്നേറുവാൻ ആവശ്യകമായിരിക്കുന്നതു ദൈവാത്മാവിന്റെ പ്രചോദനമാണു്. എന്നാൽ വീണ്ടും ജനം ദൈവാത്മാവിനെ വിട്ട മാനുഷികതയെ ആശ്രയിച്ചതിന്റെ പ്രകടനമാണു രാജാവിനെ സാമുവൽവഴി ആവശ്യപ്പെട്ടതു്.[13] ഇസ്രായേൽ വിളിച്ചുവരുത്തിയ രാജവാഴ്ചയെ ദൈവാത്മാവിന്റെ അഭിഷേകത്താൽ ദൈവം ആശീർവദിച്ചുവെങ്കിലും രാജാക്കന്മാരും പ്രജകളും ദൈവത്തിൽനിന്നു വ്യതിചലിച്ചു. ഒരു നൂറ്റാണ്ടുമാത്രം നീണ്ടുനിന്ന ഏകീകൃത രാജവാഴ്ച കലാപത്തിലും രാജ്യത്തിന്റെ വിഭജനത്തിലും കലാശിച്ചു. അങ്ങനെ വാഗ്ദത്തജനത ചിതറിക്കപ്പെട്ടു. ദൈവാത്മാവിനാൽ നയിക്കപ്പെടേണ്ടവർ, തെക്കു് ഇസ്രായേലും വടക്കു യൂദായുമായി പിരിഞ്ഞു് പല ദൈവങ്ങളെ ആരാധിക്കുന്ന ഭിന്നിച്ച ജനതയും, വ്യത്യസ്ത രാജാക്കന്മാരുള്ള വരുമായിത്തീർന്നു. ആരാധനയിലും ഭിന്നിപ്പുണ്ടായി.

ലക്ഷ്യംവിട്ട ഭൗതികനേട്ടങ്ങൾക്കായി വെമ്പുന്ന ജനം ദൈവാത്മാവിനെ പരിത്യജിച്ച യുദ്ധപ്രിയരായിത്തീർന്നു. ഇവരുടെ ഭീകരപാപങ്ങൾ വിഗ്രഹാരാധനയിലും സാഹോദര്യ ധ്വംസനത്തിലും അനീതിയിലും ചെന്നവസാനിച്ചു.[14] മോശയിലൂടെ രൂപംകൊണ്ട വാഗ്ദത്തജനത തങ്ങളുടെ സിദ്ധി മനസ്സിലാക്കി, തദനുസൃതം പ്രവർത്തിക്കാതെ, ഔത്കൃഷ്ട്യവും ഔദാര്യവുമില്ലാതെ നിന്ദ്യമായി പ്രവർത്തിച്ചു. അങ്ങനെ അവരുടെ പ്രത്യുത്തരം ദൈവാത്മാവിനാൽ നയിക്കപ്പെടാതെ കേവലം മാനുഷികപ്രേരണകളാൽ നയിക്കപ്പെട്ടതായിത്തീർന്നു.

3. യൂദയായും തിരസ്ക്കരിക്കപ്പെടുന്നു

ദൈവികചൈതന്യം ദൈവജനത്തിനു് ഇല്ലാതായപ്പോൾ അയൽരാജ്യങ്ങൾ അവരെ ആക്രമിച്ചു. ബി. സി.

586 ജൂലൈ മാസത്തിൽ ബാബിലോൺകാർ ഓർശ്ശം കീഴടക്കി. യൂദാജനതയെ അടിമകളായി ബാബിലോണിലേയ്ക്കു കൊണ്ടുപോയി. ജറമിയാസ് പ്രവാചകന്റെ ദൈവപ്രചോദിതമായ വാക്കുകൾ ശ്രവിച്ചു് ആധ്യാത്മികീകരിക്കപ്പെടാതിരുന്നതുകൊണ്ടാണു് ഇപ്രകാരം സംഭവിച്ചതു്.[15]

കുറ്റം ചെയ്തവരെയെല്ലാം ശിക്ഷിച്ചതിനുശേഷം, അനുതപിക്കുന്നവരുടെ സന്തതികളായിരിക്കും പുതിയ ഇസ്രായേൽ. നേരത്തെയുള്ള ഉടമ്പടിയുടെ കുറവുകൾ നീക്കി ചൈതന്യമുള്ള ഒന്നു പ്രദാനം ചെയ്യുകയാണു ജറമിയാസിന്റെ വീക്ഷണത്തിൽ ആവശ്യകം. കൽപ്പനകളിൽ മാത്രം അധിഷ്ഠിതമാകാതെ ചൈതന്യത്തിൽ അടിയുറച്ച ഒന്നിനെയാണു പുതിയ ഉടമ്പടി എന്നു പറയുന്നതു്.[16] ഇവിടെ സ്പഷ്ടമായിക്കാണുന്നതു് പുതിയ ഉടമ്പടി ദൈവികചൈതന്യം നിറഞ്ഞതാണെന്നത്രേ. അതിനാൽ ഇസ്രായേൽജനതയുടെ പരാജയത്തിനു കാരണം അവർ ആത്മാവിനാൽ നയിക്കപ്പെടാതെ നിയമത്തിന്റെ അക്ഷരത്താൽ നയിക്കപ്പെട്ടതും അതുവഴി സ്വാർത്ഥമതികളും ശുഷ്കരുമായിത്തീർന്നതുമാണു്. ഹൃദയത്തിൽനിന്നു വരുന്ന ചൈതന്യമാണു്, ദൈവികചൈതന്യം; പുറമേനിന്നു വരുന്നതു ജീവദായകമല്ല, ബാബിലോണിൽ അവശേഷിച്ച ഇസ്രായേൽജനം ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നതിനു നിശ്ചയിച്ചവരാണു്. ഇവരിലൂടെയാണു ദൈവികരഹസ്യത്തിന്റെ അനാവരണം നടക്കേണ്ടതു്. ഇവർ ദൈവാത്മാവിന്റെ ദാനം ലഭിച്ചവരുമാണു്.

4. സ്വകീയരുടെ തിരസ്ക്കരണം

ദൈവികപ്രചോദനങ്ങളെയെല്ലാം നിയമങ്ങളാക്കി, അവയെ കേന്ദ്രീകരിച്ച ജീവിതം കർക്കശമാക്കിയ കുറെപ്പേർ പരിശിഷ്ടരുടെ കൂട്ടത്തിലും ഉണ്ടായിരുന്നു.

അത്ഥത്തിലും വ്യാഖ്യാനത്തിലും നിയമങ്ങളുടെ എണ്ണം വർദ്ധമാനമാക്കി യുദമതം മൻപന്തിയിൽ വന്നു. നിയമത്തെ ദൈവമാക്കിച്ചമച്ച് ആ വ്യവസ്ഥിതിക്കടിപ്പെട്ട ഒരു രീതിയാണിവിടെ ദൃശ്യമാകുന്നത്. ഇതിന്റെ പ്രതീകമാണു ചുങ്കക്കാരന്റെയും പ്രീശന്റെയും ഉപമയിലൂടെ ലൂക്കാ ചിത്രീകരിക്കുന്നത്.[17] മിശിഹായുടെ ആഗമനത്തിൽ അവിടത്തെ സ്വകീയർ പുലത്തിയിരുന്ന മനോഭാവം, നിയമത്തിന്റെ മറപിടിച്ച് അനാഥരേയും ദൈവാശ്രിതരേയും അവഗണിക്കുന്ന ഫരിസേയ മനോഭാവമായിരുന്നു. വിജാതിയർ യഹൂദമതത്തിലേക്കു മതപരിവർത്തനം ചെയ്യപ്പെടുമ്പോഴും അവരും ഈ മനോഭാവത്തിനടിമകളാകുന്നു. ഇപ്രകാരമുള്ള മതപരിവർത്തനംവഴി വിജാതീയർ ശിക്ഷിതരാകുമെന്നാണോ ഈശോ താക്കീതു നൽകുന്നത്?[18]

ജീവചൈതന്യത്തിലേയ്ക്ക് ഇസ്രായേലിനെ നയിച്ച പ്രവാചകരെയും അവസാനമായി അതിലേക്കു വഴിതെളിച്ച സ്നാപകയോഹന്നാനെയും സ്വകീയർ സ്വീകരിച്ചില്ല. മനുഷ്യനെ ബോധവാനാക്കുന്നതിനുള്ള ദൈവത്തിന്റെ ക്രമവത്കരണങ്ങളെ തിരസ്കരിക്കുന്ന ചിത്രമാണിവിടെ കാണുന്നത്. ഇവിടെയാണ് ആത്മാവിന്റെ ചൈതന്യം പ്രകടമാകുന്നത്. പക്ഷേ മാനസാന്തരത്തിനോ, ആത്മീയവത്കരണത്തിനോ വിധേയരാകാതെ നിയമത്തെ ആരാധിക്കുന്നതാണ് വീണ്ടും കാണുന്നത്. ആന്തരികചൈതന്യം കൂടാതെയുള്ള പാരമ്പര്യത്തിനോ നിയമത്തിനോ പ്രസക്തിയില്ല.[19] മനുഷ്യനു നൽകിയിരിക്കുന്ന മഹത്വത്തെ അവഗണിക്കുന്നതാണ് അനാഗതരുടെ പാപം.[20] തിരഞ്ഞെടുക്കപ്പെട്ടവർ ആത്മാവിനാൽ നയിക്കപ്പെടാതെ ജീവിക്കുമ്പോഴും അനാഗതരെപ്പോലെതന്നെയാണ് അവരും.[21] ഇവിടെ സമഗ്രവത്കരണത്തിൽനിന്നു മനുഷ്യൻ വ്യതിചലിക്കുന്നു.

മനുഷ്യവ്യക്തിത്വത്തെ അതിന്റെ പൂർണ്ണതയിൽ എത്തിച്ച ആളാണു മിശിഹാ. അവിടത്തെ നയിച്ചതു്

ദൈവത്തിന്റെ ആത്മാവാണു്. ഈ ആത്മാവു് ആദ്യന്തം മിശിഹായെ നയിച്ചുവെങ്കിൽ ഇതായിരിക്കണം യഥാർത്ഥത്തിൽ മനുഷ്യന്റെ ചൈതന്യം. ഈ ചൈതന്യത്തെ നിരാകരിച്ചതാണു യഹൂദരുടെയും റോമാക്കാരുടെയും പരാജയകാരണം. ഇതു് അപൂർണ്ണനായ മനുഷ്യൻ പരിമിതിയിൽത്തന്നെ തുടരുന്ന പ്രവൃത്തിയാണു്. മനുഷ്യൻ മനുഷ്യനായിരിക്കാതെ മൃഗീയനായിപ്പോകുന്നതും തന്റെ ഉന്നതനില അംഗീകരിച്ചു് അതിനെ പരിപക്വമാക്കാതിരിക്കുന്നതും പരാജയമാണു്, പാളിച്ചയാണു്. എല്ലാറ്റിനെയും സ്വായത്തമാക്കുകയല്ല, മറിച്ചു് എല്ലാം നൽകുകയാണു സമഗ്രവത്കരണത്തിനു് ആവശ്യകം. ഇതിനുവേണ്ടിയാണു മിശിഹാ പരിശുദ്ധാത്മാവിനാൽ സ്വകീയരുടെ പക്കലേക്കു വന്നതും ആന്തരികാത്മാവിനാൽത്തന്നെ മാനവീകരണം സാധിച്ചതും.

5. പ്രത്യാശയുള്ള പരിശിഷ്ടജനം[22]

ഇസ്രായേലിനുണ്ടായ വിധി ദരിദ്രരുടെ ഒരു ഗണത്തെ അവരുടെയിടയിൽനിന്നു ശുദ്ധീകരിച്ചെടുക്കുന്നതിനു പര്യാപ്തമായി.[23] ഇവർ വിമോചകന്റെ അഭിഷേകത്തെ കാത്തിരുന്നു. ഇവർക്കാണു് ആത്മാവിനാൽ അഭിഷിക്തനായ കർത്താവു സദ്വാർത്ത അരുളിയതു്. ഇവർക്കു തന്നെയാണു് അവിടുന്നു ദൈവരാജ്യം വാഗ്ദാനം ചെയ്തതു്.[24] തീർത്തും ദരിദ്രനായി നടന്ന യോഹന്നാൻ മാംഭോനയാണു്, സ്ത്രീകളിൽനിന്നു ജനിച്ചവരിൽ ഏറ്റവും ഉത്കൃഷ്ടൻ എന്നുള്ള അംഗീകാരം കർത്താവിൽനിന്നു ലഭിച്ചവൻ. ദാസിയുടെ താഴ്മയെയാണു ശക്തനായവൻ അംഗീകരിച്ചു മാനവീകരണത്തിനു് ആക്കംകൂട്ടിയതു്.[25] മിശിഹാ തിരഞ്ഞെടുത്ത ശിഷ്യരും മേൽപ്പറഞ്ഞ പരിശിഷ്ടജനത്തിന്റെ പ്രവാചകർ തന്നെയായിരുന്നുവല്ലോ. ഇവിടെ സൂചിപ്പിച്ച ദരിദ്രഗണമാണു് ആത്മാവിന്റെ യുഗത്തിനു സാക്ഷികളാകേണ്ടവർ.

അധ്യായം 12

ആത്മാവു് പുതിയനിയമത്തിൽ

പരിശുദ്ധ ത്രിത്വത്തോടു ബന്ധപ്പെട്ട രീതിയിലാണു പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പ്രതിപാദനം പുതിയനിയമത്തിൽ കാണുന്നതു്. പഴയനിയമത്തിൽ നിന്നു വ്യത്യസ്തമായ ഒരു വ്യക്തി എന്ന നിലയിലാണു പരിശുദ്ധാത്മാവിനെ ഇവിടെ ചിത്രീകരിച്ചിരിക്കുന്നതു്. 'പാരക്ലേത്ത' എന്ന ഗ്രീക്കു പദമാണു പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നതു്. 'ആശ്വാസപ്രദൻ' എന്നാണിതിന്റെ അർത്ഥം. അരമായ ഭാഷയിൽ (Ruha d Qudisa) റൂഹാദക്കുദിശ എന്ന പദമാണു കാണുന്നതു്. അഭിഭാഷകന്റെ ധർമ്മം എന്ന അർത്ഥമാണു് ഗ്രീക്കു മൂലത്തിനുള്ളതു്. എന്നാൽ ഏറ്റവും സവിശേഷമായി നില്ക്കുന്നതു മാനവചരിത്രത്തിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയുടെ ഏകാന്ത വൈശിഷ്ട്യമാണു്. രക്ഷാകരചരിത്രത്തിൽ മനുഷ്യാവതാരംതന്നെ റൂഹാദക്കുദിശായിൽ ആരംഭിച്ചു് അതിന്റെ പരിസമാപ്തിയിലെത്തുന്നു. തുടർന്നു് ആധ്യാത്മികീകരണത്തിനുള്ള ആന്തരികവും ബാഹ്യവുമായ എല്ലാ സംവിധാനങ്ങളും ഉടയം ചെയ്യുന്നു. മിശിഹായാകുന്ന വ്യക്തിയുടെ മാനുഷിക-ദൈവിക തലങ്ങളിലൂടെയാണു പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ അനാവരണം ചെയ്യപ്പെടുന്നതും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളിലൂടെ അവ തുടരുന്നതും.

വ്യത്യസ്തമായ പ്രതീകങ്ങളിലൂടെയാണു പരിശുദ്ധാത്മാവു് അവതരിപ്പിക്കപ്പെടുന്നതു്; അതായതു്,

പ്രാവിന്റെ രൂപത്തിലും,[1] തീനാവുകളുടെ രൂപത്തിലും,[2] നിശ്വസന രൂപത്തിലും. ദൈവാഹ്വാനത്തിന്റെ വഴിയിലൂടെ രക്ഷ പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവിനു് എതിരായ തെറ്റു് അക്ഷന്തവ്യമാണെന്നു് ഈശോ പറയുന്നു.[4]

പരിശുദ്ധാത്മാവു് മറ്റു രണ്ടു ദൈവവ്യക്തികളോടും തുല്യനാണു്.[5] മൂന്നുപേരുടേയും നാമത്തിൽ മാമ്മോദീസ നൽകണമെന്നാണു് ഈശോ പറഞ്ഞിരിക്കുന്നതു്. പിതാവിന്റെ പ്രാരംഭമായിട്ടും ഉന്നതത്തിൽനിന്നുള്ള ശക്തിയായിട്ടും പരിശുദ്ധാത്മാവിനെ വി. ലൂക്കോ ചിത്രീകരിച്ചിരിക്കുന്നു.[6]

പൗരസ്ത്യ ചിന്താഗതിയിൽ പരിശുദ്ധാത്മാവിലുള്ള ജീവിതമായിട്ടു് ആധ്യാത്മിക ജീവിതത്തെ കാണുന്നതു തികച്ചും സുവിശേഷാത്മകമാണു്. സുവിശേഷ ചൈതന്യാധിഷ്ഠിത ജീവിതം അതിന്റെ ദൃശ്യാദൃശ്യ മേഖലകളിലെല്ലാം പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലാണു നയിക്കപ്പെടുന്നതു്. ഈ ആന്തരികശക്തിയെ-പ്രചോദനത്തെ-ദൈവികപ്രവൃത്തിയെ ഉൾക്കൊള്ളുന്ന വ്യക്തിയാണു റൂഹാദക്കുദിശ. സുവിശേഷാത്മക ജീവിതത്തിന്റെ വിധാതാവും പരിശുദ്ധാത്മാവുതന്നെയാണു്.

2. പരിശുദ്ധാത്മാവു് മിശിഹായുടെ ആഗമനത്തിൽ

വി. മത്തായിയും വി.ലൂക്കായും പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയായിട്ടാണു മിശിഹായുടെ ജനനത്തെ അവതരിപ്പിക്കുന്നതു്.[7] നേരത്തെ കണ്ടപ്രകാരം പ്രതീക്ഷിക്കപ്പെട്ട വ്യക്തിയെയാണു് ഈ സുവിശേഷകർ ചിത്രീകരിച്ചിരിക്കുന്നതു്. വരുവാനിരിക്കുന്നവനെന്ന നിലയിൽ മിശിഹായുടെ കാലത്തിന്റെ ആവിർഭാവം പരിശുദ്ധാത്മാവിലൂടെ ആയിരിക്കണ

മല്ലോ. അതു് ഇസ്രായേല്യനോടു ദൈവം വാഗ്ദാനം ചെയ്തതുമാണു്.[8] പുതിയ ഉടമ്പടിയുടെ തുടക്കവും ഹൃദയത്തിൽ നിയമം ലേഖിതമാകുന്നതിന്റെ സാക്ഷാത്ക്കരണവും കൈകോർത്തു പോകുണം. ദൈവികമായ ഇടപെടലാണു് ഇവിടെ കാണുന്നതു്. ദൈവാത്മാവിന്റെ പ്രവർത്തനങ്ങളാണു പഴയനിയമത്തിൽ വ്യക്തമായിരുന്നതെങ്കിൽ അതുതന്നെയാണു് ഇവിടെ ഉദ്ദേശിക്കുന്ന ദൈവികശക്തി. ഈ അത്ഭുതസംഭവം പരിശുദ്ധാത്മാവിൽനിന്നാണുണ്ടായിച്ചതു്. 'അത്യുന്നതന്റെ ശക്തിയാൽ' എന്നു വി. ലൂക്കാ പറയുന്നു.

മേല്പറഞ്ഞതുതന്നെയാണു വി. ലൂക്കായുടെ വീക്ഷണത്തിൽ, 'മനുഷ്യനു് അസാധ്യമായതെല്ലാം ദൈവത്തിനു സാധ്യമാണു്' എന്നതും.[9] ദൈവം ഒരാളെ വിളിക്കുന്നതു് ദൗത്യനിർവഹണത്തിനായിട്ടാണു്. അതിനുള്ള അപര്യാപ്തത വിളിക്കപ്പെട്ടവർ ഉന്നയിക്കുന്ന പഴയനിയമ പശ്ചാത്തലംതന്നെ വി. ലൂക്കാ ഇവിടെ ചിത്രീകരിക്കുന്നു.[10] ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും എന്നതാണു ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള വാഗ്ദാനം. ഗദയോനു ലഭിച്ച വാഗ്ദാനം ദൈവത്തിന്റെ ആത്മാവിനെ നൽകുമെന്നാണു്.[11] മാതാവിനും പരിശുദ്ധാത്മാവിനെയാണല്ലോ മാലാഖ വാഗ്ദാനം ചെയ്തതു്. ദൈവാത്മാവിന്റെ പഴയനിയമശൈലിതന്നെയാണു പുതിയനിയമത്തിലും. മിശിഹായുടെ ജനനത്തിൽ ദൈവാത്മാവിനെ അവതരിപ്പിക്കുന്നതു മനുഷ്യന്റെ അപര്യാപ്തത ദൈവാത്മാവു് നിവാരണം ചെയ്യും എന്ന നിലയിലാണു്. കന്യകാജനനം പിതാവിൽ നിന്നു പുത്രനിലൂടെ പരിശുദ്ധാത്മാവു വഴിയാണു് എന്ന പരിശുദ്ധ ത്രിത്വത്തോടു ബന്ധപ്പെട്ട ചിത്രീകരണം വ്യക്തമാണു്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിവഴി ജനിച്ച ശിശു ദൈവപുത്രനാകുന്നു.[12] ഈ ദൈവികത്വത്തെയാണല്ലോ വി. യോഹന്നാൻ 1:14-ൽ സൂചിപ്പിച്ചിരിക്കുന്നതു്. ഇഹലോകപരമായ ഒരു ജീവിതത്തിന്റെ ആരംഭംതന്നെ പരിശുദ്ധാത്മാവിന്റെ

പ്രവർത്തനത്താലാണ് എങ്കിൽ ആധ്യാത്മികജീവിതത്തിനു് അതു് ഏറ്റവും ആവശ്യകമാകുന്നു. ഈശോയുടെ കാര്യത്തിൽ അതു സംഭവിച്ചു. ഇതിലൂടെയാണു മറ്റുള്ളവർക്കും ഇതു സാധിതമാകേണ്ടതു്.

3. പരിശുദ്ധാത്മാവും മിശിഹായുടെ പരസ്യജീവിതവും

ഈശോയുടെ ജ്ഞാനസ്നാനം മുതൽ മരണം വരെയുള്ള സംഭവങ്ങളിൽ പരിശുദ്ധാത്മാവു് എങ്ങനെ പ്രവർത്തിച്ചുവെന്നതാണു് ഇനിയും കാണുവാനുള്ളതു്. മിശിഹായുടെ ജ്ഞാനസ്നാനത്തെക്കുറിച്ചു വ്യക്തമായി സമവീക്ഷണസുവിശേഷകരും [13] പരോക്ഷമായി യോഹന്നാനും[14] സൂചിപ്പിക്കുന്നു. ശ്ലീഹന്മാരുടെ പ്രവൃത്തികളിലും പരാമർശിക്കപ്പെടുന്നുണ്ടു്, ആ സംഭവം, മേല്പറഞ്ഞ അഞ്ചു സ്ഥലങ്ങളിലെ പ്രതിപാദനം ഈശോയെ മെസയാനികനിലയിൽ, ദൈവത്തിൻെറ വാഗ്ദാനം ചെയ്യപ്പെട്ട അഭിഷിക്തൻ എന്ന നിലയിൽ സ്ഥാപിക്കുന്നതിനുള്ള തെളിവാണു്. പ്രവാചകപ്രതീക്ഷയിൽ ആത്മാവിൻെറ സമൃദ്ധിയിലൂടെ ജനിക്കുന്നതു മതാത്മകസ്വഭാവത്തെ കാണിക്കുന്നു.

വി. മർക്കോസിൻെറ പ്രതിപാദനത്തിൽ കാണുന്ന മൂന്നു ചിത്രങ്ങളും പ്രാധാന്യമർഹിക്കുന്നു. സ്വർഗ്ഗം തുറക്കുന്നതും ആത്മാവു് ഇറങ്ങിവരുന്നതും സ്വർഗ്ഗത്തിൽനിന്നുള്ള സാക്ഷ്യം കേൾക്കുന്നതും.[15] സ്വർഗ്ഗം പിളർന്നിറങ്ങി എന്നതാണു ഐസയാസിൻെറ ദർശനത്തോടു കൂടുതൽ ചേർന്നുവരുന്നതു്.[16] മത്തായിയും ലൂക്കായും പറയുന്നതു് സ്വർഗ്ഗം തുറന്നു എന്നാണു്. 'ഷിസ്ഥോമെന്തൂസ്' എന്ന മർക്കോസിൻെറ പ്രയോഗം 'ഗ്വാറാ' എന്ന ഹീബ്രു പ്രയോഗത്തോടു പൊരുത്തപ്പെടുന്നു. മത്തായിയും ലൂക്കായും ഗ്രീക്കിലുള്ള പഴയനിയമഗ്രന്ഥമായ സെപ്തുജിന്തിനോടു കടപ്പെടുന്നു. മേല്പറഞ്ഞ പരിശുദ്ധാത്മാവിൻെറ ആഗമനത്തിനു

ഐസയാസിൽ കാണുന്ന നീണ്ട പ്രാർത്ഥനയോട് പൊരുത്തമുണ്ട്. ഈജിപ്തിന്റെ അടിമത്തത്തിൽനിന്നു യാഹ്വേ ഇസ്രായേലിനെ മോചിപ്പിച്ചു. തുടർന്ന് അവിടത്തെ ആത്മാവ് അവരെ വാഗ്ദാനനാട്ടിലേയ്ക്കു നയിച്ചു. ഇനിയും അവർ വിജാതീയരുടെ കൈകളിൽ അകപ്പെടാതിരിക്കാൻ സ്വർഗ്ഗംപിളർന്ന് ഇറങ്ങിവരണെ എന്നു ദൈവത്തോട് പ്രാർത്ഥിച്ചിരുന്നു.[17] ദീർഘകാലത്തെ ദൈവത്തിന്റെ ചരിത്രത്തിലുള്ള പ്രത്യക്ഷമായ ഇടപെടലിന്റെ അഭാവത്തെ പരിഹരിക്കുകയാണു ആത്മാവിന്റെ ആഗമനംവഴി. ആത്മാവ് മിശിഹായുടെമേൽ ഇറങ്ങി, അവിടത്തെ ദൈവദാസനും രക്ഷകനുമാക്കിയെങ്കിൽ അതു് യുഗാന്ത്യോന്മുഖ ലക്ഷ്യത്തിലേക്കു ജനങ്ങളെ മുഴുവൻ നയിക്കാനും അവരെ രക്ഷിക്കാനുമാണ്.

പരിശുദ്ധാത്മാവിനെ പ്രാവിന്റെ രൂപത്തിൽ ഈശോ ദർശിച്ചു. സൃഷ്ടിയുടെ ആരംഭത്തിൽ ആത്മാവു് ജലത്തിന്മേൽ ആവസിച്ചു് പ്രഥമസൃഷ്ടി നടത്തിയെങ്കിൽ ആ ആത്മാവുതന്നെ മിശിഹായുടെമേൽ ആവസിച്ചു് ദ്വിതീയ സൃഷ്ടിക്കു തുടക്കമിടുന്നു.[18] ആത്മാവിന്റെ രണ്ടാമത്തെ ആവാസം കൂടുതൽ ദൃശ്യമായി, പ്രാവിന്റെ രൂപത്തിൽ മെസയാനികവും യുഗാന്ത്യാത്മുഖവുമായ ദൈവാത്മാവിന്റെ പ്രകടമായ ഇടപെടലിനെ കാണിക്കുന്നു. ഇതു പ്രവാചകവാക്കുകൾക്കു് അനുസൃതമാണ്.[19] ഈശോയിൽ ആത്മാവു് ആഗമിച്ചതിനെ പത്രോസ് സാക്ഷ്യപ്പെടുത്തുന്നു.[20]

അപ്പസ്തോലിക പാരമ്പര്യം മെസയാനിക യുഗത്തിന്റെ ആമുഖമായി യോഹന്നാൻമാംദോനയുടെ പ്രസംഗവും, അതിന്റെ തുടക്കമായി ആത്മാവിന്റെ ആഗമനവും കണ്ടിരുന്നു. ഇതുതന്നെ സമയത്തിന്റെ

പൂർത്തീകരണവും.[21] പ്രകടമായ ദൈവാത്മാവിന്റെ ആവിഷ്കരണം വ്യക്തമാണിവിടെ.

ദൈവാവിഷ്കരണത്തെ ഉറപ്പിച്ചതു സ്വർഗ്ഗത്തിൽനിന്നുള്ള അരുളപ്പാടിലൂടെയാണ്.[22] ഇവിടെയും സ്വർഗ്ഗീയ സ്വരം മെസയാനികമായ സൂചനയുള്ളതുതന്നെ.[23] പ്രസാദിച്ചവൻ എന്ന പ്രയോഗം ഹീബ്രുവിലുള്ള 'ബാഹീരി'നോട് ചേർന്നുപോകുന്നു.[24]

ആത്മാവിന്റെ സാന്നിധ്യം ആന്തരികീകരണത്തിന്റെ സവിശേഷതയെയാണു ചൂണ്ടിക്കാണിക്കുന്നതു്. യോഹന്നാൻമാംദാനയുടെ പ്രസംഗത്തിലും ഇതു സൂചിപ്പിക്കുന്നു.[25] മൗലികമായ ശുദ്ധീകരണം ആവശ്യമാണു്. ഇതു് ആത്മാവിന്റെ പ്രവർത്തനത്താൽ നടക്കണം. രക്ഷാകരവശത്തിനു കൂടുതൽ പ്രാധാന്യമാണു യോഹന്നാൻ നല്കുന്നതു്.[26] പുതുജന്മത്തിന്റെ സാഹചര്യംകൊണ്ടു മിശിഹായുടെ പ്രവർത്തനങ്ങളെ മുഴുവൻ കണക്കിലെടുക്കുമ്പോഴാണു് രക്ഷാകരരഹസ്യത്തിന്റെ പ്രാധാന്യം ജ്ഞാനസ്നാനത്തിൽ ദൃശ്യമാകുന്നതു്. ആത്മാവിന്റെ സാന്നിധ്യം ഏറ്റവും ഉൽകൃഷ്ടമാണു്.[27]

4. മിശിഹാ പരീക്ഷിക്കപ്പെടുന്നു

പരിശുദ്ധാത്മാവിന്റെ പ്രേരണ ശക്തമായി മിശിഹായിൽ പ്രവർത്തിച്ചുതുടങ്ങി. ജ്ഞാനസ്നാനശേഷം ഈശോയെ ആത്മാവു് മരുഭൂമിയിലേക്കു് നയിച്ചു.[28] അവിടുന്നു പിശാചിനാൽ പരീക്ഷിക്കപ്പെട്ടു. അവനെ നിലയ്ക്കു നിർത്തുക മിശിഹായുടെ രക്ഷാകരവേലയുടെ ഒരു പ്രായോഗികവശമായിരുന്നു. അതിനുശേഷമാണു് ഈശോ ഗലീലിയായിലേയ്ക്കു തിരിച്ചുവന്നതു്.[29] സുവിശേഷം പ്രസംഗിക്കുവൈ ആത്മാവു് അവിടുത്തെമേൽ ഉണ്ടായിരുന്നു.[30] മിശിഹാ മനുഷ്യരെ എല്ലാ ബന്ധങ്ങളിലുംനിന്നു വിമുക്തരാക്കേണ്ടതുണ്ടു്. അതുവഴി ദൈവരാജ്യം വരണം.

ഇവിടെയെല്ലാം ആത്മാവിനു വിധേയനായിട്ടാണു് അവിടുന്നു പ്രവർത്തിക്കേണ്ടതു്.[31] ദൈവം അയച്ചവൻ ദൈവവചനം സംസാരിക്കും.[31] അങ്ങനെ അളവുകൂടാതെ ആത്മാവിനെയും നല്കുന്നു.[32] സ്വർഗീയ കാര്യങ്ങളും വെളിപ്പെടുത്തുന്നവനായി അവിടുന്നു പ്രവർത്തിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കരങ്ങളും മിശിഹായിലൂടെ പ്രവർത്തിച്ചതുകൊണ്ടാണു് എല്ലാം മിശിഹായുടെ കരങ്ങളിൽ ലഭിച്ചിരിക്കുന്നതു്.[33] ദൈവികതപം മിശിഹായിൽ വിളങ്ങിയ ഒരവസരമാണു് ഗ്രുപാന്തരീഭാസം.[34]

എന്നാൽ ഈശോയിൽ നിവർത്തിക്കാനുള്ള പീഡാസഹനമാണു് അഭിഷേകത്തിന്റെ ലക്ഷ്യം.[35] ഇപ്രകാരമുള്ള പാടുപീഡകളിൽ ഈശോയെ നയിച്ചിരുന്നതു് ആത്മാവാണു്. ഗദ്സമേനയിൽ പീഡനത്തിനു വിധേയനായതും കുരിശിൽ തന്റെ ആത്മാവിനെ സമർപ്പിച്ചുകൊണ്ടു് പൂർണ്ണമായും പരിശുദ്ധാത്മാവിനു വഴങ്ങിയതും വ്യക്തമാണു്. വിലാവു് തുറന്നു് ആത്മാവിനെ പ്രദാനംചെയ്ത ശേഷമാണു് മിശിഹാതന്റെ ദൗത്യം നിർവഹിച്ചതു്.[36]

5. ഉത്ഥിതനായ മിശിഹായുടെ ആത്മാവു്

മിശിഹാ തന്റെ സഹനത്തിലൂടെയും കുരിശുമരണത്തിലൂടെയും ദൈവാത്മാവിനെ പൂർണ്ണമായി അനുസരിച്ചു. അവിടുന്നു തിരസ്കൃത ശിലയെങ്കിലും മൂലക്കല്ലായിത്തീർന്നു.[37] ഈശോ തന്റെ അനുസരണം വഴി പിതാവിനു കീഴ്പ്പെട്ടതു നിമിത്തം ഭൂമിയിലുള്ള എല്ലാ അധികാരത്തിനും സ്വർഗ്ഗീയ ശക്തിക്കും ഉടമയായി.[38] പിതാവു പുത്രനെ മഹത്വപ്പെടുത്തിയതു മൂലം ഇതു സംഭവിച്ചു.[39] പക്ഷേ, ഈ മഹത്വീകരണം സാധിച്ചതു് പീഡകളിലൂടെ മരിച്ചുയിർത്ത മിശിഹായിലാണു്. ഉയിർപ്പാണു് ഇവിടെ നിർണ്ണായകഘടകമായി നിലകൊള്ളുന്നതു്.[40] മിശിഹായുടെ

ജീവിതംകൊണ്ട്, അവിടത്തെ ഉത്ഥാനത്തിലും പങ്കാ
ളികളായവരുടെ സാക്ഷ്യം സുവിശേഷമായി നില
കൊള്ളുന്നു.[41] മിശിഹാ രക്ഷയുടെ നിദാനമായിത്തീർ
ന്നു.[42] അപ്പസ്തോലപ്രസംഗത്തിൽ മിശിഹായുടെ
ഉയിർപ്പു കേന്ദ്രബിന്ദുവായി നിലകൊള്ളുന്നുവെങ്കിൽ
അതെങ്ങനെ സംഭവിച്ചുവെന്നറിയുന്നതു് ഉപകാരപ്രദ
മാണു്.

ഉയിർപ്പിനുമുമ്പു സഹനം ആവശ്യകമായിരുന്നു.[43]
ഈ സഹനം ദൈവരാജ്യം സ്ഥാപിക്കുന്നതിനുള്ള മിശി
ഹായുടെ പദ്ധതിയിൽ ഉൾപ്പെട്ടതായിരുന്നു. ആരംഭനി
യോഗത്തിലും തുടർന്നുള്ള ജീവിതത്തിലും ഇതു വ്യക്ത
മായിരുന്നു. ഈ വസ്തുതയാണു് ഈശോ ഉയിർപ്പിനു
ശേഷം എമ്മാവൂസിലേയ്ക്കു പോയവർക്കു വെളിപ്പെ
ടുത്തുന്നതു്.[44] ഉയിർപ്പിനോടുകൂടി മിശിഹാ എന്നും
തന്റെ അനുയായികളോടുകൂടി ഉണ്ടായിരിക്കാൻ ശ
ക്തനായി.[45] ദൈവികശക്തിയുടെ പൂർണ്ണത ഉൾ
ക്കൊള്ളുന്നവനാണു് ഈശോ ഇന്നു്.

മനുഷ്യാവതാരംചെയ്ത ദൈവസുതനിൽ രക്ഷാകര
രഹസ്യം നിറവേറിയതു ദർശിച്ച യോഹന്നാൻ ഉയിർ
പ്പിനെ കേന്ദ്രമാക്കിയാണു സഹനത്തേയും മരണത്തേ
യും കാണുന്നതു്.[46] ഉന്നതത്തിൽനിന്നു വന്നവനല്ലാ
തെ മറ്റാരും അങ്ങോട്ടു കയറിയിട്ടില്ല എന്നാണല്ലോ
യോഹന്നാൻ എഴുതുന്നതു്.'[47] ഉയിർപ്പിലൂടെയാണു്
മേലുപറഞ്ഞ കരയേറ്റം നടക്കേണ്ടതു്.[48] യോഹ
ന്നാൻ സമയം എന്നതുകൊണ്ടുദ്ദേശിക്കുന്നതു് സഹന
ത്തിലൂടെയുള്ള ഉയിർപ്പിന്റെ നിമിഷങ്ങളെയാണു്.[49]

ക്രൈസ്തവാസ്തിത്വത്തിന്റെയും ക്രൈസ്തവവിശ്വാ
സത്തിന്റെയും ആണിക്കല്ലായി വിശുദ്ധ ശ്രീഹാ കാ
ണുന്നതു മിശിഹായുടെ ഉയിർപ്പാണെങ്കിൽ[50] അതി
ന്റെ ശക്തി നിലകൊള്ളുന്നതു പരിശുദ്ധാത്മാവി
ന്റെ പ്രവർത്തനത്തിലാണു്. സമവീക്ഷണ സുവി
ശേഷകർ കർത്താവു തന്റെ ഇഹലോക ജീവിതം

പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിൽ നയിച്ചുവെന്ന മാത്രമേ ഊന്നിപ്പറയുന്നുള്ളു. യോഹന്നാൻ സുവിശേഷകൻ ഒരുപിടികൂടി കടന്നു് മനുഷ്യാവതാരംചെയ്ത മിശിഹായെ ആത്മാവിനാൽ നിറഞ്ഞവനെന്ന നിലയിൽ ചിത്രീകരിക്കുന്നു. ഉയിർപ്പിന്റെ കാര്യത്തിൽ പ്രത്യേക പരിഗണനയൊന്നും നൽകാതെ മഹത്വമായിട്ടാണു യോഹന്നാൻ അതു പ്രതിപാദിക്കുന്നതു്. മഹത്വീകരണത്തിന്റെ പദവികളായിട്ടാണു പീഡാസഹനത്തെയും മരണത്തെയും ഉയിർപ്പിനെയും വി. യോഹന്നാൻ കാണുന്നതു്.[51]

വിശുദ്ധ ശ്ലീഹാ കൂട്ടത്തിൽ ഊന്നൽ നല്കുന്നതു മിശിഹായുടെ ഉയിർപ്പിനാണു്.[52] പിതാവു പുത്രനെ ഉയിർപ്പിച്ചുവെന്ന സൂചനയുണ്ടു്.[53] എന്നാൽ പിതാവു പരിശുദ്ധാത്മാവുവഴിയാണു് മിശിഹായെ ഉയിർപ്പിച്ചതു്. പക്ഷേ, ഇവിടെ മിശിഹായോടുകൂടിയുള്ള ദൈവജനത്തിന്റെ ഉയിർപ്പിനെയാണു സൂചിപ്പിക്കുന്നതു്.[54] മിശിഹായുടെ ഉയിർപ്പിലുള്ള ദൈവികശക്തി പരിശുദ്ധാത്മാവുതന്നെയെന്നു സൂചിതം.[55] ആത്മാവു വഴിയാണു ജീവൻ ഉണ്ടാകുന്നതു്.[56] ജഡം വഴി മരണവും. ശരീരത്തിൽ ബലഹീനതയും ആത്മാവിൽ ശക്തിയും കൂടികൊള്ളുന്നു. ഉയിർപ്പു് എന്നതു വെറുമൊരു പരിവർത്തനമല്ല, മറിച്ചു ജീവിക്കുന്നതിനേറെയും പ്രവർത്തിക്കുന്നതിനേറെയുമായ ഒരു പുതിയ സ്ഥിതിയാണു്. ഇതു മഹത്വത്തിന്റെ ഒരു സ്ഥിതിയും രക്ഷാകരമായ കഴിവിന്റെ ഒരു നിലയുമാണു്. രക്ഷാകരനിലവിശുദ്ധ ശ്ലീഹാ കാണുന്നതുപോലെ പരിശുദ്ധാത്മാവിന്റെ സവിശേഷതയാണു്.[57] ശാരീരികമായി ദാവീദിന്റെ വംശജനായ മിശിഹാ ഉത്ഥാനത്താൽ പരിശുദ്ധാത്മാവിനനുസൃതമായി ദൈവപുത്രനായി, ആദിയിൽ ദൈവപുത്രനായിരുന്നവൻ മനുഷ്യന്റെ നില സ്വീകരിച്ചു് അതിൽനിന്നു മഹത്വത്തിലേയ്ക്കു കടന്നതാണു് ആത്മാവിന്റെ പ്രവർത്തന സവിശേഷത. ഇതു ദൈവപുത്രനിൽ

സാക്ഷാത്ക്കരിക്കപ്പെട്ട സവിശേഷതയാണ്. ഇപ്പോഴും ദൈവപുത്രൻ ശക്തിയോടെ വാണരുളുന്നു. ഇതു് ഒരു പ്രത്യേക സ്വഭാവമല്ല, മറിച്ചു് ഒരു സ്ഥിതിയാണു്, വ്യവസ്ഥയാണു്. ഒരു ധർമ്മനിർവഹണത്തിന്റെ പ്രവൃത്തിക്കുള്ള വ്യവസ്ഥ. ഈ സ്ഥിതിയാണു് മെസയാനികവും രക്ഷാകരവുമായതു്. ഇവിടെ ഈശോ കർത്താവായി.[58] അവിടുന്നു നായകനും രക്ഷകനുമായി.[59] ഇങ്ങനെയാണു് ഈശോ സ്വർഗത്തിലും ഭൂമിയിലും സർവാധികാരവും ഉള്ളവനായതു്.[60] മിശിഹാ രക്ഷാകരപ്രവൃത്തിയുടെ ആധികാരികമായ ഉറവിടമായി. ഇവിടെ വെറുമൊരു തിരിച്ചുപോക്കല്ല, രക്ഷാകരശക്തിയോടെയുള്ള തിരിച്ചുപോക്കാണുള്ളതു്.[61]

ഈ തിരിച്ചുപോക്കു് പരിശുദ്ധാത്മാവിനോടു ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണു് ഇതിന്റെ സവിശേഷത. മിശിഹാ മരണത്തിനുമുമ്പു് 'കറാ സാർക്സ്' (ജഡത്തിനനുസരിച്ചുള്ളതു്) ആയിരുന്നുവെങ്കിൽ ഇപ്പോഴും 'കറാപ്നെവുമാ' (ആത്മീയം) ആണു്.

പുതിയ സ്ഥിതിയിൽ മിശിഹായുടെ മനുഷ്യാത്മാവു് 'Psychic' അല്ല മറിച്ചു് 'പ്നെവുമാ' ആണു്. പ്നെവുമായുടെ ശക്തി നിസ്സീമമാണു്. 'Psychic' എന്നതു മാനുഷികജീവനെ, ഭൗമികമനുഷ്യന്റെ ശാരീരിക പ്രാണനാണു്, ഇങ്ങനെയുള്ളവരെ വെറും മാനുഷികരെന്നോ,[62] ശാരീരികരെന്നോ[63] എന്നോ പറയാം. 'പ്നെവുമാ' എന്നതു ദൈവിക വിശുദ്ധിയുടെ മഹത്വത്തെയും അതിന്റെ ജീവാത്മക ശക്തിയെയും കാണിക്കുന്നു. ഇതു ദൈവികജീവനെ തത്വമാണു്.[64] ഉത്ഥിതനായ മിശിഹായോടുള്ള ജീവദായകമായ ഐക്യമാണു് ജഡികമനുഷ്യന്റെ നിലയിൽനിന്നു് ആത്മീയ മനുഷ്യന്റെ നിലയിലേക്കു് കടക്കുക എന്നതു്.[65] മിശിഹാ പുതിയ നിലയിൽ എത്തിയപ്പോഴും ജീവദായകനായി.[66]

പുതിയനിലയിൽ മിശിഹായെക്കുറിച്ചു ശ്ലീഹാ പറയുന്നതു് കർത്താവു് ആത്മാവാകുന്നു എന്നാണു്. 'Kyrios' എന്നതു് ഉത്ഥിതനായ മിശിഹായേയും 'പ്നെവുമാ' എന്നതു പരിശുദ്ധാത്മാവിനെയും കാണിക്കുന്നു. മിശിഹാ ആത്മാവിന്റെ പ്രവർത്തനപരമായ എല്ലാ കഴിവുകളും ഉത്ഥാനത്തിലൂടെ കൈവരിച്ചതുകൊണ്ടാണു് കർത്താവിനെ പരിശുദ്ധാത്മാവു് എന്നു ശ്ലീഹാ വിളിച്ചതു്. വ്യക്തിത്വത്തിന്റെ മാറ്റമല്ല മറിച്ചു് പ്രവർത്തനത്തിന്റെ സ്വഭാവമാണു് രണ്ടുപേരെയും വ്യത്യസ്ത വ്യക്തികളായി കാണുവാൻ ശ്ലീഹായെ പ്രേരിപ്പിച്ചതു്.

പക്ഷേ, മനുഷ്യരക്ഷയിൽ മിശിഹായും പരിശുദ്ധാത്മാവും ഏകതത്വമായി നിലകൊള്ളുന്നതായി ശ്ലീഹാ പറയുന്നു. പ്രകാശമാനമാക്കുകയും രൂപാന്തരപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന തത്ത്വം[68] കർത്താവിൽ നീതീകരിക്കപ്പെടുക എന്നതുതന്നെയാണിതു്. പരിശുദ്ധാത്മാവിൽ നീതികരിക്കപ്പെടുക എന്നതുതന്നെയത്രേ കർത്താവിൽ നീതീകരിക്കപ്പെടുക എന്നതുകൊണ്ടുദ്ദേശിക്കുന്നതും.[69]

6. മഹത്വവത്കൃതനായ ഈശോയുടെ പരിശുദ്ധാത്മാവ്

മിശിഹായുടെ ഉയിർപ്പു് അവിടുത്തേക്കുവേണ്ടി മാത്രമല്ല, മനുഷ്യരാശിക്കു മുഴുവനും വേണ്ടിയാണു്.[70] മഹത്വവത്കൃതനായ മിശിഹായുടെ ശക്തി രക്ഷാകരമാണു്.[71] പുത്രന്റെ ആത്മാവിനെ നമ്മിലേക്കു അയച്ചിരിക്കുന്നു.[72] പുത്രൻ മഹത്ത്വത്തിലേക്കു പ്രവേശിച്ച സ്വർഗാരോഹണവേളയിൽ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനും ശക്തി പ്രാപിക്കുവാനുമുള്ള നമ്മുടെ സാധ്യതയെക്കുറിച്ചു പറഞ്ഞു.[73] ഈശോയെ ദൈവം ഉയിർപ്പിച്ചു. അവിടുന്നു പിതാവിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ടു് പരിശുദ്ധാത്മാവാകുന്ന വാഗ്ദാനത്തെ നല്കുന്നു. പ്രവാചകന്മാർ പറഞ്ഞ ആത്മാ

വിന്റെ സമൃദ്ധമായ ദാനവും മഹത്ത്വവത്കൃതനായ ഈശോയിൽനിന്നാണ നമുക്ക ലഭിച്ചതു്.74 ഈശോ മഹത്ത്വവത്കൃതനായതോടെയാണു് കർത്താവും മിശിഹായുമായി അംഗീകരിക്കപ്പെട്ടതു്.75

മിശിഹാ ഈ ലോകം വിട്ട പിതാവിന്റെ അടുക്കലേയ്ക്ക പോകുന്നതും ആത്മാവിന്റെ ആഗമനവും തമ്മിൽ ബന്ധമുണ്ടു്.76 ഈ പുറപ്പാടിനുമുമ്പു് ഈശോ തനിക്കുള്ളവർക്ക സ്നേഹത്തിന്റെ പൂർണ്ണത നല്കി.77 മിശിഹായുടെ പുറപ്പാടിനു ശാരീരികവും ആധ്യാത്മികവുമായ വശങ്ങളുണ്ടു്. മനുഷ്യാവതാരത്തിൽ ശരീരം ധരിച്ചുവന്നതുപോലെയും മരിച്ചതുപോലെയും, ഈ പുറപ്പാടിൽ ഭൗതികതയിൽനിന്നു് അതിനതീതമായ ഇടത്തേയ്ക്ക പോകുന്നു. ആധ്യാത്മികമായി ഒരു സ്ഥിതിയിൽനിന്നും മറെറാന്നിലേയ്ക്കു്, മാംസത്തിൽനിന്നും ഭൂമിയിൽനിന്നും മഹത്ത്വത്തിലേയ്ക്കും സ്വർഗത്തിലേയ്ക്കും കടക്കുന്നു. യോഹന്നാൻ മഹത്ത്വവത്കരണദിനവും പന്തക്കുസ്താളും പരിഗണിക്കാതെ ഉയിർപ്പോടുകൂടി ഈശോ മഹത്ത്വവത്കരിക്കപ്പെട്ടതായും ആത്മാവിനെ നല്കാൻ കഴിവുറവനായതായും പറയുന്നു.78 യോഹന്നാന്റെ ചിന്താഗതിയിൽ ആത്മാവിന്റെ ദിനത്തിനു രണ്ടു മുഖങ്ങളുണ്ടു്, ഒന്നു്: മിശിഹായുടെ വാക്കുകളിൽ കാണുന്ന പ്രതീകാത്മക സൂചന.79 ഇതു് ആത്മാവിനെ സൂചിപ്പിക്കുന്ന ചിത്രീകരണമാണു്.80 ഈശോയാണു് നിത്യജലത്തിന്റെ ഉറവ. കാരണം, 'അവിടുന്നിൽ വിശ്വസിക്കുന്നവൻ' എന്നതിനുപകരമാണു് 'ദാഹിക്കുന്നവൻ പക്കൽ വരട്ടെ' എന്ന പ്രയോഗം. മിശിഹായിൽനിന്നു പുറപ്പെട്ട ജലം പരിശുദ്ധാത്മാവിനെയാണല്ലോ സൂചിപ്പിക്കുന്നതു്.81 ദൈവത്തിന്റെ സിംഹാസനത്തിൽനിന്നുള്ള ജലത്തെക്കുറിച്ചും യോഹന്നാൻ പറയുന്നുണ്ടല്ലോ.82

മിശിഹായെ പാറയായി കാണുന്ന പ്രതീകാത്മക പ്രയോഗങ്ങളും വിരളമല്ല.[83] നിർഝരി യാഹ്വേയുടെ അനുഗ്രഹവർഷമാണ് എന്ന സൂചനയുണ്ട്.[84]

രണ്ടാമത്തെ മുഖം യോഹന്നാന്റെ വിവരണംതന്നെ; യോഹന്നാൻ 7–39–ലെ ജലം പരിശുദ്ധാത്മാവിന്റെ സമൃദ്ധമായ ദാനമാണ്. ആത്മീയജലം മഹത്ത്വവത്കൃതനായ ഈശോ തന്നെയാണ്. എന്നാൽ, യോഹന്നാന്റെ വിവരണത്തിൽ രണ്ടു സമീപനങ്ങളുണ്ട്. ഒന്ന്, ആത്മാവിന്റെ ദാനം മനുഷ്യനായ മിശിഹാവഴി എന്നതാണ്.[85] രണ്ട്, ആത്മാവിന്റെ ദാനം ദൈവജനത്തിനു യാഥാർത്ഥ്യമായിത്തീരുന്നതു മഹത്ത്വവത്കൃതനായ മിശിഹാവഴി എന്നതാണ്.[86] ജീവന്റെ ഉറവ എന്നതു് ആത്മാവിന്റെ പ്രതീകത്തോടും (ത്രിത്വപരം) അതിനു് (ആത്മാവിനു്) ബലിവസ്തുവായി അർപ്പിക്കപ്പെട്ട മിശിഹായുടെ ശരീരത്തോടും,[87] പിതാവിൻ സവിധേയുള്ള സാന്നിധ്യത്തോടും ബന്ധപ്പെട്ടവരുന്നു.[88] യഥാർത്ഥത്തിൽ കുരിശിൽ മരിച്ച ഈശോയാണല്ലോ പിതാവിന്റെ വലത്തുഭാഗത്തുള്ളതു്.[89] ആ മിശിഹാ പരിശുദ്ധാത്മാവിനാൽ ആദ്യന്ത നയിക്കപ്പെട്ടിരുന്നു.[90]

അദ്ധ്യായം 13

പരിശുദ്ധാത്മാവു് സഭയിലൂടെ

1. പന്തക്കുസ്താ

ദരിദ്രരെ സുവിശേഷമറിയിക്കുന്നതിനാണു മിശിഹാ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായതു്.[1] മിശിഹായുടെ സുവിശേഷത്തിന്റെ കാതൽ പരിശുദ്ധാത്മാവായിരുന്നു. ഇതാകട്ടെ, ആധ്യാത്മിക തലത്തിലുള്ളതുമായിരുന്നു. മിശിഹായെ കർത്താവെന്നും ദൈവമെന്നും ഏറ്റുപറഞ്ഞുകൊണ്ടുള്ള വിശ്വാസം ദൈവരാജ്യപ്രവേശനത്തിനാവശ്യകമാണു്. വിശ്വാസാധിഷ്ഠിതമായ ജീവിതം പരിശുദ്ധാത്മാവിന്റെ നമ്മിലുള്ള പ്രവർത്തനത്തെ ആശ്രയിച്ചിരിക്കും.

മിശിഹാ തന്റെ പരസ്യജീവിതകാലത്തു് ഒരു ചെറുഗണത്തെ തിരഞ്ഞെടുത്തു്, സുവിശേഷവേല തുടരുന്നതിനു നിയോഗിച്ചുവെങ്കിലും പന്തക്കുസ്തായ്ക്കുശേഷം മാത്രമാണു് അവർ അതിനു സുശക്തമാംവിധം പ്രാപ്തരായതു്. സ്വർഗ്ഗാരോഹണത്തിനുശേഷം 10-ാം ദിവസം ഈ പരിശുദ്ധാത്മാവിനെ ഔദ്യോഗികമായി അയച്ചു. ഇതു മിശിഹായുടെ രക്ഷാകരവേല സഭാപരമായി തുടരുന്നതിനുള്ള ആഘോഷപൂർവമായ പ്രാരംഭമായിട്ടാണു് ആദിമസഭ കണ്ടതു്. അതിന്റെ ചൈതന്യമാകട്ടെ പരിശുദ്ധാത്മാവിലുള്ള ജീവിതവും. പരിശുദ്ധാത്മാവാണു് അപ്പസ്തോലന്മാരെ എല്ലാവരേയും പഠിപ്പിച്ചു് സത്യത്തിന്റെ പൂർണ്ണതയിലേക്കു് ആനയിച്ചതു്.[2] മൂവായിരംപേരെ സഭോത്രത്തോടു് സംയോജിപ്പിച്ചുകൊണ്ടും അപ്പസ്തോലന്മാരെ അടിസ്ഥാനമാക്കിക്കൊണ്ടും പരിശുദ്ധാത്മാവു് ഉദ്ഘാടനം ചെയ്ത വിശ്വാസികളുടെ സമൂഹമാണു് സഭ.[3]

പുതിയതായി രൂപംകൊണ്ട സഭയുടെ ശിരസ്സു മിശിഹായാണു്.[4] സഭയുടെ ഉയിർപ്പിലും ഒന്നാമൻ മിശിഹാ തന്നെ പുതിയ ആദവും ഈശോയാണു്.[6] അവിടുന്നു പ്രഥമജാതനുമാണു്.[7] സഭയുടെ ഐക്യത്തെ പ്രദ്യോതിപ്പിക്കുവാൻ മൗതികശരീരത്തോടാണു് ശ്ലീഹാ അവളെ താരതമ്യപ്പെടുത്തുന്നതു്.[8] ഈ ശരീരം ആധ്യാത്മികവും മഹത്ത്വവത്കൃതവുമായതുകൊണ്ടു്[9] അതിന്റെ ജീവശക്തി പരിശുദ്ധാത്മാവാണു്.[10]

പരിശുദ്ധാത്മാവു് ഐക്യത്തിന്റെ ഘടകമെന്ന നിലയിലും വിശുദ്ധീകരിക്കുന്നവൻ എന്ന നിലയിലും സഭയുടെ ശിരസ്സിലും അവയവങ്ങളിലും വസിക്കുന്നു.[11] പരിശുദ്ധാത്മാവു് മനുഷ്യരിൽ വസിച്ചുകൊണ്ടാണു് അവരെ മഹത്വപ്പെടുത്തേണ്ടതു്. മനുഷ്യമാംസത്തെ അവിടുന്നു മഹത്വപൂർണ്ണമാക്കിത്തീർക്കുന്നു. ഇതുവഴി സഭയുടെ സമഗ്രമായ വളർച്ച സാധിക്കുന്നു. മിശിഹാ എപ്രകാരം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടുവോ, അതേ ചൈതന്യത്താൽത്തന്നെ സഭാംഗങ്ങളും നയിക്കപ്പെടണം. മാനവകുലത്തെ മുഴുവൻ ഈ വിശുദ്ധീകരണപ്രക്രിയയിൽ ഭാഗഭാക്കുകളാക്കേണ്ടതുണ്ടു്. നടപടിഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചു് ആകാശത്തിൻകീഴുള്ള എല്ലാ ദേശത്തുനിന്നും വന്നെത്തിയ ഭക്തരായ യഹൂദന്മാർ അന്നു ജറുസലത്തുണ്ടായിരുന്നു.[12] അന്നത്തെ ഗലീലയ ഭാഷയായ അറമായിക്കിൽ സംസാരിച്ചതിനെ, പാർത്ഥിയാക്കാരും, മേദിയാക്കാരും ഏലാംകാരും മെസപ്പൊത്താമിയാ, യൂദയ, കപ്പദോക്യാ, പോന്തൊസ്, ആസ്യ, ഫ്രൂഗിയ, പംഫൂലിയാ, ഈജിപ്ത്, സൈറീനിന്റെ സമീപമുള്ള ലിസ്യാപ്രദേശങ്ങളും എന്നിവിടങ്ങളിൽ വസിക്കുന്നവരും റോമായിൽനിന്നു സന്ദർശകരായി വന്ന യൂദന്മാരും യൂദമതം സ്വീകരിച്ചവരും, ക്രേത്തേക്കാരും അറബിയാക്കാരുമായ എല്ലാവരും തങ്ങളുടെതന്നെ ഭാഷയിൽ ശ്രവിച്ചു.[13] പരിശുദ്ധാത്മാവിന്റെ ശക്തിയാണു് ഇവിടെ പ്രകടമായിരിക്കുന്നതു്.

മിശിഹായുടെ മരണത്തിലും ഉയിർപ്പിലും മഹത്വീകരണത്തിലും പങ്കുചേരുന്നതിനുള്ള പ്രചോദനം ലഭിച്ചതു പരിശുദ്ധാത്മാവു് വന്നപ്പോഴാണു്. അതുവരെ സ്വീകാര്യമായി ശ്രവിച്ച ദൈവവചനത്തിനു, സംഘാതമായി സാക്ഷ്യം നല്കുന്നതിനു പരിശുദ്ധാത്മാവു് ഇടവരുത്തി. അതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചവരുടെ സമൂഹമാണു് സഭ.

2. പരിശുദ്ധാത്മാവും ദൈവവചന പ്രഘോഷണവും.

ദൈവവചനപ്രഘോഷണത്തിലൂടെയാണു് ആളുകളും മിശിഹായെ അറിയേണ്ടതും സഭയിൽ ജീവിക്കേണ്ടതും. എന്നാൽ സത്യത്തിന്റെ പൂർണ്ണതയായ മിശിഹായെ ഏറ്റുപറഞ്ഞു് ഒരുവൻ സഭാംഗമാകേണ്ടതു പരിശുദ്ധാത്മാവിന്റെ ശക്തിയാലാണു്. നീണ്ട കാലഘട്ടങ്ങളിലൂടെ അപ്പസ്തോലന്മാർ ശ്രവിച്ചതും[14] അവർ കണ്ട സാക്ഷ്യം വഹിച്ചതുമായ[15] ദൈവവചനം പ്രഘോഷിക്കുന്നതിനുപോരുന്ന ശക്തി അവർക്കു ലഭിച്ചതു് മിശിഹാ തന്റെ പരിശുദ്ധാത്മാവിനെ ഔദ്യോഗികമായി അവർക്കു നല്കിയപ്പോഴാണു്. മിശിഹായുടെ ഭൗമികജീവിതത്തെ നയിച്ചിരുന്ന പരിശുദ്ധാത്മാവിനെ, അവിടുന്നു മഹത്ത്വവത്കൃതനായപ്പോൾ അപ്പസ്തോലന്മാർക്കെല്ലാം നല്കി. അവരെ സുവിശേഷപ്രഘോഷണത്തിനായി നിയോഗിക്കുകയും ചെയ്തു.[16] ദൈവവചനപ്രഘോഷണാർത്ഥം അപ്പസ്തോലന്മാർ പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ അലംകൃതരുമായി.[17] സുവിശേഷപ്രഘോഷണത്തിൽ ആവശ്യകമായ തീരുമാനങ്ങളെടുക്കുന്നതിലും പരിശുദ്ധാത്മാവു് സഹായിക്കുന്നു.[18] പ്രഘോഷിക്കുന്ന ദൈവവചനം ഫലപ്രദമാകുന്നതിനു പ്രഘോഷകരും ശ്രോതാക്കളും ഒപ്പം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടണം.

സ്നാപകയോഹന്നാന്റെ കാലംമുതൽ പ്രഘോഷണങ്ങളെല്ലാം ആത്മാവിനാൽ പ്രേരിതമായുള്ളതായിരുന്നു. [19] ഈശോയും പ്രസംഗത്തിലൂടെയാണു ദൈവരാജ്യപ്രഘോഷണം ആരംഭിച്ചതു്. [20] അവിടുന്നു് എല്ലാ സ്ഥലങ്ങളിലും പ്രസംഗിച്ചു. [21] എവിടെപ്പോയാലും ദൈവരാജ്യംപ്രഘോഷിക്കേണ്ടതുണ്ടു്. [22] മിശിഹാ വന്നതു പ്രസംഗിക്കുവാനുമായിരുന്നല്ലോ. [23] പ്രസംഗത്തിനിടയിൽ പ്രവൃത്തി വഴിയും അവിടുന്നു ദൈവരാജ്യം പ്രഘോഷിച്ചു. [24]ഈശോയുടെ ദൗത്യം [25] സ്വീകരിച്ച ശിഷ്യന്മാർ അനുതാപം പ്രസംഗിക്കുകയും അദ്ഭുതം വഴി തങ്ങളുടെ ഘോഷണത്തെ സ്ഥിരീകരിക്കുകയും ചെയ്തു. [26] പന്തക്കുസ്താദിവസം പത്രോസു് മറ്റു ശ്ലീഹന്മാരോടുകൂടിയാണല്ലോ പ്രസംഗിച്ചതു്. എസ്തപ്പാനോസു് പ്രസംഗിക്കുന്നതിൽനിന്നു പിൻവാങ്ങിയില്ല. [27] പീലിപ്പോസു് പ്രസംഗിക്കുന്നു മിശിഹായെക്കുറിച്ചാണു്. [28] പൗലോസിന്റെ വിളി പ്രസംഗിക്കുന്നതിനുതന്നെയായിരുന്നല്ലോ. [29] പത്രോസു് തുടർച്ചയായി പ്രസംഗിച്ചു. [30] യഹൂദരും പ്രസംഗത്തിൽ ഏർപ്പെട്ടിരുന്നു. [31] ദീർഘമായ പ്രസംഗത്തെക്കുറിച്ചു യോഹന്നാൻ പറയുന്നു. [32] വിശേഷാൽ എടുത്തുപറയേണ്ടതു പരിശുദ്ധാത്മാവിന്റെ ശക്തിയോടെയായിരിക്കണം പ്രഘോഷണം നടത്തേണ്ടതു് എന്നതാണു്. [33]

ആദിമസഭയുടെ ചൈതന്യം പ്രസ്പഷ്ടമാകുന്നതു പ്രഘോഷണത്തിലൂടെയും തദനുസൃതമായ സാക്ഷ്യം വഹിക്കലിലൂടെയുമാണു്. അപ്പസ്തോലന്മാർ ലോകത്തിന്റെ നാനാഭാഗത്തേക്കും ദൈവവചന പ്രഘോഷണാർത്ഥം പോയി. എല്ലായിടത്തും അവർക്കു ശിഷ്യരും അനുയായികളുമുണ്ടായി. മിശിഹായുടെ ശിഷ്യരെ ആദ്യമായി ക്രൈസ്തവർ എന്നുവിളിച്ചു തുടങ്ങിയതു് അന്ത്യോക്യായിൽ വച്ചാണു്. [34] ക്രൈസ്തവൻ എന്നതു ദൈവവചനത്തിനു ദൈവോത്മാവു വഴി പ്രത്യുത്തരമരുളി, മിശിഹായിൽ രൂപാന്തരപ്പെട്ടു്,

മൗലികമായി ദൈവികജീവിതം നയിക്കുന്നവനാണ്. ഈ ദൈവികീകരണം ആത്മാവിന്റെ പ്രവർത്തനത്താലാണ് സംഭവിക്കുന്നത്.

3. പരിശുദ്ധാത്മാവും കൗദാശികജീവിതവും

മിശിഹായിലേയ്ക്കുള്ള രൂപാന്തരീകരണം നടക്കുന്നത് സഭാജീവിതം മുഖേനയാണ്. സഭതന്നെ ഒരു കൂദാശയാകുന്നു. 'മിശിഹായുമായി സുഗാഢബന്ധിതയായ സഭ ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ യോജിപ്പിന്റേയും കൂദാശയാണ്' എന്നു പറയാം.'[35] ഈ സഭയെ സ്ഥാപിക്കുന്നതിനും നിരന്തരം വിശുദ്ധീകരിക്കുന്നതിനുമുള്ള ദൗത്യം പരിശുദ്ധാത്മാവിന്റേതാണ്.[36] പാപത്താൽ മൃതരായ മനുഷ്യരെ പിതാവു ജീവിപ്പിക്കുന്നതും അന്ത്യനാളുകളിൽ അവരുടെ മർത്യശരീരങ്ങളെപ്പോലും മിശിഹായിൽ ഉയിർപ്പിക്കുന്നതും പരിശുദ്ധാത്മാവുവഴിയാണ്.[37] തിരുസ്സഭയിലും ഓരോ വ്യക്തിയിലും വസിച്ചുകൊണ്ട് പരിശുദ്ധാത്മാവ് ഇതു നിർവഹിക്കുന്നു.[38] സഭയെ ആത്മൈക്യത്തിലൂടെയും ശുശ്രൂഷയിലൂടെയും യോജിപ്പിക്കുന്നതും പരിശുദ്ധാത്മാവുതന്നെയാണ്. ഇപ്രകാരം, മിശിഹായുടെ രക്ഷാകരകൃത്യം സഭയിലൂടെ അനുസ്യൂതം തുടരുന്ന പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളം നിരവധിയാണ്. അവ സഭ പരികർമ്മം ചെയ്യുന്ന കൂദാശകളാണ്. ഈ കൂദാശകളം വഴിയാണ് മനുഷ്യർ വീണ്ടും ജനിക്കുന്നതും പുതിയ മനുഷ്യരാകുന്നതും[39] പുതിയ സൃഷ്ടി നടക്കുന്നതും[40] അപ്രകാരം ആകുന്നതും[41] എല്ലാം. ഇവിടെയാണ് യഥാർത്ഥത്തിൽ ദൈവികീകരണം, ആധ്യാത്മികീകരണം, വിശുദ്ധീകരണം തുടങ്ങിയവയെല്ലാം നടക്കുന്നത്. പൗരസ്ത്യരെ സംബന്ധിച്ചിടത്തോളം അവരുടെ ആധ്യാത്മികതയുടെ അടിസ്ഥാനമായിരിക്കുന്ന കൗദാശികജീവിതം പരിശുദ്ധാത്മാവിലുള്ള പ്രവ

ത്തനം ആയതുകൊണ്ട്, അതിന്റെ കാതലായ ആശയത്തെക്കുറിച്ചു പ്രതിപാദിക്കേണ്ടിയിരിക്കുന്നു. മാമ്മോദീസാ, മുമ്പിലത്തെ ഒപ്പുശ്മാ, കുർബാന എന്നീ മൂന്നു കൂദാശകളും അതുല്യ പ്രാധാന്യമർഹിക്കുന്നവയായതുകൊണ്ട് അവയിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനു കൂടുതൽ ആക്കം കൊടുത്തുകൊണ്ട് താഴെ പ്രതിപാദിക്കാം.

'ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല'[42] എന്ന പ്രസ്താവന മാമ്മോദീസായോടു ബന്ധപ്പെട്ടിരിക്കുന്നു. മിശിഹായുടെ പ്രഘോഷണത്തിന്റെയും ആദിമസഭയുടെ കൂദാശാനുഷ്ഠാനത്തിന്റെയും യോഹന്നാന്റെ പ്രബോധനത്തിന്റെയും വെളിച്ചത്തിൽ വേണം, ഈ ഭാഗം കാണുവാൻ. കൂദാശാപരമായ ഈ കാഴ്ചപ്പാടിൽ സുദീർഘമായ ഒരു പാരമ്പര്യമാണുള്ളതു്. ജലവും ആത്മാവും തമ്മിലുള്ള ബന്ധത്തിന്റെ അർത്ഥമെന്താണു്? ഏറ്റവും ആധികാരികമായ വ്യാഖ്യാനമനുസരിച്ചു് ഈ ബന്ധത്തിൽ യോഹന്നാൻ കാണുന്നതു് പരിശുദ്ധാത്മാവിന്റെ നിരന്തര പ്രവർത്തനത്തെയാണു്. അതായതു് മാമ്മോദീസായ്ക്കു മുമ്പും അതിനുശേഷവുമുള്ള ക്രൈസ്തവജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമുണ്ടു്. ഇതു് നമ്മിലുള്ള വിശ്വാസത്തിന്റെ തുടക്കവും വളർച്ചയുമാണു്. ഇപ്രകാരമുള്ള ആത്മാവിന്റെ പ്രവർത്തനത്തിനു നാം നൽകുന്ന പ്രത്യുത്തരത്തിനനുസൃതമാണു് നാം ആത്മാവിൽ ജനിക്കുന്നതു്. ഒരാളുടെ ക്രൈസ്തവജീവിതം ആത്മാവിനനുസൃതമായ ജീവിതമാണു്. ഹെർമാസ്സിലെ ഇടയൻ മാമ്മോദീസായെയും ആത്മാവിന്റെ കാരണത്തെയും സ്ഥൈര്യലേപനത്തെയും രണ്ടു സംഗതികളായി കാണുമ്പോഴും യോഹന്നാൻ അവയെ ഒന്നായി പരിഗണിക്കുന്നു. യോഹന്നാനെ സംബന്ധിച്ചിടത്തോളം വിശ്വാസമെന്നതു മാമ്മോദീസായ്ക്കു മുമ്പും[43] അതിനോടുകൂടിയും[44] അതിനു ശേഷവും[45] ഉള്ള

ഒരു ഘടകമാണു്. മാമ്മോദീസാ സ്വീകരണവും വിശ്വാസ ജീവിതവും എന്തെന്നാണു യോഹന്നാൻ കൂട്ടുത്തലായി ശ്രദ്ധിച്ചതു്.

കൗദാശിക ജീവിതത്തിൽ ക്രൈശ സ്വീകരിക്കുന്ന ആളിന്റെ പങ്കു് എന്താണെന്നു് ഇതു വ്യക്തമാക്കുന്നുണ്ടു്. വസ്തുനിഷ്ഠമായ ഊന്നൽ മാത്രമല്ല, വ്യക്തിനിഷ്ഠമായ പ്രാധാന്യവും ക്രൈശയുടെ ഭാഗത്തു യോഹന്നാൻ 3:5-ലൂടെ സൂചിപ്പിക്കുന്നു. ദൈവപുത്രരാകാൻ വിളിക്കപ്പെട്ടവർ നിരന്തരമായി വിശ്വാസത്തിനു വഴിപ്പെട്ടിരുന്നാൽ മാത്രമേ വളർച്ചവഴി അവർ ദൈവമക്കളാവുകയുള്ളൂ.[46] ഇങ്ങനെയുള്ളവരെയാണു് ദൈവം പഠിപ്പിക്കുന്നതും[47] ആത്മാവിനാൽ ജനിപ്പിക്കുന്നതും. മനുഷ്യന്റെ ഇവിടത്തെ വിശ്വാസ നിലപാടു് മാനുഷികമല്ല, മറിച്ചു് ദൈവികമാണു്.[48] എന്നാൽ, ഈ ദൈവികസഹായത്തിനുള്ള വിധേയത്വം മനുഷ്യന്റെ ഭാഗത്തുനിന്നുണ്ടാകേണ്ട സഹകരണമാണു്. ഈ സഹകരണം മാമ്മോദീസായുടെ കൗദാശികവശമാണു്.

മൂറോനഭിഷേകം മാമ്മോദീസായോടുകൂടി നൽകുന്ന പതിവാണു് പൗരസ്ത്യർക്കുണ്ടായിരുന്നതു്. രണ്ടിനുംകൂടി ഒരേ ക്രമവുമായിരുന്നു. ഉദാ: അപ്പസ്തോലിക പാരമ്പര്യമനുസരിച്ചു് മുമ്പിലത്തെ ഒപ്രശ്മാക്രമത്തിൽ താഴെ വരുന്ന ഘടകങ്ങളുണ്ടു്. മെത്രാന്റെ കൈവയ്പു്, യാചനാപേക്ഷ, കൃതജ്ഞതാസ്തോത്രം, തൈലം കൊണ്ടുള്ള ലേപനം, നെറ്റിയിൽ കുരിശടയാളം വരയ്ക്കൽ, സമാധാനചുംബനം. (ഹിപ്പോളിറ്റസിന്റെ കാലത്തു), അർത്ഥികളുടെ നെറ്റിയിൽ കുരിശടയാളം വരച്ചിട്ടു സമാധാനചുംബനം അർപ്പിച്ചതിനുശേഷമാണു് മുമ്പിലത്തെ ഒപ്രുശ്മ സ്വീകരിച്ചവർ എല്ലാവരോടും ചേർന്നു് പ്രാർത്ഥിക്കുന്നതു്. പരിശുദ്ധാത്മാവിന്റെ മുദ്ര സ്വീകരിച്ചുകൊണ്ടുള്ള ഒരു പ്രവൃത്തിയാണിതു്.

പൗരസ്ത്യ സുറിയാനി റീത്തിൽ മുമ്പിലത്തെ ഒപ്രുശ്മ മാമ്മോദീസായെത്തുടർന്നു നടത്തുന്നതു് അത്

പ്രാധാന്യമുള്ള ഒന്നായി കരുതിയിരുന്നില്ല. എന്നാൽ, പുരാതന പൗരസ്ത്യസുറിയാനി റീത്തിൽ മാമ്മോദീസായ്ക്കു മുമ്പുള്ള ലേപനത്തിനു പ്രാധാന്യമുണ്ടായിരുന്നു. 7–ാം നൂറ്റാണ്ടിലെ പാത്രിയാർക്കീസ് ഈശോയാബ് 3–ാ മനുശേഷമേ മാമ്മോദീസാ സ്വീകരിച്ച ആളുകളുടെ നെറ്റിയിൽ ദൈവം ചെയ്യുന്നതായി സൂചന കാണുന്നുള്ളൂ. ദൈവം ചെയ്യുമ്പോഴും ചൊല്ലുന്ന പ്രാർത്ഥന മുമ്പിലത്തെ ഒപ്പുശ്മയുടെ പ്രത്യേകതകളെ സൂചിപ്പിച്ചിരുന്നുമില്ല. (ഇന്നായാം) 'പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്നന്നേയ്ക്കുമായി മാമ്മോദീസാ മുങ്ങപ്പെടുകയും പരിപൂർണ്ണമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ആമ്മേൻ.' എന്നാൽ നവവിശ്വാസിയുടെമേൽ മാമ്മോദീസായ്ക്കുശേഷം കൈവച്ചു ചൊല്ലുന്ന പ്രാർത്ഥന, മുമ്പിലത്തെ ഒപ്പുശ്മയുടെ പ്രത്യേകത കാണിക്കുന്നു. ഇതു പരിപൂർണ്ണമായ ക്രൈസ്തവ ജീവിതത്തെ കാണിക്കുന്നു. 'പരിശുദ്ധാത്മാവു നിന്നെ ജീവിത വിശുദ്ധിയിലും പ്രവൃത്തി നൈർമ്മല്യത്തിലും കാത്തുസൂക്ഷിക്കട്ടെ!'

മാമ്മോദീസായ്ക്കുശേഷമുള്ള ലേപനത്തെക്കുറിച്ചു നർസൈ നിശ്ശബ്ദത പാലിച്ചു. മാമ്മോദീസായും മുമ്പിലത്തെ ഒപ്പുശ്മയും ഒന്നിച്ചു നൽകിയിരുന്നതുകൊണ്ട് മുമ്പിലത്തെ ഒപ്പുശ്മ ഒരു കൂദാശയായി കരുതിയിരുന്നില്ല.

ജോർജ്ജ് അർബേൽ മുമ്പിലത്തെ ഒപ്പുശ്മയെപ്പറ്റിപറയുന്നതു് 'അതു പരിശുദ്ധാത്മാവു നൽകുന്ന കർത്താവിന്റെ മാമ്മോദീസായാണു്' എന്നാണു്. സ്ഥാപനമാകട്ടെ യോഹന്നാൻ നൽകിയ മാമ്മോദീസായും. മാമ്മോദീസായുടെ പൂർണ്ണഫലം ലഭിക്കുന്നതു സ്ഥാപനത്തെത്തുടർന്നുള്ള ലേപനംകൊണ്ടാണു്.

ഏതായാലും ക്രിസ്തീയ ജീവിതത്തിന്റെ പരിപൂർണ്ണതയെക്കുറിച്ചു് ഈ കൂദാശയിൽ പറയുന്നതായി

ഗണിക്കാം. 'കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ,' എന്ന പ്രാർത്ഥന കുർബ്ബാനയിലെ ഒരു സുപ്രധാന ഭാഗമാണ്. മിശിഹായുടെ രക്ഷാകരപ്രവൃത്തി അതിന്റെ പരിസമാപ്തിയിൽ എത്തിയതു പരിശുദ്ധാത്മാവിനെ അയച്ചതു വഴിയാണ്. അതുപോലെ മിശിഹായുടെ പെസഹാരഹസ്യമായ കുർബാനയുടെ നിർണ്ണായകനിമിഷം രൂഹാക്ഷണത്തിലാണു കാണുന്നതു. കുർബാനയുടെ ആദ്യന്തം സമഗ്രമായി സമന്വയിക്കപ്പെട്ടിരിക്കുന്നു. അതിനു ഈ ഗുണം നൽകുന്നതു പരിശുദ്ധാത്മാവുവഴിയാണ്. 'സത്യാത്മാവായ അവിടുന്നു വരുമ്പോഴും നിങ്ങളെ സകല സത്യങ്ങളിലേയ്ക്കും നയിക്കും.[49]

കുർബാന ഒരു ബലിയും ഒരു കൂദാശയുമാണ്. ബലി എന്ന നിലയിൽ മിശിഹായുടെ രക്ഷാകരപ്രവൃത്തിയേയും കൂദാശ എന്ന നിലയിൽ മിശിഹായുടെ പരിശുദ്ധാത്മാവിലൂടെയുള്ള സഭോപരിപ്രവൃത്തിയേയും കുർബാന ഉൾക്കൊള്ളുന്നു. ബലി ലോകത്തിനുവേണ്ടിയും കൂദാശ സഭാസമൂഹത്തിനുവേണ്ടിയും ആണ്. രണ്ടിനും പൊതുവായ ഘടകം പരിശുദ്ധാത്മാവുതന്നെ.

മിശിഹാതന്റെ വിശുദ്ധീകരണസാന്നിദ്ധ്യം വഴി ദൈവജനത്തിൽ ജീവിക്കുന്നതാണു കുർബാന. ഈ ആന്തരികീകരണത്തിന്റെയും ദൈവികീകരണത്തിന്റെയും പ്രവൃത്തിയാണ് പരിശുദ്ധാത്മാവു ദിവ്യകാരുണ്യത്തിലൂടെ ചെയ്യുന്നതു. പരിശുദ്ധാത്മാവു ദിവ്യകാരുണ്യസമർപ്പണത്തിൽവരുന്നതു മിശിഹായുടെ ഉത്ഥിതമായ ശരീരരക്തങ്ങളെ ആത്മികീകരിക്കുന്നതിനു മാത്രമല്ല, അതിൽ പങ്കെടുക്കുന്നവരെ ആധ്യാത്മീകീകരിക്കുന്നതിനുംകൂടിയാണ്. ഇവിടെ രണ്ടു കാര്യങ്ങളാണ് പരിശുദ്ധാത്മാവു ചെയ്യുന്നതു. ഒന്ന്, മിശിഹായുടെ ശരീരരക്തങ്ങളെ ആരാധനാസമൂഹത്തിനു രക്ഷാകരമാക്കി നൽകുന്നു. രണ്ട്, മേൽപറഞ്ഞവയെ

സ്വീകരിക്കുന്ന ആരാധനാസമൂഹത്തിന്റെ ഹൃദയം അവിടുന്നു തുറന്നു സജ്ജമാക്കുന്നു. ഇവിടെ സമർപ്പണത്തിനും, സ്വീകരണത്തിനും സജ്ജീകരണം ചെയ്യുന്നതുപോലെ രണ്ടിനേയും ഒന്നിപ്പിക്കുന്നതും അവിടുന്നു തന്നെ. കുർബാന എന്നതു് ഉയിർത്തെഴുന്നേറ്റ മിശിഹായായ 'kyrios'—ന്റെ പ്രവർത്തനമെന്നതുപോലെ ഉയിർത്തെഴുന്നേറ്റ മിശിഹായുടെ ആത്മാവിന്റെ—പ്നെവുമാത്തു കീറിയോസിന്റെ (Pneumatou kyrios) പ്രവർത്തനവുംകൂടിയാണു്, സന്നിഹിതമായിരിക്കുന്ന സമൂഹം കുർബാനയിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നു. അപ്പസ്തോലിക പാരമ്പര്യവും അട്ടായിയുടേയും മാറിയുടേയും അനാഫൊറകളിൽ കാണുന്നതും സന്നിഹിതരായിരിക്കുന്ന ആരാധനാസമൂഹത്തിന്റെ വിശുദ്ധീകരണത്തെയാണു രൂപാക്ഷണം ഉന്നംവയ്ക്കുന്നതു് എന്നാണു്. അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപഭേദത്തെക്കുറിച്ചു സൂചനയില്ല. എന്നാൽ പിൽക്കാലങ്ങളിൽ വസ്തുമാറ്റത്തെ ഉദ്ദേശിച്ചു രൂപാക്ഷണം നടത്തിത്തുടങ്ങി. ഈ രീതിയിലും അതു് ആരാധനാസമൂഹത്തെ ഉദ്ദേശിച്ചുകൂടിയായിരുന്നു. അതിനാൽ വസ്തുമാറ്റംതന്നെ ദൈവജനത്തിന്റെ ഐക്യത്തിന്റെയും പാപമോചനത്തിന്റെയും ഇപ്പോഴുള്ളതും യുഗാന്ത്യാനന്തരവുമായ ജീവിതപ്രാപ്തിയുടേയും ചൈതന്യത്തിലാണു കാണുന്നതു്. ചുരുക്കത്തിൽ മിശിഹായുടെ കൗദാശികകുർബാനയുടെ പൂർണ്ണത ആരാധനാസമൂഹമാകുന്ന കൗദാശികകാഴ്ച സ്വീകരണത്തിലാണു് അടങ്ങിയിരിക്കുന്നതു്.

ദിവ്യകാരുണ്യ സാക്ഷാത്കരണം ആരാധനാസമൂഹത്തിലൂടെ നടക്കണം. ദൈവം തയ്യാറാക്കുന്ന ദിവ്യകാരുണ്യം ആരാധനാസമൂഹത്തിനു വെളിയിലല്ല, അതിലൂടെയാണു്. ഇതു വെറും മാസ്മര വിദ്യയല്ലല്ലോ. ദിവ്യകാരുണ്യം മിശിഹായുടെ സാന്നിധ്യത്തിനു പൂരമെ, സഭയുടെ സാന്നിധ്യത്തെയും പ്രത്യേകിപ്പിക്കുന്നു. ഈ സഭ വിശ്വസിക്കുന്ന ആരാധകരുടെ സമൂഹമായി

രിക്കണം. ഈ ആരാധനാസമൂഹമാണ് കാമ്മികൻ വഴി പരിശുദ്ധാത്മാവിനെ ക്ഷണിക്കുന്നത്. ദൈവികഘടകത്തോടു് മാനുഷികഘടകവും ചേർന്നുകിടക്കുന്നു. ഈ സാക്ഷാത്കരണമാണ് റൂഹാ വന്നു നടത്തുന്നത്.

പ്രാർത്ഥനാ സമൂഹത്തിലൂടെയാണു ദിവ്യകാരുണ്യയാഥാർത്ഥ്യം സംഭവിക്കുന്നത്. ദിവ്യകാരുണ്യം ഒരു അനുസ്മരണം മാത്രമല്ല, ദൈവിക പ്രവർത്തനത്തിന്റെ ഫലദായകമായ ആവർത്തനവുംകൂടിയാണ്. ദൈവത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കുന്ന സമൂഹം മേലുപറഞ്ഞ സാക്ഷാത്കരണത്തിനായി പ്രാർത്ഥിക്കുന്നതു വിശ്വാസത്തിന്റെ പ്രവൃത്തിപരമായ വശമാണ്. ഇതുവഴി ദൈവത്തിന്റെ പ്രവൃത്തിയെ അംഗീകരിച്ചു് ഏറ്റുപറയുന്നു. റൂഹാക്ഷണമാകുന്ന പ്രാർത്ഥനവഴി ആരാധനാസമൂഹം ദൈവത്തിലാശ്രയിക്കുന്നു. ഇതു നിർവ്വഹിക്കുന്നതാകട്ടെ പരിശുദ്ധാത്മാവുവഴിയാണ്. ദൈവം അയയ്ക്കുമെന്നു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ പ്രാർത്ഥനാസമൂഹം ആരാധനയ്ക്കിടയിൽ കാർമ്മികൻവഴി പ്രാർത്ഥിച്ചു വരുത്തുന്നു. ദൈവിക മാനുഷിക ഘടകങ്ങളുടെ സമ്യക്കായ സമ്മേളനമാണു റൂഹാക്ഷണത്തിലുള്ളതു്.

4. സൈദ്ധികർ സഭയിൽ റൂഹാദാനം

ആധ്യാത്മീകരണത്തിന്റെ കാര്യത്തിൽ പരിശുദ്ധാത്മാവു സജീവമായി എല്ലാവരിലും പ്രവൃത്തിക്കുന്നുവെങ്കിലും ചിലരിൽ അവരുടെ പ്രത്യേക വിളികൊണ്ടു് അവിടത്തെ ദാനങ്ങൾ കൂടുതൽ പ്രകടമായിത്തീരുന്നു. ഇപ്രകാരമുള്ള ചില ദാനങ്ങൾ പ്രസംഗത്തിനും വിജ്ഞാനം പകരുന്നതിനും[50] പ്രവചിക്കുന്നതിനും സുവിശേഷം ഭയലേശമെന്യേ പ്രസംഗിക്കുന്നതിനുമൊക്കെ ഇടവരുത്തുന്നു.[51]

മനുഷ്യരിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളും വ്യത്യസ്തങ്ങളായ ദാനങ്ങളുംവഴി സഭയെ സേവിക്കുന്നു.[52] ഈ വരങ്ങളെക്കുറിച്ചു ശ്ലീഹാ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.[53] വരം ലഭിക്കുന്നവർ അവരുടെ പ്രത്യുത്തരമനുസരിച്ചു മുൻപന്തിയിൽ വരികയോ പിന്മാറുകയോ ചെയ്യേക്കാം. വ്യത്യസ്തമായ കൃപാവരങ്ങളാൽ ജീവിതവിശുദ്ധികൊണ്ടു സമുദായത്തിന്റെ മുൻപന്തിയിൽ വരുന്നവരെയാണു സൈദ്ധികരെന്നു് ഇവിടെ സൂചിപ്പിക്കുന്നതു്. ഇവരിൽ മുൻഗണന പരിശുദ്ധ കന്യകാമറിയത്തിനാണു്. അവളെ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനു പരിപൂർണ്ണമായി വിധേയമായതാണല്ലോ മനുഷ്യാവതാരമെന്ന രക്ഷാകരരഹസ്യത്തിന്റെ പിന്നിലുള്ള ഒരു സംഭവം ഔദ്യോഗിക നിലവിട്ട ശുശ്രൂഷയുടേതും സാക്ഷ്യത്തിന്റേതുമായ ഈ മാർഗ്ഗത്തെ അനുധാവനം ചെയ്തവർ സഭയിൽ നിരവധിയാണു്. ഇവരെ സൈദ്ധികർ അഥവാ സിദ്ധി (charism) ലഭിച്ചിട്ടുള്ളവർ എന്നു പറയാം. അവർ പരിശുദ്ധാത്മാവിന്റെ പ്രേരണവഴി മിശിഹായ്ക്കു സാക്ഷ്യം വഹിച്ചുകൊണ്ടു സുവിശേഷാനുസൃതം ജീവിച്ചു. ഇതിൽ ഏറ്റവും സവിശേഷസ്ഥാനം അർഹിക്കുന്നതാണു് ആദിമക്രൈസ്തവസമൂഹം. അപ്പസ്തോല നടപടികളിൽ വിവരിക്കുന്ന ആദിമക്രൈസ്തവസമൂഹത്തിന്റെ ചൈതന്യം അതിന്റെ പൂർണ്ണതയിൽ ജീവിച്ചവരാണു സുറിയാനിക്കാരായ മെസപ്പൊട്ടോമിയൻ ക്രൈസ്തവർ. അവരുടെ സാധാരണ ക്രൈസ്തവ ജീവിതംതന്നെ ചൈതന്യപൂർണ്ണമായിരുന്നു. എന്നാൽ ഇതര പൗരസ്ത്യദേശങ്ങളിലും പാശ്ചാത്യനാടുകളിലും സന്ന്യാസജീവിതമാണു പൂർണ്ണതയ്ക്കുള്ള ജീവിതമായി പരിഗണിക്കപ്പെട്ടതു്. അങ്ങനെ ഈ പ്രസ്ഥാനത്തിനു മുൻപന്തിയിൽ വന്നവർ സന്ന്യാസസഭാസ്ഥാപകരുമായി. ഇവർക്കു ലഭിച്ച പ്രത്യേകവരം തിരുസ്സഭയുടെ വിശുദ്ധി പ്രദ്യോതിപ്പിക്കുന്നതിനുള്ള മാർഗ്ഗമായിത്തീർന്നു. ഇതു പരിശുദ്ധാത്മാവിന്റെ സ്വതന്ത്ര

മായ പ്രവൃത്തിയുടെ പ്രത്യേകലക്ഷണമായി എന്നും സഭയിൽ നിലകൊള്ളുന്നു. ഇതിന്റെ ആധികാരികതയാകട്ടെ വി. ഗ്രന്ഥത്തിലും ആദിമസഭയിലും അധിഷ്ഠിതമാണു്. ചരിത്രദൃഷ്ട്യാ പല സന്ന്യാസസഭാസ്ഥാപനങ്ങളേയും സഭയുടെ വിശ്രുദ്ധിയിൽനിന്നു കുറെയെല്ലാം വ്യത്യാസപ്പെട്ടുത്തി ചിത്രീകരിച്ചിരിക്കുന്നതു് ബലഹീനമായ ഒരു സമീപനമാണു്. അതിനാൽ റൂഹാവരം ലഭിച്ച അവരെ സുവിശേഷലാളിത്യമുള്ളവരെന്ന നിലയിലാണു സഭ അംഗീകരിച്ചതെന്നു് ലോകം, പ്രത്യേകിച്ചു് ഓരോ സഭാസ്ഥാപകരുടേയും പിൻഗാമികളും, മനസ്സിലാക്കണം. സന്ന്യാസസിദ്ധി ലഭിച്ചവർ അതിന്റെ റൂഹാപരവും സഭാപരവുമായ തലത്തിൽ നിന്നുകൊണ്ടു മിശിഹായുടെ വിശ്രുദ്ധിക്കു സാക്ഷ്യംവഹിച്ചു ലോകത്തിനു ജീവൻ നല്കേണ്ടതുണ്ടു്. അങ്ങനെ മിശിഹായുടെ ജീവിതം സഭയിലൂടെ അനുസ്യൂതം തുടരുന്നതിനു് ഇവർ ഇടവരുത്തണം.

5. കരിസ്മാററിക്-സഭാപരം

കരിസ്മാററിക് നവീകരണപ്രസ്ഥാനം ആയിരത്തിത്തൊള്ളായിരത്തിയെഴുപതുകളുടെ ഒരു സവിശേഷതയാണെന്നു പറയാം. ആധ്യാത്മിക നവീകരണപ്രക്രിയകളിൽ കരിസ്മാററിക് പ്രസ്ഥാനത്തിനുള്ള സ്ഥാനത്തെക്കുറിച്ചു് ഒരു വാക്കു്. സഭ എക്കാലവും സിദ്ധികളാലും നവീകരണചൈതന്യത്താലും നിറഞ്ഞവളാണു്. അവയും പരിശുദ്ധാത്മാവിന്റെ സമൃദ്ധമായ ദാനത്താലാണു ജനിച്ചതും വളരുന്നതും. പരിശുദ്ധാത്മാവു സഭയ്ക്കു നല്കുന്ന സിദ്ധികളും അസാധാരണങ്ങളായാലും ലളിതങ്ങളായാലും സഭയുടെ ആവശ്യങ്ങൾക്കു് ഏറ്റവും യോജിച്ചതും പ്രയോജനകരവുമാണു്.[54] ഇപ്രകാരമുള്ള ആധ്യാത്മിക ചൈതന്യം ആദിമസഭ തന്നെ രക്ഷാനാഥനിൽനിന്നുതന്നെ സ്വീകരിക്കുകയും പരിശുദ്ധാത്മാവിനാൽ മുദ്രിതമായി അതു ജീവിതത്തിൽ പ്രകടമാക്കുകയും ചെയ്തു. ഈ വരങ്ങ

ളാൽ നിറഞ്ഞ സഭാനേതാക്കന്മാർ ദൈവജനത്തിന്റെ, പ്രത്യേകിച്ചും പീഡിതരുടെ, എല്ലാ ആവശ്യങ്ങളും സാധിച്ചുകൊടുക്കുന്നതിൽ മുന്നിട്ടുനിന്നിരുന്നു. ഈ ചൈതന്യം തികച്ചും ആരാധനാത്മകവും സഭാപരവുമായിരുന്നു.[55] 'ശ്ലീഹന്മാരിലൂടെ നിരവധി അത്ഭുതങ്ങളും അടയാളങ്ങളും സംഭവിച്ചു.'[56] ദേവാലയങ്ങളിൽ ഒന്നിച്ചുകൂടുകയും അപ്പം മുറിക്കുകയും ചെയ്തുകൊണ്ട് സഭാംഗങ്ങൾ സന്തോഷത്തോടും ഹൃദയലാളിത്യത്തോടുംകൂടി കൂട്ടായ്മയിൽ പങ്കുചേർന്നു. കൃപാവരം സമൃദ്ധമായി എല്ലാവരിലുമുണ്ടായിരുന്നതു കർത്താവായ ഈശോയുടെ ഉത്ഥാനത്തിനു സാക്ഷ്യം നൽകാൻ അവർക്കു പ്രചോദനമായി.[57]

സഭയുടെ മേലു പറഞ്ഞ സൈദ്ധികവശത്തിനു (charismatic nature) കോട്ടം സംഭവിച്ചതു സഭ പാശ്ചാത്യനാടുകളിലേയ്ക്കു വ്യാപിച്ചപ്പോഴാണ്. മിശിഹായുടെ പെസഹാ രഹസ്യത്തിൽ പങ്കുകൊണ്ടിരുന്ന ഹൃദയലാളിത്യമുള്ളവരെ പരിശുദ്ധാത്മാവു നയിച്ചിരുന്നു. എങ്കിലും ഇടക്കാലത്തു പാശ്ചാത്യസഭ രാഷ്ട്രീയഭൗതിക ശക്തികേന്ദ്രങ്ങളുമായിത്തുടങ്ങിയതോടുകൂടി രീതി മാറി. നിയമങ്ങളും അവളുടെ ജീവിതത്തിനു ചിട്ട നല്കി—എന്നാൽ, ആത്മാവിനു സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള വിധേയത്വം സഭയ്ക്കു നഷ്ടപ്പെട്ടു. ഈ കുറവിനെ പരിഹരിക്കുന്നതിനു കഴിഞ്ഞ ഇരുപതു നൂറാണ്ടുകളിലായി വ്യത്യസ്തങ്ങളായ പല പ്രസ്ഥാനങ്ങളും പാശ്ചാത്യ—പൗരസ്ത്യസഭകളിൽ ഉദയംചെയ്തു. അവയിൽ ഒന്നായിട്ട കരിസ്മാറ്റിക് നവീകരണപ്രസ്ഥാനത്തെ കാണുന്നതിൽ തെറ്റില്ല.

1901-ൽ ക്രൈസ്തവസമൂഹത്തിൽ ആരംഭിച്ച ക്ലാസ്സിക്കൽ പെൻറക്കോസ്റ്റലിസവും കൂടുതൽ മിഴിവാർന്നു. 1950-ൽ രൂപംകൊണ്ട നവീന പെൻറക്കോസ്റ്റലിസവും വിസ്മരിക്കാനാവില്ല. പാശ്ചാത്യരുടെയിടയിൽ കത്തോലിക്കാകേന്ദ്രങ്ങളിൽ ഇതു പ്രത്യക്ഷപ്പെട്ടു തുടങ്ങിയതു 1967-ൽ അമേരിക്കൻ ഐക്യനാടുകളിലുള്ള

പിറ്റ്സ്ബർഗിലെ ഡ്യൂക്കെയിൻ സർവകലാശാലയിലാണ്. ഏതാനും അധ്യാപകാധ്യേതാക്കൾ ആധ്യാത്മിക നവീകരണതലത്തിൽ നടത്തിയ അദമ്യമായ അന്വേഷണം ഉളവാക്കിയ ഫലമാണിത്. ഈ സംരംഭത്തെ ഒരു നവീകരണപ്രസ്ഥാനമാക്കിയത് അമേരിക്കൻ ഐക്യനാടുകളിൽത്തന്നെയുള്ള ഇൻഡ്യാനയിലെ നോട്ടർഡാം സർവ്വകലാശാലയിലെ അംഗങ്ങളാണ്. ഇത് എങ്ങും വ്യാപിച്ചുകൊണ്ടിരിക്കുന്നു. കുറെയെല്ലാം മങ്ങലും ഉണ്ടാകുന്നുണ്ട്.

പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിൽ നടത്തുന്ന മേല്പറഞ്ഞ നവീകരണത്തിനു ദൈവശാസ്ത്രപരമായി അടിസ്ഥാനമുണ്ടെങ്കിലും ഈ സംരംഭത്തെ വിവേചിക്കുന്ന കാര്യത്തിൽ ഒരു സംഗതി വിസ്മരിക്കാവതല്ല. അതു മറെറാന്നുമല്ല; സഭയുടെ അന്തസ്സത്തയായ ആത്മാവിലൂടെയുള്ള ക്രൈസ്തവജീവിതത്തെ ഉത്തേജിപ്പിക്കുന്നതിനു പകരം ഇതര സ്വകാര്യഭക്തിപ്രസ്ഥാനങ്ങളെപോലെ ഇതും ചിലപ്പോഴെങ്കിലും വ്യതിചലിച്ചുപോകുന്നുണ്ട്. മനുഷ്യന്റെ വികാരങ്ങളെ ചൂഷണം ചെയ്യുന്ന വൈകാരിക ഭക്തിപ്രകടനങ്ങളാണല്ലോ സഭയിൽ ശരിയായ ആധ്യാത്മികത ഇല്ലാതാകുന്നതിനിടവരുത്തിയിട്ടുള്ളത്. അതു കരിസ്മാററിക് പ്രസ്ഥാനത്തിലൂടെയും കുറെയെല്ലാം ആവർത്തിക്കപ്പെടുന്നില്ലേ?

കരിസ്മാററിക് നവീകരണസംരംഭം സഭയേയും സഭാംഗങ്ങളേയും ധന്യമാക്കണമെങ്കിൽ അതിനെ ആരാധനാധിഷ്ഠിതമായ ഒരാധ്യാത്മികതയിൽ അടിയുറപ്പിക്കുക ആവശ്യമാണ്. പൗരസ്ത്യസഭയുടെ ആധ്യാത്മികതയുടെ ഉറവിടത്തിലേയ്ക്ക് ഈ പ്രസ്ഥാനത്തെയും തിരിച്ചുകൊണ്ടുപോകണം.

ആരാധനാധിഷ്ഠിതാധ്യാത്മികതയ്ക്കു മാതൃകയും പ്രചോദനവും നൽകുന്നതാണ് പൗരസ്ത്യസഭയുടെ ആധ്യാത്മികത. 'പൗരസ്ത്യസഭകളുടെ സാക്ഷാ

ത്തായ ദൈവശാസ്ത്രപാരമ്പര്യത്തെപ്പറ്റി വിചിന്തനം ചെയ്യുമ്പോഴും അതു വേദപുസ്തകത്തിൽ വേരോട്ടുകയും ആരാധനാജീവിതത്തിലൂടെ പോഷിപ്പിക്കപ്പെടുകയും പ്രകാശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട് എന്ന വസ്തുത നാം അംഗീകരിക്കേണ്ടതായിട്ടുണ്ട്. അവ അപ്പസ്തോലന്മാരുടെ സജീവ പാരമ്പര്യത്താലും പിതാക്കന്മാരുടെയും പൗരസ്ത്യസഭകളിലെ ആധ്യാത്മികഗ്രന്ഥകർത്താക്കളുടെയും കൃതികളാലും പരിപോഷിക്കപ്പെട്ടിട്ടുള്ളവയാണ്. അങ്ങനെ അവ ശരിയായ ക്രിസ്തീയജീവിതപരിശീലനം നല്കുന്നു. പോരാ, ക്രിസ്തീയ സത്യത്തിന്റെ സമ്പൂർണ്ണ വീക്ഷണത്തിനു വഴിതെളിക്കുന്നു. ഈ ആധ്യാത്മികതത്തിന്റെയും ആരാധനക്രമത്തിന്റെയും, നിയമത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും പിതൃസ്വത്ത് അവയുടെ വിവിധ പാരമ്പര്യങ്ങളിൽ പൂർണ്ണവും കാതോലികവും അപ്പസ്തോലികവുമായ സഭയുടെ സ്വഭാവത്തിലുൾപ്പെട്ടുമെന്നു് ഈ പരിശുദ്ധ സൂനഹദോസു് ഉറപ്പിച്ചു പറയുന്നു.'[58]

മേല്പറഞ്ഞ സാർവ്വത്രികസഭയുടെ തീരുമാനം തീർത്തും വേദപുസ്തകപരവും അപ്പസ്തോലികവുമായ പൗരസ്ത്യാധ്യാത്മികതയുടെ അടിസ്ഥാനപരമായ മാഹാത്മ്യത്തെ അംഗീകരിക്കുന്നതോടൊപ്പം, അതു് ആരാധനാധിഷ്ഠിതാധ്യാത്മികതയാണെന്നും സമർത്ഥിക്കുന്നു. ഇവിടെ ഏറ്റവും സവിശേഷമായി പറയുവാനുള്ളതു് സഭയുടെ ആധ്യാത്മികത പരിശുദ്ധാത്മാവിനെ കേന്ദ്രമാക്കിയുള്ളതാണു് എന്നതുതന്നെ. അതുകൊണ്ട് മാനവകുലത്തിനു സ്ഥായിയായ ക്രൈസ്തവപരിശീലനം ലഭിക്കേണ്ടതു് ആരാധനാധിഷ്ഠിതമായ സഭാധ്യാത്മികതയിലുള്ള നിരന്തര പങ്കുചേരലു വഴിയാണ്. ഇതു സഭാപരവും പവിത്രാത്മാവിൽ നിന്നു് അനർഗളം പ്രവഹിച്ചുകൊണ്ടിരിക്കുന്നതുമാണു്. അതിനാൽ സൂനഹദോസു പിതാക്കന്മാർ പറയുന്നതുപോലെ, പൗരസ്ത്യസഭകളുടെ സമൃദ്ധിയാണ്

ആരാധനാപരവും ആധ്യാത്മികവുമായ പിതൃസ്വത്ത് എല്ലാവരും അറിയണം, ആദരിക്കണം, കാത്തു സൂക്ഷിക്കുകയും പോറ്റിവളർത്തുകയും വേണം. പൂർണ്ണമായ ക്രിസ്തീയ പാരമ്പര്യത്തെ വിശ്വസ്തതാപൂർവ്വം സംരക്ഷിക്കുന്നതിനു് ഇതനുപേക്ഷണീയമാണു്.[59]

സത്യത്തിന്റെ പൂർണ്ണതയിലേയ്ക്കു് മനുഷ്യനെ നയിക്കുന്ന പരിശുദ്ധാത്മാവു മിശിഹായുടെ മൗതികശരീരത്തിലൂടെയാണു പ്രവർത്തിക്കേണ്ടതു്. ഇതാണു സഭയുടെ ആരാധനാജീവിതവും ആധ്യാത്മികതയും. ഈ ചൈതന്യത്തിനു പൗരസ്ത്യർ എന്നും പ്രാധാന്യം നല്കിയതുകൊണ്ടാണു നാമതിനെ മാനിക്കേണ്ടതും സമാശ്ലേഷിക്കേണ്ടതും.

അധ്യായം 14

ആധുനികാധ്യാത്മികതയും വ്യക്തിത്വ സാഫല്യവും

1. വ്യക്തിത്വസമഗ്രത

മനുഷ്യസമൂഹത്തിന്റെ സ്വാതന്ത്ര്യം ഏറ്റവും കൂടുതലായി ആവശ്യപ്പെടുന്നത് മനുഷ്യാത്മാവിന്റെ നന്മയ്ക്കുപകരിക്കുന്ന കാര്യങ്ങളാണ്. മനുഷ്യാത്മാവിൽ കുടികൊള്ളുന്ന അഭിവാഞ്ഛകളും സത്യത്തിനും നീതിക്കും അത്യധികം യോജിച്ചവയാണ്. എന്നാൽ, മനുഷ്യൻ ചില മാനദണ്ഡങ്ങൾക്കു വിധേയനാകണം. ഇവയ്ക്കുതകുന്ന സഭയുടെ പാരമ്പര്യങ്ങളിലൂടെയും തത്വസംഹിതകളിലൂടെയും കടന്ന് ആധുനികമനുഷ്യനുപകരിക്കുന്ന നൂതനവിഷയങ്ങളെ സഭ എടുത്തുകാണിക്കുന്നു.[1] സ്വന്തം വ്യക്തിത്വത്തെ സമഗ്രമാക്കുന്നതിനു വെമ്പൽകാട്ടുന്ന ആധുനികമനുഷ്യനു ഉത്തരവാദിത്വപൂർണ്ണമായ സ്വാതന്ത്ര്യം ആവശ്യകമാണ്. എന്നാൽ അവനു ലഭിക്കുന്ന വ്യക്തിത്വം സ്ഥലകാലങ്ങളോടു അങ്ങേയറ്റം ബന്ധപ്പെട്ടു കിടക്കുന്നതുകൊണ്ടും, ജന്മവാസനയിൽ പലപ്പോഴും വികലതയുള്ളതുകൊണ്ടും അവയിൽനിന്നുള്ള വിമോചനമാവശ്യകമാണ്. രാഷ്ട്രീയ സാമ്പത്തിക-സാമുദായികതലങ്ങളിലുള്ള സ്വാതന്ത്ര്യത്തോടൊപ്പം മതാത്മകമനശ്ശാസ്ത്രതലങ്ങളിലും അസ്തിത്വപരമായ വിമോചനം അവനിന്നാവശ്യകമാണ്. ഇതിനുള്ള ആധ്യാത്മിക സമീപനം 'ആത്മാവിനാൽ നയിക്കപ്പെടുക' എന്നതാണ്. ഏറ്റവും പുരാതനവും തീർത്ഥം വേദപുസ്തകാധിഷ്ഠിതവുമായ ഈ ചൈതന്യം ഈശോയുടേയും അപ്പസ്തോലന്മാരുടേയും,

പ്രത്യേകിച്ച് വി. ശ്രീഹായുടേയും പഠനങ്ങളിൽ തെളിഞ്ഞു കാണുന്നതാണ്.[2]

ആത്മാവിന്റെ ചൈതന്യമാണ് മനുഷ്യനെ മനുഷ്യനിൽത്തന്നെ സ്വതന്ത്രനാക്കേണ്ടത്.[3] മോശയുടെ നിയമത്തിനുപകരം വേറൊരു നിയമം കൊണ്ടുവരികയല്ല ഇവിടെ ചെയ്യേണ്ടത്. മറിച്ച് മോശയുടെ നിയമത്തിലൂടെ കൈവരിക്കേണ്ടതായിരുന്ന ദൈവൈക്യം വ്യക്തിവിസാഫല്യം വഴി ഉണ്ടാക്കുകയാണാവശ്യകം. ഇതാണ് ആത്മാവിന്റെ നിയമം. ചുരുക്കത്തിൽ, നിബന്ധനകളാലും വേലിക്കെട്ടുകളാലും ഛിന്നഭിന്നമാക്കുന്ന ഒരു സ്ഥിതിയല്ല മനുഷ്യനുണ്ടാകേണ്ടത്; പ്രത്യുത, ആന്തരികവും ബാഹ്യവുമായ കഴിവുകളെ സമന്വയിപ്പിക്കുന്ന ഒരു ചൈതന്യമാണ് അവനിന്നാവശ്യകം. ഈ ചൈതന്യം പരിശുദ്ധാത്മാവാകുന്ന വ്യക്തിയിലും മനുഷ്യവ്യക്തിയിലുള്ള അവിടുത്തെ പ്രവർത്തനത്തിലുമാണടങ്ങിയിരിക്കുന്നത്. ഇതു പ്രവർത്തനത്തിന്റെ ആന്തരികതത്ത്വവും, നവമായ മാനുഷികാനുഭവവും ചലനാത്മകമായ ഒരു ശക്തിയുമാണ്. ഈ ചൈതന്യത്തെക്കുറിച്ചാണ പ്രവാചകൻ പറഞ്ഞിരിക്കുന്ന പുതിയ ഉടമ്പടി പ്രതിപാദിക്കുന്നതു.[4] ഈ നവ്യഹൃദയം ഒരു ചൈതന്യമാണ്.[5] ഈ ചൈതന്യമാണ് ഉണങ്ങിയ അസ്ഥികളെ സജീവമാക്കുന്നതു.[6] ചുരുക്കത്തിൽ, മനുഷ്യവ്യക്തിത്വത്തിന്റെ അവികലത അടങ്ങിയിരിക്കുന്നതു ഈ ചൈതന്യത്തിന്റെ പ്രവർത്തനത്തിനു മനുഷ്യൻ സ്വതന്ത്രമായി വിധേയനാകുന്നതിലാണ്. ഈ വിധേയത്വം ആത്മചൈതന്യത്തിനനുസൃതമായ ഒരു ജീവിതമാണ്.[7]

ഈ ജീവിതശൈലി സ്നേഹത്തിലുള്ള വളർച്ചയ്ക്കാണിടവരുത്തുക. ഈ സ്നേഹം പരോന്മുഖമാകുമ്പോൾ എല്ലാ വ്യവസ്ഥകളും പൂർത്തിയാകുന്നു.[8] മനുഷ്യന്റെ

